MALAYALAM

# FIFTH READER

---

മലയാള

# അഞ്ചാംപാഠപുസ്തകം

---

SPECIALLY COMPILED FOR ELEMENTARY SCHOOLS IN TRAVANCORE
AND APPROVED FOR USE IN CLASS V
BY THE DIRECTOR OF PUBLIC INSTRUCTION, TRAVANCORE.

MACMILLAN & CO., LIMITED:
LONDON, BOMBAY, CALCUTTA, AND MADRAS
1918

*All Rights reserved.*

**Price:** { **14 Chuckrams.** / **8 Annas.**

വില: ൰൪ ചക്രം.

# MALAYALAM
# FIFTH READER

---

## മലയാള
## അഞ്ചാം പാഠപുസ്തകം

---

SPECIALLY COMPILED FOR ELEMENTARY SCHOOLS IN TRAVANCORE
AND APPROVED FOR USE IN CLASS V
BY THE DIRECTOR OF PUBLIC INSTRUCTION, TRAVANCORE.

MACMILLAN & CO., LIMITED:
LONDON, BOMBAY, CALCUTTA, AND MADRAS
1918

*All Rights reserved.*

Price: { 14 Chuckrams. / 8 Annas. } വില: ൧൪ ചക്രം.

PRINTED AT THE BASEL MISSION PRESS, MANGALORE

# അനുക്രമണിക.


| പാഠം. | | പുറം. |
|---|---|---|
| 1. | ബുദ്ധമുനി. | 5 |
| 2. | സമയത്തിന്റെ വില | 11 |
| 3. | ഉഷ്ണാന്തരോക്ഷം. | 14 |
| 4. | ലോഹങ്ങൾ | 16 |
| 5. | വാഹനങ്ങൾ (ഒന്നാം ഭാഗം) | 21 |
| 6. | വാഹനങ്ങൾ (രണ്ടാം ഭാഗം) | 27 |
| 7. | രാമായണകഥ (ഒന്നാം ഭാഗം) | 34 |
| 8. | നാടുമറന്നാലും മൂടു മറക്കരുതു | 39 |
| 9. | സഹപ്രവൎത്തനം. (പരസ്പരസഹായം) | 43 |
| 10. | മഹമ്മദുനിബി | 48 |
| 11. | തിരുവിതാംകൂറിലെ കായലുകൾ | 54 |
| 12. | സസ്യജാലങ്ങൾ | 61 |
| 13. | ദീപസ്തംഭം | 65 |
| 14. | ഭീഷ്മർ | 71 |
| 15. | രാമായണകഥ (രണ്ടാം ഭാഗം) | 79 |
| 16. | ഇലകൾ | 82 |
| 17. | വിദ്യാധനം | 86 |
| 18. | തിരുവാഴിത്താൻ (ഒന്നാം ഭാഗം) | 90 |
| 19. | സമുദ്രങ്ങൾ | 97 |
| 20. | നിറങ്ങൾ | 103 |
| 21. | അഹങ്കാരത്തിന്റെ ഫലം | 108 |
| 22. | ധൈൎയ്യവതികളായ സ്ത്രീകൾ | 111 |
| 23. | ശീതോഷ്ണാവസ്ഥ | 116 |
| 24. | ഉപനിവേശനം (കുടിയേറിപ്പാൎപ്പു) | 121 |
| 25. | ക്രിസ്തുവും തോമാശ്ലീഹായും | 124 |
| 26. | തിരുവാഴിത്താൻ (രണ്ടാം ഭാഗം) | 131 |
| 27. | ബാലിവിജയം | 137 |
| 28. | കൃത്യം. | 143 |

| പാഠം. | | പുറം. |
|---|---|---|
| 29. | ആയില്യം തിരുനാൾ രാമവൎമ്മ മഹാരാജാവു് | 150 |
| 30. | നാണയങ്ങൾ | 155 |
| 31. | ശ്രീകൃഷ്ണചേഷ്ടിതം | 163 |
| 32. | പട്ടുപ്പുഴു | 166 |
| 33. | രോഗബീജങ്ങൾ | 171 |
| 34. | ലക്ഷ്മണോപദേശം | 176 |
| 35. | മനുഷ്യവൎഗ്ഗങ്ങൾ | 180 |
| 36. | സ്വരാജ്യസ്നേഹം | 187 |
| 37. | ലോകസമ്രാട്ടുകൾ (ഒന്നാം ഭാഗം) | 192 |
| 38. | ,, (രണ്ടാം ഭാഗം) | 196 |
| 39. | ,, (മൂന്നാം ഭാഗം) | 201 |
| 40. | ജേംസ് ഗാൎഫീൽഡ് (ഒന്നാം ഭാഗം) | 206 |
| 41. | ,, ,, (രണ്ടാം ഭാഗം) | 214 |
| 42. | ,, ,, (മൂന്നാം ഭാഗം) | 220 |

# അഞ്ചാംപാഠപുസ്തകം.

---

പാഠം ൧.

## ബുദ്ധമുനി.

ഹിന്ദുമതക്കാർ ഇതരമതാനുയായികളെ 'ബൌദ്ധന്മാർ' എന്ന അഭിധാനംകൊണ്ടു വേർതിരിക്കുന്നു. അതു ക്രിസ്ത്യാനികൾ മററുള്ളവരെ "ഹീതൻസ്" എന്നു വിളിക്കുന്നതു പോലെ ആണ്. എന്നാൽ, ബൌദ്ധൻ എന്ന പദത്തിൻെറ സൂക്ഷ്മമായ അൎത്ഥം ബുദ്ധമുനി സ്ഥാപിച്ച മതത്തെ തുടരുന്നവൻ എന്നു മാത്രമാകുന്നു. ഹിന്ദുക്കളോടു ദീൎഘകാലത്തേയ്ക്കു് അതിഗൌരവമായി ഇടഞ്ഞുനിന്ന മതവും ബുദ്ധൻെറതായിരുന്നതുകൊണ്ടു ബൌദ്ധൻ എന്ന പദത്തിന് ഒരു കാലത്തു് ഒരു പരിഹാസാൎത്ഥം ഉണ്ടായി. അനന്തരകാലങ്ങളിൽ ഹിന്ദുക്കൾക്ക് ഇടപെടേണ്ടിവന്ന അന്യമതക്കാരെ എല്ലാം ചൂണ്ടിക്കാണിക്കുന്നതിന് അവർ ഈ സംജ്ഞ ഉപയോഗപ്പെടുത്തിവന്നു. ബുദ്ധൻ എന്ന പദത്തിൻെറ അൎത്ഥം ജ്ഞാനമുള്ളവൻ എന്നു മാത്രമാണ്.


കലികാലത്തു "ബുദ്ധനാം ജിനസുതനായതും ജഗന്നാഥൻ" എന്നു ഭാഗവതത്തിൽ പറഞ്ഞിരിക്കുന്നതു ബുദ്ധമഹൎഷിയെക്കുറിച്ചാണ്. ഹിന്ദുപുരാണങ്ങളിലെ ദശാവതാരങ്ങളിൽ ഒന്ന് ബുദ്ധമുനിയാണെന്ന് ഒരു പക്ഷക്കാരുണ്ടു്. എന്നാൽ ബുദ്ധൻ, മഹാവിഷ്ണു അവലംബിച്ചതായി പറയുന്ന മത്സ്യം, കൂൎമ്മം, വരാഹം, നരസിംഹം എന്നീ അവതാരരൂപങ്ങൾപോലെ ഒരു അത്ഭുതരൂപമല്ല. ക്രൈസ്തവം, മഹമ്മദീയം, ശാങ്കരം, മാധ്വം എന്നീ മതഭേദങ്ങ-

ളുടെ സ്ഥാപകന്മാരായ ആചാൎയ്യന്മാരെപ്പോലെ ബുദ്ധനും മനുഷ്യരൂപം അവലംബിച്ചു് ലോകദുരിതങ്ങൾ അനുഭവിച്ചു് ജീവന്നിവൃത്തനായ ഒരു സിദ്ധനായിരുന്നു. ശ്രീകാശി അല്ലെങ്കിൽ വാരാണസി എന്ന സ്ഥലത്തുനിന്നു് ആറു നാഴിക വടക്കായി കപിലവസ്തു എന്ന പേരായ ഒരു നഗരം പുരാതനകാലങ്ങളിൽ ഉണ്ടായിരുന്നു. സ്വാതന്ത്ര്യശീലന്മാരായിരുന്ന ശാക്യന്മാരുടെ സമുദായം അതിനെ അധിവസിച്ചിരുന്നു. ആ സമുദായം അവരുടെ ഇടയിലുള്ള പ്രധാനകുടുംബങ്ങളാൽ ഭരിക്കപ്പെട്ടുവന്നു. അങ്ങനെയുള്ള രാജന്യകുടുംബങ്ങളിൽ ഒന്നിന്റെ അധിപൻ ശുദ്ധോദനൻ എന്നൊരു പ്രഭുവായിരുന്നു. അദ്ദേഹത്തിന്റെ ഏകസന്താനമായും സകലവാത്സല്യഭാജനമായും സിദ്ധാൎത്ഥൻ എന്നൊരു കുമാരൻ ഉണ്ടായി. ഈ കുമാരൻ തന്നെയാണു് ഒടുവിൽ ഒരു മഹാമതത്തിന്റെ സ്ഥാപകനായിത്തീൎന്നു് ബുദ്ധൻ എന്ന ലോകവിശ്രുതനാമം ധരിച്ചതു്. അപരനാമധേയത്തിൽ ലോകധൎമ്മസ്മൃതികളുടെ കൎത്താക്കന്മാരിൽ ഒരു പ്രധാനിയായി ആരാധിക്കപ്പെടുവാൻ തക്കവണ്ണം ആത്മദിവ്യതയും ഇദ്ദേഹം സമ്പാദിച്ചു ശോഭിച്ചു.

ക്ഷത്രിയധൎമ്മമനുസരിച്ചു് ശുദ്ധോദനൻ സിദ്ധാൎത്ഥകുമാരനെ ധനുർവേദാദികൾ അഭ്യസിപ്പിച്ചു. എന്നാൽ സിദ്ധാൎത്ഥൻ ശുകബ്രഹ്മൎഷിയെപ്പോലെ ജനനാൽ തന്നെ പ്രാപഞ്ചികവ്യാപാരങ്ങളിൽ വിമുഖനായിരുന്നു. അതുകൊണ്ടു് ഇദ്ദേഹം ബാല്യം മുതൽക്കേ ജീവന്മുക്തിക്കുള്ള മാൎഗ്ഗങ്ങൾ ആരാഞ്ഞുതുടങ്ങി. തുല്യവയസ്കന്മാരായ ബാലന്മാരുമായുള്ള ക്രീഡാരസങ്ങളിൽ ഉത്സുകനാകാതെ സദാ ധ്യാനത്തിൽ മുഴുകി മൗനവൃത്തി അനുഷ്ഠിച്ചുവന്നു.

ഹിന്ദുമതക്കാരുടെ ആശ്രമസിദ്ധാന്തങ്ങൾ അനുസരിച്ചു്, "ബ്രഹ്മചൎയ്യം" എന്നുള്ള വിദ്യാഭ്യാസകാലം കഴിഞ്ഞാൽ

അടുത്തത് ഗൃഹസ്ഥാശ്രമമാകുന്നു. ഈ ആശ്രമത്തെ ശരി-യായി പരിപാലിക്കുന്നതിന് വിധിപ്രകാരം വിവാഹം



ബുദ്ധമുനി.

ചെയ്ത ഒരു ഭാൎയ്യ കൂടിയേ കഴിയൂ എന്നുള്ളതാകുന്നു. ഈ നിയമം പുരസ്കരിച്ച് സിദ്ധാൎത്ഥന്റെ മനസ്സിൽ ലോകസുഖാകൎഷണത്താൽ ഉന്മേഷം ഉണ്ടാക്കുവാൻ ശുദ്ധോദനൻ സിദ്ധാൎത്ഥനെക്കൊണ്ടു ഒരു വിവാഹം ചെയ്യിപ്പിച്ചു. ഇതും സിദ്ധാൎത്ഥന് തന്റെ ജീവിതഗതിക്കു പ്രതിബന്ധമായ ഒരു ശൃംഖലയായി തോന്നി.

നേത്രേന്ദ്രിയങ്ങൾ സുഖസ്ഥിതിയിൽ തന്നെ ഇരിക്കുന്നു എങ്കിലും അന്ധന്മാരായി കാലം നയിക്കുന്ന യുവാക്കന്മാരുടെ കൂട്ടത്തിലല്ലായിരുന്നു സിദ്ധാൎത്ഥൻ. അദ്ദേഹം തന്റെ ചുററിലും സംഭവിക്കുന്ന സകല സ്ഥിതിവ്യത്യാസങ്ങളേയും സൂക്ഷ്മമായി ഗ്രഹിച്ചു് ആലോചനാവിഷയമാക്കിവന്നു. ജനങ്ങളുടെ ഇടയിൽ സംഭവിക്കുന്ന അകാലമരണം, അപമൃത്യു, മഹാരോഗം, പരമദാരിദ്ര്യം എന്നീ ദുഃഖങ്ങൾ അദ്ദേഹത്തിന്റെ മനസ്സിനെ പീഡിപ്പിച്ചു. മനുഷ്യരുടെ സുഖജീവിതത്തിലെ ഭക്ഷണത്തിനു വേണ്ടിയും, മതാനുഷ്ഠാനം എന്ന നാട്യത്തിൽ ബലിക്കായും, ജന്തുക്കളെ ഹിംസിക്കുന്നതും വധിക്കുന്നതും മഹാനാരകീയകൎമ്മങ്ങളാണെന്ന് അദ്ദേഹത്തിന്റെ അതിശുദ്ധമായ മനസ്സിൽ തോന്നി. ഈവക ആലോചനകൾ അദ്ദേഹത്തിന്റെ മനസ്സിനെ ക്ഷോഭിപ്പിച്ചു. ജാഗ്രദവസ്ഥയിൽ മനസ്സ് ഏതുവക സംഗതികളിൽ വ്യാപരിക്കുന്നുവോ, ആ സംഗതികൾ തന്നെ നിദ്രാകാലങ്ങളിൽ സ്വപ്നങ്ങൾക്കു വിഷയീഭവിക്കുന്നു. ഈ പ്രകൃതിനിയമം അനുസരിച്ചു്, സിദ്ധാൎത്ഥന്റെ നിരന്തരമായ മനഃക്ലേശങ്ങൾക്കിടയിൽ പ്രത്യക്ഷം എന്നപോലെ ഒരു ദൎശനം നിദ്രയിൽ ഉണ്ടായി. അതു്, തന്റെ മനസ്സിനെ വൃഥാ വ്യാകുലപ്പെടുത്താതെ, സ്വകുടുംബവൃത്തിയായ പ്രജാഭരണം യഥാധൎമ്മം നിൎവ്വഹിക്കയൊ, അല്ലെങ്കിൽ സൎവ്വസംഗപരിത്യാഗം ചെയ്തു് ഒരു യതിവൃത്തി അവലംബിക്കയൊ, ചെയ്വാൻ ഒരു സിദ്ധൻ തന്റെ മുമ്പിൽ ആവിൎഭൂതനായി ഗുണദോഷം ചെയ്തു എന്നായിരുന്നു. സിദ്ധോപദിഷ്ടങ്ങളായ ഈ രണ്ടു കാൎയ്യങ്ങളിൽ, സിദ്ധാൎത്ഥന് സന്യാസവൃത്തി അധികം രുചിക്കയാൽ ഉപദേഷ്ടാവിന്റെ ആജ്ഞാനുസാരം ഗൃഹപുത്രദാരാദി സൎവ്വവും ത്യജിച്ചു്, ദേശസഞ്ചാരം തുടങ്ങി. മഹാശ്രേഷ്ഠന്മാരായുള്ള

ഗുരുജനങ്ങളിൽനിന്ന് ആത്മരഹസ്യങ്ങളും ഗഹനങ്ങളായ ബ്രഹ്മതത്വങ്ങളും ഗ്രഹിച്ചു് അദ്ദേഹം "ബുദ്ധഗയ" എന്ന സ്ഥലത്തു തപസ്സു തുടങ്ങി. ആ തപസ്സുകൊണ്ടു് അദ്ദേഹത്തിന് ആത്മശുദ്ധിയും ബ്രഹ്മജ്ഞാനവും സിദ്ധിച്ചു. തനിയ്ക്കു് ഇപ്രകാരം ലഭിച്ച അമൂല്യമായ ആത്മപ്രകാശത്തെ അദ്ദേഹം ഉപദേശരൂപങ്ങളായി ലോകോപകാരാൎത്ഥം വിതരണം ചെയ്തു. മനുഷ്യർ സമജീവികൾ ആണെന്നും, എല്ലാ പേൎക്കും ജീവൻ ഒരുപോലെ ആണെന്നും, ഈശ്വരാരാധനകൾക്ക് എന്നു പറഞ്ഞു് ജന്തുഹിംസ ചെയ്യുന്നതു പാപകരമാണെന്നും, ആത്മശുദ്ധിയും സൽകൎമ്മങ്ങളും കൊണ്ടു് ഏവനും മുക്തി സാധിക്കാം എന്നും, അദ്ദേഹം സ്ഥാപിച്ചു. പ്രാണിഹിംസയും അസത്യവാദവും നിരോധിച്ചു്, സമഭാവനയും അഹങ്കാരരാഹിത്യവും ഗുരുജനങ്ങളോടു ഗുരുത്വവും പരേച്ഛാപരിത്യാഗവും ആൎദ്രമായ ജീവകാരുണ്യവും മനുഷ്യകൎമ്മങ്ങളിൽ പ്രധാനങ്ങളെന്നു സിദ്ധാന്തിച്ചു്, അദ്ദേഹം അനശ്വരവും പവിത്രവുമായ ബുദ്ധപദത്തെ സമ്പാദിച്ചു.

ഈ മഹാത്മാവു്, താൻ അവതാരമൂൎത്തി എന്നോ, ഈശ്വരാംശജാതനെന്നോ, അശേഷം ഭാവിച്ചില്ല. ബാല്യം മുതല്ക്കേ അദ്ദേഹം അനുസരിച്ചുവന്ന ജീവിതരീതിയുടെ പരമാൎത്ഥം സൂക്ഷ്മമായി ഗ്രഹിച്ചിരുന്ന അദ്ദേഹത്തിന്റെ ശിഷ്യസംഘം അദ്ദേഹത്തിന്റെ ഉപദേശങ്ങളെ സ്വീകരിക്കയും, അതുനിമിത്തം ബുദ്ധമതത്തിന് ക്ഷണകാലത്തിനുള്ളിൽ ഊൎജ്ജിതമായ പ്രചാരമുണ്ടാകയും ചെയ്തു. ആ മഹാത്മാവു് ൨൪൦൦ സംവത്സരങ്ങൾക്കു മുമ്പു് മരിച്ചു എങ്കിലും, ഭൂലോകത്തിലുള്ള ജനങ്ങളിൽ നാലിൽ ഒരു ഭാഗം ഇപ്പോഴും അദ്ദേഹം സ്ഥാപിച്ച മതം അനുഷ്ഠിച്ചുവരുന്നുണ്ടു്.

ഈ ഋഷീശ്വരനാൽ സ്ഥാപിക്കപ്പെട്ട മതം ഏഷ്യാഭൂ-

ഖണ്ഡത്തിന്റെ പ്രധാനാംശങ്ങളായ ചൈനാ, ജപ്പാൻ, ഇൻഡോചൈന, എന്നീ രാജ്യങ്ങളിലെ നിവാസികളായ എല്ലാ ജനങ്ങളേയും, ഭാരതവർഷത്തിൽ ഏതാനും ഭാഗം ആളുകളേയും, വിശിഷ്ട നിലയിൽ ജീവിതവൃത്തി നിർവഹിക്കുന്നതിനു പ്രേരിപ്പിക്കുന്നു. ഒരു കാലത്തു ഈ മതം ഭാരതവർഷത്തിൽ ഉൾപ്പെട്ട ദ്രാവിഡദേശത്തിൽപോലും പ്രചരിച്ചിരുന്നു. തിരുവിതാംകൂറിലും ബുദ്ധമതക്കാർ പ്രവേശിച്ചിരുന്നു എന്നുള്ളതിനു ലക്ഷ്യങ്ങൾ ഉണ്ടു്. നമ്മുടെ ക്ഷേത്രങ്ങളിലെ ഉത്സവാദികളിൽ ഉപയോഗിച്ചുവരുന്ന കുട തഴ മുതലായ ആഡംബരസാമഗ്രികൾ ബുദ്ധമതപ്രചാരത്തോടുകൂടി ലഭിച്ച സംപാദ്യങ്ങളാണെന്നു് ഒരു പക്ഷം ഉണ്ടു്. കുഴിത്തുറ എന്ന സ്ഥലത്തിനടുത്തുള്ള "ചിതറാൽ" (ചിത്രാലയം) എന്ന ഭഗവതിക്ഷേത്രം ബുദ്ധമതക്കാരുടെ ഒരു സ്ഥാപനത്തെ രൂപാന്തരപ്പെടുത്തിയതാണെന്നു ശിലാലേഖനവ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. തിരുവിതാംകൂറിൽ അവിടവിടെ ഉള്ള ചില പാറകളിൽ പാദത്തിന്റെ ഛായകൾ, മനുഷ്യഛായകൾ, എന്നിത്യാദി കാണുന്നവ ബുദ്ധമതക്കാരുടെ ആഗമനത്തെ സാക്ഷീകരിക്കുന്നു എന്നും മേൽപറഞ്ഞ പണ്ഡിതന്മാർ വാദിക്കുന്നുണ്ടു്. ബുദ്ധന്റെ ഒരു വിഗ്രഹം തിരുവനന്തപുരത്തു കാഴ്ചബംഗ്ലാവിൽ കാണുമാറുണ്ടു്. അമ്പലപ്പുഴയ്ക്കു കിഴക്കുള്ള കരുമാടിത്തോട്ടിൽ നിൽക്കുന്ന "കരുമാടിക്കുട്ടൻ" എന്ന ശിലാവിഗ്രഹവും ബുദ്ധമതപ്രചരണത്തിന്റെ ചിഹ്നമാണെന്നു ചിലർ വിചാരിക്കുന്നു.

ബുദ്ധമതാനുസാരികൾ അക്ഷയോപയോഗമുള്ള രണ്ടു ഗ്രന്ഥങ്ങളെ ഹിന്ദുക്കൾക്കു് പ്രദാനം ചെയ്തിട്ടുണ്ടു. ഇവ "അമരകോശം" എന്നു പ്രസിദ്ധപ്പെട്ട ശബ്ദനിഘണ്ടുവും, "അഷ്ടാംഗഹൃദയം" എന്ന വൈദ്യശാസ്ത്രവുമാകുന്നു.

## പാഠം ൨.

## സമയത്തിൻെറ വില.

ബൻജമിൻ ഫ്രാങ്ക്ലിൻ, യൂറോപ്പ്, അമേരിക്ക എന്നീ ഖണ്ഡങ്ങളിലെ പരിഷ്കൃതിരംഗത്തിൽ പ്രധാനപാത്രമായി നടനം ചെയ്തിട്ടുള്ള ഒരു മഹാനാകുന്നു. ഇദ്ദേഹം വടക്കെ അമേരിക്കയിൽ യുണൈറ്റെഡ് സ്റ്റേറ്റ്സ് മഹാസംസ്ഥാനത്തിൽ ഫിലാഡെൽഫിയയിൽ ഒരു ദരിദ്രകുടുംബത്തിൽ ജനിച്ചു. അച്ഛൻ മെഴുകുതിരിവ്യാപാരം ചെയ്തു കഴിച്ചു വന്ന ഒരാൾ ആയിരുന്നു. അച്ചടിശാല അഭ്യസിക്കാനായി നിയോഗിച്ച ഫ്രാങ്ക്ലിൻെറ ശ്രദ്ധ പതിഞ്ഞതു പുസ്തകപാരായണത്തിലായിരുന്നു. വായനയിലുള്ള അതിയായ ഔത്സുക്യവും സ്ഥിരമായ പരിശ്രമശീലവും ഫ്രാങ്ക്ലിനെ ക്ഷണത്തിൽ പ്രസിദ്ധനാക്കിത്തീർത്തു. ഫിലാഡെൽഫിയായിലെ ഗവർണർ ഫ്രാങ്ക്ലിൻെറ ഒരെഴുത്തു കണ്ടു സന്തോഷിക്കയാൽ അദ്ദേഹം ഫ്രാങ്ക്ലിനെ തൻെറ ഒരു ആപ്തബന്ധുവായി സ്വീകരിച്ചു. ഈ ബന്ധുത്വംകൊണ്ടു ഫ്രാങ്ക്ലിന് ലണ്ടൻപട്ടണത്തിൽ താമസിക്കുന്നതിനും ലോകപരിചയം വദ്ധിക്കുന്നതിനും സംഗതിയായി. യുണൈറ്റെഡ് സ്റ്റേറ്റ്സും ഇംഗ്ലണ്ടും തമ്മിൽ ഉണ്ടായ കലഹത്തിൽ ഫ്രാങ്ക്ലിൻ തൻെറ ജന്മഭൂമിയുടെ സ്വാതന്ത്ര്യത്തെ രക്ഷിക്കുന്നതിന് അതിമാത്രം ഉത്സാഹിക്കയും, അനന്തരം സ്വരാജ്യത്തിൻെറ പ്രാതിനിധ്യം വഹിച്ചു് ഫ്രാൻസിൽ പാക്കയും ചെയ്തു. ഫ്രാങ്ക്ലിൻെറ പാണ്ഡിത്യവും, കൃത്യനിഷ്ഠയും, ജനസ്നേഹവും, അദ്ദേഹത്തെ പ്രസിദ്ധന്മാരായ മാതൃകാപുരുഷന്മാരുടെ പങ്ക്തിയിലേക്ക് ആരോഹണം ചെയ്യിച്ചു.

ഈ മഹാനുഭാവൻെറ ജീവിതത്തിൽ ഉണ്ടായ ഒരു സംഭവത്തെ ഈ പാഠത്തിൽ വിവരിക്കുന്നു. "സമയത്തെ

വൃഥാ വ്യയം ചെയ്യരുതു്: നമ്മുടെ ജീവിതം സമയത്താൽ സംഘടിതമാകുന്നു" എന്നുള്ള തത്വമാണ് ഈ അഭിജ്ഞൻ ഈ പാഠംകൊണ്ടു് ലോകത്തിന് ഉപദേശിക്കുന്നതു്. ഈശ്വരാനുഗ്രഹത്താൽ നമുക്കു ലബ്ധമായിട്ടുള്ള സകലത്തിലും വെച്ചു നമുക്ക് ഏററവും പ്രിയമായിട്ടുള്ളതു് ജീവിതവും ആണല്ലോ. അതുകൊണ്ടു് സമയത്തെ വൃഥാ കളയുന്നതു ഈശ്വരൻ നമുക്കു നൽകിയിരിക്കുന്നതും, മറെറല്ലാത്തിലും വെച്ചു നമുക്കു പ്രിയമേറിയതും ആയ നമ്മുടെ ആയുസ്സിനെ വൃഥാ വ്യയം ചെയ്യുകയാണെന്ന് അദ്ദേഹം ഈ പാഠം മാർഗ്ഗമായി ദൃഷ്ടാന്തപ്പെടുത്തുന്നു. ഈ തത്വത്തെ അദ്ദേഹം സകല ക്രിയകളിലും അനുസ്മരിച്ചു പ്രവത്തിച്ചുവന്നു.

ഈ മഹാപുരുഷൻെറ ആധിപത്യത്തിൽ നടന്നുവന്നിരുന്ന ഒരു വത്തമാനപത്രത്തിൻെറ ആഫീസിൽ വെച്ചു് പത്രങ്ങളോടു കൂടി പുസ്തകങ്ങളും വിററുവന്നിരുന്നു. ആ ശാലയുടെ പുരോഭാഗത്തുള്ള മഹാവീഥിയിൽ കൂടി; ഇരുഭാഗത്തുമുള്ള മനോഹരങ്ങളായ വിക്രയശാലകളെ നോക്കി ആനന്ദിച്ചു മന്ദമായി സഞ്ചരിച്ചുകൊണ്ടിരുന്ന അലസനായ ഒരു രസികൻ ഒരിക്കൽ നമ്മുടെ പണ്ഡിതവയ്യൻെറ വ്യാപാരശാലയിൽ കടന്നുചെന്നു. പുറംകോട്ടിൻെറ കീശകളിൽ രണ്ടു കൈകളും തിരുകിക്കൊണ്ടു് പുസ്തകശാലയ്ക്കകത്തുള്ള അലമാരിനിരകളെ അതികൌതുകത്തോടുകൂടി നോക്കിത്തുടങ്ങി. അണിയിട്ടു നിൽക്കുന്ന ഭടന്മാരെ കാണുമ്പോൾ രസിച്ചു തലകുലുക്കുന്ന ബാലനെപ്പോലെ ആ വങ്കൻ ആനന്ദിച്ചു് ആ ശാലയ്ക്കകത്തു കുറച്ചുനേരം തല ഉയത്തി പിടിച്ചുകൊണ്ടു് ഢീക്കോടുകൂടി ലാത്തുവാൻ ആരംഭിച്ചു. വ്യാപാരശാലകളിൽ വൃഥാപ്രവേശനം ചെയ്യരുതെന്നുള്ള മയ്യാദ അയാൾക്കു ലേശം അറിഞ്ഞുകൂടായിരുന്നു. അതുകൊണ്ടു്, ഒരു മേശയുടെ മുകളിൽ കണക്കു

പുസ്തകവും തുറന്നിട്ട് കാൎയ്യഗൗരവത്തോടുകൂടി തൻെറ ജോലി ചെയ്തുകൊണ്ടിരുന്ന ഒരു ഗുമസ്തൻെറ നേരെ നോക്കി, ഒരു പുസ്തകത്തെ ചൂണ്ടിക്കാണിച്ച്, "അതിൻെറ വില എന്താണ്?" എന്നു ചോദിച്ചു. "അരുപ്പവൻ" എന്ന് ആ ഗുമസ്തൻ വ്യാപാരസാഫല്യത്തിന് അനുയുക്തമായുള്ള സ്വരത്തിലും, ഉപചാരഭാവത്തിലും, എന്നാൽ തൻെറ ജോലിക്കു വിഘാതം നേരിടാത്തവിധത്തിലും പറഞ്ഞു. "അരുപ്പവനോ!" എന്ന് ആ രസികൻ നെഞ്ചത്തടിച്ച് ആശ്ചൎയ്യത്തോടുകൂടി ചോദിച്ചു. ഈ അഭിനയം കണ്ടിട്ടും ആ ഗുമസ്തൻ ഒന്നു നിവിൎന്നു നോക്കുകപോലും ചെയ്യാതെ ഇരുന്നതിനാൽ, രസികനായ ആ വിഡ്ഢി 'കറാൽക്കടകളിൽ വില രണ്ടില്ല' എന്നുള്ള വ്യവസ്ഥ ഓൎമ്മിച്ചു എങ്കിലും, ആ ശാലയുടെ വിഖ്യാതനായ ഉടമസ്ഥനെ കാണുന്നതിന് ഇതു തന്നെ തരം എന്നു കരുതി, "ഡാക്ടർ ഫ്രാങ്ക്ലിൻ അകത്തില്ലേ?" എന്നു ചോദ്യംചെയ്തു. "ഉണ്ടു്, എന്തോ ജോലിത്തിരക്കിലിരിക്കുകയാണ്" എന്ന് ആദരഭാവത്തിൽ ഗുമസ്തൻ ഉത്തരം പറഞ്ഞു. പണിയൊന്നും കൂടാതെ ജന്മം പാഴാക്കിക്കളയുന്ന അലസന്മാൎക്കുണ്ടോ ജോലിത്തിരക്കിൻെറ ഗൗരവം മനസ്സിലാകുന്നു? അതുകൊണ്ടു് നമ്മുടെ യുവാവ് ഡാക്ടർ ഫ്രാങ്ക്ലിനെ കണ്ടേ തീരു എന്നു നിൎബ്ബന്ധിച്ചുകൊണ്ടു നിലയായി. ഗുമസ്തൻ അകത്തു പോയി ഫ്രാങ്ക്ലിനോട് വസ്തുത എല്ലാം ധരിപ്പിച്ചു. ഗൎവ്വ് എന്നുള്ള സ്വഭാവദോഷം ലവലേശം ബാധിച്ചിട്ടില്ലാത്ത ആ പുരുഷരത്നം ക്ഷണത്തിൽ പുറത്തു വന്നു യുവാവിനെ കണ്ടു. ഡാക്ടർ ഫ്രാങ്ക്ലിൻ ഒരു നോട്ടംകൊണ്ടു യുവാവിൻെറ സ്വഭാവം നിശ്ചയപ്പെടുത്തി. നമ്മുടെ രസികനാകട്ടെ തൻെറ പ്രൌഢതയ്ക്കു വിലോപം വന്നുപോകരുതെന്നു കരുതി, ഒന്നുകൂടെ കഴുത്തു പുറകോട്ടു ഞെളിച്ച്, താൻ ആഗ്രഹിച്ച

പുസ്തകം തൊട്ടുകാണിച്ചുകൊണ്ടു്, "നോക്കു! ഇതിൻെറ വില്ക്കുംവില എന്തു?" എന്നു ചോദിച്ചു.

ഫ്രാങ്ക്ലിൻ— "മുക്കാൽ പവൻ."

രസികൻ— "അല്ലാ അവിടത്തെ കണക്കിനു കാൽ പവൻ കൂടിയോ? അതെങ്ങനെയാണ്?"

ഫ്രാങ്ക്ലിൻ— "എൻെറ സമയം ചിലവായതിനുള്ള വില." ഡാക്കുർ ഫ്രാങ്ക്ലിൻെറ വാക്കുകളിൽ അന്തർഭവിച്ച പാഠം മനസ്സിലായി എങ്കിലും, അത്ര വേഗത്തിൽ തോററുകൂടാ എന്നു വിചാരിച്ചും, താൻ ഒരു ബുദ്ധിമാനാണെന്നുള്ള നാട്യത്തിലും, യുവാവു പിന്നെയും ഒരു പ്രശ്നം ചെയ്തു. "ഹേ! നിങ്ങളുടെ ഗുമസ്തൻ അരപ്പവനേ വില പറഞ്ഞുള്ളു. കററൽക്കടകളിൽ രണ്ടു വിലയുണ്ടോ?"

ഫ്രാങ്ക്ലിൻ— "കൂടുതൽ വില വന്നതു് എന്നെ മിനക്കെടുത്തിയതിനുള്ള പ്രായശ്ചിത്തം കൂടി ചേൎന്നതുകൊണ്ടാണ്. ഇപ്പോൾ പുസ്തകത്തിൻെറ വില ഒരു പവൻ ആയിരിക്കുന്നു."

യുവാവു തൻെറ ചേപ്പിൽനിന്നു് ഒരു പവൻ എടുത്തു മേശപ്പുറത്തു വെച്ചു്, ഗുമസ്തനോടു പുസ്തകം വാങ്ങി, പണ്ഡിതനെ സലാം ചെയ്തു്, തിരിഞ്ഞുനോക്കാതെ യാത്രയായി.

---

പാഠം ൬.

## ദൃഷ്ടാന്തദോഷം.

ശ്രുതിയും സ്മൃതികളുമാഗമവിധികളു-
മിതിഹാസങ്ങൾ പുരാണാദികളും
മതിയിലശേഷം ധാരണയുള്ളൊരു
മതിമാനല്ലോ നിന്തിരുവടി താൻ:

ധൎമ്മാധൎമ്മമറിഞ്ഞു വസിയ്ക്കും
ധാൎമ്മികവരനാം നിന്തിരുവടിയും
ധൎമ്മമതെന്ന്യേ പുറപ്പെട്ടാലി-
ദ്ദുൎമ്മതികൾക്കിനി നല്ലൊരു സൗഖ്യം:

വൻപന്മാരൊരു പെരുവഴിയിട്ടാൽ
പിൻപിൽ വരുന്നവരതിലിട കൂട്ടും;
കൊമ്പൻ പോയതു മോഴയ്ക്കും വഴി
കോലാഹലമിനി വേണ്ടതു കാട്ടാം:

ആശാനക്ഷരമൊന്നു പിഴച്ചാൽ
അൻപത്തൊന്നു പിഴയ്ക്കും ശിഷ്യന്;
കളരിക്കാരനു ചോടു പിഴച്ചാൽ
കാണികളൊക്കെപ്പുഴതിൽ ചാടും:

ഓതിയ്ക്കോനൊരു മന്ത്രമിളച്ചാൽ
ഒരു പന്തിക്കാർ ഒക്കെ ഇളയ്ക്കും;
എമ്പ്രാനല്പം കട്ടുഭുജിച്ചാൽ
അമ്പലവാസികളൊക്കെ കക്കും:

പടനായകനൊരു പടയിൽ തോററാൽ
ഭടജനമെല്ലാമോടിയൊളിക്കും;
അമരക്കാരനു തലതെററുമ്പോൾ
അണിയക്കാരുടെ തണ്ടുകൾ തെററും:

കാൎയ്യക്കാരൻ കളവു തുടൎന്നാൽ
കരമേലുള്ളവർ കട്ടുമുടിക്കും;
താളക്കാരനു മാത്ര പിഴച്ചാൽ
തകിലറയുന്നവനവതാളത്തിൽ:

കാമം ക്രോധം ലോഭം മോഹം
ക്ഷേമം പ്രവണം രാഗം ദ്വേഷം

മാമുനികുലവരരാകിയ നിങ്ങടെ
മാനസതാരിലിതൊന്നും നഹിനഹി.
ആചാരത്തിൽ മികച്ചൊരു സാധന-
മാചാൎയ്യന്മാർപറയുന്നല്ലോ.
നീചന്മാരുടെ സംഗത്തേക്കാൾ
നിന്ദിതമായിട്ടില്ലൊരു വസ്തു.

[കുഞ്ചൻനമ്പ്യാർ.]

---

പാഠം ൫.

## ലോഹങ്ങൾ.

പ്രകൃതിയുടെ പ്രഭാവംകൊണ്ടു് മനുഷ്യപ്രയത്നം കൂടാതെ ഭൂമിയുടെ മേൽഭാഗത്തു് അനേകം വസ്തുക്കൾ ഉണ്ടാകുന്നു. ഇതുപോലെ തന്നെ ഭൂമിയുടെ അന്തൎഭാഗത്തും മനുഷ്യൎക്കു് ഉപഭോഗയോഗ്യമായുള്ള അനവധി സാധനങ്ങൾ ലയിച്ചു കിടക്കുന്നു. ഇവ ഭൂദ്രോണത്തിലടങ്ങിയ ചില ബീജങ്ങളുടെയൊ, ധാതുക്കളുടെയൊ സ്വയം പ്രവൎത്തനത്താൽ ഉണ്ടാകുന്നതാകുന്നു. ഭൂമിയിൽ ഖനനം ചെയ്തു നോക്കിയാൽ ചില ഭാഗങ്ങളിൽ ഈവക സാധനങ്ങൾ കാണും. ഭൂമിയ്ക്കുള്ളിൽ അനുകൂലഗുണങ്ങൾ കലൎന്നിരിക്കുന്ന മണ്ണിന്റെയൊ പാറക്കെട്ടുകളുടെയൊ ഇടയിൽ ഇവ ഉണ്ടാകുന്നു.

ഈവക സാധനങ്ങളെ ലോഹങ്ങൾ എന്നു പറയുന്നു. ഇടക്കാലങ്ങൾവരേ ലോഹങ്ങൾ അഞ്ചു തരങ്ങളായി വകതിരിയ്ക്കപ്പെട്ടിരുന്നു. "പഞ്ചലോഹങ്ങൾ" എന്ന പദം പണ്ഡിതജിഹ്വയിൽനിന്നു പുറപ്പെടാൻ യോഗ്യതയുള്ള ഒന്നു തന്നേ ആയിരുന്നു. "പഞ്ചലോഹം" എന്ന വൎഗ്ഗത്തിലുൾപ്പെട്ടവ—സ്വൎണ്ണം, വെള്ളി, ചെമ്പു്, ഇരുമ്പു്, ഈയം, ഇതുകളാകുന്നു. എന്നാൽ ഭൂഗൎഭശാസ്ത്രജ്ഞന്മാർ

ലോഹജാതിയിൽ എഴുപത്തഞ്ചോളം വൎഗ്ഗങ്ങൾ ഉള്ള-തായി നിൎണ്ണയിച്ചിരിക്കുന്നു.

ഭൂഗൎഭത്തിൽനിന്നു പുറപ്പെടുമ്പോൾ ലോഹങ്ങൾ നാം കണ്ടുവരുന്ന രീതിയിൽ ശുദ്ധമായി പ്രകാശത്തോടെ ഇരി-ക്കുന്നില്ല. പല സാധനങ്ങളും കൂടികലൎന്ന്, പൊററികെട്ടി-ക്കിടക്കുന്ന കട്ടകളായിട്ടാണ് ഖനികളിൽനിന്നു വെട്ടിയെടു-ക്കുമ്പോൾ അവ കിട്ടുന്നത്. ആ സമ്മിശ്രഖണ്ഡങ്ങളെ പുറത്തു കൊണ്ടുവന്ന് ഉടച്ച്, കഴകിയും, ഉരുക്കിയും, മൂശ-കളിൽ സ്ഥടംവെച്ചും സംസ്കരിക്കുമ്പോൾ, അതാതിന്റെ ദാൎഢ്യം, ഗുണം, പ്രകാശം, എന്നീ ലക്ഷണങ്ങളോടു കൂടിയ ശുദ്ധലോഹം ഉപയോഗിക്കത്തക്ക നിലയിൽ കിട്ടുന്നു. ഭൂഗ-ൎഭത്തിൽ അവിടവിടെ പരന്നുകിടക്കുന്ന ലോഹനാഡികൾ ചിലേടങ്ങളിൽ ഭൂമുഖത്തോളം എത്തിക്കിടക്കും. ഇതര സാധനങ്ങളോടു സങ്കലിതമാകാതെ തന്നെ ചിലയിടങ്ങ-ളിൽനിന്നും ലോഹങ്ങൾ ശലാകകളായി കിട്ടാറുണ്ടു. നദീ-തീരങ്ങളിലും പാറക്കൂട്ടങ്ങളുടെ ഇടകളിലും, ലോഹക്കട്ടികളും ചിലപ്പോൾ ലോഹരേണുക്കളും ഖനനശ്രമം കൂടാതെ ലോ-ഹാന്വേഷികൾക്കു എളുപ്പത്തിൽ ദൃശ്യമാകുന്നു.

ധാതുരൂപമായി എടുക്കുന്ന ലോഹങ്ങളെ സംസ്കരിക്കു-ന്നതിന് ഇപ്പോൾ യന്ത്രങ്ങൾ ഉപയോഗപ്പെടുത്തിവരുന്നു. അങ്ങാടികളിൽ ഇപ്പോൾ ലോഹങ്ങൾ കിട്ടിവരുന്നതു് തകി-ടുകളായും, പാളങ്ങളായും, കട്ടികളായും ആണ്. സ്വൎണ്ണം, വെള്ളി, ഈയം, എന്നിവ കട്ടികളായും, ചെമ്പു് തകിടായും, ഇരുമ്പു് നീണ്ട പാളങ്ങളായും കിട്ടുന്നു. ഈ കട്ടികളും തകി-ടുകളും പാളങ്ങളും മൊത്തമായി വാങ്ങുമ്പോൾ ഒരേ നീളം വീതി ഘനത്തിലുള്ള വസ്തുക്കു് ഐകരൂപ്യം ഉണ്ടെന്നു തോ-ന്നും; ഈ കാണുന്ന രൂപസാമ്യം ഉണ്ടാകുന്നതു്, വ്യാപാര-ശാലകളിൽ അയക്കുന്നതിനു മുൻപു് അവ യന്ത്രശാല-

കളിലെ ഉലകളിൽ ഉരുക്കി യന്ത്രക്കരുക്കളിൽ വാക്കുന്നതു കൊണ്ടാണ്.

ഖനനം ചെയ്തെടുക്കുന്ന മററു വസ്തുക്കളിൽനിന്ന് ലോഹങ്ങളെ തിരിച്ചറിയുന്നത് അവയുടെ ദീപ്തികൊണ്ടാണ്. എന്നാൽ ഈ ദീപ്തി എല്ലാററിനും കാണുകയില്ല. ചിലതു തുരുമ്പു പിടിച്ചുപോകും. ഇരിമ്പുകൊണ്ടുള്ള താക്കോലോ, പേനക്കത്തിയോ ഉപയോഗിക്കാതെ ഇട്ടിരുന്നാൽ തുരുമ്പു പിടിച്ചുപോകുമല്ലോ. അത് കാററിലുള്ള നനവും വായുവും ഏററു് ഇരുമ്പിൽ ചില രാസവികാരങ്ങൾ വരുന്നതിനാൽ ഉണ്ടാകുന്നതാകുന്നു. ഇപ്രകാരം രാസവികാരങ്ങൾക്ക് അധീനങ്ങളായ സാധനങ്ങളിൽ ചിലതു് എളുപ്പം തുരുമ്പുപിടിക്കുന്നതായും, മററുചിലതു കാലക്രമേണ തുരുമ്പുപിടിക്കുന്നതായും കണ്ടുവരുന്നു. ഈ വ്യത്യാസംകൊണ്ടു് ലോഹങ്ങളെ തിരിച്ചറിയാം. ഇരുമ്പുസാമാനങ്ങൾ തുരുമ്പു പിടിച്ചു് മുഴുവനെ നശിച്ചുപോയേക്കാം. ചെമ്പും ഈയവും തുരുമ്പുപിടിച്ചു് ദ്രവിച്ചുപോകുന്നതു് അത്ര എളുപ്പമല്ല. വെള്ളി, കാററുകൊണ്ടു മങ്ങും, എങ്കിലും തുരുമ്പു പിടിക്കുകയില്ല. സ്വർണ്ണത്തിന് തുരുമ്പുപിടിക്കുക എന്ന ദോഷം ലവലേശമില്ല. ഇതുകൊണ്ടാണ് സ്വർണ്ണത്തിനും വെള്ളിക്കും മററു ലോഹങ്ങളേക്കാൾ മാഹാത്മ്യമുള്ളതു്.

ഒരേ വണ്ണത്തിലുള്ള പലതരം ലോഹത്തകിടുകളെ ഒരു ത്രുപാവട്ടത്തിലോ മറേറാ വെട്ടിയെടുത്തു് കയ്യിൽ വെച്ചു നോക്കുക. ചിലതിനു മററുചിലതിനേക്കാൾ ഘനം കൂടിയിരിക്കും. ഇതു് ലോഹങ്ങളിൽ ഓരോ ജാതിയേയും തിരിച്ചറിവാനുള്ള മാർഗ്ഗമാണ്. പഞ്ചലോഹങ്ങളിൽ സ്വർണ്ണത്തിനാണ് എല്ലാററിലും കൂടുതൽ ഘനം. അതു് കഴിഞ്ഞാൽ ഈയം, വെള്ളി, ചെമ്പു്, ഇരുമ്പു്, ഈ ക്രമത്തിന് ഓരോന്ന് തൂക്കത്തിൽ അടുത്തടുത്ത പടിയിൽ നില്ക്കും.

ലോഹങ്ങളെ വേർതിരിച്ചറിയാൻ മറെറാരു വിദ്യയുണ്ടു്. ഓരോന്നും കുറേശ്ശ എടുത്തു് ഒരു പേനക്കത്തികൊണ്ടു് വെട്ടി നോക്കുക: ഏതിൽ ആണ് എളുപ്പം വെട്ടേല്ക്കുന്നതു? തീച്ച-യായിട്ടും ഈയത്തിൽ തന്നെ. ചെമ്പും കത്തിവായ്ക്കു് വഴികൊടുക്കും; എങ്കിലും അതു് ഈയംപോലെ മാദ്ദവമുള്ള-തല്ല. കട്ടപ്പം കൂടുന്നതു ഇരുമ്പിനാണ്. ലോഹങ്ങൾ ചൂടുപിടിച്ചാൽ ഉരുകുന്നു. ഇങ്ങനെ ഉരുകുന്നതുകൊണ്ടു ലോഹങ്ങളെ അവയുടെ ധാതുക്കളിൽനിന്നു വേർതിരിക്കാൻ സാധിക്കുന്നു. ഈ ഗുണത്തിലും ലോഹങ്ങൾക്കു തമ്മിൽ വ്യ-ത്യാസമുണ്ടു്. ഈയം എല്ലാററിലും ക്ഷണം ഉരുകും. ദ്രവ-ണശീലത നോക്കുമ്പോൾ പഞ്ചലോഹങ്ങൾ—ഈയം, വെ-ള്ളി, ചെമ്പു്, സ്വൎണ്ണം, ഇരുമ്പു് — ഈ ക്രമത്തിൽ ഇരിക്കുന്നു.

പഞ്ചലോഹങ്ങളുടെ കൂട്ടത്തിൽ ഗണിച്ചിട്ടില്ല എങ്കിലും, തുത്തനാകം, തകരം മുതലായി സാധാരണയായി അറിയാ-വുന്ന ചില ലോഹങ്ങൾ ഉണ്ടു്. ഇവ കൂടാതെ മററു ലോ-ഹങ്ങളിൽ പ്രാധാന്യമേറിയ ഒന്നരണ്ടെണ്ണത്തെപ്പററിയും അല്പം ചിന്തിക്കുന്നതു് അനുചിതമായിരിക്കയില്ല.

സ്വതോദ്രവമായിരിക്കുന്ന ഒരു ലോഹമുണ്ടു്. സ്വഭാ-വസൂചകമായ അതിന് 'രസം' എന്നു തന്നെയാണ് പേര്. അതു വെള്ളത്തിനേക്കാൾ തുലോം കട്ടി കൂടിയതാകുന്നു. മററു ലോഹങ്ങൾക്ക് എന്നപോലെ അതിനും ദീപ്തി ഉണ്ടു്. ചൂടിന്റെ ഏററക്കുറച്ചലിനേയും, ആകാശവായുവിന്റെ അമൎത്തലിനേയും അളക്കുന്നതിനുള്ള യന്ത്രങ്ങൾ രസം ഉപ-യോഗിച്ചാണ് ഉണ്ടാക്കിയിരിക്കുന്നതു്.

പിന്നെയും ഒരുതരം വിശേഷപ്പെട്ട ലോഹം ഉണ്ടു്. അതു വെള്ളത്തിലിട്ടാൽ പൊങ്ങിക്കിടക്കും. മറെറല്ലാ ലോഹങ്ങൾക്കും വെള്ളത്തേക്കാൾ പതിനു പങ്ക് ഘനക്കൂടു-തൽ ഉള്ളതുകൊണ്ടു് താഴ്ന്നുപോകുകയാണ് ചെയ്യുന്നതു്.

മററു ലോഹങ്ങൾ വായുസ്പൎശംകൊണ്ടു് തുരുമ്പുപിടിക്കുന്നതുപോലെ ഇതു തുരുമ്പുപിടിക്കുന്നില്ല; പക്ഷെ നശിച്ചുപോകുന്നു. ഇതിന്ന് (ക്ഷാരജം) 'സോഡിയം' എന്നാണ് പേരു്. നാം പതിവായി ഉപയോഗിക്കുന്ന ഉപ്പിൽ ഇതിൻെറ അംശമുണ്ടു്. ഒരു കഷണം സോഡിയം അല്പം ചൂടുവെള്ളത്തിൽ ഇട്ടാൽ അതു കത്തുന്നതു കാണാം. വെള്ളത്തിലും വായുവിലും സോഡിയം ശേഖരിച്ചുവെച്ചുകൂടാ. ഇതിനെ സൂക്ഷിക്കേണ്ടതു് ഒരുമാതിരി മണ്ണെണ്ണയിൽ ആകുന്നു.

നമ്മുടെ ഗൃഹങ്ങളിൽ സാധാരണയായി ഉപയോഗിക്കുന്ന കിണ്ടി, മൊന്ത മുതലായ സാധനങ്ങൾ ഒരുമാതിരി കൂട്ടുലോഹങ്ങൾകൊണ്ടു് ഉണ്ടാക്കുന്നവയാണ്. അതിന്ന് ഓടു് എന്നു പേർ പറയുന്നു. അതു് ചെമ്പും ഈയവും ചേൎന്ന ഒരു സങ്കരവസ്തുവാണ്. ഇപ്പോൾ ഓട്ടിന്നു പകരം പാത്രങ്ങൾക്ക് 'അലുമിനിയം' എന്നൊന്ന് ഉപയോഗിച്ചുവരുന്നു. ഇതിന്നു പഞ്ചലോഹങ്ങളേക്കാൾ വളരെ ഘനക്കുറവുണ്ടു്. ഇതു കളിമണ്ണിൽനിന്നാണ് എടുക്കുന്നതു്. 'ഉരുക്ക്' എന്നു പറയുന്നതു് സംസ്കരിക്കപ്പെട്ട ഇരുമ്പിൻെറ ഒരുവക ഭേദം മാത്രമാകുന്നു. സ്വൎണ്ണം, വെള്ളി, ചെമ്പു്, ഇരുമ്പു്, മുതലായവ പോലെയോ, അതിലും കൂടുതലോ വിലയുള്ള ഏതാനും ലോഹങ്ങളുമുണ്ടു്. അവയിൽ ഏററവും പ്രധാനമായുള്ളതു് "റേഡിയം" എന്നു പറയുന്ന ലോഹമാണ്. ഇതു് ഇരുട്ടിൽ വിളക്കു കത്തിച്ചപോലെ പ്രകാശിക്കും. റേഡിയത്തിന്നു, സാധാരണലോഹങ്ങൾക്കില്ലാത്ത വേറെയും പല ഗുണങ്ങളുണ്ടു്. അതിൽനിന്നും പുറപ്പെടുന്ന രശ്മി ദേഹത്തിൽ തട്ടിയാൽ തൊലിയും മാംസവും ഭേദിച്ചു് അസ്ഥികൂടത്തെ കാണുമാറാക്കും. അതിനാൽ ശരീരത്തിൻെറ അന്തൎഭാഗത്തുള്ള സ്ഥിതികൾ കണ്ടു്

രോഗനിൎണ്ണയം ചെയ്യുന്നതിന് ഈ ലോഹം വൈദ്യന്മാൎക്ക് ഒരു വലിയ സഹായിയായി തീൎന്നിരിക്കുന്നു. ഈ ലോഹത്തിന്റെ മാഹാത്മ്യംകൊണ്ടും, ഇതിന്റെ ദുൎല്ലഭതാംകൊണ്ടും മറ്റെല്ലാ ലോഹങ്ങളിലും വെച്ച് ഇതിന് ഏറ്റവും വിലകൂടിയിരിക്കുന്നു.

---

പാഠം 3.


## വാഹനങ്ങൾ (ഒന്നാം ഭാഗം).

മനുഷ്യനു സഞ്ചാരത്തിന് ആദ്യമായി ഉപയോഗപ്പെട്ടതു് അവന്റെ പാദങ്ങൾ തന്നെ ആകുന്നു. ചിലവും ആപത്തും വളരെ ചുരുങ്ങിയതും, പരാപേക്ഷ ഇല്ലാത്തതുമായ വാഹനം ഇതു തന്നെയാണ്. മനുഷ്യസമുദായത്തിന്റെ ശൈശവകാലത്തു് വാഹനങ്ങളുടെ ആവശ്യം നേരിട്ടിരിക്കയില്ല. ഇപ്പോഴും, മലകളിലും കാടുകളിലും പാൎക്കുന്ന കാട്ടുമനുഷ്യർ വാഹനങ്ങൾ കൂടാതെ കഴിച്ചുകൂട്ടുന്നുണ്ടു്. രോഗം പിടിപെട്ടോ, മുറിവേറ്റോ, തനിയേ നടക്കാൻ പാടില്ലാതെ ക്ഷീണിച്ചവരെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തു കൊണ്ടുപോകുന്നതിന് കട്ടണം, തൊട്ടിൽ, മഞ്ചൽ എന്നീ വാഹനങ്ങൾ മനുഷ്യർ ആദ്യമായി സ്വന്ത യുക്തികൊണ്ടു ഉണ്ടാക്കിയിരിക്കാം. ഇവയെ പരിഷ്കരിച്ച് ധനികന്മാർ പ്രഭുക്കന്മാർ രാജാക്കന്മാർ എന്നിവർ സുഖപ്രദവും രാജസവും ആയുള്ള യാത്രകൾക്ക് മേനാവ്, പല്ലക്ക് മുതലായവ ഉപയോഗിച്ചുതുടങ്ങി. ഇങ്ങിനെയുള്ള യാത്രകളിൽ സാമാനങ്ങൾ കൊണ്ടുപോകുന്നതിന് ഓരോ മൃഗങ്ങളെ വാഹനങ്ങളാക്കി ഉപയോഗിപ്പാനാരംഭിച്ചു. അടുത്ത പടിയിൽ ശകടങ്ങളും, അതു പരിഷ്കരിച്ച് രഥങ്ങളും, ഉണ്ടായി.

ഹിന്ദുപുരാണകർത്താക്കന്മാർ ഓരോ ദേവന്മാൎക്ക് ഓരോ ജന്തുക്കളെ വാഹനമായി കല്പിച്ചിട്ടുണ്ടു്. മഹാവിഷ്ണുവിനു ഗരുഡനും, ശ്രീപരമേശ്വരന് വൃഷഭവും, ബ്രഹ്മാവിനു ഹംസവും, സുബ്രഹ്മണ്യനു മയൂരവും, ഗണപതിക്കു മൂഷികനും, ഇന്ദ്രന് വെള്ളാനയും, ധൎമ്മരാജാവിന് മഹിഷവും വാഹനങ്ങളാകുന്നു. ഇപ്പോൾ നാം കാള, കുതിര, കഴുത, എന്നിവയെ വാഹനങ്ങളിൽ കെട്ടിയും തനിയേയും ഉപയോഗിച്ചു വരുന്നു. പൎവ്വതപ്രദേശങ്ങൾ കയറിക്കടക്കുന്നതിന് ദൃഢഖുരങ്ങളോടുകൂടിയ മേഷവൎഗ്ഗത്തിൽ ഒരിനവും, മണൽക്കാടുകളിൽ കൂടിയുള്ള സഞ്ചാരത്തിന് വിശപ്പും ദാഹവും അടക്കാൻ ശേഷിയുള്ള ഒട്ടകങ്ങളും ഉപയോഗിച്ചുവരുന്നു. ജലമാൎഗ്ഗമായുള്ള സഞ്ചാരത്തിന് ചങ്ങാടങ്ങൾ, വഞ്ചികൾ, ബോട്ടുകൾ, പത്തേമാരികൾ എന്നിവ പുരാതനകാലം മുതല്ക്കേ ഉപയോഗിച്ചുവരുന്നുണ്ടല്ലോ. സാധാരണമായി ഇവ കഴുക്കോൽകൊണ്ടു് ഊന്നിയും, തണ്ടുകൾ കെട്ടിവലിച്ചും, മനുഷ്യയത്നംകൊണ്ടാണ് സഞ്ചാരത്തിന് ഉപയോഗിക്കുന്നതു്. കാററു തക്കമുള്ളപ്പോൾ പായ് കെട്ടി വിടാറുമുണ്ടു്.

ഇനി പരിഷ്കാരം വൎദ്ധിച്ച ഇക്കാലത്തു നടപ്പുള്ള ചില വാഹനങ്ങളെപ്പററി അല്പം ചിന്തിക്കാം. കുതിരവണ്ടികൾ പല തരത്തിലും നാം കാണാറുണ്ടു്. ഈ വണ്ടികൾക്കു രണ്ടോ നാലോ ചക്രങ്ങൾ ഉണ്ടായിരിക്കും. ഒന്നും, രണ്ടും, ചിലപ്പോൾ മൂന്നും, (പ്രഭുക്കളും രാജാക്കന്മാരും നാലും ആറും എട്ടും) കുതിരകൾ പൂട്ടിയ സാരട്ടുകൾ ഓടിക്കുന്നു. ഇന്ത്യയിലെ ചില മഹാരാജാക്കന്മാർ വിചിത്രതരങ്ങളായ രഥങ്ങൾ ഉപയോഗിക്കുന്നു. ചില ക്ഷേത്രങ്ങളിലെ മഹോത്സവങ്ങളിൽ നാലും, എട്ടും, പന്ത്രണ്ടും ഉരുളുകൾ ഉള്ള വലുതായ രഥങ്ങൾ ഉപയോഗിക്കാറുണ്ടു്. കേരളത്തിൽ തിരുവിതാംകൂറിന്റെ ദക്ഷിണഭാഗമായ കല്കുളം, ഇരണി-

യൽ, അഗസ്തീശ്വരം, തോവാള ഈ താലൂക്കുകളിലും, ചെങ്കോട്ടത്താലൂക്കിലും ഉള്ള ക്ഷേത്രങ്ങളിൽ മാത്രമേ രഥങ്ങൾ



ശുചീന്ദ്രത്തെ സ്വാമിരഥം.


ഉപയോഗിക്കാറുള്ളൂ. ശുചീന്ദ്രത്തുള്ള മഹാക്ഷേത്രത്തിലെ മഹാദേവരഥം അതിന്റെ വലിപ്പംകൊണ്ടു് പ്രസിദ്ധിയുള്ളതാണ്.

മനുഷ്യരുടെ ബുദ്ധിക്കു യന്ത്രശില്പപ്രവേശം ഉണ്ടായതോടുകൂടി സത്വത്തിന്റെ അല്പമായ വിനിയോഗം മാത്രംകൊണ്ടും, അതിന്റെ അപേക്ഷ കൂടാതെയും ഓടിക്കാവുന്ന വാഹനങ്ങൾ കണ്ടുപിടിച്ചുതുടങ്ങി. എങ്ങോട്ടു തിരിഞ്ഞാലും ഇക്കാലത്തു് അധികമായി രാജപഥങ്ങളിൽ കാണുന്ന വാഹനം മുമ്പും പിമ്പുമായി രണ്ടു ചക്രങ്ങൾ സംഘടിപ്പിച്ചു് പാദപ്രപാതംകൊണ്ടു് ഓടിക്കുന്ന 'ബൈസിക്കിൾ' എന്ന

ലഘുയാനയന്ത്രം ആകുന്നു. വേഗത്തിൽ ഓടുന്നതിനു വേണ്ടി ഇതിൻെറ ചക്രങ്ങളുടെ പട്ടകൾ "റബ്ബർ" എന്ന പശകൊണ്ടു നിൎമ്മിച്ചിരിക്കുന്നു. റബ്ബർപട്ടകൾ മററുള്ള വണ്ടികൾക്കും ഇപ്പോൾ ഉപയോഗിച്ചുവരുന്നുണ്ടു്. സഞ്ചാരസൗകൎയ്യത്തിനു വലുതായ ഒരു മാററമുണ്ടായതു് പുകവണ്ടി കണ്ടുപിടിച്ചതോടുകൂടിയാണു്. ഇതിനെപ്പററിയുള്ള ഒരു വിവരണം മുമ്പിലത്തെ ഒരു പുസ്തകത്തിൽ നിങ്ങൾ വായിച്ചിട്ടുണ്ടായിരിക്കുമല്ലോ. പുക (ആവി) കൊണ്ടു് കപ്പലുകളും ഓടിക്കുന്നുണ്ടു്. പ്രസിദ്ധസേനാനായകനായ നെൽസണും ഭടന്മാരും ഉപയോഗിച്ചിരുന്ന കപ്പലുകൾ മരംകൊണ്ടുണ്ടാക്കിയവയായിരുന്നു. ഇക്കാലത്തെ കപ്പൽകമ്പനിക്കാരും കച്ചവടക്കാരും നാവികസൈന്യങ്ങളും ലോഹനിൎമ്മിതങ്ങളായ കപ്പലുകളാണു് ഉപയോഗിക്കുന്നതു്. ശത്രുസംഹാരം മാത്രം ഉദ്ദേശിച്ചുള്ള കപ്പലുകളും രാജ്യപരിപാലകന്മാർ പരിഷ്കാരചിഹ്നങ്ങളായി പണിയിച്ചു ശേഖരിക്കാറുണ്ടു്.

ക്രിസ്ത്വബ്ദം ൨൦-ാം ശതവൎഷത്തിൻെറ ആരംഭത്തിൽ അത്ഭുതകരമായ ഒരു തരം പുതിയ വാഹനങ്ങൾ ലോകത്തിൻെറ നാനാ ഭാഗങ്ങളിലും കണ്ടുതുടങ്ങി. ശകടാസുരൻ എന്ന ഒരു ദാനവൻ ശ്രീകൃഷ്ണനെ കൊല്ലാൻ മുതിൎന്ന കഥ ഭാഗവതത്തിലെ ഒരു പ്രമേയമാകുന്നു. ആ അസുരൻ തന്നെ മറെറാരു രൂപത്തിൽ ജനിച്ചിരിക്കയാണോ എന്നു് ഇവ കാണുമ്പോൾ തോന്നിപ്പോകും. വലിയ റോഡുകളിൽ കൂടി സഞ്ചരിക്കുമ്പോൾ അവ നമ്മെ മുന്നിട്ടു് അധിക വേഗത്തോടും ഹുങ്കാരത്തോടും കൂടി മിന്നൽ പോലെ പാഞ്ഞു് പോകുന്നതു നമ്മുടെ രാജ്യത്തിലും ചിലേടത്തു കാണാവുന്നതാണു്. അവയുടെ പേർ "മോട്ടാർവണ്ടി" ആണെന്നു് ചെറുപൈതങ്ങൾക്കും അറിയാം. മോട്ടാർ

വണ്ടികൾ പല തരത്തിലുമുണ്ടു്. ചുരുക്കം ആളുകളുടെ സവാരിക്കും, അധികം യാത്രക്കാരുടെ ഗതാഗതത്തിനും



മോട്ടോർവണ്ടി.

ഉപയുക്തമായുള്ള വണ്ടികൾ പ്രത്യേകം പ്രത്യേകം ഉണ്ടായിട്ടുണ്ടെന്നു നമുക്കു് കാണാവുന്നതാണല്ലോ. ഭാരമേറിയ സാധനങ്ങൾ കൊണ്ടുപോകുന്നതിനു് വേറൊരു കൂട്ടം വണ്ടിയും ഉണ്ടു്.

മോട്ടോർവണ്ടികൾ ആവികൊണ്ടും, വിദ്യുച്ഛക്തികൊണ്ടും, 'പെട്രോൾ' എന്നൊരു തൈലംകൊണ്ടുമാണു് ഓടിക്കുന്നതു്. ആവികൊണ്ടോടിക്കുന്ന മോട്ടോർവണ്ടികൾ വിറകു സംഗ്രഹിക്കുന്നതിനുള്ള സ്ഥലംകൂടി ചേർത്തിരിക്കുന്നതുകൊണ്ടും, പുകയുടേയും ആവിയുടേയും ഉപദ്രവം ഉള്ളതുകൊണ്ടും, സഞ്ചാരത്തിനു സുഖമുള്ളവയല്ല. വിദ്യുച്ഛക്തികൊണ്ടു് ഓടിക്കുന്ന വണ്ടികൾ, ആവശ്യമുള്ള ശക്തികൾ സംഭരിക്കുന്നതിൽ ചില വൈഷമ്യങ്ങളുള്ളതിനാൽ, ദൂരയാത്രയ്ക്കു സൗകര്യമുള്ളവയല്ല. എന്നാൽ ഇവ മൃദുവായും, നിശ്ശബ്ദമായും, വഴിയിൽ ദുർഗ്ഗന്ധം പരത്താതേയും ഓടുന്നവയാണു്.

ഭൂരിപക്ഷം മോട്ടോർവണ്ടികളിലും പെട്രോൾ എന്ന തൈലമാണു് ഉപയോഗിക്കുന്നതു. ഈ തൈലത്തിൽ

നിന്ന് ഒരു ആവി സഹജമായി പുറപ്പെട്ടുകൊണ്ടിരിക്കും. അതിന് പ്രസരിപ്പാനുള്ള ശക്തിയുണ്ട്. ഈ ശക്തിയാണ് ഇതിലെ യന്ത്രങ്ങളെ പ്രവൎത്തിപ്പിക്കുന്നത്. പെട്രോൾ സൂക്ഷിക്കുന്നതിന് ഓരോ വണ്ടിയിലും പ്രത്യേകം ഓരോ തൊട്ടിയുണ്ട്. തൈലത്തിൽനിന്നു പുറപ്പെടുന്ന ആവി വായുവിൽ സംഘടിച്ച് ഒരു പ്രത്യേക അറയിൽ കടക്കുന്നു. അവിടെനിന്ന് അതു ക്രമേണ മേൽഭാഗത്തുള്ള ഒരു കുഴലിൽ പ്രവേശിക്കയും, ഉടൻ മറെറാരു യന്ത്രത്തിൻെറ സഹായത്താൽ പുറപ്പെടുന്ന വിദ്യുച്ഛക്തികൊണ്ടു ജ്വലിക്കയും ചെയ്യുന്നു. അപ്പോൾ അവിടത്തെ ബാഷ്പമയമായ വായു വിജൃംഭിച്ച് ഒരു ദണ്ഡത്തെ ചലിപ്പിച്ച് അതിൽ സംഘടിപ്പിച്ചിട്ടുള്ള യന്ത്രാംഗങ്ങളിൽ സംയുക്തമായ ചക്രങ്ങളെ തിരിച്ചു വാഹനങ്ങളെ ഓടിക്കുന്നു. ഈ വിജൃംഭണങ്ങൾ തുടരെത്തുടരെ ഉണ്ടാകുന്നതുകൊണ്ടാണ് മോട്ടാർവണ്ടികളും, "മോട്ടാർസൈക്കിൾ" എന്നവകളും നില്ക്കാതെ ഓടുന്നത്. ഈ വിജൃംഭണങ്ങൾ എത്രത്തോളം വേഗത്തിൽ ഉണ്ടാകാമോ, അത്രത്തോളം വേഗത്തിൽ വാഹനങ്ങൾ ഓടിക്കാം. പെട്രോൾ എന്ന തൈലം അഗ്നിസാമീപ്യമുണ്ടായാൽ ക്ഷണത്തിൽ കത്തുന്ന ഒരു സാധനമാകുന്നു. അതുകൊണ്ട് ആ തൈലത്തിന് അഗ്നിസംയോഗം വരാതെ സൂക്ഷിക്കേണ്ടതു് അത്യാവശ്യമാകുന്നു.

ഈ യന്ത്രത്തിലേ ഓരോ ഭാഗങ്ങളും ദ്രുതതരമായി ചലിക്കുന്നതുകൊണ്ട് അവയ്ക്കു ക്ഷണത്തിൽ ചൂടുപിടിക്കുന്നു. ചൂടു വൎദ്ധിക്കുമ്പോൾ അഗ്നിസ്ഫുരണവും, അഗ്നിജ്വാലകളുടെ പ്രസരവും ഉണ്ടാകും. ഈ ആപത്തു നേരിടാതിരിപ്പാനായി മേൽപ്പറഞ്ഞ യന്ത്രഭാഗങ്ങളെ സദാ തണുപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതിലേയ്ക്കു വെള്ളം നിറച്ച ഒരു തൊട്ടിയും, ചൂടു പിടിക്കുന്ന ഭാഗങ്ങളിൽ ക്രമമായി

വെള്ളം ചെല്ലുന്നതിനു വേണ്ട സാമഗ്രികളും യന്ത്രത്തോടു സംഘടിപ്പിച്ചിരിക്കുന്നു.

മോട്ടാർവണ്ടികളുടെ അംഗങ്ങൾ എല്ലാം ബലമുള്ള-വയും, സൂക്ഷ്മമായി യോജിപ്പിച്ചവയും ആയിരിക്കണം. ചക്രങ്ങളുടെ പട്ടകൾ കൽത്തടങ്ങളായ റോഡുകളിൽകൂടി ഉപയോഗിക്കത്തക്കവണ്ണം കട്ടിയും ഉറപ്പും ഉള്ളതായി ഉണ്ടാക്കുന്നു. അതിവേഗമുള്ള ഈ വാഹനങ്ങൾ രാത്രി-കാലങ്ങളിൽ ഓടിക്കുമ്പോൾ വഴികാണുന്നതിനായി മുൻ-ഭാഗത്തു തെളിഞ്ഞു പ്രകാശിക്കുന്ന വിളക്കുകളും, വണ്ടി വരുന്ന വിവരം മററുള്ള യാത്രക്കാരെ ധരിപ്പിക്കുന്നതിനായി ഉച്ചത്തിൽ ശബ്ദം പുറപ്പെടുവിക്കുന്ന മണികൾ, കുഴലു-കൾ അല്ലെങ്കിൽ കൊമ്പുകൾ മുതലായവയിൽ ഒന്നും ഇത്തരം വണ്ടികളിൽ ഉണ്ടായിരിക്കുന്നതാണ്.

---


പാഠം ൯.

## വാഹനങ്ങൾ (രണ്ടാം ഭാഗം).

തറയിൽ കൂടിയും വെള്ളത്തിൻെറ മീതെ കൂടിയും അല്ലാ-തെ സഞ്ചരിക്കുന്ന ചില വാഹനങ്ങളും ഉണ്ടു. ഹിന്ദുപു-രാണങ്ങളിൽ ദേവേന്ദ്രൻെറ 'ഉച്ചൈശ്രവസ്സ്' എന്ന കുതിര, 'ഐരാവതം' എന്ന ആന, വൈശ്രവണൻെറ 'പുഷ്പകം' എന്ന വിമാനം മുതലായവ ആകാശവീഥിയിൽ കൂടി ഗമ-നം ചെയ്തിരുന്നു എന്നു വർണ്ണിച്ചു കേട്ടിട്ടുണ്ടല്ലോ. ദേവകളും മററും വ്യോമയാനങ്ങളിൽ ഭൂമിയിലേയ്ക്കു ഇറങ്ങുകയും മുക-ളിലേയ്ക്കു വീണ്ടും ഉയരുകയും ചെയ്തു എന്നുള്ള കഥകൾ നാം കേട്ടു രസിക്കുകയും ചിലപ്പോൾ വിശ്വസിക്കുകയും ചെയ്തിട്ടുണ്ടു്. ഇതൊക്കെ വാസ്തവമോ അല്ലയോ എന്നു പര്യാലോചിക്കേണ്ട ആവശ്യം ഇപ്പോൾ നമുക്കില്ല. എ-

ന്നാൽ പക്ഷികൾ പറന്ന് ഉയരത്തിൽ എത്തി ഏതു വഴിയ്ക്കും സഞ്ചരിക്കുന്നതുപോലെ മനുഷ്യനും സാധിക്കാം എന്നു തോന്നുകയാൽ, പ്രകൃതിശാസ്ത്രജ്ഞന്മാർ പല പരീക്ഷകളും ചെയ്തു വായുമണ്ഡലത്തിൽ സഞ്ചരിക്കുന്നതിനു ചില മാർഗ്ഗങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്.

ഇപ്രകാരമുള്ള പരിശോധനയിൽ ആദ്യമായി കണ്ടറിഞ്ഞതു് "ബല്ലൂൺ" എന്നുള്ള വിമാനമാണ്. ഈ പടം അതിൻെറ രൂപത്തെ കാണിക്കുന്നു. ഈ ആകാശവിമാനം വിനോദാർത്ഥം കടലാസുകൊണ്ടും ഉണ്ടാക്കാവുന്നതാണ്.



ബല്ലൂൺ.

എന്നാൽ മനുഷ്യർക്ക കയറി സഞ്ചരിക്കുന്നതിന്, ഇതു വലുതും ബലമുള്ളതും ആയിരിക്കേണ്ടതാകുന്നു. മദ്ധ്യഭാഗം വീതി-കൂട്ടിയും രണ്ടററവും കൂർത്തും ഉള്ള തുണ്ടുകളായി തുണിയോ പട്ടോ അല്ലെങ്കിൽ അതുപോലെ ഘനം കുറഞ്ഞ വല്ല സാധനവുമോ വെട്ടി, ഒരു വസ്ത്രോൽത്തററ് അകത്ത് അടക്കം ചെയ്യാവുന്ന വലിപ്പത്തിൽ തുന്നിച്ചേർത്ത ഒരു സഞ്ചിയുണ്ടാക്കുകയാകുന്നു ഈ വിമാനനിർമ്മിതിയിൽ ഒന്നാമതായി ചെയ്യേണ്ടതു്. ഇങ്ങിനെ തുന്നിയുണ്ടാക്കുന്ന സഞ്ചിയുടെ പുറത്തു്, അതിനുള്ളിൽ ശേഖരിക്കുന്ന ആവി പുറമേ ചോന്നു പൊയ്പ്പോകാതെ ഇരിപ്പാൻവേണ്ടി റബ്ബർപ്പശ മിനുസമായി തേച്ചു് ദ്വാരങ്ങളും വിടവുകളും ഉണ്ടാകാതെ സൂക്ഷിച്ചു ഉണക്കുന്നു.

ഓരോ ബല്ലൂണിന്റേയും മുകൾഭാഗത്തു് അകത്തോട്ടു തുറക്കുന്ന വാതിലോടു കൂടിയ ഒരു നാളം കാണും. ആ വാതിൽ, ഒരു ലോഹവില്ലിൽ യോജിപ്പിച്ചിട്ടുള്ള തകിടുകൊണ്ടു് ബന്ധിച്ചിരിക്കും. ആ തകിടിൽനിന്നു് ഒരു ചരടു് സഞ്ചിയുടെ അധോഭാഗത്തുള്ള ദ്വാരത്തിൽ കൂടി ബല്ലൂൺതൊട്ടി വരെ എത്തിച്ചിരിക്കും. ആവശ്യമുള്ളപ്പോൾ ആ ചരടു വലിച്ചു് വാതിൽ തുറക്കുകയും, മുകളിലുള്ള സുഷിരം വഴിയായി അകത്തുള്ള വായുവിനേയോ ആവിയേയോ ആവശ്യംപോലെ പുറത്തു വിടുകയും ചെയ്യാം. ബല്ലൂൺസഞ്ചിയെ പൊതിഞ്ഞു് കയറുകൊണ്ടുള്ള ഒരു വല ഇട്ടിരിക്കും. ആ കയററുവല ബല്ലൂൺവായ്ക്കു് കീഴ്പോട്ടു, കുറച്ചു താഴെവരെ എത്തത്തക്കവണ്ണം നീളം ഉള്ളതായിരിക്കും. ഈ വലയുടെ താഴത്തെ അററം ബലമുള്ള ഒരു ലോഹവലയത്തിലാണു് കെട്ടി ഉറപ്പിക്കുന്നതു്. ആകാശസഞ്ചാരികൾക്കു് ഇരിക്കാനും സാമാനങ്ങൾ വച്ചു സൂക്ഷിക്കാനും കൂടി ഒരു തൊട്ടിയും ഈ വലയത്തിൽ തൂക്കിയിരിക്കുന്നു. ഈ തൊട്ടിയിൽ എന്തെ-

ങ്കിലും ഭാരങ്ങളും കയററിയിരിക്കേണ്ടതാണ്; എന്നാൽ ബല്ലൂൺ വളരെ ഉയരത്തിൽ സഞ്ചരിക്കേണ്ട ആവശ്യം നേരിടുമ്പോൾ യാത്രക്കാർ ആ ഭാരങ്ങളെ എടുത്തു പുറത്തു കളയുന്നു. ഇരുമ്പുകൊണ്ടുള്ള വലുതായ ഒരു കൊളുത്തു കൂടി തൊട്ടിയിൽ തൂക്കിയിരിക്കും. ഇതു്, ബല്ലൂണിനെ വല്ല സ്ഥലത്തും ഇറക്കുന്നതിനു നങ്കൂരമായും ഉറപ്പിക്കുന്നതിനു കുററിയായും ഉപയോഗിക്കുന്നു. ബല്ലൂൺയാത്രക്കാർ ദിക്കും ലക്കും അറിയുന്നതിനു വേണ്ടി ഒരു ഭൂപടവും വടക്കുനോക്കി യന്ത്രവും കൂടി യാത്രസാമാനങ്ങളുടെ ശേഖരത്തിൽ എപ്പോഴും കരുതിയിരിക്കും.

ബല്ലൂൺസഞ്ചിയെ ഒരു സ്ഥലത്തു കെട്ടി ഉറപ്പിച്ചുകൊണ്ടു്, ചൂടുപിടിച്ച വായുവോ കല്ക്കരിയിൽനിന്നുള്ള ആവിയോ ഉള്ളിൽ നിറയ്ക്കുന്നു. ഇതുകൊണ്ടു സഞ്ചി വലിഞ്ഞു വീൎക്കുമ്പോൾ യാത്രക്കാർ തൊട്ടിയ്ക്കകത്തു കയറിയിരിപ്പാകും. പരിചാരകന്മാർ സഞ്ചിയുടെ ബന്ധങ്ങളെ മോചിക്കുമ്പോൾ വിമാനം മേൽപ്പോട്ടുയരുന്നു.


വായുവിനെക്കാൾ ഘനം കുറഞ്ഞ ഒരു സാധനം വായു-മണ്ഡലത്തിൽ അകപ്പെടുമ്പോൾ അതു് പ്രകൃത്യാ ഉയൎന്നു സഞ്ചരിക്കുന്നു. ഇങ്ങനെയുള്ള പ്രകൃതിനിയമംകൊണ്ടാണ് ബല്ലൂൺ ഉയരുന്നതു്. ചൂടുവായുവിനും കല്ക്കരിയിൽ നിന്നുണ്ടാകുന്ന ആവിക്കും, ഭൂമിയോടടുത്ത ആകാശവായു-വിനേക്കാൾ ഘനം കുറവാണ്. ബല്ലൂണും അതിനകത്തു് അടയുന്ന വായുവും തൊട്ടിയിൽ കയറുന്ന ആളുകളും കൂടിച്ചേൎന്നുള്ള ഘനം, ഭാരം കയറി വീൎത്ത ബല്ലൂൺ സഞ്ചി ആകാശമാൎഗ്ഗത്തിൽനിന്നു തള്ളിനീക്കുന്ന വായു-വിന്റെ ഘനത്തേക്കാൾ കുറയുന്നതുകൊണ്ടാണ് ഇവ ഉയരുന്നതു്. ബല്ലൂൺ കാററിന്റെ ഗതിയനുസരിച്ചു് ആകാശത്തിൽ ഗതാഗതം ചെയ്യുന്നു.

ബല്ലൂണിൽ നിറയ്ക്കുന്ന ആവിയോ വായുവോ, തണു-ക്കുകയോ ഒഴിഞ്ഞുപോകുകയോ ചെയ്യുന്നതുവരെ അതു് ആകാശത്തിൽ സഞ്ചരിയ്ക്കുയല്ലാതെ കീഴ്പ്പെട്ടു ഭൂമിയിലേയ്ക്കു പോരുന്നതല്ല. സഞ്ചിയിൽ സംഗ്രഹിച്ചിട്ടുള്ള വായുവോ ആവിയോ, മുമ്പിൽ പറഞ്ഞ നാളം തുറന്നോ, ചിലപ്പോൾ സഞ്ചിയുടെ ബലക്കുറവും കാററിൻെറ ഊററവുംകൊണ്ടു് പൊട്ടിയോ, വാൎന്നുപോകുമ്പോൾ ബല്ലൂൺ കീഴ്പ്പോട്ടേക്കു പതിയ്ക്കുന്നു. ബല്ലൂൺസഞ്ചാരികൾക്കു് യഥേഷ്ടം ഭൂമി-യിൽ ഇറങ്ങുന്നതിനു സഹായിക്കാനായി പട്ടുകൊണ്ടു ണ്ടാക്കി ശീലക്കുടപോലെ മടക്കുകയും നിവിൎത്തുകയും ചെയ്യാവുന്ന "പാറച്ച്യൂട്ട്" എന്നൊരു യന്ത്രവിശേഷം കൂടി അതിൽ സംഘടിപ്പിച്ചിട്ടുണ്ടു്.

ബല്ലൂൺ കയറി കാററിൻെറ ഗതിയ്ക്കു് എതിരായി സഞ്ചരിക്കാൻ പാടില്ലാത്തതിനാൽ, ശാസ്ത്രജ്ഞന്മാർ വായു-വിനെ തങ്ങൾക്കു അനുകൂലമാക്കി ഇഷ്ടംപോലെ സഞ്ചരിക്കത്തക്ക വിമാനങ്ങൾ നിൎമ്മിക്കുന്നതിനു യത്നിച്ചു. ഈ യത്നം ഇപ്പോൾ സഫലമായി. ഇതു തന്നെയാകുന്നു, ഇ-പ്പോൾ നടപ്പിൽ വന്നിരിക്കുന്നതും ഈ ചിത്രത്തിൽ കാണു-ന്നതുമായ "ഈറോപ്ലേൻ" എന്നുള്ള വാഹനം. ഈ ഛായ-യിൽനിന്നു്, യന്ത്രകാരന്മാർ ഈ വിമാന നിൎമ്മിതിയിൽ പക്ഷിയുടെ സൃഷ്ടിയിലുള്ള യുക്തിയെ അനുകരിച്ചിരിക്കുന്നതായി കാണാം. ഇതിൻെറ പ്രവൎത്തനത്തെ പരീക്ഷിക്കുന്നതിൽ ബഹു ജീവനാശങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ വാഹ-നങ്ങൾ യൂറോപ്പിൽ ധാരാളമായി സൈനികാവശ്യങ്ങൾക്കു് ഉപയോഗിച്ചുവരുന്നു. പുകവണ്ടിയുടെ ബാല്യദശയിൽ വലുതായ ഓരോ അപകടങ്ങൾ നേരിട്ടിരുന്നു; എങ്കിലും കാലാന്തരത്തിൽ അതിനെ ജനങ്ങൾ ഏററവും സൗകൎയ്യ-പ്രദമായ ഒരു വാഹനമായി അംഗീകരിച്ചിരിക്കുന്നു. ഈ-

റോപ്ലേൻ എന്ന പുത്തൻ ആകാശവിമാനവും യന്ത്രവിദഗ്ദ്ധന്മാരുടെ പരിഷ്കാരപ്രചുരവും സർവ്വതോമുഖവുമായ അശ്രാന്തപരിശ്രമത്താൽ ജനസാമാന്യത്തിന്ന് ഉപയോഗയോഗ്യമായി തീരുമെന്നു വിശ്വസിക്കാം.

ഈയിടെ കണ്ടുപിടിച്ചിട്ടുള്ള ഇനി ഒരുവക വിശേഷവാഹനമുള്ളത് സമുദ്രത്തിന്റെ അടിയിൽ കൂടി സഞ്ചരിക്കുന്ന ഒരു മാതിരി വഞ്ചികളാകുന്നു. ഈ വഞ്ചി ഉണ്ടാക്കിയിരിക്കുന്നതു മത്സ്യാകൃതിയിലാകുന്നു. ഈ വാഹനം ആദ്യമായി ഉപയോഗിച്ചത് അമേരിക്കയിലെ ഐക്യനാട്ടിൽ പ്രജകൾ ഭിന്നിച്ചുണ്ടായ ഒരു യുദ്ധസമയത്തിൽ ആയിരുന്നു. അതിന്റെ ശേഷം ഈ വഞ്ചികളെ നയിക്കുന്നതിനുള്ള യന്ത്രങ്ങളെ വളരെ പരിഷ്കരിച്ചിട്ടുണ്ടു. ഈ വാഹനങ്ങളിൽ സഞ്ചരിക്കുന്ന ആളുകൾക്ക് വെള്ളത്തിനടിയിൽ ഇരിക്കുന്ന കാലത്ത് ശ്വസിക്കുവാൻ വേണ്ട വായുവിനെ യന്ത്രകൗശലംകൊണ്ടു ഘനീകരിച്ച് അതിനകത്തു സംഗ്രഹിച്ചിരിക്കും. ഈ വഞ്ചികളെ നടത്തുന്നതിനുള്ള യന്ത്രം സാമാന്യേന മോട്ടാർവണ്ടിയന്ത്രങ്ങളുടെ മാതൃകയെ ആശ്രയിച്ചിരിക്കും. ഇതു ചലിക്കത്തക്കവണ്ണം യന്ത്രഭാഗങ്ങളിൽ ശക്തിയെ ഉല്പാദിപ്പിക്കുന്നതു പെട്രോൾ എന്ന തൈലവും ചിലതിൽ വിദ്യുച്ഛക്തിയും ആണ്. ഈ വഞ്ചികൾ വായുവിനേക്കാൾ ഘനം കൂടിയ ജലത്തിൽ പോകേണ്ടവയാകയാൽ, ഇതുകളിലെ യന്ത്രങ്ങൾക്ക് മോട്ടാർവണ്ടികളിലുള്ളവയേക്കാൾ കൂടുതലായ ശക്തിയും ഉറപ്പും ഉണ്ടായിരിക്കും. ഇവയുടെ ബഹിർഭാഗം ഉറപ്പുള്ള ലോഹത്തകിടുകൊണ്ടാകുന്നു ഉണ്ടാക്കുന്നത്. ഈ വഞ്ചിയുടെ മേൽഭാഗത്തു കൂടി ഉള്ളിലോട്ടു കടക്കുന്നതിന്ന് ഒരു ദ്വാരം ഉണ്ടു്. ആളുകൾ അകത്തു കടന്നതിന്റെ ശേഷം ഈ ദ്വാരം ശംഖുപിരിയുള്ള ഒരു വാതിൽകൊണ്ടു് അടയ്ക്കുന്നു. ഈ വാതി-



അന്തൎവാഹിനിക്കപ്പൽ.

ലിനു സമീപിച്ചു് കുറച്ചു പൊങ്ങിനിൽക്കുന്ന ഒരു കുഴൽ ഉണ്ടു്. ഈ കുഴലിന്റെ അഗ്രം വെള്ളത്തിനു മീതെ അല്പം

ചൊങ്ങിയിരിക്കും. അതുവഴി സമുദ്രവും കപ്പലുകളും അകത്തു പ്രതിബിംബിക്കത്തക്കവണ്ണം ഉള്ള ചില സാമഗ്രികൾ വഞ്ചിയ്ക്കകത്തു സംഘടിപ്പിച്ചിരിക്കും.

"സബ്മറൈൻ" എന്നു പേരായ ഈ വഞ്ചികൾ നാവികയുദ്ധത്തിലാണ് ഉപയോഗപ്പെടുന്നത്. മുൻപറഞ്ഞ കുഴൽമാൎഗ്ഗമായി, സമുദ്രത്തിന്റെ മുകളിൽ കൂടി പോകുന്ന കപ്പലുകളെ കണ്ടു് ശത്രുമിത്രങ്ങളെ തിരിച്ചറിഞ്ഞു്, ശത്രുപക്ഷത്തിലുള്ള കപ്പലുകളെ അവയുടെ നേതാക്കന്മാർ അറിയാതെ തന്നെ ധ്വംസിക്കുകയാണ് പതിവു്.

---

പാഠം ൯.

## രാമായണകഥ (ഒന്നാം ഭാഗം).

രാമായണം കഥ കേട്ടുകൊൾക ഭവാ-
നാമോദമോടെ ചുരുക്കിപ്പറഞ്ഞിടാം:—
ആമോദമാൎന്നിതു കേട്ടുകൊണ്ടീടുക
ക്ഷേമോദയം രാമഭദ്രലീലാമൃതം.
മാൎത്താണ്ഡവംശേ ദശരഥൻ തന്നുടെ
പുത്രനായ് വന്നു പിറന്നു നാരായണൻ.
ഉത്തര കോസലത്തിങ്കലയോദ്ധ്യയെ-
ന്നുത്തമ ശ്രീരാജധാനിയിൽ മേവുന്ന
കൗസല്യ തന്നുടെ പുത്രൻ രഘൂത്തമൻ,
കൈകേയി തന്നുടെ പുത്രൻ ഭരതനും,
തത്ര പിന്നെസ്സുമിത്രാത്മജൻ ലക്ഷ്മണൻ,
ശത്രുഘ്നനും നാൽവരിങ്ങനെ ജാതരായ്.
അത്രാന്തരേ വിരവോടു വിശ്വാമിത്ര-
സത്രം മുടക്കുന്ന ദുഷ്ടരെക്കൊല്ലുവാൻ

വില്ലും ശരവുമെടുത്തു പുറപ്പെട്ടു
തെല്ലും മടിയാതെ താൻമനുജനും.

കാടകം പുക്കോരു നേരത്തു വന്നോരു
താടകയെക്കൊല ചെയ്തു രഘൂത്തമൻ.

സിദ്ധാശ്രമം പുക്കു നില്ക്കും വിധൌ തത്ര
ബാധാവലേപം മഖം മുടക്കീടുവാൻ;
വന്ന സുബാഹുപ്രമുഖവൃന്ദങ്ങളെ-
ക്കൊന്നുടൻ യാഗവും രക്ഷിച്ചു രാഘവൻ.

ചെന്നങ്ങഹല്യയ്ക്കു മോക്ഷം കൊടുത്തുടൻ
പിന്നെജ്ജനകന്റെ മന്ദിരം പ്രാപിച്ചു.

ത്രൈയംബകം പള്ളിവില്ലങ്ങു തന്നുടെ
കയ്യിലെടുത്തു കുലച്ചു മുറിച്ചുടൻ,
സീതാവിവാഹവും ചെയ്തു മുദാ തന്റെ
സോദരന്മാരും വിവാഹം കഴിച്ചിതു.

മാർഗ്ഗത്തെ വന്നു കടുത്തു തടുത്തോരു
ഭാർഗ്ഗവരാമനെ ക്ഷിപ്രം ജയിച്ചുടൻ


സാകേതമന്ദിരം പുക്കുടൻ സീതയാ
സാകം വസിച്ചു സുഖിച്ചു രഘൂത്തമൻ.

ഭവ്യനായുള്ള ദശരഥപുത്രനു
യൌവനരാജ്യാഭിഷേകവും ഭാവിച്ചു;
ദൈവബലേന മുടക്കിനാൾ കൈകേയി:
കൈവല്യശീലൻ പുറപ്പെട്ടു കാനനേ,—
പ്രാപിച്ചു സൌമിത്രി സീതാസമേതനായ്,
ഭൂപാലനന്ദനൻ ഭൂപൻ മഹാരഥൻ.

## വനവാസം.

ധരിച്ചു വല്ക്കലം പിന്നെ — പിരിച്ചു ചെഞ്ചിടാഭാരം
തിരിച്ചു മൂവരും ഗംഗാ തരിച്ചു; ചിത്രകൂടത്തിൽ
വസിച്ചു; കാന്തികൾകൊണ്ടുല്ലസിച്ചു, മൂവരുമപ്പോൾ.
ഗ്രഹിച്ചു 'ദേവലോകത്തേഗ്ഗമിച്ചു താത'നെന്നിത്ഥം
വചിച്ചു; തൽപാദാംഭോജേ പതിച്ചോരു ഭരതനെ
തനിച്ചു പാദുകം നൽകിയയച്ചിട്ടത്രിയേച്ചെന്നു
നമിച്ചു, ദണ്ഡകാരണ്യേ വസിച്ചു, രാഘവൻ ത്ര
മദിച്ചോരു വിരാധനെ വധിച്ചു, മാമുനിമാരെ
സ്തുതിച്ചു, തീൎത്ഥവുമാടി നടന്നു ഘോരകാന്താരെ.
കടന്നുചെന്നഗസ്ത്യന്റെ ഗൃഹത്തിലങ്ങകം പുക്കു,
ഉടനെ വന്ദനം ചെയ്തു, പരിചോടേ മുദാ ഗോദാ-
വരീതീരെ വസിക്കുമ്പോൾ, വരിപ്പാനാഗ്രഹത്തോടേ
വരുന്ന ശൂൎപ്പണഖേടെ മുലയും മൂക്കുമൂക്കോടേ
കരവാൾകൊണ്ടുടനാശു ദലനംചെയ്തു സൗമിത്രി.
കരഞ്ഞു ശൂൎപ്പണഖ പോയ് ഖരൻ തന്നോടറിയിച്ചു.
ഖരനും ദൂഷണൻ താനും കരുത്തുള്ള ത്രിശിരാവും
പരന്ന വൻപടയുമായ് വരുന്ന നേരമേ രാമൻ,
കടുത്ത സായകം ചാലേ തൊടുത്തു രാഘവൻ വേഗാൽ
അടുത്ത രാക്ഷസന്മാരെ കൊടുത്തു, കാലന്നുക്കാക്കി.
അതു കേട്ടു ദശഗ്രീവനതിലേററം കയൎത്താശു
ചതിപ്പാനായ് പുറപ്പെട്ടു മുനിവേഷമവൻ പൂണ്ടു.

അമ്മാമനാകുന്ന മാരീചനേച്ചെന്നു
പൊന്മാൻ വടിവാക്കിവിട്ടു ദശാനനൻ,
സമ്മോഹമുണ്ടാക്കി രാമന്റെ പത്നിക്കു-
മമ്മായ കൊണ്ടാശു രോറാക്കി രോഗേന



മട്ടോൽമിഴിയായ സീതയെ തൽക്ഷണം
കട്ടു രഥത്തിൽ കരേറിഗ്ഗമിക്കുന്ന
ദുഷ്ടനേച്ചെന്നു തടുത്ത ജടായുവേ
വെട്ടി വധിച്ചുകളഞ്ഞു ദശാനനൻ
ചുട്ടററ ലങ്കാപുരത്തെ പ്രവേശിച്ചു;
കഷ്ടമദ്ദേവിയെത്തത്ര വെച്ചീടിനാൻ.

മാരീചമാനിനെക്കൊന്നോരു രാഘവൻ
തൽപ്രാണദേവിയെക്കാണാഞ്ഞു ഖിന്നനായ്;

തമ്പിയോടൊന്നിച്ചു തേടി നടകൊണ്ടു
വമ്പിച്ചു കാനനേ ചെന്നു ചരിക്കുവേ,

വമ്പനാം ഗൃദ്ധ്രനെസ്സംസ്കരിച്ചീടിനാൻ
കമ്പംവെടിഞ്ഞു കബന്ധനേയും കൊന്നാൻ.

സമ്പന്നമോദം ശബരിക്കു മോക്ഷവും
സംഭാവനം ചെയ്തു താനുമനുജനും.
പമ്പ കടന്നു നടന്നു വരും വിധൌ;

വ്യഗ്രത കൂടാതെ ഞാൻ* ചെന്നു വന്ദിച്ചു-
നുഗ്രഹം വാങ്ങി, മഹാഗിരിതന്നുടെ
അഗ്രേ വളരെ ഭയപ്പെട്ടിരിക്കുന്ന
സുഗ്രീവനോടൊത്തു സഖ്യവും ചെയ്യിച്ചു.

ഉഗ്രങ്ങളായുള്ള സാലങ്ങളും മുറി-
ച്ചുഗ്രനാം ബാലിയെ ബാണേന രാഘവൻ
നിഗ്രഹിച്ചമ്പോടു രാജ്യപ്രഭുത്വവും
സുഗ്രീവനാക്കിക്കൊടുത്തു വാഴിച്ചിതു.

ദിക്കുകൾ നാലിലും ജാനകീദേവിയേ
ചിക്കെന്നു തേടുവാനായി പുറപ്പെട്ടു

---

* വക്താവായ ഹനുമാൻ.

മൎക്കടന്മാരുടെ കൂട്ടമങ്ങായതിൽ
തെക്കോട്ടു തേടുവാൻ ഞാനും പുറപ്പെട്ടു.
അക്കടൽ ചാടിക്കടന്നു തെരിക്കെന്ന-
രക്കന്റെ ലങ്കാപുരത്തെയും പ്രാപിച്ചു;
മൈക്കണ്ണിമാർ മിഴിയാളെയും കണ്ടു ഞാൻ
തൃക്കാഴ്ച വെച്ചിതു രാമാംഗുലീയകം.
ചൊൽക്കൊണ്ട രാമദേവന്റെ കൃപകൊണ്ടി-
തൊക്കെയും സാധിച്ചു ഞാനും വൃകോദര.

---

പാഠം ൨.

## നാട്ടമറന്നാലും മൂട്ട മറക്കരുതു.

പാണ്ഡവന്മാരിൽ ജ്യേഷ്ഠനായ ധൎമ്മപുത്രമഹാരാജാവിനെക്കുറിച്ചു് നിങ്ങൾ കേട്ടിരിക്കുമല്ലൊ. അദ്ദേഹത്തിന്റെ രണ്ടാം അവതാരം എന്ന പോലെ കലിംഗരാജ്യത്തു് ചന്ദ്രസേനൻ എന്നൊരു മഹാരാജാവുണ്ടായി. അദ്ദേഹം ഒരിക്കൽ പരിവാരസമേതം നായാട്ടിനു പുറപ്പെട്ടു. ഭയങ്കരമായ കാട്ടിനകത്തു കടന്നു് ഒട്ടു ദൂരം ചെന്നപ്പോൾ ഒരു വ്യാഘ്രത്തെ കണ്ടു് അതിന്റെ നേരെ വാൾ ഊരിക്കൊണ്ടു് പാഞ്ഞടുത്തു. അത്ര ധീരതയോടുകൂടി അടുക്കുന്ന പുരുഷൻ സാമാന്യനല്ലെന്നു വിചാരിച്ചു് കടുവാ ഓടിത്തുടങ്ങി. മഹാരാജാവിനു് ഉത്സാഹം വൎദ്ധിക്കുകയാൽ അദ്ദേഹം അതിനെ തുടൎന്നു് വനാന്തരത്തിൽ വഴിയറിഞ്ഞുകൂടാത്ത ഒരു ദിക്കിൽ എത്തി. വ്യാഘ്രം, പ്രാണഭീതികൊണ്ടു് പക്ഷിവേഗത്തിൽ ഓടി വള്ളിക്കെട്ടുകളുടെ ഇടയിൽ മറഞ്ഞു. മഹാരാജാവു ഭഗ്നാശനായി ക്ഷീണിച്ചും, വിശന്നും സഞ്ചരിക്കുന്നതിനിടയിൽ, ഒരു ഭാഗത്തു് കണ്ണിന്നാനന്ദകരമായ ഓട-

കുഴൽനാദം കേട്ടു. മധുരമായ ആ ശബ്ദം പുറപ്പെടുന്ന ദിക്കു നോക്കി മഹാരാജാവു് കുതിരയെ വിട്ടു. അല്പദൂരം ചെന്നപ്പോൾ, കൃഷിയിറക്കിയിരിക്കുന്ന ഒരു തോട്ടത്തിൽ വിളവു കാത്തു സൂക്ഷിച്ചുകൊണ്ടിരുന്ന ഒരു ബാലനെ കണ്ടു. ഓടക്കുഴൽ ഊതിയതു് ആ ബാലൻ ആയിരുന്നു. ബാലന്റെ പ്രായവും അവന്റെ സംഗീതായുധവും വനത്തിന്റെ രമ്യതയും ഒന്നുചേൎന്നു കണ്ടപ്പോൾ മഹാരാജാവു ശ്രീകൃഷ്ണഭഗവാന്റെ വൃന്ദാവനക്രീഡയെ സ്മരിച്ചു. കീറിയതും മുഷിഞ്ഞതുമായ ഒററവസ്ത്രം ധരിച്ചുനില്ക്കുന്ന ആ ബാലന്റെ ശരീരശോഭയും പ്രൗഢഭാവവും കണ്ടു് അദ്ദേഹത്തിനു് ആ ബാലന്റെ നേരെ വാത്സല്യം ജനിച്ചു. മഹാരാജാവു് അവന്റെ അച്ഛനെ വരുത്തി അനുവാദം വാങ്ങി ആ ബാലനെ തന്റെ രാജധാനിയിലേക്കു കൊണ്ടുപോയി.

ആൎയ്യമിത്രൻ എന്നു പേരായ ആ ബാലന്റെ വിദ്യാഭ്യാസത്തിനായി മഹാരാജാവു്, രാജകുമാരന്മാൎക്കു വിഹിതമായ ഏൎപ്പാടുകൾ ചെയ്തു. ബാലന്റെ ബുദ്ധിയും ശുഷ്കാന്തിയും, മഹാരാജാവിന്റെ വാത്സല്യപൂൎവ്വമായ ഈ ഏൎപ്പാടുകളോടു യോജിക്കയാൽ അവൻ അനായാസേന ശാസ്ത്രവിഷയങ്ങളിൽ വിദ്വാനും, രാജ്യഭരണതന്ത്രത്തിൽ വിദഗ്ദ്ധനുമായിത്തീൎന്നു. അനന്തരം മഹാരാജാവു് അവനെ മുറയ്ക്കു ഓരോ ഉദ്യോഗങ്ങളിലും നിയമിച്ചു. അവന്റെ സാമൎത്ഥ്യത്തേയും വിശ്വസ്തതയേയും പരീക്ഷിച്ചതിൽ, അവൻ ഉത്തമനും കാൎയ്യപ്രാപ്തനുമായ ഒരു ഭൃത്യനാണെന്നു ബോധപ്പെട്ടു. ഒടുവിൽ അദ്ദേഹം ആൎയ്യമിത്രനെ അരമനയിൽ സൎവ്വാധികാരിയായി നിയമിച്ചു.

മഹാരാജാവിന്റെ പ്രീതി അവനിൽ വൎദ്ധിച്ചതോടുകൂടി അവനു ശത്രുക്കളും ധാരാളമുണ്ടായിത്തുടങ്ങി. അവൎക്കു

അസൂയമൂഴുത്തു് ഉറക്കമില്ലാതായി. അവൻെറ നേക്കു ജനിച്ചിട്ടുള്ള രാജപ്രീതിയെ നശിപ്പിക്കാൻ അവർ പ്രയോഗിച്ച തന്ത്രങ്ങൾ നിമിത്തം അവൻ സൈ്വരമില്ലാത്തവനായി തീൎന്നു. കുടിലന്മാരായ ആ ശത്രുക്കൾ പലേ ഏഷണികളും മഹാരാജാവിനെ ധരിപ്പിച്ചു. എന്നാൽ, ഉത്തമഗുണവാനായ മഹാരാജാവിൻെറ മനഃസ്ഥിരത അവിച്ഛിന്നമായിത്തന്നെ നിന്നു.

ഈ മട്ടിൽ കുറെക്കാലം കഴിഞ്ഞപ്പോൾ ആൎയ്യമിത്രൻെറ ഭാഗ്യചക്രം ഒന്നു തിരിഞ്ഞു. ചന്ദ്രസേനമഹാരാജാവു് ചരമഗതി പ്രാപിച്ചു. അനന്തരം സിംഹാസനാരോഹണം ചെയ്ത മധുസേനമഹാരാജാവു് മുഖസ്തുതിക്കാൎക്കം ഏഷണിക്കാൎക്കം വശംവദനായിരുന്നു. എങ്കിലും തൻെറ പൂൎവ്വഗാമിയെ ആദരിച്ചു്, ആൎയ്യമിത്രനിൽ ആരോപിതങ്ങളായ അപരാധങ്ങളെ ഗണ്യമാക്കിയില്ല. ഇങ്ങനെ കഴിയുമ്പോൾ, ആൎയ്യമിത്രൻെറ ദുൎദ്ദശാപരിണാമംകൊണ്ടു് രാജഭണ്ഡാരത്തിൽ ഉണ്ടായിരുന്ന ഒരു വിലയേറിയ വജ്രഹാരം കാണാതായി. അസൂയാലുക്കളായ ശത്രുക്കൾ തക്കം നോക്കിയിരുന്ന അവസരം അവൎക്കു പ്രയാസംകൂടാതെ തന്നെ കിട്ടി. ആ രത്നമാല അപഹരിച്ചതു് ആൎയ്യമിത്രൻ തന്നെ എന്നും, അതുപോലെ അനവധി ദ്രവ്യം മോഷ്ടിച്ചു് അവൻ സ്വഗൃഹത്തിൽ സൂക്ഷിച്ചിരിക്കുന്നു എന്നും, ഇതുകൂടാതെ അവൻ കണക്കററ ഭൂസ്വത്തു സമ്പാദിക്കയും വലുതായ ഭവനം പണിയിക്കയും മററും ചെയ്തിട്ടുണ്ടെന്നും ഏഷണിക്കാർ മഹാരാജാവിനെ ധരിപ്പിച്ചു. ദൈവഗതിയുടെ വൈഭവത്താൽ ഈ കിംവദന്തികളുടെ പരമാൎത്ഥം താൻ തന്നെ ചെന്നു് ആരാഞ്ഞറിയണമെന്നു മഹാരാജാവിനു തോന്നി.

ഇപ്രകാരം നിശ്ചയിച്ചു് മഹാരാജാവു് ആൎയ്യമിത്രൻെറ ഭവനത്തിൽ എഴുനെള്ളിയപ്പോൾ കണ്ടതു്, ഒററനില-

യിൽ ഒരു ചെറിയ ഭവനമായിരുന്നു. തന്റെ സ്തുതിപാഠകന്മാരുടെ സത്യനിഷ്ഠയെ സംബന്ധിച്ചും മഹാരാജാവിന്റെ മനസ്സിൽ അപ്പോൾമുതൽ ഒരു സന്ദേഹം ജനിച്ചു. ഭവനത്തിനകത്തു കടന്നു നോക്കിയപ്പോൾ, അവിടെ വിശേഷവിധിയായി ഒന്നും തന്നെ കണ്ടില്ല. മഹാരാജാവിന്റെ മനസ്സിൽ വളൎന്നു തുടങ്ങിയിരുന്ന സംശയം ഉറച്ചു; എങ്കിലും, അവിടുന്ന് ആ ഭവനമെല്ലാം ചുററിനോക്കി. ഒരു ചെറിയ മുറിയുടെ വാതിൽ അടച്ചിരിക്കുന്നതു കണ്ടു്, അതിനകത്തു് എന്തുണ്ടു് എന്നു മഹാരാജാവു ചോദിച്ചു.



ആൎയ്യമിത്രൻ വിവൎണ്ണവദനനായി നിന്നതല്ലാതെ ഉത്തരമൊന്നും ഉണൎത്തിച്ചില്ല. രത്നഹാരം അതിനകത്തുണ്ടെന്നു

ഏഷണിക്കാർ ഉണൎത്തിച്ചു. മഹാരാജാവു കുപിതനായി വാതിൽ തുറക്കാൻ ആജ്ഞാപിച്ചു. ആ കല്പന ലംഘിച്ചു-കൂടാത്തതിനാൽ ആൎയ്യമിത്രൻ വാതിൽ തുറന്നു.

മഹാരാജാവു് ആ മുറിക്കകത്തു കടന്നപ്പോൾ കണ്ടതു് ഒരു ഓടക്കുഴലും, ഒരു ഉഴക്കോലും, ഒരു മുഷിഞ്ഞ പഴയ വസ്ത്രവും, ഒന്നു രണ്ടു് കൃഷി ആയുധങ്ങളും ആയിരുന്നു. ഇതുകളെ ഇത്ര ഭദ്രമായി സൂക്ഷിച്ചിരിക്കുന്നതിന്റെ ഉദ്ദേശം എന്തെന്നു് മഹാരാജാവു ചോദിച്ചു. തന്റെ ഭാഗ്യത്തിനു നിദാനമായ രാജാവിന്റെ കരുണയ്ക്കു് ഇണങ്ങിയ ഭക്തി-യോടു കൂടി, രാജസേവനം അനുഷ്ഠിപ്പാൻ അവ സൎവ്വദാ തന്നെ പ്രേരിപ്പിക്കുന്നതിനായി സൂക്ഷിച്ചു വെച്ചിട്ടുള്ള തന്റെ ബാല്യത്തിലേ സഹചാരികളാണെന്നു് ഉണൎത്തിച്ചു.

അന്നുമുതൽ ആൎയ്യമിത്രൻ, ആ മഹാരാജാവിന്റെ സുസ്ഥിരമായ തിരുവുള്ളത്തിനു പാത്രമായി എന്നും, ഏഷ-ണിക്കാർ രാജമന്ദിരത്തിൽനിന്നു ബഹിഷ്കരിക്കപ്പെട്ടു എന്നും പറയേണ്ടതില്ലല്ലോ.

---

പാഠം ൯.

## സഹപ്രവൎത്തനം (പരസ്പരസഹായം).

പരിഷ്കൃതലോകത്തിൽ, ജനസമുദായങ്ങൾ പൊതുവി-ലും, സമുദായാംഗങ്ങൾ പ്രത്യേകമായും, പലവിധത്തിൽ നടത്തിവരുന്ന പ്രവൃത്തികളുടെ സാമാന്യമായ ഒരു ഉദ്ദേശം പരഗുണോൽകൎഷം ആണെന്നു പറഞ്ഞുവരുന്നു. മനു-ഷ്യർ ആദിമകാലങ്ങളിൽ സ്വാതന്ത്ര്യരന്മാരായി വൎത്തി-ച്ചിരുന്നു എന്നും, സമുദായങ്ങൾ പരിഷ്കൃതങ്ങൾ ആയതോടു കൂടി സ്വാതന്ത്ര്യരത ക്രമേണ കുറഞ്ഞു് പരാൎത്ഥപ്രവൃ-ത്തികൾക്കു പ്രാധാന്യം വന്നിട്ടുണ്ടെന്നും, ദേശചരിത്രങ്ങളും

സാമുദായികശാസ്ത്രങ്ങളും നമ്മെ ഗ്രഹിപ്പിക്കുന്നു. പരിഷ്കൃതരാജ്യങ്ങളും അപരിഷ്കൃതരാജ്യങ്ങളും തമ്മിലുള്ള പ്രധാനവ്യത്യാസം, കൃഷി കച്ചവടം കൈത്തൊഴിൽ മുതലായ ഉപജീവനമാർഗ്ഗങ്ങളിൽ പരിഷ്കൃതരാജ്യം മററതിനെ അപേക്ഷിച്ച് അഭിവൃദ്ധി പ്രാപിച്ചിരിക്കും എന്നുള്ളതാണ്. സമുദായാംഗങ്ങൾ തനിച്ച് സ്വാത്ഥത്തെ മുൻനിറുത്തി എത്ര ജാഗ്രതയായി പ്രയത്നിച്ചാലും മേൽപറഞ്ഞ തൊഴിലുകൾക്ക് ആശാസ്യമായ അഭിവൃദ്ധി ഉണ്ടാകുന്നതല്ല. നേരേ മറിച്ച്, അസൂയ മാത്സയ്യം മുതലായ ദോഷങ്ങളെ അകററി, മനുഷ്യർ അന്യോന്യം സൗഹാർദ്ദത്തോടുകൂടി പ്രവർത്തിക്കുന്നതായാൽ, അതിൽനിന്ന് ഉളവാകുന്ന ഫലം സർവ്വദാ ശ്രേയസ്കരമായി ഭവിക്കുമെന്നുള്ളതു നിശ്ചയമാണ്. പരിഷ്കാരത്തിൽ ഇൻഡ്യ, ചൈന മുതലായ പൗരസ്ത്യരാജ്യങ്ങൾ ഇംഗ്ലണ്ട്, അമേരിക്ക മുതലായ പാശ്ചാത്യരാജ്യങ്ങളുടെ പുറകിൽ വളരെ അകലത്തായി നില്ക്കുന്നതിനുള്ള കാരണം മേൽ സൂചിപ്പിച്ച തത്വത്തിൻെറ അഭാവം തന്നെയാകുന്നു.

പാശ്ചാത്യദേശങ്ങളിലും പൂർവകാലങ്ങളിൽ ഉണ്ടായിരുന്ന അവസ്ഥ അഭിനന്ദനീയമായിരുന്നില്ല. ഏകദേശം ഒരു ശതവഷത്തിന് അല്പം മുമ്പായിട്ടാണ് സമുദായനില അഭ്യുന്നതിയെ പ്രാപിക്കുന്നില്ലെന്നുള്ള ശോച്യാവസ്ഥ കണ്ടിട്ട്, സാമുദായികശാസ്ത്രത്തിൽ വിദഗ്ദ്ധന്മാരായ ചില പണ്ഡിതന്മാർ അഭ്യുന്നതിക്കു തടസ്ഥമായിട്ടുള്ള സംഗതികളെപ്പററി ഗാഢമായി ചിന്തിക്കയും ഉപശാന്തിമാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻ യത്നിക്കയും ചെയ്തതു്. അതിൽപിന്നീട് ഈ വക കാർയ്യങ്ങൾ പല മഹാന്മാരുടെയും ശ്രദ്ധക്കു വിഷയീഭവിച്ചു. അവരുടെ നിരന്തരമായ പ്രയത്നത്തിൻെറ ഫലമായി അഭ്യുന്നതിക്കു ഏററവും ഉപയുക്തമായി ഭവിക്കുന്നതു

സഹപ്രവൎത്തനവും, അതിനെ നടപ്പിൽ വരുത്തുന്നതിനുള്ള വഴി പരസ്പരസഹായസംഘങ്ങളുടെ സ്ഥാപനവും, ആണെന്നു കണ്ടുപിടിക്കപ്പെട്ടു.

താന്താങ്ങളുടെ ഉപയോഗത്തിനായി വേണ്ട സാമാനങ്ങൾ ശേഖരിക്കുക, കച്ചവടം കൈത്തൊഴിൽ മുതലായവ നടത്തുക, ഇവയിൽനിന്നുണ്ടാകുന്ന ലാഭങ്ങളെ തുല്യമായി വീതിച്ചെടുക്കുക, ഈ വകയെല്ലാം തൊഴിലാളികൾക്കു മററും ഏററവും ഉപകരിക്കുന്ന ഐകമത്യത്തോടു കൂടിയ ഒരുവക സംഘങ്ങൾ സ്ഥാപിച്ചു നടത്തുക,—ഈ ഏൎപ്പാടാണ് "സഹപ്രവൎത്തനം" എന്നു നിൎദ്ദേശിക്കപ്പെടുന്നതു്. ഈ സംഘങ്ങളെ പരസ്പരസഹായസംഘങ്ങൾ എന്നു വിളിക്കാം. ഈ ഏൎപ്പാടുകൾ അമേരിക്കയിലും യൂറോപ്പിലും ഐശ്വൎയ്യാഭിവൃദ്ധിക്ക് എത്രമാത്രം ഉപകരിച്ചിട്ടുണ്ടെന്നു വിവരിക്കാൻ പ്രയാസമാണ്. ഇവയുടെ ആവിൎഭാവംനിമിത്തം ആ ദേശങ്ങൾക്കുണ്ടായിട്ടുള്ള ശ്രേയസ്സ് ഇതരദേശത്തിലെ ജനങ്ങളെ ആകൎഷിപ്പാൻ തുടങ്ങി. അതോടുകൂടി ഇന്ത്യയിൽ പലേടത്തും പലരുടെ ദൃഷ്ടിയും ഈ വിഷയത്തിൽ പതിയുകയും നിബന്ധംപൂൎവ്വമായ ഗവൎമ്മെൻറിൻെറ സഹകരണത്തോടുകൂടി ചില ഉദ്യമങ്ങൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

യൂറോപ്പിലെ കൂലിവേലക്കാരുടെ ഇടയിലാണ് ഈ വിധം ഏൎപ്പാടുകൾ ആദ്യമായി ആരംഭിച്ചതു്. ഈ കൂട്ടത്തിൽ പറയത്തക്ക നില ആദ്യം പ്രാപിച്ചതു് ഏകദേശം എഴുപതു കൊല്ലങ്ങൾക്കു മുമ്പ് ഇംഗ്ലണ്ടിൽ സ്ഥാപിച്ച "റാക്ക്ഡെയിൻ പയനീയർസ്" എന്ന സംഘമാണ്. ഇതിൻെറ പ്രവൎത്തകന്മാരായി പതിനെട്ടു പേർ ചേരുകയും, ആളൊന്നിന് ആഴ്ചയിൽ ആദ്യം രണ്ടു പെൻസു വീതവും, പിന്നീടു മൂന്നു പെൻസു വീതവും, വരിയിട്ടെടുത്തു് ആകെ

ഇരുപത്തെട്ടു പവൻ മൂലധനം ശേഖരിക്കയും ചെയ്തു. ഇവരുടെ മുഖ്യമായ ഉദ്ദേശ്യം ആ സംഘത്തിലെ അംഗങ്ങൾക്കു മാത്രം ആവശ്യമുള്ള നെയ്യ്, പഞ്ചസാര, തേയില മുതലായവ ശേഖരിക്കുകയും വീതിച്ചുകൊടുക്കുകയും ചെയ്ക ആയിരുന്നു. ഇതിനായി കാലദേശാനുകൂല്യങ്ങൾ നോക്കിയും സാധനങ്ങളുടെ വിലയും തരവും വിക്രയലാഭവും കണക്കാക്കിയും സാമാനങ്ങൾ ശേഖരിച്ചുവന്നു. അതതു സാമാനങ്ങൾക്കു്, ചുററുമുള്ള കമ്പോളത്തിലെ നിരക്കിൽ നിന്നും അധികം കുറയാതെയുള്ള ഒരു വിലവെച്ചു് ആ തോതനുസരിച്ചായിരുന്നു അവർ ആവശ്യംപോലെ വീതിച്ചുകൊടുത്തിരുന്നതു്. ഈ ഏർപ്പാടുനിമിത്തം ഉണ്ടായ ലാഭം വളരെ നിസ്സാരമായിരുന്നു എങ്കിലും, അതു തമ്മിൽ വീതിച്ചെടുക്കാതെ ഒരു പൊതുസ്വത്തായി മുതൽക്കൂട്ടി വർദ്ധിപ്പിച്ചുവന്നു. ഇപ്രകാരം താണതരത്തിൽ സ്ഥാപിതമായ ഈ സംഘം, ചുരുങ്ങിയ എഴുപതു കൊല്ലത്തിനിടയിൽ ക്രമേണ വർദ്ധിച്ചു് ശാഖോപശാഖകളായി പിരിഞ്ഞു് രണ്ടരലക്ഷം പവൻ മൂലധനവും, ഇരുപതിനായിരം സംഘാംഗങ്ങളും ചേർന്ന ആയിരത്തഞ്ഞൂറു പ്രത്യേക സംഘങ്ങളായി പരിണമിച്ചു. ഇക്കാലത്തിനിടയ്ക്കു ഗ്രേററുബ്രിട്ടനിൽ കൃഷിക്കാർ, കച്ചവടക്കാർ, കൈത്തൊഴിലുകാർ മുതലായവരുടെ ഇടയിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധി അത്യന്തം മഹത്തായിരുന്നു. ഐകമത്യത്തോടു കൂടിയ സഹപ്രവൎത്തനവും, അതിനെ ശരിയായി നയിക്കുന്നതിനുള്ള പരസ്പരസഹായസംഘങ്ങളുമാണു് ഈ അഭിവൃദ്ധിക്കു മുഖ്യകാരണങ്ങളായിത്തീൎന്നിരിക്കുന്നതു്. പരസ്പരസഹായസംഘങ്ങളെ, സാമാനങ്ങൾ ശേഖരിക്കാനും വിതരണം ചെയ്യാനും ഉള്ളവയെന്നു രണ്ടു തരത്തിൽ ഗണിക്കാവുന്നവയാണു്. ഇവയിൽ ഇപ്പോൾ എണ്ണംകൊണ്ടും പ്രാധാന്യംകൊണ്ടും മുന്നണി-

യിൽ നില്ക്കുന്നതു സാമാനങ്ങൾ ശേഖരിക്കുന്നതിനുള്ള സംഘങ്ങളെക്കാൾ വിതരണം ചെയ്യുന്നതിനുള്ളവയാണ്. നമ്മുടെ ഇടയിലുള്ള ചിട്ടികളും, ബാങ്ക് ഏൎപ്പാടുകളും ഇതുമാതിരിയുള്ള പരസ്പരസഹായസംഘങ്ങളിൽ ഉൾപ്പെടുത്താവുന്നവയാണ്. എന്നാൽ മൊത്തത്തുകയിൽ പകുതിയിലധികം കുറച്ചു ലേലംവിളിക്കുന്ന ചിട്ടികളും, രൂപയ്ക്കു മാസമൊന്നിനു ഒന്നോ രണ്ടോ ചക്രം വീതം പലിശ കണക്കാക്കുന്ന ബാങ്കുകളും സഹപ്രവൎത്തനത്തിന്റെ മൂലതത്വത്തിന് അനുരൂപമായിരിക്കുന്നില്ലെന്നു മാത്രമല്ല, നേരെ പ്രതികൂലമായി ഭവിക്കുന്നുമുണ്ട്. ഇപ്പറഞ്ഞ ഏൎപ്പാടുകൾ കൊണ്ടു ജനസംഘത്തിൽ ഭൂരിപക്ഷം ആളുകൾക്കും സുഖമോ, സൗകൎയ്യമോ, ആദായമോ ഉണ്ടാകുന്നില്ല. എന്നുതന്നെയല്ല, അന്യായമായ ഒരു വലിയ ലാഭം പ്രധാനഭാരവാഹികൾക്കു മാത്രം സിദ്ധിക്കുകയും അതിൽ ഏൎപ്പെടുന്നവൎക്ക് അപരിമിതമായ നഷ്ടം നേരിടുകയും ചെയ്യുന്നു. അതിനാൽ ഈ വക ഉദ്യമങ്ങളിൽ പരാൎത്ഥത്തിനേക്കാൾ സ്വാൎത്ഥത്തിനാണ് പ്രാബല്യം കൂടുന്നതു്.

ഇൻഡ്യയിൽ, വിശേഷിച്ചു തിരുവിതാംകൂറിൽ, വസിക്കുന്ന ജനങ്ങളിൽ അധികഭാഗവും ഉപജീവനമാൎഗ്ഗമായി കൃഷികൃത്യത്തിയെത്തന്നെ ആശ്രയിക്കുന്നു. ഈ തൊഴിൽ പുഷ്ടിയെ പ്രാപിക്കുന്നതിനും, പൊതുവിൽ രാജ്യത്തിനും ജനങ്ങൾക്കും ശ്രേയസ്സു വൎദ്ധിക്കുന്നതിനും, കച്ചവടം കൈത്തൊഴിൽ മുതലായ ഇതരവ്യവസായങ്ങൾ അല്പാല്പമായിട്ടെങ്കിലും നടപ്പിൽ വരുന്നതിനും, സഹപ്രവൎത്തനവും പരസ്പരസഹായസംഘങ്ങളും വളരെ ഉപകാരപ്പെടുന്നതായിരിക്കും. സുഖമായും സൗകൎയ്യമായും കാലയാപനം ചെയ്യുന്നതിന് സഹായമായിരിക്കുന്നതിനു പുറമെ, സഹപ്രവൎത്തനം പാവപ്പെട്ട ജനങ്ങളെ ചില്ലറകച്ച-

വടക്കാരുമായുള്ള പാററുവരവു നിമിത്തം ഉണ്ടാകുന്ന തുച്ഛ-മായ കടങ്ങളിൽനിന്നു രക്ഷിക്കുകയും ചെയ്യും. ഇതിനാൽ ആ സാധുക്കൾക്ക് ഗൃഹഭരണം നടത്താൻ ശുഷ്കാന്തിയും, മിതവ്യയശീലവും വദ്ധിക്കുകയും പൊതുജനങ്ങളുമായുള്ള പെരുമാററത്തിൽ സത്യം, മയ്യാദ, സ്വാശ്രയം, ആത്മ-സംയമനം മുതലായ ഉൽക്കൃഷ്ടഗുണങ്ങൾ ലഭിക്കുകയും ചെയ്യുന്നു.

---

പാഠം ൧൦.

## മഹമ്മദുനിബി.

നമ്മുടെ സംസ്ഥാനത്ത് രണ്ടുലക്ഷത്തിരുപത്താറാ-യിരത്തിൽ പരം മഹമ്മദീയരുണ്ടെന്നു ജനസംഖ്യക്കണക്കിൽ കാണുന്നു. ഈ മതക്കാർ കൂടുതൽ രാജ്യം സമ്പാദിക്കുന്ന തിനായി പാശ്ചാത്യന്മാരുടെ ആഗമനത്തിനു മുൻപു തന്നെ ഇൻഡ്യയിൽ വന്ന് പല സ്ഥലങ്ങളും സ്വാധീനപ്പെ-ടുത്തി രാജകുടുംബങ്ങൾ സ്ഥാപിച്ച ഒരു സമുദായത്തിൽ ഉൾപ്പെട്ടവരാണ്. ആ രാജകുടുംബങ്ങളിൽ പ്രധാനമായു-ള്ളത് ഇപ്പോഴത്തെ ഇൻഡ്യാരാജധാനിയായ ഡൽഹിപട്ട-ണത്തിൽ ആസ്ഥാനം ഉറപ്പിച്ചിരുന്ന മുകിലചക്രവത്തി-യുടെ വംശം ആയിരുന്നു. ഒരു കാലത്തു "ഡില്ലിബാദഷാ" എന്ന പദം ഇന്ദ്രപ്പട്ടത്തിനുള്ളതിലും മഹത്തരമായ പ്രതാ-പൈശ്വയ്യങ്ങൾക്കു പയ്യായമായിരുന്നു. ദക്ഷിണഇൻഡ്യ-യിലെ പ്രധാനരാജാക്കന്മാരായ ഹൈദരബാദിലെ നൈസാ-മും, ആക്കാട്ടിലെ നബാബും മഹമ്മദുമതത്തിൽ ഉൾപ്പെട്ടവ-രാകുന്നു. നൈസാം ബ്രിട്ടീഷ് ഇൻഡ്യയ്ക്കു കീഴടങ്ങിയ മഹാ-രാജാക്കന്മാരുടെ പംക്തിയിൽ ഒന്നാമനായി ഇപ്പോഴും രാജാധി-കാരം നടത്തുന്നു. ആക്കാട്ടുനബാബിൻെറ വംശത്തിന്

ഇപ്പോൾ ഒരു പ്രഭുകുടുംബത്തിന്റെ സ്ഥിതിയേ ഉള്ളൂ. ഈ നബാബുമായിട്ടാണ് നമ്മുടെ രാജ്യത്തിനു കൊല്ലം ൧൦-ാം ശതവർഷത്തിന്റെ പൂർവാർദ്ധത്തിൽ ഉടമ്പടിപ്രകാരം ചില ബന്ധങ്ങൾ ഉണ്ടായിരുന്നതു്. മുകിലവംശവും, മഹമ്മദീയർക്ക് ഇൻഡ്യയിൽ ഉണ്ടായിരുന്ന പ്രാധാന്യവും, ആർക്കാട്ടു നബാബിന്റെ രാജാധികാരവും, ഇംഗ്ലീഷുകാരുടെ അധികാരവ്യാപ്തിയോടു കൂടി നഷ്ടമായി.

ഹൈദർ ടിപ്പു എന്നീ രണ്ടുപേരും തിരുവിതാംകോട്ടുകാർക്കു നല്ലവണ്ണം കേട്ടു പരിചയമുള്ളവരാണല്ലോ. ഇവർ മൈസൂർരാജ്യത്തെ കുറച്ചുകാലം, അവിടത്തെ ഹിന്ദുരാജകുടുംബത്തിന്റെ അധീനതയിൽനിന്നും അപഹരിച്ചു് ഭരിച്ചിരുന്ന പിതാവും പുത്രനും ആയിരുന്നു. ഈ ചണ്ഡവിക്രമന്മാർ രണ്ടുപേരും തിരുവിതാംകൂറിന്റെ ഐശ്വര്യത്താൽ വ്യാമോഹിതരായിട്ടു്, ഈ രാജ്യം കൈക്കലാക്കുവാൻ വേണ്ടി പല സാഹസങ്ങളും പ്രവർത്തിച്ചു എങ്കിലും, അതെല്ലാം പരാജയത്തിൽ പരിണമിച്ചതേയുള്ളൂ. ഇവരും മഹമ്മദീയരായിരുന്നു. ഇവർ കേരളത്തിലെ അനേക കുടുംബങ്ങളെ ബലാൽക്കാരേണ സ്വമതത്തിൽ ചേർത്തു. ഉത്തരതിരുവിതാംകൂറിലും മററും ഇവർ നശിപ്പിച്ചുകളഞ്ഞ പല ഹിന്ദുക്ഷേത്രങ്ങളും ഉണ്ടു്. മഹമ്മദീയർ സ്വമതത്തെ പ്രചരിപ്പിക്കുന്നതിൽ അത്യുത്സുകന്മാരാകുന്നു.

മഹമ്മദീയമതക്കാർ സാമാന്യേന അന്യഭാഷാഭ്യസനത്തിലും പാശ്ചാത്യപരിഷ്കാരപദ്ധതികളെ തുടരുന്നതിലും വിമുഖന്മാരായിരുന്നു. എന്നാൽ ഇൻഡ്യയിലെ മഹമ്മദീയർക്ക് ഇടക്കാലം മുതൽ ഒരു ഉണർച്ച ഉണ്ടായി, അവർ കുടിശ്ശിക തീർത്തു് ഇംഗ്ലിഷുഭാഷാപഠനത്തിലും പരിഷ്കാരശ്രമങ്ങളിലും രാജ്യനീതിനിയന്ത്രണത്തിനു വേണ്ട ഉത്സാഹങ്ങളിലും ഇതരസമുദായക്കാർക്കു ദൃഷ്ടാന്തമാകുമാറു് അത്യുത്സാ-

ഹത്തോടു കൂടി മുന്നിട്ടു നില്ക്കുന്നു. ഈ മതക്കാർ കച്ചവടത്തിൽ അതിനിപുണന്മാരാണ്. നമ്മുടെ നാട്ടിൽ കാണുന്ന അനേകം സേട്ടന്മാരും മുതലാളിമാരും ചില്ലറകച്ചവടക്കാരും ഉത്തരദേശത്തുനിന്നും ഇടയ്ക്കിടെ വരുന്ന കാബൂളികളും മഹമ്മദീയരാകുന്നു.

മഹമ്മദീയരുടെ മതത്തിന് സാക്ഷാത്തായുള്ള പേരു "ഇസ്ലാം" എന്നാണ്. മഹമ്മദീയമതം എന്ന പേർ വന്നതു് അതിന്റെ സ്ഥാപകൻ മഹമ്മദുനിബി ആയിരുന്നതുകൊണ്ടാണ്. മഹമ്മദ്, ക്രിസ്തുവബ്ദം ൫൭൦-ൽ അറേബിയാ എന്ന രാജ്യത്തിലെ പ്രധാനനഗരമായ 'മെക്കാ'യിൽ ജനിച്ചു. ആ രാജ്യത്തിൽ ഒരുകാലത്തു പ്രബലമായിരുന്നു് പിന്നീടു ക്ഷയിച്ചുപോയ ഒരു കുടുംബത്തിലെ അംഗവും ദരിദ്രനുമായ ഒരു കച്ചവടക്കാരനായിരുന്നു മഹമ്മദിന്റെ അച്ഛൻ. അയാൾ പുത്രന്റെ ജനനത്തിനു മുൻപിലും, അമ്മ മഹമ്മദിന്റെ അതി ബാല്യത്തിലും, മരിച്ചുപോയി. ആ ബാലൻ തന്റെ പിതൃവ്യന്റെ സംരക്ഷണയിൽ വളൎന്നു. കുറേ പ്രായം ചെന്നപ്പോൾ ആടുകളെ മേച്ചു് ഉപജീവനം കഴിച്ചുവന്നു. അനന്തരം കുറേക്കാലം ഒട്ടകക്കച്ചവടക്കാരോടു ചേൎന്നു ചില രാജ്യങ്ങളിൽ സഞ്ചരിച്ചു.

മഹമ്മദ് ചെറുപ്പത്തിൽത്തന്നെ തീക്ഷ്ണബുദ്ധി ആയിരുന്നു. ആ പ്രദേശങ്ങളിൽ അക്കാലത്തു നടപ്പിൽ ഇരുന്ന മതം ജൂതന്മാരാൽ വികൃതമായിരുന്നു എന്നു മഹമ്മദിനു തോന്നുകയാൽ ആ മതത്തെ പൂൎവസ്ഥിതിയിൽ പരിശുദ്ധമാക്കുന്നതിന് അദ്ദേഹത്തിന്റെ മനസ്സിൽ ഒരു അഭിലാഷം അങ്കുരിച്ചു. താൻ നിൎദ്ധനനായിരുന്നതിനാൽ തല്ക്കാലം തന്റെ ഉദ്ദേശ്യം നിറവേറുന്നതു് അസാദ്ധ്യമെന്നതുപോലെ മഹമ്മദിനു തോന്നി. എങ്കിലും ആ തടസ്സം ദൈവഗത്യാ വേഗത്തിൽ നീങ്ങി. "കദിജാ" എന്നൊരു സമ്പന്നയായ

വിധവയ്ക്കു മഹമ്മദിന്റെ പേരിൽ അനുരാഗം ജനിച്ചു. കദിജായ്ക്കു് ഇരുപതു വയസ്സു കൂടുതൽ ഉണ്ടായിരുന്നു എന്നു വരികിലും മഹമ്മദിനെ അവൾ ഭർത്താവായി വരിച്ചു. ഇങ്ങനെ ജീവികാമാർഗ്ഗാന്വേഷണശ്രമത്തിൽനിന്നു നിവൃത്തനായപ്പോൾ, മഹമ്മദിനു മതോദ്ധാരണവിഷയത്തിൽ ഗാഢമായി ക്ലേശം ചെയ്യുന്നതിനു സൗകര്യം ഉണ്ടായി. ദമ്പതിമാർ ആത്മവിശ്വാസത്തോടേ വർത്തിച്ചു. ഉപദേശവും പ്രോത്സാഹനങ്ങളുംകൊണ്ടു് കദിജാ മഹമ്മദിന്റെ മതോദ്ധാരണശ്രമങ്ങളെ സഹായിച്ചുവന്നു. മഹമ്മദ് തന്റെ ശ്രമത്തിൽ ഏകാഗ്രചിത്തനായി ഇടവിടാതെ പ്രവർത്തിച്ചുപോന്നു. ധ്യാനനിഷ്ഠനായിത്തീർന്ന അദ്ദേഹത്തിനു ചില ദർശനങ്ങൾ ഉണ്ടായി. ആ ദർശനങ്ങൾ ദൈവത്തിന്റെ കല്പനകളാണെന്ന് അദ്ദേഹം വിശ്വസിച്ചു. ആ ദർശനങ്ങൾ മുഖേന സമ്പാദിതങ്ങളായ സൂക്തികളെ ഒന്നിച്ചു ചേർത്തു് "കൊറാൻ" എന്നു പേരിട്ടു മഹമ്മദീയർക്കു പ്രധാനമതഗ്രന്ഥമായി അദ്ദേഹം നൽകി.

മഹമ്മദുനിബിയുടെ മതപ്രസംഗങ്ങൾ കേൾക്കുന്നതിന് ഭക്തസംഘങ്ങൾ കൂടിയിരുന്നു. അദ്ദേഹം തന്റെ ശിഷ്യസംഹതിക്കു കൊറാൻ എന്ന വേദപാഠങ്ങളെ നൽകിയതു വാചാപ്രസംഗങ്ങൾ മുഖേന ആയിരുന്നു. അവർ അതിനെ ഓലകളിലും മററും എഴുതി സൂക്ഷിച്ചുവന്നു. താൻ അക്ഷരജ്ഞാനംപോലും ഇല്ലാത്ത പാമരനാണെന്നും, ഈശ്വരചൈതന്യംകൊണ്ടു മാത്രം ഇതിനൊക്കെ ശക്തനായതാണെന്നും അദ്ദേഹം തന്നെ പറയാറുണ്ടായിരുന്നു.

മഹമ്മദിന്റെ പ്രസംഗങ്ങൾകൊണ്ടു് അദ്ദേഹത്തിന്റെ അനുചരസംഘം വദ്ധിക്കുന്നതു കണ്ടപ്പോൾ, രാജ്യാധികാരികൾക്ക് അദ്ദേഹത്തിന്റെ നേർക്കു ഭയവും അസൂയയും ജനിച്ചു. ശത്രുക്കൾ തന്നെ വധിക്കുന്നതിനു പോലും യത്നി-

ച്ചേക്കും എന്ന് അദ്ദേഹത്തിനു തോന്നുമാറ് അവരുടെ ക്ഷാത്രം ഉജ്ജ്വലിക്കുകയാൽ അദ്ദേഹം മെക്കായിൽനിന്നും 'മെഡിനാ' എന്ന പട്ടണത്തിലേയ്ക്കു് ക്രിസ്ത്വബ്ദം ൬൨൨-ൽ ഓടിപ്പോയി.

"ഹിജറാ" എന്നു പറഞ്ഞുവരുന്ന ഈ സംഭവം മുതല്ക്കാണ് മഹമ്മദീയാബ്ദം കണക്കാക്കുന്നതു്. അദ്ദേഹം മതപ്രസംഗവും ചെയ്തുകൊണ്ടു നടന്ന കാലത്തു് കദിജാ മരിക്കുകയും അദ്ദേഹത്തിന്റെ സമ്പത്തു നശിക്കുകയും ചെയ്തു. എങ്കിലും ആ ആചാര്യന്റെ സ്ഥൈര്യവും അക്ഷീണോത്സാഹവും കണ്ടു് അദ്ദേഹത്തിന് അനുയായികൾ ദിവസേന വൎദ്ധിച്ചു തന്നെ വന്നു. വീണ്ടും ചില വിവാഹങ്ങൾകൊണ്ടും മററും മഹമ്മദ് തന്റെ പ്രാബല്യം ഉറപ്പിച്ചു. അദ്ദേഹം ഒരു സേനാസമൂഹത്തെ ഉണ്ടാക്കി അതിന്റെ നായകസ്ഥാനം സ്വയം സ്വീകരിച്ചു. പല യുദ്ധങ്ങളും ചെയ്തു് കാലക്രമംകൊണ്ടു് അറബിയായിലെ രാജാവെന്ന പദത്തെത്തന്നെ അദ്ദേഹം വഹിച്ചു. മെക്കാപട്ടണത്തെ വീണ്ടും സ്വാധീനമാക്കി. അവിടെനിന്നും മതപ്രസംഗത്തിനായും യുദ്ധത്തിനായും ഉള്ള അനേകം ദേശസഞ്ചാരങ്ങൾ ചെയ്തു. ഒരു യുദ്ധയാത്രയ്ക്കു് ഒരുമ്പെടുന്ന സമയത്തു് അദ്ദേഹത്തെ ആന്തരമായി ബാധിച്ചുകൊണ്ടിരുന്ന രോഗം മൂൎച്ഛിച്ചു് ക്ഷീണം വൎദ്ധിച്ചു. ജീവന്മുക്തന്മാൎക്ക് സഹജമായുള്ള മനഃശാന്തിയോടും ഈശ്വരകാരുണ്യത്തിലുള്ള സ്ഥിരവിശ്വാസത്തോടും കൂടി മഹമ്മദ് ചരമഗതി പ്രാപിച്ചു.

"കൊറാൻ" എന്ന ഗ്രന്ഥത്തെ അനന്തരകാലത്തിൽ മഹമ്മദീയരുടെ ഇടയിൽ ചക്രവൎത്തികളായിരുന്ന 'കാലിഫ്'സ്ഥാനികന്മാർ പണ്ഡിതന്മാരെക്കൊണ്ടു പരിശോധിപ്പിച്ചു് ഗ്രന്ഥാനുയുക്തമായ വിധം ശുദ്ധീകരണം ചെയ്തു. അതിലെ പ്രധാനസ്മൃതി "ദൈവം ഒന്നു മാത്രമേ ഉള്ളു"

എന്നും, മഹമ്മദ് അദ്ദേഹത്തിൻെറ ദ്രഷ്ടാവാകുന്നു എന്നും, ആയിരുന്നു. ബഹു ദേവന്മാരുടെയും വിഗ്രഹങ്ങളുടെയും ആരാധനയെ മഹമ്മദുമതം നിരോധിച്ചു. ആത്മാവു് അനശ്വരമെന്നും, മരണത്തോടു കൂടി നഷ്ടമാകുന്ന ശരീരം മരണാനന്തരം വീണ്ടും ഉദ്ധാരണം ചെയ്തു് പുണ്യപാപങ്ങളുടെ ഫലങ്ങളായ സ്വൎഗ്ഗനരകങ്ങളെ അനുഭവിക്കുമെന്നും, ആ മതം സിദ്ധാന്തിച്ചു.

അറേബിയാ എന്ന രാജ്യത്തു് ഉത്ഭവിച്ച ഇസ്ലാംമതം അതിൻെറ സ്ഥാപകൻെറ പ്രഭാവംകൊണ്ടെന്നപോലെ ക്ഷണകാലംകൊണ്ടു് മറേറാരോ രാജ്യങ്ങളിലും പരന്നു. അതിൻെറ പ്രവൎത്തകന്മാർ അഹിതന്മാരുടെ ഗ്രാമങ്ങൾക്കു തീവെച്ചും, ആരാധനസ്ഥലങ്ങളെ ഇടിച്ചു തകൎത്തും, അതിലുള്ള ദ്രവ്യങ്ങളെ കവൎന്നും, ആ നൂതനമതത്തിനു പ്രചാരമുണ്ടാക്കി. വടക്കു യൂറോപ്പിലെ ടൎക്കി വരേയും, പടിഞ്ഞാറു സ്പെയിൻ വരേയും ഉള്ള ദേശങ്ങളേയും, കിഴക്കു് പെൎഷ്യ, മദ്ധ്യഏഷ്യ, ആഫ്ഗാനിസ്റ്റാൻ, ഇൻഡ്യ എന്നീ രാജ്യങ്ങളേയും ഈ മതക്കാർ ക്രമേണ ആക്രമിച്ചു. ഇൻഡ്യയിലെ ജാതിവ്യത്യാസങ്ങളും, ഹിന്ദുമതശാഖകൾ തമ്മിലുള്ള മതസരങ്ങളും രാജ്യങ്ങളുടെ ഐകമത്യക്കുറവുംകൊണ്ടു് മഹമ്മദീയരുടെ ആക്രമവും അവരുടെ രാജാധികാരപ്രതിഷ്ഠയും നിഷ്പ്രയാസം സാധിച്ചു. ആ അധികാരത്തിൻെറ പ്രാബല്യപുഷ്ടിക്കിടയിൽ ഹിന്ദുമതസിദ്ധാന്തങ്ങളുടെ കാഠിന്യംകൊണ്ടു് മഹമ്മദുമതത്തിലേയ്ക്കുള്ള ഹിന്ദുക്കളുടെ പ്രവേശത്തിനു തീരെ തടവില്ലായിരുന്നു.

ഹിന്ദുക്കൾക്കു കാശിയും ക്രിസ്തീയൎക്കു ജറൂസലമുംപോലെ, മഹമ്മദു ജനിച്ച മെക്കാ എന്ന സ്ഥലം മഹമ്മദീയൎക്കു ഒരു പ്രധാന പുണ്യസ്ഥലമാകുന്നു. ആണ്ടുതോറും അവിടെ നടക്കാറുള്ള മഹാമഹത്തിന് ഇൻഡ്യയിൽനിന്നും അസം-

ല്യം മഹമ്മദീയർ ഇപ്പോഴും പോയിവരുന്നുണ്ടു്. ഈ തീൎത്ഥയാത്ര ചെയ്തു മടങ്ങിവരുന്നവൎക്കു 'ഹാജികൾ' എന്നു പ്രത്യേകം ഒരു പേരുണ്ടു്.

---

പാഠം ൧൮.

## തിരുവിതാംകൂറിലെ കായലുകൾ.

ഭൂമിയിലെ പ്രകൃതിസൗന്ദൎയ്യത്തിന്റെ സംക്ഷിപ്തരൂപമാണു് ഇൻഡ്യാ എന്നും, ഇൻഡ്യയുടെ തടിധമായ സംഗ്രഹമാണു് തിരുവിതാംകൂർ എന്നും ഭൂമിശാസ്ത്രജ്ഞന്മാരും ദേശസഞ്ചാരികളും ഐകകണ്ഠ്യേന സംവദിക്കുന്നു. ഏതൊരു രാജ്യമെങ്കിലും, അതി മൃദുലമായുള്ള പച്ചപ്പട്ടുകൊണ്ടു് ആപാദമസ്തകം ആവേഷ്ടിതമായിരിക്കുന്നു എന്നുള്ള വൎണ്ണനയ്ക്കു അൎഹതമമായി ഭവിക്കുന്നുണ്ടെങ്കിൽ അതു തിരുവിതാംകൂർ തന്നെയാകുന്നു. പ്രകൃതിയാകുന്ന ദിവ്യനടി സഹ്യാദ്രിമുതൽ സമുദ്രപൎയ്യന്തമുള്ള വഞ്ചിഭൂരംഗത്തിൽ നൃത്തംചെയ്യുന്നു എന്നു നമ്മുടെ ഗ്രന്ഥകാരന്മാർ വൎണ്ണിച്ചിട്ടുണ്ടു്. തിരുവിതാംകൂർരാജ്യത്തിന്റെ സൗന്ദൎയ്യവിലാസം വിദേശിയരുടെ അഭിനന്ദനത്തേയും സമ്പാദിക്കാതിരുന്നിട്ടില്ല.

നമ്മുടെ രാജ്യം അനസ്യൂതമായ ഒരു ഹരിതാംബരത്താൽ ആവൃതമായിരിക്കുന്നു എന്നുള്ള വൎണ്ണന അൎത്ഥവത്താണെങ്കിൽ, അതിലെ കായൽനിരകൾ ആ വസ്ത്രത്തിന്റെ നീലക്കരകളായി സങ്കല്പിക്കാവുന്നതാണു്. പൂൎവ്വഭാഗത്തുള്ള പൎവ്വതപംക്തി മുതൽ സമുദ്രതീരംവരെ വളഞ്ഞും തിരിഞ്ഞും പ്രവഹിക്കുന്ന നദികളാകുന്ന ഫണീശ്വരന്മാരുടെ ഫണങ്ങളാണു് ഈ കായലുകൾ എന്നും മറെറാരു കവി ഉൽപ്രേക്ഷിക്കാതിരിക്കുകയില്ല.

ഈ കായലുകൾ, രാജ്യത്തിന്റെ ഭംഗിക്കും ഐശ്വൎയ്യ-

ത്തിനും ജനങ്ങളുടെ സഞ്ചാരസൗകര്യത്തിനും ഉപയുക്തങ്ങളായിരിക്കുന്നു. ഇവ എണ്ണത്തിൽ പന്ത്രണ്ടുണ്ട്. ഇവയുടെ ആകക്കൂടെയുള്ള അളവ് ൧൫൭ ചതുരശ്രനാഴികയാകുന്നു. ഇവയിൽ ചിലതിന് ഏതാനും അടികളെ വീതിയുള്ളൂ. എന്നാൽ മററു ചിലതിന് പന്ത്രണ്ട് നാഴികയിൽ കൂടുതൽ വീതിയുള്ളതായിട്ടും കാണാം. ഈ കായലുകളിൽ കഠിനംകുളം, അഞ്ചുതെങ്ങു, കായംകുളം എന്നിതുകൾ മണൽപ്രദേശങ്ങളാലും, അമ്പലപ്പുഴ, നടയറ എന്നിതുകൾ ചരൽത്തറകളാലും, മററുള്ള കായലുകൾ അധികം ഭാഗം മണൽത്തറയാലും ഏതാനും ഭാഗം ചരൽത്തറയാലും ചുററപ്പെട്ടുകിടക്കുന്നു.

ഈ കായലുകളുടെ തീരങ്ങളിലുള്ള രണ്ടു തരം ഭൂമികളും അവിടവിടെ ഉള്ള ചളിക്കെട്ടുകളും മിക്കവാറും സമ്പൽപ്ര-



ദങ്ങളായ നാളികേരോദ്യാനങ്ങളായിത്തീർന്നിരിക്കുന്നു. ഭൂമിയുടെ ഗുണംകൊണ്ടും, വേരുകൾക്കു ദോഷം തട്ടാത്ത നില-

യിലുള്ള നീരുറവുകൊണ്ടും, ഇടവിടാതെ വീശിക്കൊണ്ടിരിക്കുന്ന കടൽക്കാററുകൊണ്ടും, ഈ ജലാശയപ്രാന്തങ്ങൾ തെങ്ങുകൃഷിയ്ക്കായിത്തന്നെ സൃഷ്ടിക്കപ്പെട്ടവയെന്നു തോന്നുമാറു് അവിടങ്ങളിലെ ആവക വൃക്ഷങ്ങൾ പുഷ്ടിയോടെ വളൎന്നു ധാരാളമായി ഫലിച്ചും കാണുന്നു. കരുനാഗപ്പള്ളി, കാൎത്തികപ്പള്ളി, 'കരപ്പുറം' എന്നു പ്രസിദ്ധമായ ചേൎത്തല, ഈ പ്രദേശങ്ങളിൽ മററുള്ള താലൂക്കുകളെ അപേക്ഷിച്ചു് ധനികന്മാരുടെ സംഖ്യ കൂടിയിരിക്കുന്നതിലുള്ള രഹസ്യം, ആ സ്ഥലങ്ങളിലെ കനകം ചൊരിയുന്ന തെങ്ങുകളുടെ ധാരാളത തന്നെയാകുന്നു. ചേൎത്തലക്കാരനായ ഒരു കുബേരൻ തന്റെ വീട്ടിലെ നാളികേരങ്ങളിലുള്ള ജലം കൊണ്ടു്, കുട്ടനാട്ടിലെ പുഞ്ചകൃഷിസമ്രാട്ടായ ഒരു മത്സരക്കാരന്റെ ഒരു പൂവിലെ വിളവുനെല്ലു മുഴുവൻ ഒഴുക്കിക്കളയാമെന്നു വീരവാദം പറഞ്ഞതായി കേട്ടിട്ടുണ്ടു്. ഈ വൃത്താന്തം വാസ്തവമോ കെട്ടുകഥയോ ആയിരിക്കട്ടെ: പടിഞ്ഞാറൻ ദിക്കുകളിലെ തെങ്ങുകൃഷിക്കാൎക്കു് ഉൾപ്രദേശങ്ങളിലെ നെൽകൃഷിക്കാരേക്കാൾ അഹങ്കരിപ്പാൻ അവകാശമുണ്ടെന്നു് അതു തെളിയിക്കുന്നു.

ഈ കായലുകളിൽ അധികം എണ്ണവും ഓരോ നദികളുടേയൊ തോടുകളുടേയൊ മുഖങ്ങളും, മററുള്ളവ സമീപത്തുള്ള കുന്നുകളുടേയൊ ഉയൎന്ന ഭൂമികളുടേയൊ താഴ്വരകളും ആകുന്നു. പരവൂർക്കായൽ ഇത്തിക്കരനദിയും, അഷ്ടമുടിക്കായൽ കല്ലട നദിയും, ആലപ്പുഴമുതൽ കൊടുങ്ങല്ലൂരുവരെ നീണ്ടുപരന്നു കിടക്കുന്ന വേമ്പനാട്ടുകായൽ അച്ചൻകോവിൽ, പമ്പ, മീനച്ചിൽ, മൂവാററുപുഴ, പെരിയാറു് എന്നീ നദികളും സമുദ്രത്തിൽ വീഴുന്നതിനു മുമ്പു് പെരുക്കിക്കൂട്ടുന്ന മഹാതടാകങ്ങളാകുന്നു.

പൊഴികൾ എന്നും, അഴികൾ എന്നും നാം കേട്ടിട്ടുണ്ട-

ല്ലോ. കായലുകൾ സമുദ്രത്തോടു സദാ സംഘടിച്ചുകിടക്കുന്ന ഭാഗങ്ങൾക്ക് അഴികൾ എന്നു പറയുന്നു. കായലുകൾ പെരുകി സ്വയം പൊട്ടുകയോ വെള്ളപ്പൊക്കം കൊണ്ടു കൃഷി നഷ്ടം വരാതെ വെട്ടിവിടുകയോ ചെയ്യുമ്പോൾ സമുദ്രവും കായലും തൊട്ടുകിടക്കുന്ന ഭാഗത്തിന് പൊഴികൾ എന്നു വ്യവഹരിക്കുന്നു. പൊഴികൾ മുറിഞ്ഞാലും മുറിച്ചുവിട്ടാലും കായലിലെ വെള്ളം സമുദ്രത്തിലേയ്ക്കു വാൻ താഴുമ്പോൾ സമുദ്രത്തിൽനിന്നു തിരകൾ അടിച്ചു കേററുന്ന മണ്ണുകൊണ്ടു വീണ്ടും നികന്നു കര പൊങ്ങിക്കൂടുന്നു. പൊഴി മുറിഞ്ഞിട്ടില്ലാത്തപ്പോൾ ആളുകൾക്ക് ഈ കരകളിൽകൂടി നിർഭയമായി ഗതാഗതം ചെയ്യാവുന്നതാണ്.

കൊച്ചിയിലും കൊല്ലത്തും ഉള്ള അഴികളെ നമ്മുടെ കായലുകളുടെ വക്ത്രകുഹരങ്ങൾ എന്നു പറയാം. പൊഴികളിൽ വേളി, പെരുമാതുറ (മുതലപ്പൊഴി), ഇടവാ, പരവൂർ, കായംകുളം ഇവ മഴക്കാലങ്ങളിൽ യാത്രക്കാക്ക് ആപൽക്കരങ്ങളും അതിനാൽ പ്രസിദ്ധങ്ങളും ആകുന്നു.

"അഴി" എന്നുള്ള പദം ഒരിക്കൽ ഒരു കുററത്തിൻെറ സത്യം വെളിവാകുന്നതിനു ലക്ഷ്യമായിത്തീർന്നിട്ടുണ്ടു്. അക്കഥ അടിയിൽ കാണുംപ്രകാരമാകുന്നു:— ഒരു സായിപ്പിൻെറ ശമ്പളംവക പണം അദ്ദേഹത്തിൻെറ ശിപായി ഖജനാവിൽ പററുശീട്ടു കൊടുത്തു വാങ്ങി. ശിപായിക്കു പണത്തിന് അത്യാവശ്യങ്ങൾ ഉണ്ടായിരുന്നതു കൂടാതെ തുകയ്ക്കു കുറച്ചു ഘനവും ഉണ്ടായിരുന്നു. ശമ്പളം വാങ്ങി സായ്പിൻെറ ബംഗ്ലാവിലേയ്ക്കു തിരിക്കാൻ ഭാവിച്ചപ്പോൾ ഭൂമി അന്ധകാരാവൃതമായിപ്പോയതിനാൽ സായ്പിൻെറ പണവുംകൊണ്ടു മറഞ്ഞുകളവാൻ ശിപായിക്കു ധൈര്യമുണ്ടായി. നാലഞ്ചു ദിവസം കഴിഞ്ഞപ്പോൾ പോലീസുകാർ അവനെ പിടികൂടി മജിസ്ത്രേട്ടിൻെറ മുമ്പിൽ ഹാജരാ-

ക്കി. തൊണ്ടിവകമുതൽ അവന്റെ കൈവശം ഇല്ലായിരുന്നു. എങ്കിലും അവൻ പെട്ടെന്നു മറഞ്ഞുകളഞ്ഞതു് അവന്റെ പേരിൽ സംശയം ജനിപ്പിച്ചു. പെട്ടെന്നു നാടുവിട്ടു പോകുന്നതിനു കാരണം എന്തെന്നു് കുറ്റമന്വേഷിക്കുന്നതിനിടയിൽ മജിസ്ട്രേട്ടു് ചോദ്യംചെയ്തു. തന്റെ സംബന്ധികളിൽ ഒരാൾക്കു ദീനം കലശലാകയാൽ കൊല്ലത്തഴിയ്ക്കു വടക്കുള്ള തന്റെ ഭവനത്തിൽ പോകേണ്ടതായിവന്നതാണു് എന്നു ശിപായി ബോധിപ്പിച്ചു. മജിസ്ട്രേട്ടിന്റെ ബുദ്ധിയിൽ ഒരു യുക്തി തോന്നി. "ഏതു വഴിയ്ക്കാണു് പോയതു്" എന്നു ചോദ്യം ചെയ്തതിനു്, താൻ ശുദ്ധമേ അഗതിയാണെന്നു മജിസ്ട്രേട്ടിനേ ബോധപ്പെടുത്തി, അദ്ദേഹത്തിനു് കരുണ തോന്നിക്കുവാനായി, "കരവഴിയ്ക്കു്" എന്നു അവൻ ബോധിപ്പിച്ചു. പിന്നെയും മജിസ്ട്രേട്ടു "മുഴുവൻ കരവഴിക്കു തന്നെയോ?" എന്നു ചോദിച്ചതിനു് "അതേ, വള്ളം കേറാൻ കാശുവേണ്ടയോ?" എന്നു കുറ്റക്കാരൻ ദീനസ്വരത്തിൽ പറഞ്ഞു. "കൊല്ലത്തഴി എങ്ങനെ കടന്നു?" എന്നു ചോദിച്ചതിനു്, "അഴിയിൽ പിടിച്ചു പിടിച്ചു പോയി" എന്നുള്ള ഉത്തരം ക്ഷണേന ലഭിച്ചു. ഈ മറുപടി കോടതിയിൽ കൂടിയിരുന്നവർക്കു കുറേനേരം ചിരിക്കുന്നതിനു വകയുണ്ടാക്കി എങ്കിലും, മോഷണം ചെയ്ത ദ്രവ്യം രണ്ടു നാഴികയ്ക്കകം കുറ്റക്കാരൻ തന്നെ കോർട്ടുമുമ്പാകെ ഹാജരാക്കുന്നതിനു് ഇടയാക്കുകയും ചെയ്തു.

അഴികളിലും, മുറിഞ്ഞുകിടക്കുന്ന സമയം പൊഴികളിലും കൂടി, സമുദ്രത്തിലെ വേലിയേററവും ഇറക്കവും കായലുകളിലും നദികളിലും ബാധിക്കുന്നതാകുന്നു. ഈ ഏററം നിമിത്തം നാല്പതും അമ്പതും നാഴികവരെ ഉള്ളിലേയ്ക്കു വെള്ളത്തള്ളൽ ഉണ്ടാകും. കൊച്ചിയിൽ ആരംഭിക്കുന്ന വേലിയേററം ചിലപ്പോൾ തിരുവല്ലാത്താലൂക്കിലുള്ള

മാന്നാർവരെയും എത്തുന്നു. ഈ ഏററമിറക്കംകൊണ്ടു യാത്രയ്ക്കുള്ള സൗകര്യാസൗകര്യങ്ങളും വെള്ളത്തിനുണ്ടാകുന്ന രുചിഭേദങ്ങളും വഞ്ചികളിൽ യാത്രചെയ്തിട്ടുള്ളവർ സൂക്ഷ്മമായി അറിഞ്ഞിട്ടുണ്ടായിരിക്കാം.

തിരുവനന്തപുരത്തിനു തെക്കുള്ള കോവളം എന്ന സ്ഥലംമുതൽ വടക്കോട്ടു കൊച്ചിസംസ്ഥാനവും കടന്ന്, മലബാറിൽ തിരൂർ പുകവണ്ടിസ്റ്റേഷൻ വരെ തുടർച്ചയായ ഒരു ജലമാർഗ്ഗം ഇപ്പോൾ ലഭിച്ചിട്ടുണ്ട്. ദൂരെ ദൂരെ കിടക്കുന്ന കായലുകളെ ഇടത്തോടുകൾകൊണ്ടു സംഘടിപ്പിച്ച് ഉണ്ടാക്കീട്ടുള്ളതാകുന്നു ഈ മാർഗ്ഗം. ഇതിൽ 'തോട്ടപ്പള്ളി' എന്ന സ്ഥലത്തും, കൊടുങ്ങല്ലൂരിനു വടക്കുള്ള ചില സ്ഥലങ്ങളിലും പാടങ്ങളിൽ ഓരുവെള്ളം കയറാതിരിപ്പാൻ വേണ്ടി ചിറകൾ ഉണ്ടാക്കിയിരിക്കുന്നു. ചിലേടത്തു ഈ ചിറകൾ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നതിന് പരിഷ്കൃതരീതിയിലുള്ള ചീപ്പുകൾ പണിയിച്ചിട്ടുണ്ട്. ചീപ്പുകളില്ലാത്ത മുട്ടുകളുടെ മുകളിൽ കൂടി വഞ്ചികളെ കടത്തിവിടുന്നതിന് അതതു സ്ഥലത്ത് ആളുകൾ ഉണ്ടായിരിക്കും. ഈ ജലമാർഗ്ഗത്തെ ഒരു സ്ഥലത്തു മാത്രം ഉന്നതമായ കുന്നുകൾ തടഞ്ഞിരുന്നു. മുമ്പു നാടുവാണിരുന്ന ആയില്യംതിരുനാൾ രാമവർമ്മമഹാരാജാ തിരുമനസ്സിലെ കാലത്ത് ഈ കുന്നുകളിൽ രണ്ടു തുരങ്കങ്ങൾ പണിയിച്ച് ആ പ്രതിബന്ധങ്ങളേയും നീക്കി. ഇവയാണ് വിഖ്യാതങ്ങളായ "വർക്കലത്തുരപ്പുകൾ". ഇതിലെ ശില്പിവേല യാത്രക്കാർക്കുണ്ടായിരുന്ന വലിയ കഷ്ടപ്പാടുകളെയും വ്യാപാരത്തിനുണ്ടായിരുന്ന അസൗകര്യങ്ങളെയും ദൂരീകരിച്ചു.

മിക്ക കായലുകളും നദീമുഖങ്ങളാകകൊണ്ടു മുൻപറഞ്ഞ ജലമാർഗ്ഗത്തോടു യോജിപ്പിച്ച് ഉൾപ്രദേശങ്ങളിൽ വഞ്ചിവഴിയായിത്തന്നെ ചെന്നെത്താവുന്ന അനവധി ഉപമാർഗ്ഗങ്ങൾ ഉണ്ട്.

വഞ്ചിമാൎഗ്ഗമായുള്ള സഞ്ചാരം അത്യാനന്ദകരമാണെന്നുള്ളതിന്ന സംശയമില്ല. ശരീരത്തിന്ന കുലുക്കം കൂടാതെയുള്ള യാത്രയ്ക്കു ജലമാൎഗ്ഗത്തോളം അനുകൂലമായി മറെറാന്നും ഇല്ല. പ്രശാന്തവും ചന്ദ്രികയാൽ ആഹ്ലാദകരവും ആയ രാത്രിയിൽ അനുകൂലമായ കാററത്ത് ഓട്ടുന്ന വഞ്ചികളിൽ ഇരുന്ന് ഇന്ദ്രനീലസന്നിഭമായ കായലിനേയും, നാലുഭാഗത്തും സമൃദ്ധിയായി വളൎന്നുനില്ക്കുന്ന വൃക്ഷങ്ങളുടെ മരതകപ്രഭയേയും, ചെറുകല്ലോലമാലകളിൽ ചന്ദ്രിക തട്ടി ചലിക്കുന്ന മനോഹരമായ കാഴ്ചയേയും, ചന്ദ്രികയില്ലാത്ത സമയം നീലനീരന്ധ്രമായ ആകാശത്തിൽ തിളങ്ങുന്ന നക്ഷത്രരാശികളുടെ കാന്തിവിശേഷത്തേയും, നോക്കുമ്പോൾ ഉണ്ടാകുന്ന ആനന്ദം അനിൎവ്വചനീയവും അനുഭവൈകവേദ്യവും ആകുന്നു. സഹ്യപൎവ്വതത്തിന്റെ മൂൎദ്ധാവിൽ ദിനമണി ഉദിച്ചുയരുന്ന കാഴ്ചയും, അസ്തമയസമയം അഴിമുഖങ്ങളിൽ കൂടി പടിഞ്ഞാറോട്ടു നോക്കുമ്പോൾ ദൃശ്യമാകുന്ന വിശേഷദ്യുതിയും, വിസ്താരം കൂടിയ കായലുകളിൽ കൂടി സഞ്ചരിക്കുമ്പോൾ കാണ്മാൻ വളരെ രമണീയമായിരിക്കുമെന്ന് ആരും സമ്മതിക്കും. ആകാശം ഇരുണ്ടു്, കാറിളകി, അലറി, കായലുകൾ കോപിച്ചു്, കോളിളകി തിരകൾ പൊങ്ങി മറിഞ്ഞു്, യാത്ര ചെയ്യുന്ന വഞ്ചി നെടുകെയും കുറുകെയും ചാഞ്ചാടിത്തുടങ്ങുമ്പോൾ, മുൻചൊന്നവയെല്ലാം കയ്യോടെ മറന്ന് ജലമാൎഗ്ഗമായുള്ള യാത്രയെത്തന്നെ വിദ്വേഷിക്കുന്നതിനും യാത്രക്കാൎക്കു മനസ്സു തോന്നിപ്പോകും. നടയറ, പരവൂർ, അഷ്ടമുടി, വേമ്പനാട് എന്നുള്ള കായലുകൾ കിഴക്കോട്ട് അതിദീൎഘമായി തുറന്നുകിടക്കുന്നതുകൊണ്ടു്, അവിടെനിന്നും ഇളകുന്ന കരക്കാററു് മുറുകിച്ചീറി നില്ക്കുമ്പോൾ ആ വഴി പോകുന്ന വഞ്ചികൾ ചിലപ്പോൾ മറിഞ്ഞു ജീവനാശം കൂടി വരാറുണ്ടു്. ഇറക്കം കൂടുതലായുള്ള സമയം

സമുദ്രത്തിലേയ്ക്കുള്ള വലിവുകൊണ്ടും, ഏററമുള്ളപ്പോൾ സമുദ്രത്തിൽനിന്നുള്ള ഒഴുക്കുകൊണ്ടും, അഴിമുഖങ്ങളും പൊഴിമുഖങ്ങളും ആപന്മയങ്ങളായ സ്ഥലങ്ങൾ ആകുന്നു.

ഈ കായലുകളിൽ അത്യന്തം അഗാധങ്ങളായ ഭാഗങ്ങളും ഉണ്ട്. വഞ്ചിക്കാർ കഴക്കോലുകൾ വച്ചിട്ട്, തണ്ടും പങ്കായവുംകൊണ്ടു വഞ്ചി നടത്തുന്നത് അഗാധസ്ഥലങ്ങളിൽ മാത്രമാണ്. അഷ്ടമുടിക്കായലിൽ ചിലെടത്തു ചെറുതരം കപ്പലുകൾക്കു പോകാവുന്ന ചാലുകൾ കൂടിയുണ്ട്. കൊച്ചിയിലെ അഴിമുഖത്തിൽ വലിയ കപ്പലുകൾക്കും അടുക്കാവുന്നതാണ്.

നമ്മുടെ മലകൾ താഴ്വരകൾ മുതലായ കിഴക്കൻപ്രദേശങ്ങളിലുള്ള വളങ്ങളെ എല്ലാം നദികളും തോടുകളും സംഗ്രഹിച്ച് ഈ ജലാശയങ്ങളിൽ കൊണ്ടുവന്നു നിക്ഷേപിക്കുന്നു. അതുകൊണ്ട് ഇതുകൾ പരിസരപ്രദേശങ്ങളിലുള്ള വൃക്ഷങ്ങളെ വളർച്ചയ്ക്കുപയുക്തമായ വളം കൊടുത്തു പോഷിപ്പിക്കുന്നു. ഈ കായൽഭാഗങ്ങൾ നദീപ്രവാഹങ്ങളിൽ കൂടി വരുന്ന മണ്ണുകൊണ്ട് ക്രമേണ നികന്നുവരുന്നു. കായൽവാരങ്ങളെ നികത്തി നിലം പുരയിടങ്ങൾ ആക്കുന്നതുകൊണ്ടും രാജ്യത്തിൻെറ ധനപുഷ്ടി വദ്ധിച്ചുവരുന്നുണ്ട്.


---

പാഠം ൧൨.

## സസ്യജാലങ്ങൾ.

പച്ചയും പടപ്പുമായി ഭൂമിക്കു പ്രകൃതി നൽകീട്ടുള്ള വിവിധങ്ങളായ അലങ്കാരങ്ങളാണു സസ്യജാലങ്ങൾ. നാം ദിവസേന ചവുട്ടിത്തേയ്ക്കുന്ന പുല്ലുകൾ തൊട്ട് അത്യുന്നതങ്ങളായ ശാഖകളോടുകൂടി വൻകാടുകളിൽ വളരുന്ന വലിയ വൃക്ഷങ്ങൾ വരേയുള്ള സകല ഭൂരുഹങ്ങളും ഈ ഇനത്തിൽ

പെട്ടവയാകുന്നു. മഞ്ഞ, ചുവപ്പ്, നീലം, ഊത മുതലായ ശുദ്ധവർണ്ണങ്ങളും അവയിൽ ഒന്നോ അധികമോ ചേർന്നുണ്ടാകുന്ന അനേക സങ്കരവർണ്ണങ്ങളും പ്രതിബിംബിക്കുന്ന തൃണലതാദികളത്രേ ഭൂമിയുടെ രാമണീയകത്തിനു കാരണം.



ചെടികൾക്ക് നിയാമകശക്തി, സഞ്ചാരശക്തി, ജ്ഞാനശക്തി എന്നിവ സാധാരണമായി ഇല്ലെങ്കിലും, സ്പർശനം, ആഹാരം, പോഷണം, വളർച്ച, ക്ഷയം ഇതുകൾ സംബന്ധിച്ചുള്ള വ്യാപാരങ്ങൾ ജീവികൾക്ക് എന്നതുപോലെ തന്നെ കാണുന്നുണ്ട്.

ചെടികൾക്കും ഒരു വിധമായ ജീവൻ ഉണ്ട് എന്നു നാം നമ്മുടെ അനുഭവംകൊണ്ടറിയുന്നു. 'തൊട്ടാവാടി' എന്ന ചെടിയിൽ എന്തെങ്കിലും തൊട്ടുകഴിഞ്ഞാൽ ഉടനെ അതു വാടുന്നു. എന്നാൽ, കുറച്ചു കഴിയുമ്പോൾ അതു തന്നെ-

ത്താൻ പൂവ്സ്ഥിതിയിൽ വിടിന്നുകൊള്ളുകയും ചെയ്യും. തെങ്ങുകൾ പ്രതിബന്ധങ്ങളെ ഒഴിഞ്ഞു് ചാഞ്ഞും വളഞ്ഞും വളരുന്നു. ഒരു വൎഗ്ഗം ചെടികൾ അസ്തമയസമയം വാട്ടുകയും പ്രഭാതത്തിൽ പച്ച ഇടുകയും ചെയ്യുന്നു. മററൊരു വൎഗ്ഗത്തിൻെറ കായ്കളെ നമ്മുടെ നാവിൽ ഇട്ടു നനച്ചു വെയിലത്തു പിടിച്ചാൽ പൊട്ടിത്തെറിക്കുന്നു.

ഭൂരുഹങ്ങളിൽ പല വൎഗ്ഗങ്ങൾ ഉണ്ടു്. അവ—മരങ്ങൾ, ചെടികൾ, പുല്ലുകൾ, പായലുകൾ, കുമിളുകൾ, കിഴങ്ങുകൾ, ജലജങ്ങൾ എന്നിങ്ങനെ നാനാഭേദങ്ങളോടു കൂടിയിരിക്കുന്നു. ആകൃതി, വളൎച്ച, ഉപയോഗം എന്നിതുകളിൽ പല ഭേദങ്ങൾ ഉണ്ടെങ്കിലും, ഒരു ചെടിയുടേയോ മരത്തിൻേറയോ അവയവങ്ങൾ—വേരു, തടി, കൊമ്പു്, ഇല, മൊട്ടു്, പൂവു്, കായ് ഇങ്ങനെ ഏഴാണെന്നു നിങ്ങൾ കണ്ടറിഞ്ഞിരിക്കാം. എന്നാൽ ഈ ഏഴു ഭാഗങ്ങളും എല്ലാ വൎഗ്ഗത്തിനും എല്ലാ കാലത്തും ഒരുപോലെ കാണുകയില്ല. അവയുടെ പ്രാധാന്യവും പല തരത്തിലാണ്. വേരില്ലാതെ ഒരു സസ്യവും ഉണ്ടായിരിക്കയില്ല. പലതിനും തടിയും ഇലയും കൂടി ഉണ്ടായിരിക്കും. പൂവും കായും എല്ലാററിനും കാണുകയില്ലെന്നു മാത്രമല്ല, ഉള്ളതിനും അതതു കാലത്തിൻെറ സ്ഥിതിയനുസരിച്ചേ കാണുകയുമുള്ളു.

സസ്യജാലത്തിനുള്ള അവയവങ്ങൾക്ക്, നമ്മുടെ അവയവങ്ങളെപ്പോലെ തന്നെ വെവ്വേറെ ജോലികൾ ഉണ്ടു്. നമുക്കു ആഹാരം ഗ്രഹിക്കുന്നതിനു കയ്യും, വായും, വയറും ഉള്ളതുപോലെ ചെടികൾക്ക് വേരു്, തടി, ഇല ഈ മൂന്നവയവങ്ങളും ഉണ്ടു്. ഇവയുടെ നിരന്തരമായ പ്രവൃത്തികൊണ്ടാണ് ചെടികൾ ജീവിച്ചുപോഷിക്കുന്നതു. ഇവയ്ക്കു ന്യൂനത സംഭവിച്ചാൽ സസ്യജാലങ്ങൾ നശിക്കുന്നു. സസ്യജാലങ്ങളുടെ മൎമ്മങ്ങൾ ഇവയാകുന്നു. ഒരു ചെടി-

യുടെ പൂവോ കായോ ഇറുത്താൽ അതു നശിച്ചുപോകുന്നില്ലല്ലൊ.

പൂവും കായുംകൊണ്ടു് സസ്യജാലങ്ങൾക്ക് ഒരു പ്രയോജനവും ഇല്ലാതിരിക്കുമോ? ഇല്ല. ഈശ്വരസൃഷ്ടിയിൽ പ്രയോജനമില്ലാത്തതായി യാതൊന്നുമില്ല. ചെടികളുടെ ജീവൻ പൂവിലും കായിലുമല്ല ഇരിക്കുന്നതു് എങ്കിലും, അവയെക്കൊണ്ടാണു് ചെടികളുടെ വംശപരമ്പര വദ്ധിക്കുന്നതു്. അനേകവക സസ്യങ്ങൾ കൃഷി ചെയ്യുന്നതിനു വിത്തെടുക്കുന്നതു കായിൽനിന്നാകുന്നു. കായ് പൂക്കളിൽനിന്നുണ്ടാകുകയും ചെയ്യുന്നു.

സസ്യപരമ്പരയെ നിലനിറുത്തുന്നതിനു് പൂക്കൾ വേണമെങ്കിലും, സസ്യങ്ങളിൽ ചിലതു മാത്രമേ പുഷ്പിക്കുന്നവയുള്ളു. നാം സാധാരണമായി കാണുന്ന ചെടികളും മരങ്ങളും പുഷ്പിക്കുന്ന കൂട്ടത്തിലാണു്. മററു ചിലതിൽ പുഷ്പത്തിനു പകരം ഒരു മാതിരി ബീജസത്വങ്ങൾ ഉത്ഭവിക്കുകയാണു് ചെയ്യുന്നതു്. മരങ്ങളിൽ പടന്നുകാണുന്ന ഇത്തിൾക്കണ്ണി, ചുവരുകളിലും മററും കാണുന്ന പച്ച, കുളങ്ങളിലുള്ള പായൽ ഇവയെല്ലാം രണ്ടാമത്തെ വഗ്ഗത്തിൽ ചേന്നവയാണു്.

സസ്യങ്ങളെ വേണ്ടതു പോലെ ശുശ്രൂഷിക്കാഞ്ഞാൽ അവ നശിച്ചുപോകുന്നു. ശുശ്രൂഷിക്കുംതോറും അവ വളരുമെന്നുള്ളതു നമുക്ക് ദൃഷ്ടാന്തമാണല്ലൊ. ഇങ്ങനെ വളരുന്നതു് ആഹാരം നിമിത്തമാണു്. അവയ്ക്കു വേണ്ട ആഹാരം ഭൂമിയിലും വായുവിലുംനിന്നാണു് അവ സംഗ്രഹിക്കുന്നതു്. ഭൂമിയിൽനിന്നും വേണ്ടതു വേരുകൾ വഴിയും, വായുവിൽനിന്നും വേണ്ടതു് ഇലകളിലുള്ള സൂക്ഷ്മസുഷിരങ്ങൾ വഴിയും ശേഖരിക്കുന്നു. ഈ ആഹാരഗ്രഹണത്തിനുള്ള പ്രതിബന്ധങ്ങളെ മാററുകയും സൗകൎയ്യങ്ങളെ വദ്ധി-

പ്പിക്കുകയും ചെയ്യുന്നതിനാണ് ചെടികളെ ശുശ്രൂഷിക്കുക എന്നു പറയുന്നത്.

ഭൂമിയിലുണ്ടാകുന്ന മറ്റു വസ്തുക്കളാണല്ലോ കല്ലുകളും ലോഹങ്ങളും. ഇവയും സസ്യങ്ങളും തമ്മിലുള്ള വ്യത്യാസം എന്താണ്? ലോഹങ്ങൾക്കു ചെടികളെപ്പോലെ വളൎച്ചയില്ല. അതുകൊണ്ടു അവയ്ക്കു ആഹാരത്തിന്റെ ആവശ്യവും ഇല്ല. സസ്യാദികൾക്കു ആഹാരംകൊണ്ടു വളരുന്ന മറ്റു ജീവികളെപ്പോലെ പല മാതിരി ജോലികളും നിൎവ്വഹിക്കാനുള്ള പ്രത്യേക അവയവങ്ങളുണ്ടു. ലോഹങ്ങൾക്കു അങ്ങനെ ഉള്ള അവയവങ്ങൾ ഇല്ല. ഒരു കഷണം ഇരുമ്പോ ചെമ്പോ എടുത്തു പൊട്ടിച്ചുനോക്കിയാൽ അതിന്റെ ഭാഗങ്ങൾക്കു തമ്മിൽ ഒന്നിനൊന്നു യാതൊരു വ്യത്യാസവും കാണുകയില്ല. ലോഹങ്ങൾ, നാം കുഴിച്ചെടുക്കുകയാണല്ലോ ചെയ്യുന്നത്. അവ മുഴുവനും തറയ്ക്കു താഴെയാണ് കിടക്കുന്നത്. സസ്യങ്ങളിൽ ഒരു ഭാഗം മാത്രമേ മണ്ണിനടിയിൽ പൂണ്ടുകിടക്കുന്നുള്ളൂ.

---

പാഠം ൰൩.

## ദീപസ്തംഭം.

ജലമാൎഗ്ഗങ്ങളിൽ കൂടിയുള്ള സഞ്ചാരം വള്ളങ്ങൾ ബോട്ടുകൾ കപ്പലുകൾ മുതലായ വാഹനങ്ങൾകൊണ്ടു സാധിക്കുന്നു. ഈ വക വാഹനങ്ങൾക്കു അണിയം, അമരം എന്നു രണ്ടു ഭാഗങ്ങൾ ഉള്ളതിൽ പൃഷ്ഠഭാഗമായ അമരത്തിനു പ്രാധാന്യം കൂടുതലുണ്ടു. അമരത്തിൽ ഇരിക്കുന്നവനെ അമരക്കാരൻ എന്നു പറയുന്നു. ഇവനാകുന്നു ഈ വാഹനങ്ങളുടെ ഗതിയെ നിയന്ത്രണം ചെയ്യുന്നത്. നമ്പ്,

പങ്കായം, കഴക്കോൽ, പുക്കാൻ തുടങ്ങിയുള്ള ഉപകരണ-
ങ്ങൾകൊണ്ടു്, പൂൎവ്വഭാഗമായ അണിയത്തെ ഉദ്ദിഷ്ടദിക്കിന്നു
നേൎക്കു തിരിച്ചു നിറുത്തി ഈ അമരക്കാരൻ വാഹനത്തെ
ഓടിക്കുന്നു. അമരം പിഴച്ചാൽ അണിയം (തല) തെറ്റു-
കയും അതുനിമിത്തം ഉദ്ദേശിച്ച ദിക്കിൽ വാഹനം അടു-
ക്കാതെയാവുകയും ചെയ്യും.

ചെറിയ നദികളും കായലുകളും അധികം വൈഷമ്യം
കൂടാതെ തരണംചെയ്യാവുന്നതാണു്. എന്നാൽ കടന്നു
പോകേണ്ട മാൎഗ്ഗത്തിന്നു വളരെ ദൈൎഘ്യവും, വിസ്താരവും,
വളവുതിരിവുകളും കൂടുന്നതായാൽ വാഹനങ്ങളെ നേൎവ-
ഴിക്കു നയിച്ചുകൊണ്ടുപോകുന്നതിന്നുള്ള ദുഘടങ്ങളും വൎദ്ധി-
ച്ചിരിക്കും. നേൎവഴി കാട്ടുന്നതിന്നും, വലിയ പാറക്കെട്ടുകൾ
നിറഞ്ഞിരിക്കുന്ന അപായവഴികളെ തിരിച്ചറിയിക്കുന്ന-
തിന്നുമായി ജലമാൎഗ്ഗത്തിന്റെ ഓരോ ഘട്ടത്തിലും ദീപസ്തം-
ഭങ്ങൾ സ്ഥാപിച്ചിരിക്കും.


ചെറുതരം വിളക്കുമരങ്ങളും അവയുടെ ഉപയോഗവും
നമ്മുടെ സംസ്ഥാനത്തുള്ള ജലമാൎഗ്ഗങ്ങളിൽ കൂടി സഞ്ചരി-
ച്ചിട്ടുള്ളവൎക്കു നിശ്ചയമുണ്ടായിരിക്കും. കായലിലോ വലു-
തായ നദിയിലോ കൂടി യാത്രചെയ്യുമ്പോൾ കാറ്റും കോളും
ഇരുട്ടും നിറഞ്ഞ രാത്രിയിൽ, തിരിഞ്ഞുപോകേണ്ട സ്ഥലം
നിശ്ചയമില്ലാതെ വളരെ പഴക്കവും തഴക്കവുമുള്ള അമര-
ക്കാരന്മാൎക്കു കൂടി മാൎഗ്ഗഭ്രമം ഉണ്ടാകുന്നതാണു്. ചില-
പ്പോൾ വഴിതെറ്റിയാൽ വഞ്ചികൾ അഴിമുഖങ്ങളിലേയ്ക്കു
തിരിഞ്ഞു് വലിയ അപകടത്തിൽ അകപ്പെട്ടുപോകുമാ-
റുണ്ടു്. കായലുകളിൽനിന്നു തോടുകളിലേയ്ക്കു തിരിയേണ്ട
സ്ഥലങ്ങളിൽ തോട്ടുമുഖം എവിടെ ആണെന്നറിയാതെ
അമരക്കാർ വിഷമിച്ചുപോകാവുന്നതാണു്. ഈ വിധമായ
വൈഷമ്യങ്ങളുടെ നിവൃത്തിക്കായി തോടുകളുടെ ആരംഭ-

ത്തിലും, കായലുകളുടെ കോടികളിലും നദികളുടെ വളവുകളിലും വിളക്കുമരങ്ങൾ സ്ഥാപിച്ചിട്ടുള്ളതു കാണാം.

ഈ വിളക്കുകളെ ഗവമ്മെണ്ടു സ്ഥാപനങ്ങളിൽ ഉൾപ്പെടുത്തി ഇൻജിനീയർഡിപ്പാട്ടുമെണ്ടുകാർ ഭരിക്കുന്നു. ഇതു സൂക്ഷിക്കുന്നതിനു വിളക്കുവെയ്പുകാരുണ്ടു. അവർ ദിവസം പ്രതി അസ്തമയസമയത്ത് ഇവയെ കത്തിക്കുന്നു. അടുത്ത ദിവസം പ്രഭാതമാകുന്നതുവരെ കത്തിനില്പാൻ ആവശ്യമുള്ള എണ്ണ വിളക്കുകളിൽ ഒഴിച്ചിരിക്കണം. ഈ വിളക്കുകൾ ൫൦-ം, ൨൦-ം അടി പൊക്കമുള്ള സ്തംഭങ്ങളിലാണു തൂക്കിയിരിക്കുന്നത്. ചില സ്ഥലങ്ങളിൽ കല്ലുകൊണ്ടു കിളത്തിക്കെട്ടിയ ഗോപുരങ്ങളുടെ മുകളിലും വിളക്കു സ്ഥാപിച്ചിരിക്കുന്നതു കാണാം. മരസ്തംഭങ്ങളുടെ അഗ്രഭാഗത്തു് ഒരു ചെറിയ കോലോ കമ്പിയോ ഒരു വശത്തോട്ടു ഉറപ്പിച്ചു് അതിൽ കപ്പിയും (കമ്പി) കയറും ഇട്ടു് അതിന്റെ തുമ്പുകളിൽ വിളക്കു കെട്ടിത്തൂക്കിയിരിക്കുന്നു. ഈ സംപ്രദായംകൊണ്ടു് സ്തംഭങ്ങളിൽ കയറാതെ തന്നെ കപ്പിവഴി വിളക്കുകൾ ഇറക്കി തുടച്ചു നന്നാക്കി എണ്ണ ഒഴിച്ചു കത്തിക്കുന്നതിനും മുകളിലേക്കു വലിച്ചു കയററി ഉറപ്പിച്ചു കെട്ടി നിറുത്തുന്നതിനും സാധിക്കുന്നു.

ഇനി കപ്പൽമാൎഗ്ഗം സഞ്ചരിക്കുന്നവരുടെ ഉപയോഗത്തിനായുള്ള ദീപസ്തംഭങ്ങളെപ്പററി അല്പം വിവരിക്കാം:— കപ്പലുകൾ രാപ്പകൽ വ്യത്യാസം കൂടാതെ ഓടിക്കൊണ്ടിരിക്കുന്നു. മറുകര കാണ്മാൻ വഹിയാതെ ബഹുദൂരം വ്യാപിച്ചുകിടക്കുന്ന ജലരാശിയിൽ കൂടി സഞ്ചരിക്കുമ്പോൾ തീരങ്ങളിലുള്ള ഉന്നതഗിരികൾ കുന്നുകൾ സൗധങ്ങൾ കൊടിമരങ്ങൾ എന്നിവ ദേശത്തിന്റെയും മാൎഗ്ഗത്തിന്റെയും ലക്ഷ്യങ്ങളായി ഉപയോഗപ്പെടുന്നു. ഈ ലക്ഷ്യങ്ങൾ, നേരായുള്ള കപ്പൽചാലുകളും ഒഴിച്ചു് ഓടിക്കേണ്ട ദുൎഘടസ്ഥ-


ലങ്ങളും നിൎണ്ണയംചെയ്യുന്നതിനു സഹായിക്കുന്നു. ദൂരയാത്ര-
യ്ക്കുദ്ദേശിച്ചു് അനേകം ജനങ്ങളേയും ചരക്കുകളേയും കയ-



റ്റത്തക്കവണ്ണം അനവധി ധനം ചിലവുചെയ്തുണ്ടാക്കുന്ന
വലിയ കപ്പലുകളിൽ മാൎഗ്ഗനിൎണ്ണയം മുതലായതു ചെയ്യുന്ന-
തിനുപകരിക്കുന്ന സാമഗ്രികളും കരുതിയിരിക്കും. എങ്കിലും,
രാത്രികാലങ്ങളിലും വിശേഷിച്ചു് ഇരുട്ടിലും കോൾ ഇളകി
കൊടുങ്കാറ്റു മുറുകിയിരിക്കുന്ന സമയത്തും അവർ കരുതി-
യിരിക്കുന്ന ഉപകരണങ്ങൾ ഒരു വേള ഫലശൂന്യങ്ങളായി
ത്തീൎന്നുപോയേക്കാം. ഒരു കപ്പലിൽ തന്നെ അനവധി
ജനങ്ങളും ചരക്കുകളും ഉണ്ടായിരിക്കും. ഇവയ്ക്കെല്ലാം അ-
പായം നേരിട്ടാൽ ഉണ്ടാകുന്ന വലിയ നഷ്ടം വിചാരിച്ചു്,
ഓരോ ഗവൎമ്മെണ്ടുകാർ വളരെ ചിലവുചെയ്തും പ്രയത്ന-

പ്പെട്ടും അത്ഭുതകരങ്ങളായ ദീപസ്തംഭങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്. ഈ വിളക്കുമരങ്ങൾ തുറമുഖങ്ങളുടെ സ്ഥാനം സൂചിപ്പിക്കാനും, കപ്പൽക്കാൎക്കു ഉപയോഗപ്പെടുന്നു.

സമുദ്രതീരങ്ങളിൽ അവിടവിടെ വലിയ അഗ്നികുണ്ഡങ്ങൾ ജ്വലിപ്പിച്ചു് പ്രാചീനകാലങ്ങളിൽ ദീപസ്തംഭങ്ങളുടെ ആവശ്യം നിറവേററിവന്നു. അനന്തരകാലങ്ങളിൽ ഉയൎന്ന തിട്ടകൾ കെട്ടി അതുകളിന്മേൽ സ്തംഭങ്ങൾ പ്രതിഷ്ഠിച്ചുവന്നു. പരിഷ്കാരാഗമനത്തോടുകൂടി പുത്തൻമാതിരിയിലുള്ള സ്തംഭങ്ങളും വിളക്കുകളും നടപ്പിൽ വന്നു.



ഇഷ്ടിക, കരിങ്കല്ലു്, ഇരിമ്പു്, ഒഴക്കറ എന്നിങ്ങനെയുള്ള സാധനങ്ങൾകൊണ്ടു് കെട്ടിപ്പൊക്കിയിട്ടുള്ള ഉന്നതങ്ങളായ ഗോപുരങ്ങളാണു് പരിഷ്കൃതദീപസ്തംഭങ്ങൾ. ഇവയെല്ലാം ഒരേ ആകൃതിയിൽ പണിചെയ്തിട്ടുള്ളവയല്ല. ചുവട്ടിൽ ആൽത്തറകളുടെ മാതിരിയിൽ ഒരു തിട്ടയും, അതിന്റെ മദ്ധ്യേ കൊമ്പുകളില്ലാത്ത വൃക്ഷംപോലെ തടിച്ചു നീണ്ട ഒരു ഗോപുരവും, അതിന്റെ മുകളിലായി ഗോപുരത്തിന്റെ തോതിൽനിന്നും അല്പം വിസ്താരം കൂടിയ ഒരു മണ്ഡപവും, അതിൽ ദീപം നിറുത്താനുള്ള പീഠവും ആയിട്ടാണു് പുതിയമാതിരിയിലുള്ള ദീപസ്തംഭങ്ങൾ പണിതിരിക്കുന്നതു്. ഇതിന്റെ ചുവട്ടിൽ ആൽത്തറപോലുള്ള ഭാഗത്തിൽ അകത്തുള്ള മുറികളിലാകുന്നു ദീപസ്തംഭംവക വിചാരിപ്പുകാരന്റെ ഇരിപ്പും, വിളക്ക

വയ്ക്കാൻ ആവശ്യമുള്ള സാമാനങ്ങൾ സൂക്ഷിക്കുന്നതും. ഈ മുറികളുടെ മദ്ധ്യഭാഗത്തുനിന്നും ശംഖുപിരിയുടെ രൂപത്തിൽ ഒരു ഏണിപ്പടി, മുൻവിവരിച്ച സ്തംഭത്തിന്റെ അന്തർഭാഗത്തുകൂടി മേല്പോട്ടുയൎന്നു് സ്തൂപികാകൃതിയിലുള്ള മണ്ഡപത്തിൽ ചെന്നു ചേരുന്നു. ഈ മണ്ഡപമാകുന്നു ദീപകൂടം. ഈ ദീപകൂടത്തിൽ പല വിധത്തിലുള്ള റാന്തലുകൾ തൂക്കിയിരിക്കും. ചില വിളക്കുകൾ ഊൎദ്ധ്വശിഖങ്ങളായും സ്ഥിരമായും പ്രകാശിക്കുന്നു. മറ്റു ചിലതിൽ കടച്ചക്രംപോലെ ചുറ്റുന്ന അനവധി വിളക്കുകൾ സദാ ചുററിക്കറങ്ങുന്നു. ചില വിളക്കുകൾ ഇങ്ങനെ ചുററിവരുന്നതിനിടയിൽ ഒരു ക്ലുപ്തസമയം മാത്രം പ്രകാശിച്ചു് മറഞ്ഞു്, വീണ്ടും പ്രത്യക്ഷമാകുന്നു. ഭ്രമണം ചെയ്യുന്ന വിളക്കുകളും, എല്ലാം ഒരേ വേഗത്തിൽ തിരിയുന്നില്ല. ദീപശിഖകൾ നാനാവൎണ്ണത്തിൽ പ്രകാശിക്കത്തക്കവണ്ണം, പല നിറത്തിലുള്ള കണ്ണാടികൾ റാന്തലുകളിൽ ഉപയോഗിച്ചിരിക്കും. ഇങ്ങനെ ഓരോ വ്യത്യാസങ്ങൾകൊണ്ടു്, ഓരോ ദീപസ്തംഭവും കണ്ടാൽ കപ്പൽക്കാൎക്കു് അതു് ഏതു തുറമുഖത്തുള്ളതെന്നോ, അപായസങ്കേതത്തെ കാണിക്കുന്നതു എന്നോ തിരിച്ചറിയാവുന്നതാണ്.

ഈ വിളക്കുകളുടെ പ്രകാശം, സമുദ്രത്തിൽ കൂടി സാധാരണ പോകുന്ന കപ്പൽമാൎഗ്ഗത്തോളം തെളിഞ്ഞു കാണാവുന്നതാണ്. ഈ ദീപങ്ങൾ അതി പ്രകാശമായി ദൂരത്തു കാണത്തക്കവണ്ണം പ്രതിഫലനശക്തിയുള്ള കണ്ണാടികൾ ഈ വിളക്കുകളിലെ റാന്തലുകളിൽ സംഘടിപ്പിച്ചിരിക്കും.

ദീപസ്തംഭങ്ങളിലെ വിളക്കുകൾ, മണ്ണെണ്ണ, വിദ്യുച്ഛക്തി, വാതകങ്ങൾ എന്നിവകൊണ്ടാണ് കത്തുന്നതു്. അറുപതും, എണ്പതും, നൂറും അടി പൊക്കമുള്ള ഗോപുരങ്ങളിൽ പ്രകാശിക്കുന്ന ഈ വിളക്കുകൾ, ദീപയന്ത്രങ്ങളുടെ ശക്തിയും

ഉത്തേജനോപയോഗിയായ ദ്രവദ്രവ്യത്തിന്റെ മഹിമയും അനുസരിച്ച് ൨൦-൦, ൩൦-൦ അതിലധികവും നാഴിക ദൂരമുള്ള സമതലങ്ങളിൽ കൂടി സഞ്ചരിക്കുന്നവൎക്കു കാണ്മാൻ കഴിയുന്നു.

ദീപസ്തംഭങ്ങൾ പണിചെയ്യുന്നതു തങ്കശ്ശേരി, കുളച്ചൽ മുതലായ സ്ഥലങ്ങളെപ്പോലെ സമുദ്രത്തിൽ തള്ളിനില്ക്കുന്ന മുനമ്പുകളിലും, ദ്വീപുകൾ പോലെ ഉയൎന്നു നില്ക്കുന്ന പാറക്കൂട്ടങ്ങളിലും മണൽത്തിട്ടകളിലും ആകുന്നു. ഇപ്രകാരം സൗകൎയ്യാവഹങ്ങളായ സ്ഥാനങ്ങൾ ഇല്ലാതിരുന്നാലും എല്ലാ പ്രധാന തുറമുഖങ്ങളിലും ദീപസ്തംഭങ്ങൾ ഉണ്ടായിരിക്കും. തിരുവിതാംകൂറിൽ ആലപ്പുഴതുറമുഖത്തുള്ള ദീപസ്തംഭം ഇപ്രകാരം ഒരു കൃത്രിമസ്ഥാനത്തു നിൎമ്മിച്ചിട്ടുള്ളതാണ്.

---

പാഠം ൧൮.

## ഭീഷ്മർ.

ധൎമ്മം ഉപദേശിക്കുന്ന സംഹിതകളാകുന്നു പുരാണങ്ങൾ. അതുകളിലെ അവതാരപുരുഷന്മാരെ മനുഷ്യപങ്ക്തികളിൽ കണക്കു കൂട്ടുന്നതു വിഹിതമല്ലായിരിക്കാം. അവരെ ഒഴിച്ചുകളഞ്ഞാലും അവരോളവും അവരിൽ അധികവും ലോകദൃഷ്ടിക്കു ഗുണപൂൎണ്ണന്മാരായ കഥാപാത്രങ്ങൾ അതുകളിൽ ഉണ്ട്. ഇങ്ങനെയുള്ള പാത്രങ്ങളിൽ വെച്ച് പ്രഥമഗണനീയനാണ് വിരക്തനും വീരകേസരിയുമായ ഭീഷ്മർ.

ഇപ്പോൾ ബ്രിട്ടീഷ് ഇൻഡ്യാസാമ്രാജ്യത്തിന്റെ തലസ്ഥാനമായിരിക്കുന്ന ഡൽഹിപട്ടണത്തിനു സമീപം ഹസ്തിനപുരം എന്നൊരു രാജധാനിയുണ്ടായിരുന്നു. ഇവിടെ പുരൂരവസ്സമഹാരാജാവിന്റെ അനന്തരഗാമികളായി 'പൗരവന്മാർ' എന്ന ചന്ദ്രവംശരാജാക്കന്മാർ വാണിരുന്നു. ആ

പാരമ്പരയിൽ ശന്തനു എന്ന ഒരു മഹാരാജാവും അദ്ദേഹത്തിന് അമാനുഷഗുണങ്ങളോടുകൂടിയ ഒരു ഭാര്യയും ഉണ്ടായി. ഇവരുടെ ദാമ്പത്യഫലമായിട്ടുണ്ടായ സന്താനമാണ് ഭീഷ്മർ.

ഈ ദമ്പതികളുടെ സംവരണകഥയും രസമുള്ളതാണ്, ദേവാംശജയായ ആ തരുണിയെ പരിഗ്രഹിക്കുന്നതിനു ശന്തനു ആഗ്രഹിച്ചപ്പോൾ "അപ്രിയം പറയുംനാൾ അപ്പോഴേ പോകുവെൻ ഞാൻ" എന്നുള്ള തന്റെ സമയത്തെ പറഞ്ഞു. "അപ്രിയം പറയുന്നീലെപ്പോഴും മടിയാതെ മൽപ്രിയം വരുത്തുക" എന്നു തന്റെ പൗരുഷത്തിനു ഭംഗം കൂടാതെ ശന്തനു മറുപടി പറഞ്ഞു പാണിഗ്രഹണം ചെയ്തു.

ഇങ്ങനെ സംഘടിതമായ വിവാഹത്താൽ ഉണ്ടായി, ജീവഹാനി വരാതെ ശേഷിച്ച പുത്രനാകുന്നു ഭീഷ്മർ. "അർക്കനു സമമായ തേജസ്സ്"കൊണ്ടു പിതാവിന്റെ പ്രിയത്തെ സവിശേഷം ആകർഷിച്ച ഈ കുമാരൻ ധനുർവേദത്തിലും മറ്റും അതിവിദഗ്ദ്ധനായിത്തീർന്നു. അനന്തരം ഒരുകാലത്തു ശന്തനു യമുനാതീരത്തിൽ വേട്ടയാടിനടക്കുമ്പോൾ സുഗന്ധശരീരിണിയായ ഒരു സുന്ദരിയെ കണ്ടുകൂടി. ആ കന്യകയിൽ മഹാരാജാവിന് അനുരാഗം തോന്നുകയാൽ, അവളെ തനിക്കു ഭാര്യയായി നൽകണമെന്ന് അവളുടെ രക്ഷാകർത്താവിനോടപേക്ഷിച്ചപ്പോൾ "എന്നുടെ മകൾ പെറ്റുണ്ടാകുന്ന തനയനെ മന്നവനാക്കി വാഴിച്ചീടാമെന്നൊരു" സത്യം ചെയ്തുതന്നാൽ ഇന്നു തന്നെ കന്യകയെ തരാം എന്ന് അയാൾ പറഞ്ഞു. തന്റെ ജീവനിലും അധികമായി സ്നേഹിച്ചിരുന്ന കുമാരനായ ഭീഷ്മർക്കുള്ള സിംഹാസനാവകാശത്തെ നഷ്ടമാക്കി മറെറാരു കുമാരന് അതിനെ വാഗ്ദാനം ചെയ്യുക എന്നതു് ആലോചിക്കാൻപോലും ശന്തനു

ശക്തനായില്ല. അതുകൊണ്ടു് അദ്ദേഹം തന്റെ രാജധാനിയിൽ തിരിച്ചുപോന്നു. എന്നാൽ രാജ്യകാൎയ്യക്ലേശങ്ങൾക്കിടയിലും, അദ്ദേഹത്തിന്റെ മനസ്സ് 'സത്യവതി' എന്നു പേരായ ആ കന്യകയിൽ തന്നെ പതിഞ്ഞു്, മുഖം എപ്പോഴും ക്ലാന്തമായിരുന്നു. അതിനാൽ, മഹാരാജാവു് ഏന്തോ രോഗം പിടിപെട്ട് അവശനായിരിക്കുന്നു എന്ന് സ്വജനങ്ങളും പ്രജകളും ശങ്കിച്ചുതുടങ്ങി. ബുദ്ധിമാനായ ഭീഷ്മർ ക്ഷണത്തിൽ പരമാൎത്ഥം ആരാഞ്ഞറിഞ്ഞു. താൻ സിംഹാസനകാംക്ഷയെ കൈവിട്ടു സന്യസിച്ചിരിക്കുന്നു എന്നും, അതുകൊണ്ടു് അച്ഛന്റെ മനോരഥത്തെ പൂൎത്തിവരുത്തണമെന്നും, അദ്ദേഹം തന്നെ കന്യാരക്ഷകനെച്ചെന്നു കണ്ടു് അപേക്ഷിച്ചു. രക്ഷകന്റെ അനുമതിയോടുകൂടി ഉടൻ തന്നെ ഭീഷ്മർ സത്യവതിയെ തന്റെ മാതാവായി രഥത്തിൽ കയററി പിതാവിന്റെ മുമ്പിൽ കൊണ്ടുവന്നു കാഴ്ചവെച്ചു. സകലസുഖസമ്പൂൎണ്ണമായി സകല രാജപദവികളോടുകൂടിയ കിരീടാവകാശത്തെ, പിതാവിന്റെ സുഖപരിപൂൎത്തി ഒന്നുമാത്രം ഉദ്ദേശിച്ചു്, യാതൊരു ആലോചനയും കൂടാതെ ഉടനടി ഉപേക്ഷിക്കയും മേൽ ശങ്കാലേശത്തിനുപോലും വകകൊടുക്കാതെ സ്വയം സന്യാസം സ്വീകരിക്കുകയും ചെയ്ത കുമാരനായ ഭീഷ്മരുടെ ദൃഢനിശ്ചയമോ പിതൃഭക്തിയോ വിരക്തിയോ ഏതാണ് മഹത്തമമെന്നുള്ളതു് അപരിച്ഛേദ്യമാകുന്നു. എന്നാൽ ഇപ്രകാരം ഉചിതജ്ഞനും ഉത്തമനുമായ പുത്രനെ ലഭിച്ച ശന്തനുവിന്റെ ഭാഗ്യം ഇതിലും ഉപരിയായി കരുതാവുന്നതാണ്.

ശന്തനുമഹാരാജാവിനു സത്യവതിയിൽ ചിത്രാംഗദൻ എന്നും വിചിത്രവീൎയ്യൻ എന്നും രണ്ടു പുത്രന്മാരുണ്ടായി. അവൎക്കു പ്രായം തികയുന്നതിനു മുമ്പിൽ തന്നെ ശന്തനു കാലധൎമ്മം പ്രാപിച്ചു. അനന്തരം ഭീഷ്മർ ചിത്രാംഗദനെ

പട്ടം കെട്ടിച്ചു, എങ്കിലും "ചിത്രാംഗദൻ" എന്ന പേരായ് ഒരു ഗന്ധർവൻ നാമസാമ്യംകൊണ്ടു വൈരിയായിത്തീൎന്നു ചിത്രാംഗദരാജകുമാരനെ ഭീഷ്മർ ഹസ്തിനപുരത്തിൽ ഇല്ലാതിരുന്ന സമയം നോക്കി അവിടെ ചെന്ന് യുദ്ധത്തിൽ നിഗ്രഹിച്ചു. ഭീഷ്മർ മടങ്ങിവന്ന് അനുജനായ വിചിത്രവീൎയ്യനെ രാജാവാക്കി വാഴിച്ചു.

അക്കാലത്ത് കാശിരാജാവിന്റെ മൂന്നു പുത്രികൾക്കു സ്വയംവരം നടക്കുന്നതായി കേട്ട് ഭീഷ്മർ അവിടെ എത്തി. സ്വയംവരകാംക്ഷയോടു കൂടി അവിടെ കൂടിയിരുന്ന രാജാക്കന്മാരെ എല്ലാം യുദ്ധത്തിൽ തോല്പിച്ചു് ആ കന്യകമാരെയുംകൊണ്ടു് ഹസ്തിനപുരത്തേയ്ക്കു പോന്നു. അതിൽ രണ്ടുപേർ വിചിത്രവീൎയ്യനുമായുള്ള വിവാഹം സമ്മതിക്കുകയാൽ അവരെ വിചിത്രവീൎയ്യനെക്കൊണ്ടു വിവാഹം ചെയ്യിച്ചു. മൂത്തവളായ അംബ എന്ന രാജകന്യക തനിക്കു വേറേ കമിതാവുണ്ടെന്നു പറയുകയാൽ അവൾക്കു ഹിതമുള്ള പുരുഷനെ വരിച്ചുകൊള്ളുന്നതിനായി ഭീഷ്മർ വിട്ടയച്ചു.

വിവാഹാനന്തരം അധികതാമസം കൂടാതെ 'രാജയക്ഷ്മാവു്' എന്ന രോഗത്താൽ ബാധിതനായ വിചിത്രവീൎയ്യനും കാലഗതി പ്രാപിച്ചു. അടുത്ത കിരീടാവകാശികൾ ധൃതരാഷ്ട്രർ എന്നും പാണ്ഡു എന്നും പേരായ രണ്ടു രാജകുമാരന്മാരായിരുന്നു. അതിൽ ധൃതരാഷ്ട്രർ ഗാന്ധാരിയെയും, പാണ്ഡു കുന്തി, മാദ്രി എന്ന രണ്ടു രാജകന്യകകളേയും വേട്ടു. ധൃതരാഷ്ട്രൎക്കു ദുൎയ്യോധനൻ, ദുശ്ശാസനൻ എന്നുതുടങ്ങി നൂറു പുത്രന്മാരും, പാണ്ഡുവിന്ന് യുധിഷ്ഠിരൻ, ഭീമൻ, അൎജ്ജുനൻ, നകുലൻ, സഹദേവൻ എന്ന് അഞ്ചു മക്കളും ഉണ്ടായി. ധൃതരാഷ്ട്രർ അന്ധനായിത്തീരുകയും പാണ്ഡു മരിച്ചുപോകുകയും ചെയ്കതിനാൽ രാജ്യഭാരാവകാശത്തിന്നു

മത്സരമുണ്ടായി. ധർമ്മപുത്രർ ജ്യേഷ്ഠനായിരുന്നിട്ടും ദുര്യോധനൻ അന്യായമായി രാജസ്ഥാനത്തെ ആഗ്രഹിച്ചു; അതു നിമിത്തം രാജകുടുംബത്തിൽ അന്തശ്ഛിദ്രങ്ങൾ വർദ്ധിച്ചു. രാജ്യാവകാശലോലുപന്മാരും ദുരഭിമാനികളുമായ ദുര്യോധനാദികൾ പലേ ദുഷ്കൃത്യങ്ങളും ചെയ്തുതുടങ്ങി. സത്യസന്ധന്മാരായ പാണ്ഡവന്മാരെ കൗരവന്മാർ കള്ളച്ചൂതിൽ തോല്പിച്ച് പന്ത്രണ്ടു വർഷം വനവാസവും ഒരു വർഷം അജ്ഞാതവാസവും അനുഷ്ഠിക്കുമാറ് രാജ്യഭ്രഷ്ടരാക്കി. ഭീഷ്മർ ഈ അക്രമങ്ങൾ കണ്ടു പരിതപിച്ചു. അദ്ദേഹത്തിന്റെ ശാസനകൾകൊണ്ടു ദുർബ്ബുദ്ധിയായ ദുര്യോധനനെ ധർമ്മമാർഗ്ഗത്തിൽ കൊണ്ടുവരാൻ സാധിച്ചില്ല. ധൃതരാഷ്ട്രരുടെ അന്ധതയിലുള്ള അനുകമ്പകൊണ്ടും അദ്ദേഹത്തിന്റേയും, ഭൂതദയകൊണ്ടു രാജ്യവാസികളുടേയും, രക്ഷയ്ക്കു വേണ്ടി ഭീഷ്മർ ഹസ്തിനപുരത്തിൽ തന്നെ പാർത്തു.

ദുര്യോധനാദികളുടേയും അഹങ്കാരശീലന്മാരായ അവരുടെ ദുരുപദേശികളുടേയും ദുർന്നയങ്ങൾ നാൾക്കുനാൾ വർദ്ധിച്ചു തന്നെ വന്നു. എന്നാൽ ഇതിനിടയ്ക്കു പാണ്ഡവന്മാർക്കു ശക്തനായുള്ള ഒരു ബന്ധു ലഭിച്ചു. അജ്ഞാതവാസം കഴിഞ്ഞപ്പോൾ സമാധാനകാംക്ഷയോടുകൂടി പാണ്ഡവന്മാർ ഈ പരമബന്ധുവായ ശ്രീകൃഷ്ണനെ സന്ധി സംസാരിക്കുന്നതിനായി ദുര്യോധനന്റെ അടുക്കൽ അയച്ചു. ഭീഷ്മർ, ധൃതരാഷ്ട്രർ, ദ്രോണർ, കൃപർ, ശല്യർ, വിദുരർ, ശകുനി തുടങ്ങിയ ഗംഭീരപുരുഷന്മാർ നിറഞ്ഞിരിക്കുന്ന സദസ്സിൽ ശ്രീകൃഷ്ണൻ പ്രവേശിച്ച് പാണ്ഡവന്മാർക്കു വേണ്ടി സന്ധി പറഞ്ഞുതുടങ്ങി. മുറപ്രകാരം രാജ്യാവകാശികളായ പാണ്ഡവന്മാർക്കു മുഴുവൻ രാജ്യം, അല്ലെങ്കിൽ പകുതി രാജ്യം, അല്ലെങ്കിൽ അഞ്ചു ദേശം, അതുമില്ലെങ്കിൽ ഒരു ദേശം, അതിനും മനസ്സില്ലെങ്കിൽ അഞ്ചു ഗൃഹം, ഒന്നുമെ

മനസ്സില്ലെങ്കിൽ അഞ്ചുപേക്കും കൂടി ഒരു ഗൃഹം, ഇങ്ങനെ ക്രമേണ ചുരുക്കിച്ചുരുക്കി അപേക്ഷിച്ചിട്ടും,

"സൂചകനായ നിന്റെ വാക്കുകൾ കേൾക്കുംതോറും
സൂചിതന്മുനകൊണ്ടു കുത്തുവാനുള്ള നിലം
കൊടുക്കും ഞാനെന്നതു നിനച്ചീടേണ്ടയേതും"

എന്നു കാലചോദിതനായ ദുര്യോധനൻ മദാന്ധനായി പറഞ്ഞു് ശ്രീകൃഷ്ണന്റെ അപേക്ഷകളെ നിരസിച്ചുകളഞ്ഞു. ഇതിന്റെ ശേഷം ഉണ്ടായ ന്യായവാദത്തിൽ കോപാക്രാന്തനായി വിവേകശൂന്യനായ ദുര്യോധനൻ

"പാശമൻപൊടു കൊണ്ടുവാ യദുപാശനേയിഹ കെട്ടുവാൻ
നാശമങ്ങിതറിഞ്ഞു പാണ്ഡവരാശ്രുവന്നിതഴിയ്ക്കണം."

എന്നു ഗജ്ജിച്ചുകൊണ്ടു് ദൂതന്മാരിൽ അനുഷ്ഠിക്കേണ്ടുന്ന രാജധമ്മവും മറന്നു് ശ്രീകൃഷ്ണനെ പിടിച്ചു കെട്ടുന്നതിനു് ആരംഭിച്ചു. എന്നാൽ ഇങ്ങിനെയുള്ള അക്രമത്തിനു പുറപ്പെട്ടപ്പോൾത്തന്നെ

"ലോകാധിനാഥനുടെ ലോകാതിഭീതികര-
മാകാരമുഗ്രതരമേകാന്ത കാന്തിയൊടു-
മാകാശവീഥികളിലാകെ പരന്നഖില-
ലോകം നിറഞ്ഞു്" കാണുകനിമിത്തം,

ദുർബുദ്ധിയായ ദുര്യോധനനും, ദുരഹങ്കാരികളായ സഹകാരികളും ഉഗ്രമായ ആ തേജസ്സിനാൽ ഹതബോധന്മാരായിത്തീൎന്നു.

ഇതുകൊണ്ടും ധമ്മപുത്രക്കു രാജ്യലാഭം ഉണ്ടായില്ല. അനന്തരം ഇരുഭാഗക്കാരും സേനാസന്നാഹം ചെയ്തു് 'കുരുക്ഷേത്രം' എന്ന പ്രസിദ്ധമായ പോൎക്കളത്തിൽ കൂടി. ദുര്യോധനന്റെ ഭാഗത്തിൽ പതിനൊന്നും, പാണ്ഡവന്മാരുടെ ഭാഗത്തിൽ ഏഴും അക്ഷൌഹിണിവീതം പടയാളികൾ ഉണ്ടായിരുന്നു. ഇരുഭാഗക്കാരും സമാവകാശികളായ പൗ-

ത്രന്മാരായിരുന്നു എങ്കിലും, പിതാമഹനായ ഭീഷ്മക്കു സഹവാസപക്ഷപാതം നിമിത്തം ദുൎയ്യോധനന്റെ പടനായകസ്ഥാനം സ്വീകരിക്കേണ്ടിവന്നു. ഈ യുദ്ധത്തിൽ, പാണ്ഡവപക്ഷം പോരിനായി രഥാരോഹണം ചെയ്ത അൎജ്ജുനനു ശ്രീകൃഷ്ണൻ സാരഥ്യം വഹിച്ചു. പാൎത്ഥന്റെ സാരഥ്യം നിമിത്തം ലഭിച്ച 'പാൎത്ഥസാരഥി' എന്ന വിരുതുപേർ ഇന്നും ലോകപ്രസിദ്ധമാകുന്നു. ആന, കുതിര, തേർ, കാലാൾ എന്നു ഇരുഭാഗത്തും ഉള്ള ചതുരംഗവാഹിനികൾ അതിഭയങ്കരമായി ഒൻപതു ദിവസം യുദ്ധം നടത്തി. ഇതിനിടയിൽ വളരെ പടയാളികളും യോധപ്രധാനികളും മരിച്ചു. ഭീഷ്മരുടെ കയ്യിൽ ആയുധം ഇരിക്കുമ്പോൾ ആൎക്കും തന്നെ അദ്ദേഹത്തെ ജയിക്കുന്നതിനു കഴിവില്ല. ശത്രുക്കൾ പുരുഷന്മാരായിരിക്കുമ്പോൾ ഭീഷ്മർ ആയുധം വയ്ക്കുകയുമില്ല. അതുപോലെ തന്നെ പുരുഷന്മാരോടല്ലാതെ എതിൎത്തുനിന്നു പോരാടുകയില്ലെന്നു മഹാരഥനായ ഭീഷ്മക്കു ഒരു കഠിനവ്രതവുമുണ്ടായിരുന്നു. യുദ്ധം ഈവിധം വിഷമഘട്ടത്തിൽ പരിണമിക്കവേ, അടുത്ത പ്രഭാതത്തിൽ അതിപ്രകാശത്തോടുകൂടി അരുണസൂതൻ ഉദിച്ചുയൎന്നു. തേരോടുന്ന ശബ്ദങ്ങളും, ശംഖനാദങ്ങളും, ഞാണൊലികളും, മദഗജങ്ങളുടെ കൊലവിളികളും, കുതിരകളുടെ ഹേഷാരവങ്ങളും കൎണ്ണകഠോരമായി എങ്ങും മുഴങ്ങി. വെളുത്ത കുതിരകൾ പൂട്ടി ശ്രീകൃഷ്ണൻ തെളിച്ച തേരിൽ കയറി സവ്യസാചിയും സമരാങ്കണത്തിൽ എത്തി വിദ്വേഷത്തിൽ ഭീഷ്മരുടെ നേൎക്കു പാഞ്ഞെത്തു. അൎജ്ജുനന്റെ തേരിൽ പോരാളിയായി മുൻവശത്തു ശിഖണ്ഡിയെ നിറുത്തിയിരുന്നു. നപുംസകമായ ആ സത്വവുമായി യുദ്ധം ചെയ്യുന്നതല്ലെന്നു ഭീഷ്മർ ശഠിച്ചു. അന്നത്തെ യുദ്ധം അവസാനിച്ചതോടുകൂടി അദ്ദേഹം തോററു, അൎജ്ജുനൻ നിൎമ്മിച്ച ശരശയ്യയിൽ സുഖശയനം ചെയ്തു.

ഈ ശയ്യയിൽ കിടന്നുകൊണ്ടു് അദ്ദേഹം ശേഷമുള്ള യുദ്ധവും, പാണ്ഡവന്മാരുടെ പരിപൂർണ്ണജയവും കണ്ടു. യുദ്ധമെല്ലാം കഴിഞ്ഞു് ഭീഷ്മർ മരണമുഹൂർത്തം ദീക്ഷിച്ചു കിടക്കുന്ന കാലത്തു്, ശ്രീകൃഷ്ണന്റെ അപേക്ഷപ്രകാരം ഭീഷ്മർ ധർമ്മപുത്രൎക്ക് രാജനീതികളും ആത്മജ്ഞാനവും ഉപദേശിച്ചു. രണശൂരനും, രാജനീതിവിശാരദനും, സിദ്ധനും ആയ ഈ മഹാത്മാവിന്റെ ദേഹവിയോഗത്തെ എഴുത്തച്ഛൻ ഇങ്ങനെ വിവരിക്കുന്നു:—

"ഏകസ്വരൂപം മനസി ചിന്തിച്ചഥ
സ്വച്ഛന്ദമൃത്യുവായുള്ള ദേവവ്രതൻ,
സ്വച്ഛന്ദമച്യുതാംഘ്രിദ്വയപങ്കജം
നിശ്ചലസച്ചിന്മയമമൃതം പരം
സത്യമനന്തമനാദ്യമനാകുലം
സത്വം പരബ്രഹ്മസച്ചിന്മയം പരം
ആത്മാനമാത്മനാ കണ്ടുകൊണ്ടാത്മനി
സ്വാത്മാനമാശു യോഗേന ലയിപ്പിച്ചു."

ഇങ്ങനെയുള്ള അപൂർവനിർവ്വാണം അത്യന്തം പുണ്യവാന്മാൎക്കേ സിദ്ധിക്കയുള്ളൂ. യുദ്ധത്തിൽ ഏററ മുറിവുകൾ അദ്ദേഹത്തിനു വേദന ഉണ്ടാക്കിയില്ല. കൂർത്തുമൂർത്ത ശരങ്ങളിന്മേൽ ഉള്ള കിടപ്പും അദ്ദേഹത്തിന് അസ്വാസ്ഥ്യകരങ്ങളല്ലായിരുന്നു. തുറന്ന യുദ്ധഭൂമിയിലേ വാതശീതോഷ്ണങ്ങൾ അദ്ദേഹത്തെ ലേശം ബാധിച്ചില്ല. നിരാഹാരത അദ്ദേഹത്തിന്റെ ശരീരത്തെയോ ബുദ്ധിയെയോ ഒട്ടും തന്നെ മന്ദിപ്പിച്ചില്ല. മൃത്യുവദനത്തെ സ്പർശിക്കുന്ന ഘട്ടത്തിലും, ദീൎഘമായ തത്വോപദേശങ്ങൾ ചെയ്യുന്നതിനും, പരമമായ രാജയോഗപ്രയോഗംകൊണ്ടു് പരബ്രഹ്മത്തിൽ തന്റെ ആത്മാവിനെ ലയിപ്പിക്കുന്നതിനും "സ്വച്ഛന്ദമൃത്യു"വായിരുന്ന ആ മഹാത്മാവിനു ശക്യമായിരുന്നു.

പാഠം ൬൩.

## രാമായണം കഥ (രണ്ടാം ഭാഗം).

മേടിച്ചു ചൂഡാമണി, ഒടിച്ചു കല്പകവൃക്ഷം,
മുടിച്ചു കാനനമെല്ലാം പൊടിച്ചു, രാക്ഷസന്മാൎക്കി-
ട്ടിടിച്ചു, മേഘനാദൻ താൻ പിടിച്ചു മല്ക്കൂരം കെട്ടി-
പ്പിടിച്ചു രാവണൻ മുമ്പിൽ ഗമിച്ചു, രാക്ഷസൻ കണ്ടു
ചിരിച്ചു, നമ്മുടെ വാലും കരിച്ചു, വൈരികളും വ-
ന്നെടുത്തു, ഞാനുമപ്പോൾ വാലെടുത്തു മാളികയ്ക്കു തീ
കൊടുത്തു, സംഭ്രമമൊന്നു കടുത്തു, സംപ്രഹാരത്തി-
ന്നടുത്തു വന്നവൎക്കെല്ലാം കടുത്തു, ദുഷ്ടരെ നാണം
കെടുത്തു, ലങ്കയും ചുട്ടു കരിച്ചു ഭസ്മമാക്കിക്കൊ-
ണ്ടമൎത്ത്യവൈരിവൃന്ദത്തെയമൎത്തുവെച്ചു ഞാൻ പോന്നു,
സമസ്തമങ്ങറിയിച്ചു. പോരിനായി പുറപ്പെട്ടു,
പാരാതെ കപിശ്രേഷ്ഠന്മാരോടുമൊരുമിച്ചു
വീരപുംഗവൻ രാമൻ വാരിധി തടേ ചെന്നു,
ഭൂരിസേനയും താനും, പാരാതെ പടവീടുമാദരാലുറപ്പിച്ചു.

അന്നേരം വിഭീഷണൻ വന്നു രാമനെക്കണ്ടു
വന്ദിച്ചു, കപികളോടൊന്നിച്ചു വസിപ്പിച്ചു.

ഏതുമേ മടിയാതെ സേതുബന്ധനം ചെയ്തു.
യാതുക്കൾക്കൊരു ധൂമകേതുവായതും പിന്നെ,
സാധുക്കൾക്കൊരു മുക്തിഹേതുവായതും, രാമ-
സേതുവെന്നതിനിപ്പോളേതും സംശയമില്ല.

ലംഘിച്ചു സമുദ്രത്തെ ലങ്കയിലകം പുക്ക-
ശങ്കിച്ചു വരുന്നോരു ലങ്കാവാസികളെല്ലാം,
രുക്ഷതപെരുകുന്ന രാക്ഷസഭടന്മാരും,
തെല്ലും താമസിയാതെ വില്ലും കുന്തവും വാളും

കല്ലും വൃക്ഷവും കൂർത്ത പല്ലുമെന്നിവകൊണ്ടു്
കൊല്ലുന്നുണ്ടു ഞാനെന്ന ചൊല്ലും, ശണ്ഠയുമേററം-
കുത്തുകൊണ്ടോരോകൂട്ടം ചത്തും, ഘോരമായുള്ള
യുദ്ധമിങ്ങനെ കൂടി; വൃദ്ധന്മാരതിൽ ചിലർ
ഉത്തമരതിൽ ചിലരിത്ഥമായതു നേരം,
ധൂമ്രാക്ഷൻ മകരാക്ഷൻ ധൂപാക്ഷൻ പൃഥുകായൻ
താമ്രാക്ഷൻ വിരൂപാക്ഷൻ ശോണിതാക്ഷനും പിന്നെ—

കുംഭൻ നികുംഭനകമ്പനെന്നുള്ളോരു
വമ്പട മുമ്പാം നിലിമ്പാരിവൃന്ദവും,
കുംഭിനാദൻ മേഘനാദനുമെന്നുള്ള
കുംഭീന്ദ്രവിക്രമന്മാരായ വൈരികൾ
സംപ്രഹാരാന്തെ മരിച്ചു ദിവം പുക്കു,
സംഭ്രമത്തോടെ പുറപ്പെട്ടു രാവണൻ.
രാവണകണ്ഠങ്ങൾ പത്തു കണകൊണ്ടു
രാഘവൻ കണ്ടിച്ചു കണ്ടിച്ചു, പിന്നെയും
കുണ്ഠതയെന്നിയേ വന്നടുക്കും ദശ-
കണ്ഠനെ ബ്രഹ്മാസ്ത്രമാകുന്ന സായകം
കൊണ്ടു വധിച്ചു പതിപ്പിച്ചു ഭൂമിയിൽ.
കണ്ടു വണങ്ങി സ്തുതിച്ചു സുരന്മാരും,
അണ്ടർകോൻ താനും സുരസ്ത്രീകളും വന്നു
വേണ്ടും വിധം പ്രശസ്തം പ്രശംസിച്ചിതു.
ഇങ്ങനെ സാധിച്ചു സാധ്യങ്ങളൊക്കെയും.
തിങ്ങിന മോദേന രാമഭദ്രസ്വാമി
ലങ്കാധിരാജൻ വിഭീഷണൻ താനെന്നു
പങ്കേരുഹാക്ഷനും കല്പിച്ചു; സീതയെ
വഹ്നിപ്രവേശേന ശുദ്ധയാക്കിക്കൊണ്ടു
ധന്യമാം പുഷ്പകമേറിപ്പുറപ്പെട്ടു,

തന്നുടെ സാകേതമന്ദിരം പ്രാപിച്ചു
പട്ടാഭിഷേകവും സാധിച്ചു; മന്നിടം
തുഷ്ടിയിൽ രക്ഷിച്ചു വാഴുന്ന കാലത്തു്,

ലോകാപവാദേന സീതയെക്കാനനേ
ശോകേന സന്ത്യജ്യ, ലോകാധിനായകൻ

വിശ്വമെല്ലാം വെളുപ്പിച്ചു കീൎത്ത്യാ പരം
വിശ്വവീരൻ മമ സ്വാമി രഘൂത്തമൻ.
അശ്വമേധം മഖം ചെയ്യും ദശാന്തരെ—
വൈദേഹി പെറ്റുതേ രണ്ടു ശിശുക്കളെ—

സാദരമന്നു തൽ ബാലരോടൊന്നിച്ചു
വാല്മീകിമാമുനിശ്രേഷ്ഠനും വന്നുടൻ

നാരായണകഥ കേൾപ്പിച്ചു മാമുനി-
ഗീരിനാൽ രാമനെ വന്ദിച്ചനന്തരം

തണ്ടാർകുഴൽമണി വൈദേഹി വഹ്നിയിൽ
രണ്ടാമതും പ്രവേശിപ്പാൻ നിയോഗിച്ചു.
കൊണ്ടാടിയീലവൾ ഭൂമി പിളൎന്നാശു
തണ്ടാരിൽ മാതു താൻ പാലാഴി പുക്കിതു.

അന്തകൻ താനതു നേരമയോദ്ധ്യയി-
ലന്തണവേഷം ധരിച്ചു വന്നാദരാൽ
മന്ത്രിച്ചു പോയതു നേരത്തു സൌമിത്രി
യന്ത്രിച്ചു മണ്ടി വൈകുണ്ഠം പ്രവേശിച്ചു.

വെക്കം ഭരതനും ശത്രുഘ്നനും ശംഖ-
ചക്രങ്ങളായിച്ചമഞ്ഞോരനന്തരം,

നമ്മോടു യാത്രയും ചൊല്ലി രഘൂത്തമൻ
നിൎമ്മായവിഷ്ണുസ്വരൂപം ധരിച്ചുടൻ

പാലാഴി പുക്ക ഫണീന്ദ്രതല്പേ മുദാ
ത്രൈലോക്യനാഥൻ വസിച്ചു വൃകോദര!

ഞാനും, വിഭീഷണൻ, ജാംബവാൻ താനുമീ-
മൂന്നു പേരിങ്ങനെ ശേഷിച്ചു ഭൂമിയിൽ!

മററുള്ള വാനരന്മാരു,മയോദ്ധ്യയിൽ
പെററു വളൎന്നോരു നാനാ ജനങ്ങളും
തെററെന്നു ദേഹം വെടിഞ്ഞു ദേവാലയം
പററിസ്സുഖിച്ചു വസിക്കുന്നു സാദരം.

---

പാഠം ൧൭.

## ഇലകൾ.

വൃക്ഷശാഖകളുടെ അഗ്രങ്ങളിൽ അടുത്തടുത്തു നില്ക്കുന്ന പച്ചില, പല രൂപത്തിലും ആകൃതിയിലും സൎവത്ര നിരന്നു കാണുമ്പോൾ നമുക്കു വളരെ കൗതുകം തോന്നുന്നു. എല്ലാ സസ്യത്തിനും ഇലകൾ ഉണ്ടു്. ഇവയെക്കൊണ്ടുള്ള പ്രയോജനം എന്തായിരിക്കും?

ഇലകളിൽകൂടി സസ്യങ്ങൾ അവയുടെ പോഷണത്തിന് ഉപയുക്തമായ ആഹാരങ്ങൾ ശേഖരിക്കുന്നു എന്നു നിങ്ങൾ മുൻപു പഠിച്ചിട്ടുണ്ടല്ലോ. കാററു തട്ടി അലയുമ്പോൾ വായുവിൻെറ ഒരംശത്തെ ഇലകൾ അകത്തോട്ടു വലിച്ചു കൊള്ളുന്നു. ഈ വായുവും, വേരുകളിൽകൂടി വലിച്ചെടുക്കുന്ന ദ്രവങ്ങളുമാണു് വൃക്ഷങ്ങൾക്കുള്ള മുഖ്യഭക്ഷണം. വൃക്ഷങ്ങൾ ഉള്ളിലേയ്ക്കു് വലിച്ചെടുക്കുന്നതു് മനുഷ്യൎക്കും മൃഗങ്ങൾക്കും ഉപയോഗാൎഹമല്ലാത്ത അപായകരമായ വായുവിനെ ആകുന്നു. അതിനെയാണു് ജീവജന്തുക്കൾ ഉച്ഛ്വാസം ചെയ്യുന്നതു്. ഈ വായുവിനെ ഇലകൾ അക-

ത്തോട്ടു വലിച്ചെടുത്തിട്ടു ജന്തുക്കൾക്കു ഉപയുക്തമായ ശുദ്ധ-
വായുവിനെ പുറത്തു വിടുന്നു. ഇങ്ങനെ പ്രപഞ്ചത്തിൽ
വളരെ പ്രയോജനകരമായ ഒരു വ്യവസ്ഥിതികർത്തൃത്വം ഇല-
കൾക്കുണ്ടു്.

മനുഷ്യൎക്കും ജന്തുക്കൾക്കും പൊതുവെ ജീവസന്ധാരണ-
ത്തിനു് വേണ്ട രക്തപരിവാഹം ഹൃദയത്തിന്റെ അക്ഷീ-
ണമായ സങ്കോചവികാസശക്തികൊണ്ടു സാധിക്കുന്നു.
എന്നാൽ ചെടികൾക്കു വേണ്ട പച്ചച്ചാറു് പ്രവഹിക്കുന്ന-
തിനു തക്കവണ്ണമുള്ള ശക്തി അവയ്ക്കുള്ളിൽ ഇല്ല. ചെടി-
കൾ വേരുകൾ വഴിയായി ചാറു വലിച്ചെടുത്തു സമ്പാദി-
ക്കുന്നു. ഈ പ്രവൃത്തികൊണ്ടു വേരുകൾക്കു വേണ്ട ദാൎഢ്യ-
വും ദൈൎഘ്യവും ഉണ്ടാകുന്നു. വേരുകളിൽ കയറുന്ന ചാറു്
തിരിച്ചു തറയിലേക്കു പോകാതിരിക്കത്തക്കവണ്ണമാണു്
അവയുടെ ഘടനം. ചെടികളുടെ കൂമ്പുവരെ ഈ ചാറു
ചെല്ലുമ്പോൾ, സൂൎയ്യപ്രകാശവും ചൂടുംകൊണ്ടു് അവിടെ-
യുള്ള ജലാംശം ആവിയാകയും അപ്രകാരം ഒഴിഞ്ഞുവരുന്ന
സുഷിരങ്ങളിൽ ഈ ചാറു കയറി നിറയുകയും ചെയ്യും.
ഇങ്ങനെയാണു് അടിതൊട്ടു മുടിവരെ ഈ പച്ചച്ചാറു
വ്യാപിച്ചുകൊണ്ടിരിക്കുന്നതു്. ഇപ്രകാരം ഓരോ ശിഖര-
ങ്ങളിൽനിന്നും നനവു മാറി ചാറു വ്യാപിക്കത്തക്കവണ്ണം
ചൂടിന്റെ വ്യാപ്തിയെ ക്രമപ്പെടുത്തി ഉപയോഗിക്കുന്നതു്
ഇലകളുടെ ധൎമ്മമാണു്.

ഈ ആവശ്യത്തിലേയ്ക്കു വേണ്ടി ഇലകൾ സൂൎയ്യരശ്മി
എത്തത്തക്കവണ്ണം കഴിയുന്നിടത്തോളം മലൎന്നുനിൽക്ക-
യാണു് ചെയ്യുന്നതു്. മുകളിൽ ഉള്ളവയുടെ തണലിൽ
പെട്ടു് സൂൎയ്യരശ്മിക്കു പ്രതിബന്ധം വരാതിരിക്കുന്നതിനാണു്
കീഴ്പോട്ടുള്ള ശാഖകൾ ക്രമേണ നീണ്ടുകിടക്കുന്നതു്.
ഇലകളുടെ ആകൃതിയും നിവൃത്തിയുമുള്ളിടത്തോളം സൂൎയ്യ-

പ്രകാശം എല്ലാത്തക്കവണ്ണം തന്നെ കാണുന്നു. ഈ കാരണങ്ങളാലാണ്, ചോലയിൽ വളരുന്ന ചെടികൾക്ക് ബലവും ഭംഗിയും കുറഞ്ഞുവരുന്നത്.

ഇലകൾ പല ആകൃതിയിലും ഉണ്ട്. തടിയിന്മേൽ ഞെട്ടു ബന്ധിച്ച് പരന്നു നീണ്ടാണ് അവയുടെ രൂപം. ഏകദേശം എല്ലാ ഇലകൾക്കും വീതിയിലധികം നീളമാണുള്ളത്. ഇരുവശവും വൃത്താകൃതിയിലോ, ഏങ്കോണിച്ചോ അററത്തെത്തുമ്പോൾ അവ കൂർത്തു വരുന്നു. ചില ഇലകൾ പലകപോലെയും, ചിലതു മനുഷ്യരുടെ ഉള്ളംകൈപോലെ വരകളോടുകൂടിയും, പക്ഷികളുടെ കാലടി പോലെ കൂർത്ത തുമ്പുകളോടുകൂടിയും, പുല്ലുതൊട്ടു പൊൽത്താമരവരെ രൂപാന്തരങ്ങൾ ഉള്ളതായും കാണാം. ഇലകളുടെ ഈ ആകൃതിഭേദംകൊണ്ടു് മിക്കവാറും അവയുടെ ജാതി തിരിച്ചറിഞ്ഞു, ഓരോ മൂലികകളെ നമ്മുടെ നാട്ടുവൈദ്യന്മാർ പല ഔഷധങ്ങൾക്കും ഉപയോഗിച്ചുവരുന്നു.

വളരെ വലിയ വൃക്ഷങ്ങൾക്ക് ചിലപ്പോൾ വളരെ ചെറിയ ഇലകളേ കാണുകയുള്ളൂ. പുളിമരം ഇതിനൊരു ഉത്തമദൃഷ്ടാന്തമാണ്. നാട്ടിൽ വളരുന്ന അത്തിയും, കാട്ടിൽ തഴച്ചുവളരുന്ന ഈട്ടിയും, വളരെ പൊക്കത്തിലും വണ്ണത്തിലും ഉള്ള പല വിദേശവൃക്ഷങ്ങളും മററുദാഹരണങ്ങളാകുന്നു. വലിപ്പക്കുറവുകൊണ്ടുള്ള ഈ ന്യൂനതയെ പരിഹരിക്കുന്നത് അവയിലുള്ള ഇലകളുടെ സമൃദ്ധിയാകുന്നു.

വൃക്ഷങ്ങളുടെ ഇല നിങ്ങൾ സൂക്ഷിച്ചു നോക്കിയിട്ടുണ്ടോ? ഒരു പ്ലാവില എടുത്തു പരിശോധിക്കുക. പ്ലാവിലയിൽ പല വഴിക്കും നിറയെ ഞരമ്പുകൾ ഓടിയിരിക്കുന്നതു കാണാം. ഈ ഞരമ്പുകൾ മുഴുവനും ചെറിയ കുഴലുകളാണ്. നമുക്കുകൂടി കാണുന്ന പ്രധാന ഞരമ്പും, അതിൽനിന്നും പലവഴിക്കും ഓടുന്ന ഞരമ്പുകളും എല്ലാം

കുഴലുകളാണെന്നു മനസ്സിലാക്കണം. പുല്ലുകളിൽ എല്ലാ ഞരമ്പുകളും ഒരേ രീതിയിൽ ഒററം തൊട്ടു മറേറ അററം വരെ നീളത്തിൽ ഓടുന്നവയാണ്. ഞരമ്പുകളുടെ ആകൃതി പല മാതിരി ഇലകളിൽ പല പ്രകാരത്തിലായിരിക്കും.

മത്തയുടെ ഇലയെടുത്തു കൈ തടവി നോക്കുമ്പോൾ ഒരു പരുപരുപ്പു് തോന്നുന്നുണ്ടല്ലൊ. ചൊറിയണം എന്നു പറയുന്ന ചെടി ദേഹത്തെങ്ങാനും ഉരുമ്മിയാൽ പിന്നത്തെ കഥ പറയാനുണ്ടോ? താമരയിലയുടെ ഒരു വശം പട്ടുപോലെ മൃദുവാണെങ്കിലും, മറുവശം ചരൽ പോലെ പരുത്തതായിരിക്കുന്നു. ഇലകളിൽ പൊരുത്തമില്ലാത്തുള്ള ഈ സ്വഭാവവൈചിത്ര്യം കാണുന്നതിന് എന്തെങ്കിലും കാരണങ്ങൾ ഉണ്ടായിരിക്കയില്ലയോ? ചെടികളെ പല വിധത്തിൽ ബാധിക്കുന്ന ദുഷ്പ്രാണികളെ അകററുന്നതിനാണ് പുറമെയുള്ള ചർമ്മങ്ങളിൽ ഇങ്ങനെ ഒരു രക്ഷ ചെയ്തിരിക്കുന്നതു എന്നാകുന്നു സസ്യശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. പ്രാണികൾ ഇലകളിൽ സത്തുള്ള സ്ഥലം മുഴുവനും തിന്നു മുടിച്ചുകളയും. ചില പുഴുക്കളും മററും ഇലകളിൽകൂടി ഇഴഞ്ഞു കയറുന്നതു നിങ്ങൾ കണ്ടിരിക്കുമല്ലൊ. പുഴുക്കളുടേയും മററും ഉപദ്രവങ്ങളിൽനിന്നും രക്ഷ നൽകുന്നതു പൂടകളുള്ള ഈ വിശേഷചർമ്മമാണ്.

സാധാരണ ചെടികളും വൃക്ഷങ്ങളും തിന്നു മുടിക്കുന്ന ആടു മാടു മുതലായ ജന്തുക്കൾ നല്ല അരമുള്ള ഇലകൾ തൊടുന്നില്ല. ഇതിന്നു പുറമെ ഇലകളിൽ കെട്ടിനില്ക്കുന്ന വെള്ളം എളുപ്പത്തിൽ ആവിയായി പോകാതക്കവണ്ണം ഈ ചർമ്മങ്ങൾ അവയുടെ തുമ്പിൽ കൂടി പുറത്തേയ്ക്കു ഒഴുകുന്നുമുണ്ടു് ഇലകളുടെ ഒരു വിശേഷം കൂടി കണ്ടറിയേണ്ടതാണ്. ചില ഇലകളുടെ വക്കിനു വളരെ അരമുണ്ടു്. വിരൽ വെച്ചാൽ മുറി പററും. കരിമ്പിൻെറ ഇല ഈ

ഇനത്തിലുള്ളതാകുന്നു. മാവിലയുടേയോ പ്ലാവിലയുടേയോ വക്ക് തപ്പിനോക്കിയാൽ ഒരു അരവും കാണുകയില്ല.

മനുഷ്യൎക്ക ഇലകളെക്കൊണ്ടു വളരെ പ്രയോജനമുണ്ടു. ഇല തിങ്ങിയ വൃക്ഷത്തിനേ നല്ല തണൽ കാണുകയുള്ളു. വെയിലത്തു വഴിനടന്നു ക്ഷീണിച്ചുണയുന്ന പാന്ഥന്മാൎക്ക് ഇടുങ്ങിനില്ക്കുന്ന ഇലകൾ നൽകുന്ന ആശ്വാസം പറഞ്ഞറിയിക്കാവതല്ല. ചില പച്ച ഇലകളെ മനുഷ്യർ പാകം ചെയ്തും, ചെയ്യാതെയും തിന്നുന്നുമുണ്ടു. തേയില, പുകയില മുതലായി മനുഷ്യർ നിത്യം ഉപയോഗിക്കുന്ന ഉദ്ദീപനസാധനങ്ങൾ ഓരോ ചെടിയുടെ ഇലകളാണ്. ഈ ഇലകളും വേരുകളും ഇല്ലെങ്കിൽ, വൈദ്യന്മാരും രോഗികളും നന്നെ കുഴങ്ങുമെന്നുള്ളതിനു സംശയമില്ല. നാല്പത്തൊന്നും നൂററൊന്നും ആവൎത്തിക്കുന്ന എണ്ണ, കഷായങ്ങൾ മുതലായ മരുന്നുകൾ ചെടികളുടെ ഇലകളും വേരുകളും കൊണ്ടുണ്ടാക്കുന്നവയാണ്. ഹിന്ദുക്കൾക്കു പ്രായേണ നിത്യോപയോഗംനിമിത്തം ഇലകളിൽവെച്ചു പ്രാധാന്യം ഏറുന്നതു "വെററില"യ്ക്കാകുന്നു.

---

പാഠം ൧൯.

## വിദ്യാധനം.

"ജ്ഞാനമേ ശക്തി" എന്നുള്ള തത്വം എല്ലാ പണ്ഡിതന്മാരും സമ്മതിച്ചിട്ടുള്ള ഒന്നാകുന്നു. 'ശക്തി' എന്നു പറയുന്നതു് എന്തെങ്കിലും ഒരു കാൎയ്യം നിൎവ്വഹിക്കുന്നതിനുള്ള കഴിവാണ്. ഒരു ബാലകന് ഒരു കസേര എടുപ്പാൻ കഴിവുണ്ടെങ്കിൽ, അവൻ അതിന് ശക്തൻ എന്നു പറയാം. ചുററുമുള്ള അവസ്ഥകൾ, പാഠങ്ങൾ, ലോകകാൎയ്യങ്ങൾ എന്നിവ ക്ഷണത്തിൽ ഗ്രഹിക്കുന്നതിനു സാമൎത്ഥ്യമുള്ളവ-

നെ ബുദ്ധിശക്തിയുള്ളവൻ എന്നു നാം ഗണിക്കുന്നു. ലോകമാസകലം സൃഷ്ടിച്ചു ഭരിക്കുന്നതിനു വൈഭവമുള്ളതുകൊണ്ടു് ഈശ്വരനെ നാം സർവ്വശക്തൻ എന്നു ധ്യാനിക്കുകയും സ്തുതിക്കുകയും ചെയ്യുന്നുണ്ടല്ലോ.

ലോകത്തിൽ ഏററവും പ്രധാനമായ ശക്തി ധനമാണെന്ന് എങ്ങനെയോ ഒരു ഭ്രമം കടന്നുകൂടിയിരിക്കുന്നു. ധനത്തിന്റെ മാഹാത്മ്യത്തെപ്പററി വിദ്വാന്മാർ പലവിധത്തിലും പ്രശംസിച്ചിട്ടുണ്ടു്. എന്നാൽ ആ പ്രശംസകളുടെ സാരം നാം സൂക്ഷ്മമായി ഗ്രഹിക്കേണ്ടതാണ്. താൽക്കാലികങ്ങളായ സുഖങ്ങളെ അനുഭവിക്കുന്നതിനു ധനം വഴിയുണ്ടാക്കുന്നു. എങ്കിലും ധനത്തിനേക്കാൾ ഉത്തമവും, അതിനു നിദാനവും ആയ ഒരു ശക്തിയാണ് ജ്ഞാനം എന്ന് അഭിജ്ഞന്മാർ ഐകകണ്ഠ്യേന സമ്മതിക്കുന്നു. "വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്നു പണ്ഡിതന്മാർ ഘോഷിച്ചിട്ടുള്ളത് വാസ്തവമെന്ന് ആധുനികകാലത്തെ പ്രകൃതിശാസ്ത്രപരിഷ്കാരങ്ങളും യന്ത്രനിർമ്മിതികളും സ്ഥിരീകരിക്കുന്നുണ്ടു്. നിസ്സാരസുഖങ്ങളെ മോഹിക്കുന്ന ജനങ്ങളുടെ ദൃഷ്ടിയ്ക്കു് ഐശ്വര്യത്തിന്റെ പരിപൂർത്തി ധനം തന്നെയാണെന്നു തോന്നിപ്പോകാം. എന്നാൽ യഥാർത്ഥത്തിൽ, ജനസമുദായത്തിന്റെ ഗതിയെ ഭരിക്കുന്ന ശക്തികളിൽ വെച്ചു് ജ്ഞാനത്തിനു തന്നെയാകുന്നു പ്രാധാന്യം.

രാജ്യങ്ങളുടേയും ജനസമുദായങ്ങളുടേയും ഉത്ഭവം, സ്ഥിതി,. ഗതി, ചരിത്രം എന്നിവ ജ്ഞാനത്തിന്റെ പ്രാബല്യത്തെ സ്പഷ്ടമായി തെളിയിക്കുന്നു. ഗുരുതരങ്ങളായ ഈ ദൃഷ്ടാന്തങ്ങൾക്കെന്നല്ല, ജീവിതഗതി മുതലായ സംഗതികളെ പരിശോധിച്ചാലും, ജ്ഞാനത്തിന് എത്രത്തോളം ശക്തിയുണ്ടെന്ന് അനുമാനിക്കാൻ കഴിയും. രോഗം പിടിപെടുമ്പോൾ ധനികന്മാരും വൈദ്യശാസ്ത്രജ്ഞന്മാരുടെ സഹായം

അപേക്ഷിക്കുന്നു. കുട്ടികൾക്കു വിദ്യാഭ്യാസത്തിനു പ്രായം ആയാൽ വിദ്യാധനന്മാരായ ഗുരുനാഥന്മാരെ അന്വേഷിക്കുന്നു. ഗൃഹനിർമ്മിതിക്കു തച്ചുശാസ്ത്രജ്ഞനേയും, കാര്യാലോചനകൾക്കു നിയമതന്ത്രജ്ഞനേയും തിരയേണ്ടിവരുന്നു. ഇങ്ങനെ ഓരോ കാര്യങ്ങളും നിർവഹിക്കുന്നതിന് അതതു വിഷയങ്ങളിൽ ജ്ഞാനസമ്പന്നന്മാരായുള്ളവരെ കോടീശ്വരന്മാർ കൂടി വണങ്ങുകയും, അവരുടെ സൗകര്യത്തിനും സഹായത്തിനും അടിമപ്പെടുകയും ചെയ്യുന്നു.

ഇനി ജനസമുദായത്തിൻെറ അവസ്ഥ ഒന്നു നോക്കാം. അതിൽ നാം മുഖ്യമായി കാണുന്നതു് എല്ലാ സമുദായത്തിലും ഏതെങ്കിലും ഒരു വിധമായ ഭരണക്രമം ഉണ്ടെന്നുള്ള സംഗതിയാണ്. നീഗ്രോജാതിക്കാർ മുതലായി വിദ്യാവിഹീനന്മാരും സഞ്ചാരശീലന്മാരുമായ ജനങ്ങളുടെ ഇടയിലും പൂജ്യനും അനുസരണീയനും ആയ ഒരു നേതാവുണ്ടായിരിക്കും. ഈ നേതൃത്വം പരിഷ്കാരംകൊണ്ടു് പല രൂപങ്ങളായി പരിണമിച്ചിരിക്കുന്നു. ചില സമുദായങ്ങളിൽ ഈ നായകത്വം ഒന്നിലധികം ജനങ്ങൾ ചേർന്നുള്ള സംഘങ്ങളാണ് വഹിക്കുന്നതു്. ഈ നായകത്വത്തെ പ്രയോഗിക്കുന്നതിനാണു ഭരണം എന്നു പറയുന്നതു്. ജ്ഞാനവിഹീനതകൊണ്ടും മററും അനിയന്ത്രിതങ്ങളായ സ്വഭാവഭേദങ്ങളോടു കൂടിയ അനേകലക്ഷം ജനങ്ങൾ ഉൾപ്പെടുന്ന ഒരു സമുദായത്തെ അതിലുള്ള ഒന്നോ ഏതാനുമോ ആളുകൾ ഭരിക്കുന്നുണ്ടെന്നുള്ള സംഗതി തന്നെ ജ്ഞാനത്തിൻെറ മാഹാത്മ്യത്തിന് ഉത്തമമായ ഒരു തെളിവാകുന്നു. കായശക്തി, കുലീനത എന്നിവ മാത്രമല്ല, ഓരോ ആളുകളേയോ സംഘങ്ങളേയോ രാജാധികാരം വഹിക്കുന്നതിനു യോഗ്യന്മാരാക്കിത്തീക്കുന്നതു്. "ഭരണനൈപുണ്യം" എന്നൊരു പദം നിങ്ങൾ കേട്ടിരിക്കാം. ഈ നൈപുണ്യം ജ്ഞാനത്തിൻെറ

ഫലമോ പര്യായമോ ആകുന്നു. രാജ്യചരിത്രങ്ങളെ പരിശോധിച്ചു നോക്കുമ്പോൾ ഇതിന്റെ യാഥാർത്ഥ്യം കുറച്ചുകൂടെ തെളിഞ്ഞു കാണാം. ഹിന്ദുക്കൾ, ഗ്രീക്കുകാർ, റോമാക്കാർ എന്നിങ്ങനെയുള്ള ഓരോരോ സമുദായങ്ങൾ അവരവരുടെ ജ്ഞാനസമ്പത്തുകൊണ്ടു് പ്രാചീനകാലങ്ങളിൽ പ്രഥമഗണനീയന്മാരായിരുന്നു. ഇക്കാലങ്ങളിൽ ഈ സമ്പത്തിന്റെ മഹിമ ഇംഗ്ലീഷു്കാർ, ഫ്രഞ്ചുകാർ, ജർമ്മൻകാർ എന്നിങ്ങനെയുള്ള പാശ്ചാത്യന്മാരിൽ പകൎന്നിരിക്കുന്നതുകൊണ്ടു് അവർ ലോകത്തിൽ പ്രാധാന്യത്തിനു് അൎഹന്മാരായിത്തീൎന്നിരിക്കുന്നു.

ഓരോ ജനസമുദായത്തിന്റേയും ശ്രേയോഭിവൃദ്ധിക്കു കാരണഭൂതന്മാർ ശൗര്യനിധികളായ സേനാനായകന്മാരോ, ഐശ്വര്യവാന്മാരായ കച്ചവടക്കാരോ അല്ലെന്നും, ബുദ്ധിശക്തികൊണ്ടു് ഉൽകൃഷ്ടന്മാരായിത്തീൎന്ന ഓരോ മഹാന്മാരാണെന്നും ദേശചരിത്രങ്ങളെ സൂക്ഷ്മമായി പരിശോധന ചെയ്യുമ്പോൾ പ്രത്യക്ഷപ്പെടുന്നതാണു്. യോഗി, സിദ്ധൻ, ഉപാദ്ധ്യായൻ, ദീൎഘദൎശി, കവി, ഗ്രന്ഥകാരൻ, ശാസ്ത്രജ്ഞൻ എന്നിങ്ങനെ ഓരോ നാമവിശേഷം ധരിച്ചുകൊണ്ടു് ഈവക മഹാന്മാർ തങ്ങളുടെ സമുദായത്തിന്റെ അഭ്യുന്നതിക്കായി അമാനുഷപ്രയത്നം ചെയ്തിട്ടുള്ളതായി ചരിത്രങ്ങൾ നമ്മെ മനസ്സിലാക്കുന്നു.

നമ്മെപ്പോലെ തന്നെ ലോകവും ഒരു കാലത്തു ശൈശവദശയിൽ ഇരുന്നിരുന്നു. ഇങ്ങനെ ബാല്യാവസ്ഥയിൽ വൎത്തിക്കുന്ന സമുദായങ്ങൾ ഇപ്പോഴും ചിലേടത്തുണ്ടു്. എങ്കിലും, ലോകത്തിലെ ഭൂരിഭാഗം ജനങ്ങളും പരിഷ്കാരം പ്രാപിച്ചു്, അന്ധവിശ്വാസങ്ങളിലും ഹീനവൃത്തികളിലുംനിന്നു് വിമുക്തന്മാരായിത്തീൎന്നിരിക്കുന്നു. ഈ സമുദായങ്ങൾ ഉൽകൃഷ്ടദശ പ്രാപിച്ചതു് ജ്ഞാനാഭിവൃദ്ധികൊണ്ടു തന്നെ-

യാണ്. ഈ ജ്ഞാനാഭിവൃദ്ധിനിമിത്തം എന്തെല്ലാം ശക്തികൾ പരിഷ്കൃതസമുദായങ്ങൾക്കു ലഭിച്ചിരിക്കുന്നു എന്നു് നാം പതിവായി കാണുന്ന വിശേഷകാഴ്ചകൾ തന്നെ നമ്മെ ബോധപ്പെടുത്തുന്നുണ്ടു.

നമ്മുടെ പൂർവ്വന്മാരുടെ മിഥ്യാവിശ്വാസത്തിൽ സ്ഥലം പിടിച്ചിരുന്ന ദേവതകളേക്കാളും സാമർത്ഥ്യത്തോടുകൂടി എന്തു് ആശ്ചര്യകർമ്മങ്ങളെ മാംസദൃഷ്ടികൾക്കു ദൃശ്യമാകുമാറു് ആധുനികയന്ത്രങ്ങൾ സാധിക്കുന്നു! മനുഷ്യരുടെ ആവശ്യങ്ങൾ സാധിക്കുന്നതിനുള്ള ശ്രമത്തെ എത്രത്തോളം ലഘൂകരിച്ചിരിക്കുന്നു! വൈദ്യുതിശകടങ്ങൾ, ധൂമയാനങ്ങൾ, കമ്പിത്തപാൽ മുതലായി കാലാധ്വാക്കളെ ലഘൂകരിക്കുന്നതിനുള്ള യന്ത്രങ്ങളെക്കുറിച്ചു് ഇക്കാലത്തെ സ്ത്രീകളും കുഞ്ഞുങ്ങളും പോലും, നിത്യപരിചയമുള്ള സാധനങ്ങളെന്നപോലെ അല്ലയൊ സംഭാഷണം ചെയ്യുന്നതു്?

ഓരോ ശാസ്ത്രവും അത്യത്ഭുതമായ പരിഷ്കൃതി പ്രാപിച്ചു മനുഷ്യരെ പ്രവൃദ്ധശക്തികളും കർമ്മക്ഷമന്മാരും ആക്കുന്നു. ഉത്തരോത്തരം ശ്രേയസ്സു വർദ്ധിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പ്രതിക്ഷണം വർദ്ധിച്ചു കാണുന്നു. ബുദ്ധിസംസ്കരണത്തിന്റെ ഫലംകൊണ്ടു ചിരഞ്ജീവിത്വം കൂടി ലഭിക്കാവുന്നതാണെന്നുള്ള ആശങ്ക ചിലർക്കുണ്ടാകുന്നു. അപ്പോൾ മനുഷ്യശക്തിയുടെ പരിണാമം എന്തായിരിക്കും? അതുകൊണ്ടു് മഹത്തമമായുള്ള ജ്ഞാനത്തെ സമ്പാദിപ്പാൻ എല്ലാ പേരും സർവ്വദാ യത്നിക്കേണ്ടതാകുന്നു.

---

പാഠം ൧൯.

## തിരുവാഴിത്താൻ (ഒന്നാം ഭാഗം).

മുൻകാലങ്ങളിൽ രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും മന്ദിരങ്ങളിൽ വിനോദത്തിനായി ചില ആളുകളെ

പാറ്റിക്കുക പതിവായിരുന്നു. ഇക്കൂട്ടൎക്കു പൊതുവേയുള്ള വ്യവഹാരം "വികടസരസ്വതികൾ" ആണെങ്കിലും, ചില സമയം ഇവരുടെ ബുദ്ധിക്കു യജമാനന്മാരുടെ ബുദ്ധിയേക്കാൾ വികാസമുള്ളതായി കാണാം. ഇവർ മഹാരസികന്മാരും, തങ്ങളുടെ യജമാനന്മാരെ സരസോക്തികൾകൊണ്ടു ശരിയായ മാൎഗ്ഗങ്ങളിൽ നയിക്കുന്നവരും ആയിരുന്നു. ഇവൎക്കു സംഭാഷണങ്ങളിൽ അതിയായ സ്വാതന്ത്ര്യം ഉണ്ടായിരുന്നു. തങ്ങളുടെ സ്വാമിമാരുടെ ദൌൎബ്ബല്യങ്ങളെ യഥാവസരം വെളിപ്പെടുത്തുന്നതിന് ഈവക സേവകന്മാർ ദൎപ്പണങ്ങൾ പോലെ ഉപകരിച്ചുവന്നു. മഹാമനസ്കന്മാരും ഉദാരമതികളും ആയുള്ള യജമാനന്മാർ ഇങ്ങനെയുള്ള ഉപദേഷ്ടാക്കളെ ഉത്സാഹിപ്പിക്കുകയും, ചിലപ്പോൾ അവരുടെ ഫലിതങ്ങൾ നീരസങ്ങളായിരുന്നാലും, ക്ഷമിക്കുകയും ചെയ്തിരുന്നു.

സംസ്കൃതനാടകങ്ങളിലും, അവയെ അനുകരിച്ചുള്ള ഭാഷാനാടകങ്ങളിലും "വിദൂഷകൻ" എന്നൊരു നടൻ കഥാപാത്രമായോ ഹാസ്യരസപ്രകടനത്തിനു മാത്രമായോ പുറപ്പെടുന്നതു നിങ്ങൾ കണ്ടിരിക്കാം. കഥകളിയിൽ ഈ പാത്രത്തിന് "ഭീരു" എന്നും, രംഗസാമഗ്രികൾ ഒന്നും കൂടാതെ നേരംപോക്കു കളിക്കുന്ന തമിഴനാടകങ്ങളിൽ "കട്ടിയക്കാരൻ" എന്നും പേർ പറയുന്നു. ശാസ്ത്രക്കളിയിലും, അതിന്റെ ഒരു രൂപാന്തരമായ ഏഴാമുത്തികളിയിലും ബീഭത്സരസസമ്പൂൎണ്ണമായി പുറപ്പെടുന്ന വേഷത്തിന് "വിഡ്ഢി" എന്നു പച്ചയായിത്തന്നെ പറഞ്ഞുവരുന്നു. ഫലിതമയങ്ങളും അവസരോചിതങ്ങളുമായ സരസവചനങ്ങളേക്കൊണ്ടു സദസ്യരെ രസിപ്പിക്കുകയാകുന്നു ഇവരുടെ പണി.

രാജാക്കന്മാരുടെ ജീവിതഭാരം ലഘുവായുള്ളതല്ല. "കിരീടം ധരിക്കുന്ന തല ആശ്വാസഹീനമായി ശയിക്കുന്നു"

എന്ന് കവിസമ്രാട്ടായ ഷെക്സ്പിയർ പറയുന്നു. സപ്ത-സങ്കടസങ്കീർണ്ണമായ രാജജീവിതത്തെ സഹ്യമാക്കിത്തീർക്കുന്നതിനു വന്ദികൾ സ്തുതിപാഠകന്മാർ എന്നുതുടങ്ങി അനേകം ആളുകൾ നിയുക്തന്മാരായിട്ടുള്ളതിൽ ഒന്നാകുന്നു "വിദൂഷകൻ". കൊട്ടാരങ്ങളിലെ ഏർപ്പാടുകൾ അനുസരിച്ച് പ്രാചീനയൂറോപ്പിലെ പ്രഭുക്കളും ധനികന്മാരും കൂടി സ്വഗൃഹങ്ങളിൽ വിശ്രമകാരികളായ വിദൂഷകന്മാരെ പാർപ്പിച്ചുവന്നു.

"തിരുവാഴിത്താൻ" എന്ന വികടൻ കേരളത്തിൽ ഒരു രാജാവിനെ സേവിച്ചുപാർത്തിരുന്ന വിദൂഷകനായിരുന്നു എന്നാണ് ഐതിഹ്യം. ഈ ആൾ ഒരുവേള ഹാസ്യരസപ്രധാനന്മാരുടെ മനോധർമ്മസന്താനവും, "തിരുവാഴിത്താൻ" എന്ന പദം ഒരു സാമാന്യനാമവും ആയിരിക്കാം. സ്തുതിപാഠകൻ എന്ന പദത്തിന്റെ പര്യായമായ "ശ്രീവാഴ്ത്തോൻ" എന്നോ മറ്റോ രൂപത്തിൽ ഉപയോഗിച്ചുവന്നിരുന്ന പദം ഒരു പ്രത്യേകപുരുഷന്റെ പേരായി ഭവിച്ചതാണെന്ന് ഊഹിക്കുന്നതു യുക്തിക്കു ചേരുന്നുണ്ടെങ്കിലും, തിരുവാഴിത്താൻ നമ്മുടെ ഇടയിൽ ഒരു വാത്സല്യഭാജനമായി എന്നും തന്റെ ഓർമ്മയെ നിലനിറുത്തുന്നതിനാൽ, ആ പേരോടു കൂടി ഒരു സരസവികടൻ ഉണ്ടായിരുന്നു എന്നു സമ്മതിക്കാതെ നിർവാഹമില്ല.

തിരുവാഴിത്താൻ തന്റെ യജമാനനോട് എങ്ങനെ പരിചയപ്പെട്ടു എന്നുള്ളതിനു നമുക്കു യാതൊരു ലക്ഷ്യവുമില്ല. ആ ആളിന്റെ ക്രിയകളായി പറയുന്ന ചില കഥകൾ വിദേശീയരായ പ്രസിദ്ധവികടന്മാരുടെ കഥകളിലും കാണ്മാനുണ്ട്. എങ്കിലും കേരളത്തിനു സ്വന്തമായി ഒരു സരസവികടൻ ഉണ്ടായിരുന്നു എന്നുള്ളതു് തിരുവാഴിത്താന്റെ കഥകളിൽ അധികഭാഗവും നമ്മുടെ ആചാരങ്ങളെ സംബന്ധിച്ചിരിക്കുന്നതുകൊണ്ടു തെളിയുന്നു. ഇന്നും അ-

ധികം നേൎത്തതായുള്ള ഒററവസ്ത്രങ്ങൾ ധരിച്ചു രാജവീഥികളിൽ നടക്കുന്ന രസികന്മാരെ നാം കാണുന്നുണ്ടു്. അതു് നഗ്നതയുടെ അടുത്ത പടിയായ അപമൎയ്യാദയാണെന്നുള്ള അവസ്ഥ അവർ ധരിക്കുന്നില്ല. ഈ സമ്പ്രദായം തിരുവാഴിത്താന്റെ കാലത്തു സൎവ്വസാധാരണമായിരുന്നു. ഓരോ രസികന്മാർ മത്സരിച്ചു് അധികമധികം നേൎമ്മയും മിനുസവും ഉള്ള ഒററവസ്ത്രങ്ങൾ ധരിച്ചു രാജസന്നിധിയിലും മററും സഞ്ചരിച്ചുതുടങ്ങി.

തിരുവാഴിത്താൻ മത്സരക്കാരുടെ കൂട്ടത്തിൽ ചേൎന്നു്, പ്രസ്തുതവിഷയത്തിൽ തന്നെ ജയിക്കുവാൻ ആൎക്കും തന്നെ കഴിയുന്നതല്ലെന്നു വാദിച്ചു് ഒരു പന്തയവും വച്ചു. കണ്ണാടിയേക്കാൾ നേൎത്തതായുള്ള ഇഴയിൽ ഒരു വസ്ത്രം തന്റെ കൈവശമുണ്ടെന്നു് അയാൾ വീരവാദം പറഞ്ഞു. "എന്നാൽ കാണട്ടേ" എന്നു രാജസേവകന്മാരായ രസികന്മാരും വാതുകൂറി. രാജകല്പന ഉണ്ടെങ്കിലല്ലാതെ തന്റെ വസ്ത്രം ധരിച്ചു കൊട്ടാരത്തിൽ വരികയില്ലെന്നു് തിരുവാഴിത്താൻ വിലക്കൂട്ടി. രാജകല്പന ആവശ്യപ്പെടുന്നതുകൊണ്ടു് അയാളുടെ പക്കൽ വിശേഷപ്പെട്ട വസ്ത്രം ഉണ്ടെന്നു അവർ തീരുമാനിക്കുകയും, അതു കാണുന്നതിനു അവൎക്കു അതിമോഹം ജനിക്കുകയും ചെയ്തു. സേവകന്മാരിൽ മുമ്പനായ ഒരു രസികൻ തിരുവാഴിത്താന്റെ അപൂൎവ്വവസ്ത്രം കാണുന്നതിലുള്ള കൊതി മൂത്തു് സമയം നോക്കി വിവരം തിരുമനസ്സുണൎത്തിച്ചു. ബുദ്ധിമാനായ മഹാരാജാവു് തിരുവാഴിത്താന്റെ പന്തയംവച്ചുള്ള വീരവാദത്തിൽ എന്തെങ്കിലും നേരംപോക്കിനു വകയുണ്ടാകുമെന്നൂഹിച്ചു്, കൈവശമുള്ള വിശേഷവസ്ത്രം ധരിച്ചുവരുന്നതിനു തിരുവാഴിത്താനോടു കല്പിച്ചു. ഈ കല്പന കേട്ടു് തിരുവാഴിത്താൻ വലുതായ അസ്വാസ്ഥ്യവും വൈമനസ്യവും നടിക്കുകയും, വിലയേറിയ പരി

വട്ടങ്ങൾ ധരിക്കുന്ന തിരുമനസ്സിലേക്കു തന്റെ വസ്ത്രം കണ്ടാൽ അസൂയയുണ്ടാകുമെന്നു ശങ്കിക്കുന്നില്ലെന്നും, വേറെ ഏതോ ചില കാരണങ്ങളാലാണ് തനിക്കു മനസ്സിനു സങ്കോചമുള്ളതെന്നും, താൻ ആ വസ്ത്രം ധരിച്ചുവരുമ്പോൾ സമ്മാനമായി തന്റെ കണ്ഠത്തിന് അർദ്ധചന്ദ്രാഭരണം വിധിച്ചു കല്പനയുണ്ടാവാൻ ഇടയായേയ്ക്കുമെന്നു ഭയമുണ്ടെന്നും തിരുമനസ്സറിയിക്കുകയും ചെയ്തു. ഏതായാലും ഇക്കഥയിൽ വിനോദത്തിനു വേണ്ടുവോളം വകയുണ്ടാകുമെന്നു കരുതി മഹാരാജാവു തിരുവാഴിത്താനോട് അയാളുടെ വിശേഷ വസ്ത്രം ധരിച്ചു വരണമെന്ന് ഊർജ്ജിതമായി കല്പന കൊടുത്തു. "അച്ഛനിച്ഛയായതും പാല്, വൈദ്യനാർ ചൊന്നതും പാല്" എന്ന പഴഞ്ചൊല്ലുപോലെ തന്റെ അഭീഷ്ടംപോലെയുള്ള കല്പന അനായാസമായി ലഭിച്ചതിൽ തിരുവാഴിത്താന് അധികം സന്തോഷമുണ്ടായി.

അടുത്ത ദിവസം മഹാരാജാവ് അമൃതേത്തു കഴിഞ്ഞു പള്ളിയറയിലേക്ക് എഴുന്നള്ളുന്ന സമയമായിരുന്നു തിരുവാഴിത്താന്റെ പുറപ്പാട്. അയാളുടെ അന്നത്തെ വേഷം കണ്ടപ്പോൾത്തന്നെ കൊട്ടാരത്തിലുള്ളവരെല്ലാം ആശ്ചര്യഭരിതന്മാരായി കൈകൊട്ടിച്ചിരിച്ച്, പള്ളിയറയ്ക്കു സമീപമെത്തി. അവിടെ എഴുന്നള്ളിയിരുന്നതിനാൽ, പൊട്ടിപ്പുറപ്പെടുന്ന ചിരി അടക്കുന്നതിനു ശക്തിയില്ലാതെ നെഞ്ചുനൊന്തു കുഴങ്ങുന്ന അക്കൂട്ടരെ തിരിഞ്ഞുനോക്കുന്നതിനോ, അവരോടു ചേൎന്നു ചിരിക്കുന്നതിനോ, അവരെ ശാസിച്ചു കയക്കുന്നതിനോ അയാൾ വട്ടംകൂട്ടിയില്ല. തന്റെ തിമിത്ത വസ്തിയെ ഗൗരവഭാവത്തിൽ വഹിച്ചും, മിന്നുന്ന കഷണ്ടിയുടെ മദ്ധ്യത്തിൽ നീണ്ടുനിൽക്കുന്ന ഏഴെട്ടു രോമത്തെ ചിക്കിപ്പറപ്പിച്ചും, തന്റെ തല്ക്കാലത്തെ കോലം കല്പനപ്രകാരമാണെന്നുള്ള ധൈര്യത്തോടു കൂടിയും തിരുവാഴിത്താൻ

പള്ളിയറവാതുക്കൽ എത്തി. പല്ലുതേയ്ക്കാതെ കുളിച്ച്, ദേഹത്തിൽ കണ്ടിടത്തെല്ലാം ത്രിപുണ്ഡ്രങ്ങൾ ധരിച്ച്, മുക്കാലും ദിഗംബരനായി പുറപ്പെട്ടിരിക്കുന്ന ഈ ഭക്തനെ കണ്ടിട്ടും, അയാൾ മുഖം കാണിക്കുന്നതിനു സമയം കാത്തു നില്ക്കുന്ന വിവരം തിരുമനസ്സറിയിക്കാൻ തവണക്കാർ തുനിഞ്ഞില്ല. എന്നാൽ അയാളുടെ കോലം കണ്ടു് കുശുകുശ സംസാരിച്ച് ആളുകൾ വട്ടമിട്ടിരുന്നതിനാൽ, പുറത്തു് എന്തോ ഒരു തിരക്കുണ്ടെന്നു മഹാരാജാവിനു മനസ്സിലായി. മഹാരാജാവു് തന്നെ പള്ളിയറവാതിൽ തുറന്നു പുറത്തു നോക്കിയപ്പോൾ, വണങ്ങി ഒതുങ്ങി നിൽക്കുന്ന തവണക്കാരനും, ദിഗ്ജയം ചെയ്ത പ്രൗഢിയോടു കൂടി നിവിർന്നുനില്ക്കുന്ന ത്രിപുണ്ഡ്രധാരിയും, ആശ്ചര്യപരതന്ത്രന്മാരായ അനവധി ഭൃത്യജനങ്ങളും കാണപ്പെട്ടു. മഹാരാജാവിന്റെ ആജ്ഞാനുസാരം തന്നെ പുറപ്പെട്ടിരിക്കുന്ന തിരുവാഴിത്താൻ രാജസന്നിധിയിൽ വേണ്ടുന്ന ആചാരങ്ങളൊന്നും കൂടാതെ ഒരു പ്രദർശനസാധനംപോലെ വർത്തിച്ചു. തിരുവാഴിത്താന്റെ വേഷം കണ്ടപ്പോൾ മഹാരാജാവിന് ഒരു നീരസഭാവം ജനിച്ചു. കടുതായ കല്പനപ്പടി, കാണാൻ കഴിയാത്തവിധം കൗതുകകരമായ സ്വന്തവസ്ത്രത്താൽ ആച്ഛാദിതനായ തിരുവാഴിത്താന്് ഉള്ളിൽ സ്വല്പമെങ്കിലും കലുക്കമോ മുഖത്തു വല്ല ഭാവഭേദമോ ഉണ്ടായില്ല. രസികശിരോമണിയായ ആ വികടൻ, ഒരു കരയൻനേരിയമുണ്ടിന്റെ വെള്ളനൂൽ ഭാഗം ആസകലം കത്രികകൊണ്ടു വെട്ടിക്കളഞ്ഞിട്ട്, നെടുകേയും കുറുകേയും ഉള്ള കരകൾ മാത്രം തന്റെ കുടവയറിൽ ചുററി, വസ്ത്രാകൃതിയിൽ പാദത്തോളം നീട്ടിയിട്ടുകൊണ്ടാണ് പുറപ്പെട്ടിരുന്നത്. ഈ വേഷം കണ്ടു് മഹാരാജാവു് "എന്താ ഇതു്?" എന്നു ചോദിക്കുന്ന അർത്ഥത്തിൽ ഗൗരവമായി ഒന്നു നോക്കി. തിരുവാഴിത്താന്റെ കണ്ണും

ഉയൎന്നു്, ഒന്നിളകി കുനിഞ്ഞു്, തിരുമുമ്പിൽ ആചാരം ചെയ്യുന്ന ക്രിയയും അനുഷ്ഠിച്ചു. അയാളുടെ അതിയായ ഈ മൎയ്യാദ കണ്ടു് തിരുമനസ്സിലെ ഉള്ളിൽ ചിരി പൊങ്ങിത്തുടങ്ങി. തലേനാൾ താൻ കൊടുത്ത കല്പന ഓൎത്തു് ആ കൃത്രിമകലാവല്ലഭനോടു കയൎക്കുന്നതിനോ, അയാളെ ശാസിക്കുന്നതിനോ മഹാരാജാവിനു മനസ്സു തോന്നിയില്ല. "എന്താണെടോ ഇതു്? ഗോഷ്ഠി!" എന്നു് മഹാരാജാവു് അയാളുടെ വേഷം നോക്കി ഭത്സിച്ചുപറഞ്ഞു.

തിരുവാഴിത്താൻ:— "അങ്ങനെ കല്പിക്കരുതു്. ഈ മുണ്ടു് വെള്ളക്കാരന്റെ ശീമയ്ക്കപ്പുറത്തുള്ള ശീമയിൽ മന്ത്രശക്തികൊണ്ടു പണിയെടുക്കുന്ന ഒരു പാവു നെയ്തിട്ടതാണ്. നെയ്ത്തിന്റെ മിനുസംകൊണ്ടു് ഇഴ അതിലേസ് — ലേസെന്നു വച്ചാൽ അതിലേസു തന്നെ. ഇഴകൾക്കു തിരസ്കരണിശക്തിയുണ്ടു. അതുകൊണ്ടാണ് മുമ്പേ തന്നെ തിരുമനസ്സറിയിച്ചതു്. അപൂൎവ്വവസ്തു! റാൻ, ഇതാ കൈകൊണ്ടു സ്പൎശിക്കാൻ കൂടി കിട്ടുല്ല. അത്ര ലോലം."

തിരുവാഴിത്താൻ പിന്നെയും തന്റെ വസ്ത്രത്തെക്കുറിച്ചു് വളരെ നേരം പ്രസംഗിച്ചു. ആ പ്രസംഗത്തിന്റെ ഫലമായി നേൎത്തതായ ഒററവസ്ത്രം ധരിച്ചു് ഭൃത്യജനങ്ങൾ രാജസന്നിധിയിൽ പരിചരണം ചെയ്തുവന്നിരുന്ന ഏൎപ്പാടു അന്നുമുതൽ മഹാരാവു വിരോധിച്ചു. "കട്ടിമുണ്ടു് — രണ്ടും കവണിയും" എന്നുള്ള ഏൎപ്പാടുകൾ അന്നുമുതൽ നടപ്പാക്കി. തിരുവാഴിത്താൻ പന്തയത്തിൽ ജയിച്ചു്, ജയഭേരി ഘോഷിച്ചു.

---

പാഠം ൧൯.

## സമുദ്രങ്ങൾ.

ഭൂമി ആകാശദേശത്തു ഭ്രമണംചെയ്യുന്ന ഒരു ഗോളമാണെന്നു നിങ്ങൾ പഠിച്ചുവല്ലൊ. ഈ ഗോളം സ്ഥലജലമയമാകുന്നു. സ്ഥലഭാഗം ആസകലം ഒന്നായി ചേൎന്നു കിടക്കുന്നില്ല. അതു പല തരത്തിലുള്ള ദ്വീപുകളായി സമുദ്രത്താൽ ആവൃതമായിരിക്കുന്നു. ഈ സ്ഥലഭാഗങ്ങളിൽ പ്രധാനമായുള്ളവ മൂന്നു മഹാദ്വീപുകളാണ്. ഏഷ്യാ, യൂറോപ്പ്, ആഫ്രിക്ക എന്നീ ഖണ്ഡങ്ങൾ ഒന്നുചേൎന്നുള്ള ഒരു മഹാദ്വീപാണ് എല്ലാത്തിലും വലുതായിട്ടുള്ളത്. വലിപ്പത്തിൽ രണ്ടാമത്തേതു് അമേരിക്കയും, മൂന്നാമതായി നില്ക്കുന്നതു് ആസ്ത്രേലിയായുമാകുന്നു. ഇവയ്ക്കു് താഴെ അനവധി വലിയ ദ്വീപുകൾ തുടങ്ങി ചെറുതുരുത്തുകൾ, പാറക്കൂട്ടങ്ങൾ വരേയുള്ള അനവധി ഭൂഖണ്ഡങ്ങൾ സമുദ്രത്തിൽ സ്ഥിതിചെയ്യുന്നുണ്ടു്.

സ്ഥലത്തിൽ ഭൂരിഭാഗവും ഭൂഗോളത്തിൻെറ ഉത്തരാൎദ്ധത്തിൽ അടങ്ങിയിരിക്കുന്നു. യൂറോപ്പ്, ഏഷ്യാ ഈ ഖണ്ഡങ്ങൾ നിരക്ഷദേശത്തിനു (ഭൂമധ്യരേഖയ്ക്കു) വടക്കും, അമേരിക്ക ആഫ്രിക്ക ഈ ഖണ്ഡങ്ങളിൽ ദക്ഷിണഭാഗങ്ങളും, ആസ്ത്രേലിയാഖണ്ഡം മുഴുവനും അതിനു തെക്കും ഉൾപ്പെട്ടിരിക്കുന്നു.

ഭൂഗോളമുഖത്തിൽ ഏഴിൽ അഞ്ചു ഭാഗം ജലവും, ശേഷം രണ്ടു ഭാഗം മാത്രം സ്ഥലവും ആകുന്നു. സ്ഥലത്തെ എന്നതുപോലെ തന്നെ ജലതലത്തേയും അഞ്ചു മഹാവിഭാഗങ്ങളായി ഭൂമിശാസ്ത്രജ്ഞന്മാർ നിൎണ്ണയിച്ചിരിക്കുന്നു. യൂറോപ്പ് ആഫ്രിക്ക ഈ ഖണ്ഡങ്ങൾക്കു പടിഞ്ഞാറും, അമേരിക്കഖണ്ഡത്തിനു കിഴക്കും ഉള്ള വിഭാഗത്തിന് അററ്ലാൻറിക്ക് സമുദ്രം എന്നും, അമേരിക്കയ്ക്കു പടി-

ഞ്ഞാറും ഏഷ്യക്ക കിഴക്കും ഉള്ള വിഭാഗത്തിന് പെസിഫിക്ക്സമുദ്രം എന്നും, ഇൻഡ്യയുടെ ദക്ഷിണസീമയെ ചുററിക്കിടക്കുന്ന വിഭാഗത്തിന് ഇൻഡ്യാമഹാസമുദ്രം എന്നും, ഉത്തരധ്രുവത്തിൻെറയും ദക്ഷിണധ്രുവത്തിൻെറയും പരിസരപ്രദേശങ്ങളിൽ ഉള്ള വിഭാഗങ്ങൾക്ക് ആട്ടിക്ക്സമുദ്രം, അൻറാട്ടിക്ക്സമുദ്രം എന്നും അവർ സംജ്ഞ ചെയ്തിരിക്കുന്നു. ഇവയിൽ ധ്രുവപ്രാന്തങ്ങളിലെ ആട്ടിക്ക്, അൻറാട്ടിക്ക് എന്നീ സമുദ്രങ്ങൾ എല്ലാ സമയവും ഹിമസംഹതികളാൽ മൂടപ്പെട്ടിരിക്കുന്നു. ഇവയിൽ, ഉൾപ്പെടാതെ യൂറോപ്പിനും ആഫ്രിക്കയ്ക്കും ഇടയിൽ "മദ്ധ്യതരണി" എന്ന് അത്ഥമുള്ളതും "മെഡിററേനിയൻ" എന്ന പ്രസിദ്ധിയേറിയതുമായി ഒരു സമുദ്രവും, ആഫ്രിക്കയ്ക്കും അറേബ്യയ്ക്കും മദ്ധ്യത്തിൽ ചെങ്കടൽ, റഷ്യയ്ക്കു തെക്ക കരിങ്കടൽ എന്നിങ്ങനെ ചില ജലവിഭാഗങ്ങളും ഉണ്ട്.

സ്ഥലവിഭാഗങ്ങളുടെ പരിധികളോടു ചേന്നുള്ള സമുദ്രങ്ങൾക്ക അഗാധം തുലോം കുറഞ്ഞു കാണുന്നു. സമുദ്രത്തിൻെറ മദ്ധ്യപ്രദേശങ്ങളിലും താഴ്ച സാമാന്യം കുറഞ്ഞ സമുദ്രങ്ങൾ ഉണ്ട്. പെസിഫിക്ക്സമുദ്രത്തിൻെറ വടക്കെ ഭാഗത്തു അറുനൂറടി താഴ്ച മാത്രം ഉള്ളതായി ആയിരത്തിൽ ചില്വാനം നാഴിക നീളത്തിൽ വലുതായ ഒരു ഭാഗം ഉണ്ട്. ഈ തരത്തിൽ ആഴം കുറഞ്ഞ ഭാഗങ്ങൾ അററ്ലാൻറിക്ക്സമുദ്രത്തിൻെറ പടിഞ്ഞാറെ തീരത്തും, "ഉത്തരസമുദ്രം" എന്നു പറയുന്ന ഭാഗത്തും, ബാൾട്ടിക്ക് സമുദ്രത്തിലും, ആസ്ത്രേലിയായ്ക്കും ടാസ്മേനിയാ എന്ന ദ്വീപിനും നടുക്കുള്ള സമുദ്രത്തിലും കണ്ടിരിക്കുന്നു. സമുദ്രത്തിൻെറ അടിയിലുള്ള തറ സ്ഥലവിഭാഗമെന്നപോലെ തന്നെ നിമ്നോന്നതങ്ങളായി കിടക്കുന്നു. ഉന്നതങ്ങളായ കുന്നുകൾ പവ്വതങ്ങൾ എന്നിവ സ്ഥലവിഭാഗങ്ങളിൽ

ജൃംഭിച്ച താഴ്വരകളുമായി ചേൎന്നുകിടക്കുന്നതു പോലെ, സമുദ്രത്തിന്റെ അടിനിരപ്പിലും മഹാ ഗൎത്തങ്ങളും, ചരിവുകളും, സമതലങ്ങളും ഉണ്ടു. സ്ഥലത്തിലുള്ള പൎവ്വതങ്ങളിൽ ഇരുപത്തൊമ്പതിനായിരം അടിയോളം ഉയൎന്ന ശിഖരങ്ങൾ ഉള്ളതുപോലെ, മുപ്പത്തോരായിരത്തിൽ പരം അടി താഴ്ചയുള്ള കയങ്ങൾ സമുദ്രത്തിന്റെ അന്തൎഭാഗത്തുള്ളതായി നിൎണ്ണയിച്ചറിഞ്ഞിരിക്കുന്നു. ഭൂമിയിലുള്ള അത്യുന്നതിക്കും സമുദ്രത്തിലുള്ള അത്യഗാധതയ്ക്കും ഏകദേശം ഒരു തുല്യതയുള്ളതായി കണ്ടിരിക്കുന്നതു്, പ്രകൃതിവൈചിത്ര്യത്തിന്റെ സ്മൎത്തവ്യമായുള്ള ഒരു സംഗതിയാണല്ലോ.

സമുദ്രങ്ങൾ നിരവധി നദികളുടെ ജലങ്ങളാൽ പുഷ്ടമാകുന്നു. പതിനഞ്ചു മുതൽ നൂററമ്പതു വരെ നാഴിക നീളമുള്ളതും, വേനല്ക്കാലങ്ങളിൽ അടഞ്ഞുപോകുന്ന പൊഴിമുഖങ്ങളോടുകൂടിയതുമായി നമ്മുടെ സംസ്ഥാനത്തുള്ള പുഴകളല്ല സമുദ്രജലത്തെ പുഷ്ടമാക്കുന്നതു്. നാലായിരം നാഴികവരെ ദൈൎഘ്യവും, ശരാശരിക്കു നമ്മുടെ സംസ്ഥാനത്തിലെ ഒന്നും രണ്ടും താലൂക്കുകളോളം വീതിയുമുള്ള മഹാനദികളാകുന്നു സമുദ്രപോഷണക്രിയയെ നിസ്തന്ദ്രമായി നിൎവ്വഹിക്കുന്നതു്.

ഇങ്ങനെ മഹാനദികൾ വഴിയായി സൎവ്വദാ കൂടിക്കൂടി വരുന്ന സമുദ്രജലത്തിൽ തീരത്തിനടുത്തുള്ള രാജ്യങ്ങൾ, ദ്വീപുകൾ എന്നിവ എങ്കിലും മുങ്ങിപ്പോകാത്തതെന്തുകൊണ്ടാണു് എന്നൊരു ചോദ്യമുണ്ടാവാം. സമുദ്രം ധനലുബ്ധനെപ്പോലെയല്ല; ദാനശീലനെപ്പോലെയാണു്. സമുദ്രജലം സൂൎയ്യരശ്മിയുടെ സമ്പൎക്കമുണ്ടാകുമ്പോൾ ബാഷ്പമായി ആകാശത്തു വ്യാപിച്ചു ക്രമേണ കുറഞ്ഞുപോകുന്നു. ആ ബാഷ്പം കാററു തട്ടി പരമാണുക്കളായി നാനാ ദിക്കുകളിലും പ്രസരിക്കുന്നു. സമുദ്രജലം ബാഷ്പമായി മേഘ-

ത്തിൽ ചേരുകയും, മേഘം ജലത്തെ വർഷിക്കുകയും, വർഷജലംകൊണ്ടു നദികൾ പെരുകി തിരിയെ സമുദ്രത്തിൽ ചേരുകയും, വീണ്ടും ഈ രീതിയിൽത്തന്നെ മുറയ്ക്കു സംഭവിക്കുകയും ചെയ്യുന്നതു്, പ്രകൃതിയുടെ ഒരു ഉചിതമായ കരുതലിനെ വെളിപ്പെടുത്തുന്നു.

നദികൾ തടങ്ങളിലും തീരങ്ങളിലും ഉള്ള അനവധി സാധനങ്ങളെ ശേഖരിച്ചുകൊണ്ടു ചെന്നു് സമുദ്രത്തിൽ സമർപ്പിക്കുന്നു. ഇങ്ങനെ സമുദ്രത്തിൽ നിക്ഷിപ്തങ്ങളായ സാധനങ്ങൾ സമുദ്രജലത്തിൽ ബഹുവിധങ്ങളായ രസങ്ങളെ ഉത്പാദിപ്പിക്കുന്നു. ഈ രസങ്ങളിൽ പ്രധാനമായുള്ളതു് ഉപ്പുരസമാണു്.

സമുദ്രജലം, അനവധി രസങ്ങൾക്കു സ്ഥായിയായുള്ള ദ്രവ്യങ്ങളുടെ കലർച്ചകൊണ്ടു് നദികൾ, കായലുകൾ, തടാകങ്ങൾ എന്നിതുകളിലെ ജലത്തേക്കാൾ കൂടുതൽ ഘനമുള്ളതായിരിക്കും. ബാഷ്പീകരണം ദ്രുതമായി നടക്കുന്ന സ്ഥലങ്ങളിലും മഴ കുറവുള്ള സ്ഥലങ്ങളിലും ഉള്ള സമുദ്രജലം ഉപ്പുമയമായിരിക്കും. ധ്രുവങ്ങൾക്കടുത്തുള്ള സമുദ്രങ്ങളിൽ ഉപരിഭാഗത്തുള്ള ജലത്തിൽ ഉപ്പുരസം കുറഞ്ഞിരിക്കും. അധികമായി നദികൾ ചെന്നു ചേരാത്ത സമുദ്രങ്ങളിലെ ജലത്തിലും ഈ രസം കൂടുതൽ തന്നെ ആയിരിക്കും.

സമുദ്രത്തിന്റെ ബഹിർഭാഗം സദാ ചലിച്ചുകൊണ്ടിരിക്കുന്നു. കൊടുങ്കാറ്റുണ്ടാകുമ്പോൾ ഈ ചലനം വലിയ പുകക്കപ്പലുകളെപ്പോലും മറിച്ചു മുക്കിക്കളയത്തക്ക നിലയിൽ ഉയർന്നുവരുന്ന തിരമാലകളായി പരിണമിക്കുന്നു. സമുദ്രത്തിന്റെ അന്തർഭാഗത്തും, ചില ദിക്കുകളിൽ ബഹിർഭാഗത്തും, ഊക്കേറിയ ഒഴുക്കുകൾ ഉണ്ടു്. അടിയൊഴുക്കുകൾ ചില സമയങ്ങളിൽ സർപ്പഗതിപോലെ ഉയർന്നു് സ്വശക്തിയെ ബഹിർഭാഗത്തും കാട്ടാറുണ്ടു്. ഇവ ബഹുദൂരം പ്രവ-

ഹിക്കുന്നതായി കാണാം. ഈ പ്രവാഹങ്ങൾ ഓരോ രാജ്യ-ങ്ങളുടെ ശീതോഷ്ണസ്ഥിതികളെ ചിലപ്പോൾ സുഖവാസ-ത്തിനനുകൂലമായും, ചിലപ്പോൾ പ്രതികൂലമായും, മാററുന്നു.

സമുദ്രം പ്രകൃതിയുടെ നിരുദ്ദേശകമായുള്ള ഒരു സൃഷ്ടി-യാണെന്നു വിചാരിക്കരുത്. സ്ഥാവരജംഗമങ്ങൾക്ക് വായു എത്രത്തോളം ആവശ്യമോ, അത്രത്തോളം തന്നെ ആവശ്യ-മായിട്ടുള്ളതാണ് ജലവും. ഭൂഗോളത്തിന്റെ അന്തർഭാഗ ത്തുള്ള ഉഷ്ണത്തെ അടക്കി സ്ഥലഭാഗങ്ങളെ ജീവജന്തുക്കൾക്കു വാസയോഗ്യമാക്കിച്ചെയ്യുന്നതു സമുദ്രമാകുന്നു.

സമുദ്രസാമീപ്യമുള്ള രാജ്യങ്ങളാണ് ഐശ്വര്യാഭിവൃദ്ധി പ്രാപിക്കുന്നത്. സമുദ്രസംപർക്കം ഇല്ലാത്ത രാജ്യങ്ങളിലും, ഒരുപ്രകാരം നോക്കിയാൽ, സമുദ്രസാന്നിധ്യം ഉണ്ടെന്ന് അ-നുഭവംകൊണ്ടു പറയാവുന്നതാണ്. ജനനം മുതൽ മര-ണം വരെ സമുദ്രം കാണാതെ കഴിക്കുന്ന ആളുകൾ പോലും സമുദ്രസൗഭാഗ്യം അനുഭവിക്കുന്നു. പ്രത്യക്ഷമായ ഉപയോ-ഗത്തെ മാത്രം ഗണിക്കുന്നതായാലും ഉപ്പ്, മത്സ്യം, രത്ന-ങ്ങൾ, മുത്ത്, കവിടി മുതലായി സമുദ്രത്തിൽ ഉണ്ടാകുന്ന സാധനങ്ങൾ നിത്യമായ ആഹാരത്തിനും അലങ്കാരത്തിനും മററുമായി ഗിരിവാസികൾക്കും ഉപയോഗപ്പെടുന്നു.

സമുദ്രത്തിൽനിന്ന് "ഒസോൺ" എന്നൊരു ബാഷ്പവായു ഭൂമിയിൽ പ്രസരിക്കുന്നത് ശരീരാരോഗ്യത്തിനു ഒരു മഹൗഷ-ധമാകുന്നു. ഉൾപ്രദേശങ്ങളിൽനിന്ന് ഉൽഗമിക്കുന്ന വാ-യുക്കളിലെ വിഷബീജങ്ങൾ സമുദ്രവായുവോടുള്ള സംപർക്കം-കൊണ്ടു ശുദ്ധമാകുന്നു.

അതി ദൂരസ്ഥങ്ങളും അമാനുഷയത്നത്താൽ പോലും അഗമ്യങ്ങളുമായുള്ള രാജ്യങ്ങൾ തമ്മിൽ പരിചയപ്പെടുന്ന-തിനും, വ്യാപാരസൗകര്യങ്ങൾ വർദ്ധിക്കുന്നതിനും, പ്രകൃതിദ-ത്തമായുള്ള സഞ്ചാരമാർഗ്ഗങ്ങളിൽ സമുദ്രം തന്നെയാണ്

പ്രഥമസ്ഥാനത്തെ അർഹിക്കുന്നത്. സമുദ്രമാൎഗ്ഗമായുള്ള സഞ്ചാരങ്ങൾക്കിടയിലാണ് നവംനവങ്ങളായ രാജ്യങ്ങൾ കണ്ടുപിടിക്കുന്നതിനും സൗകൎയ്യമുണ്ടാകുന്നത്. ഇംഗ്ലണ്ടും മററു രാജ്യങ്ങളുമായുള്ള വ്യാപാരം സമുദ്രമാൎഗ്ഗമായിട്ടല്ലാതെ നിവൎത്തിച്ചുകൂടുന്നതല്ല. സമുദ്രംകൊണ്ടുണ്ടാകുന്ന ഗുണങ്ങൾക്ക് ഇതിന്നുമ്പണ്ണം പല ദൃഷ്ടാന്തങ്ങളും പറയാം. ചില്ലറ ചീവാടി, പത്തേമാരി എന്നീ ഉരുക്കൾ കൂടാതെ, ഓരോരോ രാജ്യാധികാരികൾ കമ്പനിക്കാർ വൎത്തകന്മാർ ഇവരുടെ വകകളായി എത്രയൊ സഹസ്രം കപ്പലുകൾ സമുദ്രമാൎഗ്ഗങ്ങളിൽ കൂടി ഇപ്പോൾ സഞ്ചരിക്കുന്നുണ്ട്. കച്ചവടസംബന്ധങ്ങളായ വ്യവസായോദ്യമങ്ങൾക്ക് കപ്പലുകളുടെ വൎദ്ധനയോടുകൂടി ഒരു നവീനജീവൻ ഉണ്ടായി. പുകക്കപ്പലുകൾവഴി സമുദ്രതരണം ക്ഷിപ്രസാദ്ധ്യമായിത്തീൎന്നതോടുകൂടി മനുഷ്യജീവിതത്തിന്നു തന്നെ മഹാ ശ്ലാഘ്യമായ ഒരു മാററം വന്നുകൂടി. യൂറോപ്പ്, അമേരിക്ക, ആസ്ത്രേലിയാ എന്നീ ഖണ്ഡങ്ങളിൽ ഉണ്ടാകുന്ന സാധനങ്ങൾ നമുക്ക് ഇപ്പോൾ തൻനാട്ടുചരക്കുകളെപ്പോലെ എളുപ്പത്തിലും സഹായവിലയ്ക്കും കിട്ടുന്നത്, ഓരോരോ രാജ്യങ്ങളേയും സമുദ്രതീരങ്ങൾ സഞ്ചാരമാൎഗ്ഗങ്ങൾ മൂലം പരസ്പരം സംബന്ധിപ്പിക്കുന്നതുകൊണ്ടാകുന്നു.

ഓരോ മഹാരാജ്യങ്ങളുടെ ശക്തിയും ഇപ്പോൾ സമുദ്രത്തെ ആശ്രയിച്ചിരിക്കുന്നു. സമുദ്രസംബന്ധം എത്രത്തോളം കൂടിയിരിക്കുന്നുവോ, അത്രത്തോളം ആ രാജ്യത്തിന്നു സൈന്യബലം വൎദ്ധിപ്പിക്കുന്നതിന്നു ശക്തിയും സൗകൎയ്യവും ഉണ്ടാകുന്നു. എന്തെന്നാൽ, ഒരു രാജ്യത്തിലെ സൈന്യബലം അതിന്റെ നാവികാംശത്തിലാണ് ഇപ്പോൾ പ്രതിഷ്ഠാപിതമായിരിക്കുന്നത്. നാവികസൈന്യത്തെ പുഷ്ടിപ്പെടുത്തുന്നതിനായി ഓരോ രാജ്യങ്ങളും അനവധി ദ്രവ്യം

ചിലവു ചെയ്യുന്നു. നാവികശക്തിയെ സംബന്ധിച്ച് പ്രഥമസ്ഥാനം ബ്രിട്ടീഷ് സാമ്രാജ്യത്തിനാകുന്നു. ഇംഗ്ലീഷുകാരുടെ മൂലരാജ്യം ഒരു ദ്വീപാണ്. തുറമുഖങ്ങളായി ഉപയോഗിക്കത്തക്ക നദീമുഖങ്ങളും, ഉൾക്കടലുകളും ആ ദ്വീപിനെ ചുററി ധാരാളം ഉള്ളതുകൊണ്ടു, ഇംഗ്ലീഷുകാൎക്ക് അനേകം പടക്കപ്പലുകളും, യുദ്ധവൈദഗ്ദ്ധ്യമുള്ള നാവികസൈന്യവും സംഭരിച്ചു കൂട്ടുന്നതിനു സൌകൎയ്യമുണ്ടായി. കപ്പൽവ്യാപാരത്തിലും കപ്പൽയുദ്ധത്തിലും ഇംഗ്ലീഷുകാർ സൎവ്വദാ വിജയികളായിത്തീൎന്നിട്ടുള്ളതുകൊണ്ടു, ബ്രിട്ടീഷ് സാമ്രാജ്യശക്തി നിരുപമപ്രഭാവത്തോടുകൂടി സൎവ്വദിഗന്തങ്ങളിലും വിലസുന്നു.

---


പാഠം ൨൦.

## നിറങ്ങൾ.

നമ്മുടെ ചുററുമുള്ള നദി, കായൽ, മല മുതലായ ഭൂമുഖങ്ങളും, നെല്ല്, തെങ്ങ്, പ്ലാവ് മുതലായ സസ്യാദികളും, പൂച്ച, തത്ത, വണ്ട്, മുതലായ ജീവജാലങ്ങളും, നമുക്ക് ഏററവും ആനന്ദപ്രദങ്ങളായിരിക്കുന്നു. പ്രകൃതിയിലുള്ള വസ്തുക്കൾ ആകൃതിയിലും വലിപ്പത്തിലും എന്നപോലെ വൎണ്ണത്തിലും നാനാപ്രകാരേണ വ്യത്യാസപ്പെട്ടവയാണ്. ഏറെക്കുറെ പച്ചനിറത്തോടുകൂടിയിരിക്കുന്ന സസ്യാദികളെ ചുവപ്പു മഞ്ഞ മുതലായ നിറം കലൎന്ന തളിരുകളും, പുഷ്പങ്ങളും മനോഹരമായി അലങ്കരിക്കുന്നു. തത്തവൎഗ്ഗത്തിലുൾപ്പെട്ട പഞ്ചവൎണ്ണക്കിളിയുടെ ശരീരം പല നിറങ്ങളാലും, അവയുടെ കലപ്പുകളാലും ശോഭായമാനമായിരിക്കുന്നു. നിറം കലൎന്ന വസ്ത്രങ്ങൾ ധരിക്കുന്നതുകൊണ്ടു ചിലൎക്കു, വിശേഷിച്ചും സ്ത്രീകൾക്കു, രമണീയത ഉണ്ടാകുന്നു. അതു

കൊണ്ടു മനുഷ്യൎക്ക ആനന്ദത്തെ നൽകുന്നതിനുള്ള വഴികളിൽ ഒന്ന് പ്രകൃതിസൃഷ്ടമായ നിറങ്ങളാണെന്നു പറയാമല്ലോ. സൂക്ഷ്മമായി പരിശോധിക്കുന്ന പക്ഷം, നാം കാണുന്ന വസ്തുക്കളുടെ നിറം അവയുടെ ഒരു സ്ഥായിയായ ഗുണം അല്ലെന്നും, ചില ബാഹ്യാവസ്ഥകളെ അനുസരിച്ചുള്ള ഒരു മാതിരി തോന്നലാണെന്നും ബോധപ്പെടുന്നതാണ്. നാം വസ്തുക്കളെ നല്ലപോലെ കാണുന്നത് പകൽസമയത്താണല്ലോ. സൂൎയ്യരശ്മികൾ അവയിൽ തട്ടി അവിടെനിന്നു പ്രതിഫലിച്ച് നമ്മുടെ കണ്ണിൽ എത്തുമ്പോഴാണ് നാം അവയെ കാണുന്നത്. വസ്തുക്കളെ പല വൎണ്ണങ്ങളിലായി തോന്നിപ്പിക്കുന്നതും സൂൎയ്യപ്രകാശത്തിന്റെ വൈശിഷ്ട്യം തന്നെ.

അനേകം നിറങ്ങളുടെ സങ്കരത്താലാണ് സൂൎയ്യരശ്മി ഉണ്ടായിട്ടുള്ളതെന്ന് വളരെ മുമ്പു തന്നെ യൂറോപ്യൻശാസ്ത്രജ്ഞന്മാർ വെളിപ്പെടുത്തിയിട്ടുണ്ടു്. ശരറാന്തലിന്റെ അററത്തു തൂങ്ങിക്കിടക്കുന്നതും, പരന്ന മൂന്നുവശങ്ങളുള്ളതുമായ ഒരു വിശേഷമാതിരി കണ്ണാടിച്ചില്ലിനെ സൂൎയ്യരശ്മിക്കെതിരായി പിടിച്ചാൽ ഇതു പ്രത്യക്ഷമാകും. ഇതിനുള്ളിൽക്കൂടി കടന്നുപോകുന്ന രശ്മി ഒരു വശത്തോട്ട് അല്പം ചരിഞ്ഞു്, പല നിറങ്ങളായി വേർതിരിഞ്ഞു്, ഒന്നിനോടൊന്നു ചേൎന്നു തൊട്ടുകിടക്കുന്നതായി കാണാം. സൂക്ഷിച്ചുനോക്കുന്ന പക്ഷം ഇതിൽ ഏഴു നിറങ്ങൾ അടങ്ങിയിട്ടുണ്ടെന്നു കാണാവുന്നതാണ്. അവ ചുവപ്പു, മഞ്ഞ, പച്ച, നീലം, ഊത ഇവയും, ചുവപ്പിനും മഞ്ഞയ്ക്കും ഇടയ്ക്കുള്ള രക്തപീതവും, നീലത്തിനും ഊതായ്ക്കും ഇടയ്ക്കുള്ള ഇന്ദ്രനീലവും ആകുന്നു. ഈ സപ്തവൎണ്ണങ്ങൾ തന്നെയാണ് മഴവില്ലിൽ കാണുന്നതും. പ്രധാനനിറങ്ങൾ ചുവപ്പും, മഞ്ഞയും, നീലവും ആകുന്നു. ഇവയെ പ്രാഥമികവൎണ്ണങ്ങൾ എന്നു



പറയാം. മററു നിറങ്ങളെല്ലാം ഏറെക്കുറെ ഇവയുടെ സമ്മിശ്രംകൊണ്ടുണ്ടാകുന്നതാകുന്നു.

വസ്തുക്കളുടെ വർണ്ണത്തിൽ നാനാത്വം കാണുന്നത് സൂര്യ്യരശ്മിയിൽനിന്ന് ഓരോന്നും അതതിനനുരൂപമായ നിറത്തെ കൂടുതലായി ആകർഷിച്ച് പ്രതിഫലിപ്പിക്കുന്നതുകൊണ്ടാണ്. വാഴയിലയിൽ സൂര്യ്യരശ്മിയുടെ പച്ച നിറവും, ചെമ്പരത്തിപ്പൂവിൽ അതിന്റെ ചുവന്ന നിറവും പ്രത്യേക ശക്തിയോടുകൂടി പ്രതിഫലിക്കുന്നതുകൊണ്ടാണ് ഇല പച്ചയായിട്ടും, പൂവ് ചുവപ്പായിട്ടും കാണുന്നത്. പൊതുവിൽ പറയുന്ന പക്ഷം, നിറങ്ങൾ വസ്തുക്കളെ പ്രകാശിപ്പിക്കുന്നതിനുള്ള വെളിച്ചത്തിന്റെ ഗുണത്തെ ആശ്രയിച്ചിരിക്കുന്നു. ഒരേ മാതിരി വെളിച്ചത്തിൽ കൂടി ഒരു വസ്തുവിനെ എപ്പോൾ നോക്കിയാലും ഒരേ നിറത്തിലേ കാണുകയുള്ളൂ.

വെളുത്ത നിറത്തിൽ സപ്തവർണ്ണങ്ങൾ അടങ്ങിയിരിക്കുന്നുവെന്ന് മറെറാരു പരീക്ഷകൊണ്ടും തെളിയിക്കാം. ഒരു ബയൻറു കടലാസ് (പേസ്റ്റുബോർഡ്) എടുത്ത്, വട്ടത്തിൽ കണ്ടിച്ച് നല്ല മേനിയുള്ള വെളുത്ത കടലാസുകൊണ്ട് ഒരുവശം വൃത്തിയായി പൊതിഞ്ഞു് ഒട്ടിക്കുക. ഈ വശത്തെ ഏഴു തുല്യഭാഗങ്ങളായി പകുത്ത് ഓരോ ഭാഗം ചായമിടുക. പിന്നീട് അതിന്റെ ഒത്ത മദ്ധ്യത്ത് ഒരു ചെറിയ ദ്വാരമുണ്ടാക്കി ഒരു അച്ചുതണ്ടിന്മേൽ പിടിപ്പിക്കുക. അതിന്റെ ശേഷം, കടച്ചിൽവേലക്കാർ ഉപയോഗിക്കുന്ന മാതിരി ഒരു ചക്രത്തിന്റെ സഹായത്താൽ അച്ചുതണ്ടിനെ അതിവേഗത്തിൽ കറക്കുക. സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നാൽ കടലാസിലുള്ള സപ്തവർണ്ണങ്ങൾ പേസ്റ്റ്ബോർഡിന്റെ ഗതിവേഗംകൊണ്ട് ക്രമേണ മാഞ്ഞുമാഞ്ഞു് ഒടുവിൽ ശുദ്ധവെളുത്ത നിറംപോലെ കാണാം. സപ്തവർണ്ണങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം കൂട്ടിച്ചേർത്താൽ വെളുത്ത

നിറം ഉണ്ടാകുന്ന പക്ഷം, ഒന്നിനെ മററൊന്നിന്റെ പൂരണവർണ്ണമെന്നു ഗണിക്കാവുന്നതാണ്. ചുവപ്പും പച്ചയും അന്യോന്യം പൂരകങ്ങളാകുന്നു. അപ്രകാരം തന്നെയാണ്, നീലവും മഞ്ഞയും. സൂക്ഷിച്ച ചായങ്ങൾ കൂട്ടിയാൽ ഇതു അനുഭവമാകും.

ചിലപ്പോൾ വസ്തുക്കളിൽ കാണാറുള്ള നിറം മററവസ്ഥകളാലും ബാധിതമായി വരുന്നുണ്ടു്. ഒരു കീറു കടലാസിനെ രണ്ടു തുല്യഭാഗങ്ങളായി മുറിച്ചു് വൃത്താകൃതിയിൽ ഓരോ ചുവന്ന വര വരയ്ക്കുക. ഒന്നിന്റെ ഇരുവശങ്ങളിലും ഓരോ മഞ്ഞരേഖയും, മററതിന്റെ വശങ്ങളിൽ ഓരോ പച്ചരേഖയും ഉണ്ടാക്കുക. രണ്ടു കടലാസുതുണ്ടുകളേയും അടുത്തടുത്തു് ഓരോ ചുവരിന്മേൽ പതിച്ചിട്ടു്, അല്പം അകലെ മാറിനിന്നു നോക്കുക. രണ്ടു വസ്തുക്കളും ഒരേ മാതിരിയിൽ വരയ്ക്കപ്പെട്ടവയാണെങ്കിലും, പച്ചരേഖകളിലുള്ളതിനു മഞ്ഞരേഖയ്ക്കുള്ളിലുള്ളതിനേക്കാൾ ചുവപ്പു കൂടുതലായിട്ടു കാണുന്നുവെന്നു തോന്നിപ്പോകുന്നു.

ചിലപ്പോൾ നിറം, നോക്കിനില്ക്കുന്ന ആളിന്റെ നേത്രേന്ദ്രിയങ്ങളുടെ താല്ക്കാലിക സ്ഥിതിഭേദത്തെ അനുസരിച്ചിരിക്കുന്നു. ചുവപ്പുനിറമുള്ള വസ്തുവിൽ ഏറെനേരം സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നിട്ടു് പെട്ടെന്നു കണ്ണുതിരിച്ചു് വെളുത്ത നിറമുള്ള ഒരു കടലാസിലോ മറേറാ നോക്കിയാൽ, കടലാസിന്റെ നിറം ചുവപ്പായോ വെളുപ്പായോ കാണുകയില്ലെന്നു മാത്രമല്ല, പച്ചനിറമുള്ളതായി തോന്നിയ്ക്കുന്നതുമാണ്. ഇതിനു കാരണം ഏറെനേരം ചുവപ്പിനെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കയാൽ നേത്രേന്ദ്രിയത്തിൽ ചുവന്ന രശ്മിയെ സ്വീകരിപ്പാനുള്ള ശക്തി ക്ഷയിക്കുകയും, തന്മൂലം ചുവപ്പിന്റെ പൂരണമാകുന്ന പച്ചയുടെ ശക്തി വർദ്ധിക്കുകയും ചെയ്യുന്നതുകൊണ്ടാണ്.

ചിലക്ക ചിലപ്പോൾ വൎണ്ണവ്യത്യാസങ്ങളെ ഗ്രഹിക്കുന്നതിനു കഴിവില്ലാതെ വരുന്നു. ഇവക്ക വൎണ്ണാന്ധന്മാർ എന്നു പേരു നൽകാം. ഒരു കൂട്ടക്ക ചുവപ്പും മഞ്ഞയും പച്ചയും എല്ലാം പച്ചയായും, മററുചിലക്ക മഞ്ഞയും പച്ചയും നീലവുമെല്ലാം നീലമായും കാണാറുണ്ടു്. വൎണ്ണാന്ധത വൎദ്ധിച്ചാൽ കാണുന്നതെല്ലാം ഒരുമാതിരി ചാമ്പൽനിറമായി തോന്നുന്നതായിരിക്കും. ഈവക കാഴ്ചക്കുററം മിക്കവാറും പാരമ്പൎയ്യമായിട്ടാണ് കണ്ടുവരുന്നത്. അതു് ഒന്നിട വിട്ടു സാധാരണയായി പിതാമഹനിൽനിന്നു പൌത്രനിൽ പകരുന്നു. പുരുഷന്മാരെക്കാൾ സ്ത്രീകളെയാണ് ഈ ദോഷം അധികം ബാധിക്കുന്നത്. വൎണ്ണാന്ധന്മാർ മിക്കവാറും എളുപ്പത്തിൽ വെള്ളെഴുത്തുള്ളവരായിത്തീരുന്നു. വൎണ്ണാന്ധത ചിലപ്പോൾ ഒരു കണ്ണിനു മാത്രമേ ഉണ്ടാകാറുള്ളു. നല്ലപോലെ സൂക്ഷിച്ചാലല്ലാതെ ഇതു കാണുന്നതല്ല.

പ്രധാനനിറങ്ങളെയും അവയുടെ പിരിവുകളെയും തിരിച്ചറിയുന്നതിനു വളരെ തഴക്കവും പഴക്കവും വേണ്ടതാണ്. സാധാരണ നേത്രശക്തിയുള്ളവൎക്ക് ആറോ ഏഴോ നിറം തിരിച്ചറിയാമായിരിക്കും. നിറങ്ങളെയും അതിൻെറ ഛായകളെയും തിരിച്ചറിയുന്നതിന് അതിസൂക്ഷ്മതയുള്ള "വൎണ്ണദൎശിനി" എന്നൊരു യന്ത്രവിശേഷം കണ്ടുപിടിച്ചുണ്ടാക്കിയിട്ടുണ്ടു്.

വസ്തുക്കൾക്കു നിറം കൊടുത്തിരിക്കുന്നത്, കേവലം പ്രകൃതിയെ മനോഹരമാക്കിത്തീൎക്കുന്നതിനു മാത്രമായിട്ടല്ല. ചില വലുതായ പ്രകൃതിരഹസ്യങ്ങൾ വൎണ്ണങ്ങളിൽ അടക്കം ചെയ്തിരിക്കുന്നു. സസ്യാദികൾ ലോകത്തിൽ നിശ്ശേഷം നശിച്ചു പോകാതിരിക്കാനായി വിത്തുകളെ സൂക്ഷിച്ചു രക്ഷിക്കത്തക്ക പോഷണം നല്കുന്നതിന് അതിൻെറ പുഷ്പങ്ങളുടെ നിറം വളരെ ഉപകരിക്കുന്നു. ജീവജാലങ്ങൾക്കു നിറം പലവിധ-

ത്തിലും പ്രയോജനകരമായിരിക്കുന്നുണ്ടു്. പക്ഷികൾക്കു മിക്കവാറും ഇരുണ്ടവർണ്ണം നൽകിയിരിക്കുന്നതു് അവയുടെ വാസയോഗ്യമായ വൃക്ഷലതാദികളുടെ ഉള്ളിൽ അവ സ്ഥിതി ചെയ്യുമ്പോൾ ഏറക്കുറെ ഇരുണ്ട ഇലകൾ അവയെ ശത്രുക്കളുടെ ആക്രമത്തിൽനിന്നു് രക്ഷിക്കുന്നതിനാണു്. പാമ്പു മുതലായി മണ്ണിൽ ഇഴഞ്ഞു നടക്കുന്നവയ്ക്കു് മണ്ണിന്റെ നിറം കൊടുത്തിരിക്കുന്നതും ഈ ഉദ്ദേശ്യത്തോടു കൂടിയാകുന്നു. മണൽക്കാടുകളിൽ സഞ്ചരിക്കുന്ന സിംഹത്തിനും ഒട്ടകത്തിനും മണൽനിറവും, ധ്രുവദേശത്തുള്ള കരടിയ്ക്കും മുയലിനും മഞ്ഞുകട്ടിയുടെ നിറവും കൊടുത്തിരിക്കുന്നതു്, തീർച്ചയായും ശത്രുക്കളിൽനിന്നുള്ള രക്ഷയെയും, ഇരതേടിപ്പിടിക്കുന്നതിനുള്ള സൗകര്യത്തെയും, അടിസ്ഥാനപ്പെടുത്തിയാകുന്നു.

---

## പാഠം ൨൧.

## അഹങ്കാരത്തിന്റെ ഫലം.

അത്രാന്തരെ തത്ര ദുര്യോധനൻ താൻ
മിത്രാത്മജൻ താനുമാസ്ഥാനദേശെ
മിത്രങ്ങളും പൗരവൃന്ദങ്ങളും വ-
ന്നെത്തീതി കേട്ടു — മഹാദേവ ശംഭോ ||

ഗംഗാസുതദ്രോണശല്യാദികന്മാർ
തുംഗാസനൗഘെ നിരന്നങ്ങിരുന്നാർ
രംഗേ വസിച്ചു കുരൂണാം പിതാവും
ഭംഗ്യാ തദാനീം — മഹാദേവ ശംഭോ ||

ഉല്ലാസമോടെ സഭാമദ്ധ്യവാസീ
വില്ലാളിയാം കർണ്ണനോടൊത്തു കൂടി
ചൊല്ലീടിനാനങ്ങു നാഗധ്വജൻ താ-
നെല്ലാവരോടും — മഹാദേവ ശംഭോ ||

ഗോപാലനണ്ടിങ്ങു വന്നിട്ടിദാനീം
ഭൂപാലരെല്ലാം ധരിച്ചീടവേണം
ഭൂപാതി കിട്ടേണമെന്നാശയോടെ
ഭൂപേനമുക്കൊ — മഹാദേവ ശംഭോ ||

കണ്ടാൽ നമുക്കിന്നു മിണ്ടായ്ക വേണം
കൊണ്ടാടിയോളം മദിക്കും ജളന്മാർ
വേണ്ടാസനത്തിന്നു കോപ്പിട്ടുവന്നാൽ
രണ്ടില്ല പക്ഷം — മഹാദേവ ശംഭോ ||

വന്നാൽ ഭവാന്മാരെഴുന്നേൽക്ക വേണ്ടാ
നന്നായുറപ്പിച്ചിരുന്നീട വേണം
ഇന്നെന്നുടേ വാക്ക കേൾക്കാതെ പോയാൽ
ഒന്നുണ്ടു പേണ്ടൂ — മഹാദേവ ശംഭോ ||

സ്വർണ്ണം തരേണം പതുപ്പത്തു ഭാരം
കണ്ണനുമേതാനുമൊപ്പിക്ക വേണം
കണ്ണൻ വരുമ്പോളെഴുന്നേറ്റു പോയാൽ
ദണ്ഡങ്ങളിത്ഥം — മഹാദേവ ശംഭോ ||

ശ്രീകൃഷ്ണനെന്നും ജഗന്നാഥനെന്നും
ശ്രീകാന്തനെന്നും മഹാവിഷ്ണുവെന്നും
ഓരോന്നു ചിന്തിച്ചു മോഹിച്ചുപോയാൽ
നേരല്ല വട്ടം — മഹാദേവ ശംഭോ ||

കണ്ണൻ വരുമ്പോളിളക്കം തുടന്നാൽ
കണ്ണാ നിനക്കും കനക്കേട്ടു തട്ടും.
എണ്ണത്തിലേതാനുമല്പം കുറയ്ക്കാ-
മെന്നേ വരാവൂ — മഹാദേവ ശംഭോ ||

ദുശ്ശാസനാ നീയുമുത്സാഹമോടെ
ഇശ്ശാസനത്തെ ഗ്രഹിച്ചീടവേണം

വിശ്വാസമില്ലാ മനക്കാമ്പിലേററം
ദുർവ്വാസനാ കേൾ — മഹാദേവ ശംഭോ ||

ഭദ്രങ്ങളേവം പറഞ്ഞും ചിരിച്ചും
ഭദ്രാസനാഗ്രേ ഞെളിഞ്ഞങ്ങിരുന്നും
ഛിദ്രാഭിലാഷം ഭുജംഗധ്വജൻ താൻ
അദ്രീശതുംഗേ — മഹാദേവ ശംഭോ ||

ഗോപാലരൂപൻ രമാകാന്തനപ്പോൾ
ശ്രീപാഞ്ചജന്യം മുഴക്കിപ്പുറക്കെ
ഭൂപാലരംഗേ പ്രവേശം തുടങ്ങി
പാപാപഹാരി — മഹാദേവ ശംഭോ ||

ബാലാർക്കബിംബം പ്രകാശിക്കുമപ്പോൾ
ബാലാതപാളി വിളങ്ങുന്നപോലെ
മൗലിപ്രഭാജാലമാസ്ഥാനദേശേ
നീളെപ്പരന്നൂ — മഹാദേവ ശംഭോ ||

കായാമ്പു തന്നുള്ളിലായാസമേകും
കായപ്രകാശം കലർന്നു സഭാന്തെ
ഭൂയോ വിളങ്ങി സ്മിതപ്രൗഢിയോടെ
പീയൂഷപൂരം — മഹാദേവ ശംഭോ ||

തൃക്കണ്ണു രണ്ടും മിഴിച്ചാസ്ഥയോടെ
നിൽക്കുന്നപേരേ കടാക്ഷാമൃതത്താൽ
ഒക്കെത്തണുപ്പിച്ചു മെല്ലെത്തിരിച്ചു
സല്ക്കാരപൂർവ്വം — മഹാദേവ ശംഭോ ||

ദൂരത്തുനിന്നങ്ങെഴുന്നള്ളുമപ്പോൾ
ആ രാജലോകം കുലുങ്ങിത്തുടങ്ങി
ഭീരുക്കളെല്ലാം നടുങ്ങിത്തുടങ്ങി
ഭാവം പകർന്നു — മഹാദേവ ശംഭോ ||

ആസ്ഥാനദേശേ വസിക്കും നൃപന്മാ-
രുത്ഥാനവും ചെയ്തു കൂപ്പിത്തുടങ്ങി
ബദ്ധപ്രമോദം മനസ്സും മറന്നു
തത്വം കലൎന്നു — മഹാദേവ ശംഭോ ||

മൂൎദ്ധത്വമേറുന്ന നാഗധ്വജൻ താൻ
പീഠാഗ്രതോസൗ മറിഞ്ഞങ്ങു വീണാൻ
കൂടെപ്പതിക്കുന്നു കണ്ണാടിവൃന്ദം
ഗ്രന്ഥപ്രമോദം — മഹാദേവ ശംഭോ ||

സ്വൎണ്ണം തരേണം നമുക്കെന്നു ചൊല്ലി-
കണ്ണും മിഴിച്ചങ്ങിരിക്കുന്ന നേരം
പൊന്നിൻ മറിഞ്ഞങ്ങു വീഴുന്ന കണ്ടാൽ,
കണ്ണിന്നു സൗഖ്യം — മഹാദേവ ശംഭോ ||

---

പാഠം ൨൨.

## ധൈൎയ്യവതികളായ സ്ത്രീകൾ.

സാഹിത്യങ്ങൾ സ്ത്രീകളെ വാത്സല്യസൂചകമായി "അബലകൾ" എന്നു വൎണ്ണിക്കുന്നു. എന്നാൽ "പാതിയും പുരുഷനു ഭാൎയ്യയെന്നറിഞ്ഞാലും" എന്നു് അഭിയുക്തവാക്യവുമുണ്ടു്. മലയാള സരസകവയിത്രിയായ ശ്രീമതി ഇക്കാവമ്മ "മല്ലാരിപ്രിയയായ ഭാമ സമരം ചെയ്തില്ലയോ,
തേർ തെളിച്ചീലേ പണ്ടു സുഭദ്ര,
പാരിതു ഭരിക്കുന്നില്ലേ വിക്ടോറിയാ. . . ." എന്നു ലോകസമക്ഷത്തിൽ ഒരു പ്രശ്നം സമൎപ്പിച്ചിരിക്കുന്നു. ഈ ശ്ലോകത്തിന്റെ പൂൎവാൎദ്ധത്തിൽ ശ്രീകൃഷ്ണന്റെ ഭാൎയ്യയായ സത്യഭാമ, അൎജ്ജുനന്റെ ഭാൎയ്യയായ സുഭദ്ര, മഹാ യശസ്വിനിയായ വിക്ടോറിയാചക്രവൎത്തിനി, എന്നീ മൂന്നു പേരുകൾ

സ്ത്രീസാമൎത്ഥ്യത്തിനു ദൃഷ്ടാന്തമായി കാണിച്ചിരിക്കുന്നു. ഇതിൽ സത്യഭാമയും സുഭദ്രയും പുരാണപാത്രങ്ങളായിരുന്നു. ആദിത്യൻ ഒരിക്കലും അസ്തമിക്കാത്ത വിധത്തിൽ വിസ്തൃതിയോടുകൂടിയ രാജ്യത്തേയും, അതിലെ ബഹുശഃ ഭിന്നങ്ങളായ സമുദായങ്ങളേയും അറുപതിൽപരം സംവത്സരകാലം മഹാ യശസ്സോടും, ഐശ്വൎയ്യസമുൽക്കൎഷത്തോടും അനുപമം വിജയത്തോടും ഭരിക്കാൻ ശക്തയായിരുന്ന വിക്ടോറിയാ മഹാരാജ്ഞി സ്ത്രീകളുടെ ബുദ്ധിവൈഭവത്തിനും, കാൎയ്യസാമൎത്ഥ്യത്തിനും, ഇക്കാലത്തുള്ളവൎക്ക് അനുഭവമുള്ള ഒരു ഉത്തമലക്ഷ്യം തന്നെയാണ്.

നമ്മുടെ രാജ്യത്ത് കൊല്ലം ൯-ാം ശതവൎഷത്തിന്റെ മദ്ധ്യകാലത്തു ഭാഗ്യോദയശ്രീ ഉമയമ്മ എന്ന ഒരു രാജ്ഞി ഉണ്ടായിരുന്നു. ആ രാജ്ഞിയ്ക്കു് ഒൻപതു വയസ്സായ ഒരു കുമാരനല്ലാതെ മററു പുരുഷസഹായം ഒന്നും സ്വന്ത കുടുംബത്തിൽ ഉണ്ടായിരുന്നില്ല. പ്രജാസംഘത്തിൽ ഉൾപ്പെട്ട ചില പ്രഭുക്കന്മാരുടെ ഉപജാപങ്ങളും, വിദേശീയനായ ഒരു മഹമ്മദീയപ്രമാണിയുടെ ആക്രമണവും ആ രാജ്ഞിയെ നന്നേ വലച്ചു. ആ ആപത്സരണികളെ തരണം ചെയ്യുന്നതിന് ആ രാജ്ഞിയുടെ പ്രവൃത്തികൾക്കു സ്ഥായിയായി ദൃഢധൈൎയ്യം എന്ന ധൎമ്മം ഇല്ലായിരുന്നെങ്കിൽ, അവിടുത്തേയ്ക്കു സിദ്ധിച്ച വിജയം ദുസ്സാദ്ധ്യമായിരുന്നേനെ.

ഇംഗ്ലീഷുബാലികയായ "ഗ്രേസ് ഡാർലിങ്ങ്" ഒരു ദീപസ്തംഭം സൂക്ഷിപ്പുകാരന്റെ മകളായിരുന്നു. ആ ദീപസ്തംഭം സ്ഥാപിച്ചിരുന്ന പാറക്കെട്ടിനു സമീപത്തു വച്ച് ഒരു കപ്പൽ കൊടുങ്കാററിൽ അകപ്പെട്ടപ്പോൾ, ആ സ്ഥലത്തിന്റേയും സമയത്തിന്റേയും ദുർഘടാവസ്ഥകൾ ഒന്നും ചിന്തിക്കാതെ ആ കപ്പലിലെ യാത്രക്കാരെ രക്ഷിക്കാനായി വള്ളം ഇറക്കി അവൾ പുറപ്പെട്ടു്, അനവധി ജനങ്ങളെ മൃത്യുവക്ത്രത്തിൽ

നിന്നു വീണ്ടു കൊണ്ടുപോന്ന കഥ എല്ലാ രാജ്യത്തും കേൾ-
വിപ്പെട്ടതാണ്.

ഇൻഡ്യാചരിത്രസംബന്ധമായി കേട്ടിട്ടുള്ള ഒരു കഥയും ഇത്തരുണത്തിൽ സ്മരണീയമാണ്:— രാജപുത്രരാജ്യങ്ങളിൽ ഒന്നു ചിറ്റൂർ എന്ന തലസ്ഥാനത്തോടു കൂടിയ 'മേവാർ' സ്വരൂപം ആയിരുന്നു. അവിടത്തെ രാജാവിന് 'റാണാ' എന്നാണ് സ്ഥാനപ്പേര്. ഡൽഹിപട്ടണം അല്ലാവുദീൻ ചക്രവൎത്തി ഭരിച്ചിരുന്ന കാലത്ത് മേവാറിലെ റാണാ ഒരു ബാലനായിരുന്നു. കുമാരനായിരുന്ന ആ രാജാവിൻെറ രക്ഷകൻ അദ്ദേഹത്തിൻെറ മാതുലനായ ഭീമസിംഹൻ എന്ന യോദ്ധാവായിരുന്നു. ഭീമസിംഹന് പത്മിനി എന്നു പേരായി ലോകൈകസുന്ദരിയായ ഒരു ഭാൎയ്യയുണ്ടായിരുന്നു. ഈ സുന്ദരിയുടെ രൂപലാവണ്യത്തെക്കുറിച്ച് അല്ലാവുദീൻ കേട്ടപ്പോൾ, തന്നോടു ധിക്കാരം കാട്ടി വന്നിരുന്ന രാജപുത്രന്മാരെ അമൎത്തുന്നതിനും, പത്മിനിയെ അപഹരിച്ച് തൻെറ അന്തഃപുരത്തിൽ പാൎപ്പിക്കുന്നതിനും അയാൾ നിശ്ചയിച്ചു. അതിനായി സൈന്യസമേതം തിരിച്ചു.

ചിറ്റൂർനഗരത്തിനു ചുററും ദുൎഗ്ഗമമായ ഒരു കോട്ട ഉണ്ടായിരുന്നു. രാജപുത്രഭടന്മാരുടെ എണ്ണം കുറവായിരുന്നു എങ്കിലും, ഭീമസിംഹൻ അല്ലാവുദീൻെറ വൻപടയെ ചിറ്റൂർനഗരത്തിൽ കടക്കാൻ സമ്മതിക്കാതെ വളരെക്കാലം എതിൎത്തുനിന്നു. എന്നിട്ടും അലാവുദീൻ അയാളുടെ ഉദ്യമത്തിൽനിന്നു വിരമിക്കാത്തതുകൊണ്ടും, വൈരിവാരത്താൽ ആവൃതന്മാരായ നഗരനിവാസികൾ ക്ഷാമം, രോഗം എന്നിവകളാൽ ബാധിതന്മാരായി വലയുന്നതു കണ്ടും, ഭീമസിംഹൻ അല്ലാവുദീനെ ശരണം പ്രാപിച്ച് യുദ്ധം അവസാനിപ്പിക്കാം എന്നു തീൎച്ചയാക്കി. പത്മിനിയെ ഒന്നു കാണുന്നതിനനുവദിച്ചാൽ ഭീമസിംഹൻെറ അപേക്ഷപ്ര-

കാരം ചെയ്യാമെന്ന് അല്ലാവുദീൻ മറുപടി അയച്ചു. നിരായുധനായി വരുന്നതായാൽ ആ സന്ദൎശനത്തെ അനുവദിക്കാം എന്ന് ഭീമസിംഹൻ തെരിയപ്പെടുത്തി. അല്ലാവുദീൻ അതിന്മണ്ണം തന്നെ ചിററൂർകോട്ടയ്ക്കകത്തു കടന്നു. പത്മിനിയുടെ ബുദ്ധികൗശലംകൊണ്ടു് ഒരുക്കിയിരുന്ന നിലക്കണ്ണാടികളിൽ ആ മനസ്വിനിയുടെ പ്രതിബിംബത്തെ അല്ലാവുദീനു കാണിച്ചുകൊടുത്തു. കൃത്രിമശീലനായ ആ രാജാവിന് പത്മിനിയുടെ ഈ ദൎശനം, ആ സതിയെ തൻെറ ഭാൎയ്യയായി നേടുന്നതിനുണ്ടായിരുന്ന അത്യാഗ്രഹത്തെ പൂൎവ്വാധികം വൎദ്ധിപ്പിച്ചു. അതിനാൽ അവളെ കരസ്ഥമാക്കുന്നതിന് ഒരു വഞ്ചനം പ്രവൎത്തിപ്പാൻ തീൎച്ചയാക്കി. അയാൾ തനിക്കു ലഭിച്ച സല്ക്കാരത്തിനു പ്രതിസല്ക്കാരമായി ഭീമസിംഹനെ തൻെറ കൂടാരത്തിലേയ്ക്കു ക്ഷണിച്ചു.

ഭീമസിംഹൻ ശുദ്ധഗതിക്കാരനായിരുന്നതിനാൽ അല്ലാവുദീനുമൊരുമിച്ചു് മഹമ്മദീയരുടെ പാളയത്തിലേക്കു തിരിച്ചു. രണ്ടുപേരും ചിററൂർകോട്ടയ്ക്കു പുറത്തായപ്പോൾ, അല്ലാവുദീൻ ഭീമസിംഹനെ പിടികൂടി ബന്ധനത്തിലാക്കി. പത്മിനിയെ തനിക്കു സമ്മാനിച്ചാൽ, ഭീമസിംഹൻെറ ബന്ധനം വിടുൎത്തി അയക്കാമെന്ന് അധൎമ്മപ്രവൎത്തകനായ അല്ലാവുദീൻ ശാഠ്യം തുടങ്ങി. തനിക്കു നേരിട്ടിരിക്കുന്ന ആപത്തിൽനിന്നു മോചനം ലഭിക്കാനുള്ള മാൎഗ്ഗം ഒന്നും കാണാത്തതിനാൽ, അല്ലാവുദീൻെറ പ്രതിജ്ഞയെ ഭീമസിംഹൻ ബുദ്ധിമതിയായ തൻെറ പ്രണയിനിയെ ധരിപ്പിച്ചു.

പത്മിനി തൻെറ സ്ഥാനത്തിന് ഉചിതമായുള്ള പരിവാരങ്ങളോടും ചിഹ്നങ്ങളോടും കൂടി അല്ലാവുദീൻെറ പാളയത്തിൽ ചെന്നുകൊള്ളാമെന്നും, എന്നാൽ ആ രാജാവിനെ കാണുന്നതിനു മുമ്പിൽ തൻെറ ഭൎത്താവിൻെറ അനുമതി വാങ്ങുന്നതിനായി അദ്ദേഹത്തെ ഒന്നു കാണുന്നതിന്

അനുവദിക്കണമെന്നും ഒരെഴുത്തുമുഖാന്തരം അല്ലാവുദീനെ അറിയിച്ചു. അല്ലാവുദീൻ പരമാഹ്ലാദത്തോടുകൂടി പത്മിനിയുടെ ഇഷ്ടപ്രകാരം ചെയ്തുകൊള്ളുന്നതിനു സമ്മതിച്ചു. ഒരു മൂടുമേനാവും മററനേകം വാഹനങ്ങളും, പരിചാരികകളുടേയും ഭൃത്യന്മാരുടേയും വേഷങ്ങളിൽ അനവധി ജനങ്ങളും അല്ലാവുദീന്റെ പാളയത്തിൽ കടന്നു. പത്മിനിറാണിയുടെ സ്ഥാനത്തു പോയിരുന്നതു് രണശൂരനായ ഒരു രാജകുമാരനായിരുന്നു. പരമാൎത്ഥം വെളിപ്പെട്ടപ്പോൾ വലുതായ സംഗരമുണ്ടായി, അസംഖ്യം ജനങ്ങൾ പടവെട്ടി പരലോകം പ്രാപിച്ചു. ഭീമസിംഹൻ രക്ഷപ്പെട്ടു്, തന്റെ പുരവാസത്തേയും പത്നിയുടെ സഹവാസത്തേയും പിന്നെയും ആസ്വാദിച്ചു.

അല്ലാവുദീൻ ഈ ഇച്ഛാഭംഗംകൊണ്ടു് ക്ഷീണമനസ്കനായില്ല. മുമ്പിലത്തേക്കാൾ വലുതായ ഒരു സൈന്യത്തോടുകൂടി ചിററൂർനഗരത്തെ വീണ്ടും നിരോധിച്ചു. വലുതായ ഈ ആപത്തു കണ്ടു് രാജപുത്രന്മാർ ക്ഷത്രിയധൎമ്മത്തിനു ചേരുംവണ്ണം പ്രവൎത്തിക്കുകയല്ലാതെ ശത്രുക്കൾക്കു കീഴടങ്ങുകയില്ലെന്നു നിശ്ചയിച്ചു. പുരുഷന്മാർ ഓരോ സേനാമുഖങ്ങളായി പുറപ്പെട്ടു് ശത്രുവ്യൂഹങ്ങൾക്കിടയിൽ കടന്നു് യുദ്ധം ചെയ്തു് വീൎയ്യസ്വൎഗ്ഗം പ്രാപിച്ചു. എന്നാൽ, ഇതിനു മുമ്പിൽ തന്നെ പത്മിനിയുടെ ഉപദേശത്തേയും ദൃഷ്ടാന്തത്തേയും തുടൎന്നു് രാജപുത്രസ്ത്രീകളെല്ലാം വലുതായ ഒരു ചിത ഉണ്ടാക്കി അതിൽ ദേഹത്യാഗം ചെയ്തിരുന്നു.

---

## പാഠം ൨൩.

## ശീതോഷ്ണാവസ്ഥ.

ജീവജാലങ്ങളും സസ്യാദികളും ഭൂഗോളത്തിൽ എല്ലാ-
യിടത്തും ഒരേ മാതിരിയിൽ അല്ല കാണുന്നത്. നമ്മുടെ
ഇൻഡ്യാരാജ്യത്തെ അധിവസിക്കുന്ന ജനങ്ങൾ പ്രായേണ
കറുത്തനിറമുള്ളവരും, യൂറോപ്പുരാജ്യങ്ങളിലുള്ളവർ വെളുത്ത
നിറമുള്ളവരും, ചൈന ജപ്പാൻ മുതലായ രാജ്യങ്ങളിലു-
ള്ളവർ മഞ്ഞനിറമുള്ളവരും ആയിരിക്കുന്നു. യൂറോപ്യന്മാർ
വീട്ടിലിരിക്കുമ്പോഴും, വെളിയിൽ സഞ്ചരിക്കുമ്പോഴും, സദാ
കമ്പിളിയുടുപ്പുകളും തോൽചെരിപ്പുകളും ധരിക്കുന്നു. നഗ്ന-
തയെ മറയ്ക്കുന്നതിന് അത്യാവശ്യം വേണ്ടുന്ന വസ്ത്രങ്ങൾ
മാത്രമേ ഇൻഡ്യക്കാർ ധരിക്കുന്നുള്ളൂ. അവർ ധരിക്കുന്നതു
തന്നെ മിക്കവാറും പരുത്തിനൂൽവസ്ത്രങ്ങളാകുന്നു. യൂറോ-
പ്പിൽ (വിശേഷിച്ച് ഉത്തരഭാഗങ്ങളിൽ) ഉള്ള ധ്രുവക്കരടി
മുതലായ മൃഗങ്ങൾക്ക് തടിച്ച നീണ്ട രോമങ്ങളോടു കൂടിയ
കട്ടിയുള്ള ചർമ്മങ്ങൾ ഉണ്ട്. ഇവിടങ്ങളിലെ സാധാരണ
മൃഗങ്ങളുടെ തൊലി കട്ടി കുറഞ്ഞതും മിനുസമുള്ളതുമാണ്.
യൂറോപ്പുരാജ്യങ്ങളിൽ മിക്ക കാലങ്ങളിലും രാത്രിയും പകലും
വീടുകളിൽ സദാ കല്ക്കരിയോ മറ്റോ എരിച്ച് ചൂടുപിടി-
പ്പിക്കുന്നതിനുള്ള തീക്കുടങ്ങൾ ഓരോ മുറികളിലും സംഘ-
ടിപ്പിച്ചിരിക്കും. ഇവിടങ്ങളിൽ ഉള്ളതുപോലെ വൃക്ഷലതാ-
ദികൾക്ക് നിബിഡതയോ നാനാത്വമോ യൂറോപ്പിൽ
കാണുന്നില്ല. കാററാടിപോലുള്ള വൃക്ഷങ്ങളോ മുൾച്ചെ-
ടികളോ ആണ് അവിടെ അധികം ഉള്ളത്.

ദേശാവസ്ഥകൾ ഇങ്ങനെ ഭിന്നരൂപങ്ങളായി കാണു-
ന്നതിനുള്ള കാരണങ്ങളെപ്പററി അല്പം ചിന്തിക്കാം. ജീവ-
ജാലങ്ങളുടേയും സസ്യങ്ങളുടേയും ആരോഗ്യത്തേയും വള-

ച്ചയേയും ഭരിക്കുന്നതു് ചുററുമുള്ള അവസ്ഥകൾ ആണ്. ഈ അവസ്ഥകൾക്കു പൊതുവിലുള്ള പേരാണ് "ശീതോഷ്ണാവസ്ഥ" അല്ലെങ്കിൽ "കാലാവസ്ഥ". അവസ്ഥകളിൽ വെച്ചു പ്രധാനമായുള്ളവ ആകാശവായുവിന്റെ ഗതിഭേദങ്ങളാകുന്നു. വായുവിന്റെ ചൂടു്, അമർത്തൽ, ചലനം മുതലായവ നാനാപ്രകാരത്തിൽ കാണ്മാനുണ്ടു്. ഇവയും അടുത്തു സംബന്ധമുള്ള മററു ചില ചില്ലറ സംഗതികളുമാണ് ശീതോഷ്ണാവസ്ഥയെ ഭരിക്കുന്നതു്.

ശീതോഷ്ണാവസ്ഥയുടെ ലക്ഷണാംശങ്ങളിൽ ഏററവും പ്രധാനമായിട്ടുള്ളതു് ആകാശവായുവിന്റെ ചൂടാകുന്നു. ഭൂമിയുടെ ആകൃതി മിക്കവാറും ഉരുണ്ടതാണല്ലോ. അല്പം പരന്ന രണ്ടററങ്ങൾ തെക്കും വടക്കുമായി കിടക്കുന്നുവെന്നു വിചാരിക്കുക. ഈ രണ്ടററങ്ങളുടേയും ഒത്ത മദ്ധ്യത്തിലായി ഭൂമിക്കു ചുററും സങ്കല്പിതമായ രേഖയ്ക്കാണ് മദ്ധ്യരേഖ അല്ലെങ്കിൽ നിരക്ഷരേഖ എന്നു പേർ പറയുന്നതു്. ബഹുദൂരത്തിലുള്ള അഗ്നിഗോളമായ സൂര്യനിൽനിന്നും പുറപ്പെടുന്ന ഉഷ്ണരശ്മികൾ മദ്ധ്യരേഖയ്ക്കു ചുററുമുള്ള പ്രദേശങ്ങളിൽ നേരെ ചൊവ്വായി വന്നു പതിയുന്നു. അവിടെനിന്നു് വടക്കോട്ടോ തെക്കോട്ടോ നീങ്ങുംതോറും സൂര്യരശ്മികളുടെ നിപാതം ക്രമേണ ചരിഞ്ഞതാണ്. ഉത്ഭവസ്ഥലവും പതനസ്ഥലവും തമ്മിലുള്ള ദൂരം രശ്മികൾ ചരിയുംതോറും കൂടിക്കൂടി വരുന്നതാണല്ലോ. ഈ കാരണത്താൽ, മദ്ധ്യരേഖയ്ക്കു ചുററുമുള്ള പ്രദേശങ്ങൾ ഏററവും ചൂടു കൂടുതലുള്ളതായും, വടക്കോട്ടും തെക്കോട്ടും മാറുംതോറും ക്രമേണ ചൂടു കുറഞ്ഞു് രണ്ടററങ്ങളിൽ എത്തുമ്പോൾ ഏററവും തണുപ്പുള്ളതായും ഭവിക്കുന്നു. സൂര്യനിൽനിന്നു ഭൂമിയ്ക്കുണ്ടാകുന്ന ചൂടിന്റെ ഏററക്കുറച്ചലിനെ അനുസരിച്ചു് ഭൂഗോളത്തെ അഞ്ചു ഭാഗങ്ങളായി പിരിച്ചിരിക്കുന്നു. ഓരോ ഭാഗത്തിനും കൊ-

ടുത്തിരിക്കുന്ന പേർ മേഖല എന്നാണ്. മദ്ധ്യരേഖയോടു ചേൎന്ന ഭാഗം ഉഷ്ണമേഖലയും, വടക്കും തെക്കും അററങ്ങൾ ഓരോ ശീതമേഖലയും, ഇടകൾ ഓരോ സമശീതോഷ്ണ-മേഖലയും ആണ്.

ഈ നിയമംകൊണ്ടു മദ്ധ്യരേഖയിൽനിന്ന് ഒരേ അക-ലത്തിൽ കിടക്കുന്ന പല സ്ഥലങ്ങൾ ഒരേ മാതിരി ചൂടുള്ള-തായിരിക്കണമെന്നു പക്ഷേ ഊഹിച്ചേയ്ക്കാം. എന്നാൽ അങ്ങനെ അല്ല, പലപ്പോഴും മാറിക്കാണുന്നുണ്ടു. ഇതി-നുള്ള കാരണങ്ങളെ ചുവടെ പ്രതിപാദിക്കുന്നു.

നെടുമങ്ങാട്ടുപട്ടണവും അഗസ്ത്യകൂടംകൊടുമുടിയും മദ്ധ്യരേഖയിൽനിന്നു മിക്കവാറും ഒരേ അകലത്തിലാണ് കിട-ക്കുന്നതു്. അവയുടെ ശീതോഷ്ണസ്ഥിതിയ്ക്കു് അജഗജാന്തര-മുണ്ടു്. ഇതിനു കാരണം രണ്ടു സ്ഥലങ്ങളുടേയും നിമ്നോന്ന-താവസ്ഥയാണ്. നെടുമങ്ങാട്ടുപട്ടണം സമുദ്രനിരപ്പിൽ-നിന്നു ഉദ്ദേശം അറുപതടി പൊക്കത്തിലും, അഗസ്ത്യകൂടം ഉദ്ദേശം ആറായിരം അടി പൊക്കത്തിലുമാണ് കിടക്കുന്നതു്.

ആകാശവായുവിൽ ചൂടുണ്ടാകുന്നതു് സൂൎയ്യനിൽനിന്നു നേരിട്ട് അതിൽ എത്തുന്ന കിരണങ്ങൾവഴി മാത്രമല്ല. സൂൎയ്യൻ ഭൂമിയിൽ പതിപ്പിക്കുന്ന ഉഷ്ണരശ്മികളെ അതു് ആ-കാശവായുവിൽ പ്രതിക്ഷേപിക്കുന്നു. ഈ രശ്മികളാണ് വായുവിനെ അധികം ചൂടുപിടിപ്പിക്കുന്നതു്. സ്ഥലത്തിനു പൊക്കം കൂടുന്തോറും ഈ വക രശ്മികൾ നിമിത്തം വായു-വിനുണ്ടാകുന്ന ചൂടു കുറഞ്ഞു കുറഞ്ഞു വരുന്നു. അതിനാൽ ഉഷ്ണമേഖലയിൽ തന്നെ വളരെ പൊക്കമുള്ള ഭാഗങ്ങൾക്കു് ശീതമേഖലയുടെ ലക്ഷണങ്ങളാണുള്ളതു്. ഹിമാലയപൎവ്വ-തം ഉഷ്ണമേഖലയിലാണ് സ്ഥിതിചെയ്യുന്നതെങ്കിലും, ശീത-മേഖലയിലെ മഞ്ഞുകട്ടികളും, സസ്യങ്ങളും, ജീവികളും അ-വിടെ കാണുമാറുണ്ടു്.

ഭൂതലം മുഴുവൻ ഒരേമാതിരി മൃണ്മയമായിട്ടല്ല സ്ഥിതിചെയ്യുന്നത്. ചിലേടം പാറകൾ, ചിലേടം മണൽക്കാടുകൾ, ചിലേടം ചെളിക്കുട്ടങ്ങൾ, ചിലേടം മരുഭൂമികൾ, ചിലേടം പർവ്വതങ്ങൾ, ചിലേടം സസ്യനിബിഡങ്ങളായ വനാന്തരങ്ങൾ, ചിലേടം ചളി ചരൽ പാറ ഇവയെല്ലാം ഇടകലൻ പ്രദേശങ്ങൾ—ഇങ്ങനെ പല മാതിരിയാണ് ഇരിക്കുന്നത്. ഈ സ്ഥലങ്ങളിലെല്ലാം സൂര്യരശ്മി പതിക്കുന്നതും അവിടെ ഉഷ്ണം തട്ടുന്നതും ഒരേ രീതിയിലല്ല. മണൽ ചെളിയേക്കാൾ എളുപ്പത്തിൽ ചൂടുപിടിക്കുന്നു എന്നുള്ളത്, വേനൽക്കാലത്തു നട്ടുച്ചസമയം കടൽപ്പുറത്തും, സമീപമുള്ള ചെളിക്കണ്ടങ്ങളുടെ വരമ്പുകളിലും നടന്നാൽ അറിയാവുന്നതാണ്. ഈ കാരണത്താലാണ്, മദ്ധ്യരേഖയിൽനിന്നു മിക്കവാറും ഒരേ അകലത്തിലും, സമുദ്രനിരപ്പിൽനിന്നു ഒരേ പൊക്കത്തിലും ഉള്ള ആഫ്രിക്കയിലെ "സഹാറാ" മണൽക്കാടും, ഇൻഡ്യയിലെ ഗംഗാനദീമുഖത്തുള്ള ബംഗാൾസംസ്ഥാനവും ശീതോഷ്ണാവസ്ഥയിൽ വളരെ വ്യത്യസ്തമായിരിക്കുന്നത്.

സമുദ്രം, നദി, കായൽ മുതലായി ഭൂതലത്തിൽ കാണുന്ന ജലാശയങ്ങൾ ശീതോഷ്ണാവസ്ഥയെ ഭരിക്കുന്നുണ്ട്. മണ്ണും വെള്ളവും ചൂടുപിടിക്കുന്നതും തണുക്കുന്നതും ഒരേ രീതിയിലല്ല. മണ്ണ് വെള്ളത്തെക്കാൾ എളുപ്പം ചൂടുപിടിക്കയും, എളുപ്പം തണുക്കുകയും ചെയ്യുന്നു എന്നുള്ളത് ഒരു ചില്ലറ പരീക്ഷകൊണ്ടു മനസ്സിലാകും. കുട്ടികൾക്കു കളിക്കാനുള്ള പാത്രങ്ങളുടെ കൂട്ടത്തിൽ, വളരെ ചെറിയ മൺകുടങ്ങൾ എല്ലായിടത്തും ഉണ്ടല്ലോ. ഒരേ വലിപ്പത്തിലും ആകൃതിയിലും ഉള്ള രണ്ടു ചെറുകുടം എടുത്ത്, ഒന്നിൽ കുറെ മണ്ണും മററതിൽ അല്പം വെള്ളവും നിറച്ച് അടുപ്പിൽ വെച്ച് ഒരുപോലെ തീ എരിയ്ക്കുക. സ്വല്പം കഴിഞ്ഞ് രണ്ടിലും

തൊട്ടുനോക്കുക. മണ്ണിന്ന കൂടുതൽ ചൂടുണ്ടായിരിക്കുമെന്നുള്ളതിന്ന സംശയമില്ല. രണ്ടും നല്ലപോലെ ചൂടുപിടിച്ചതിൽ പിന്നീട് അടുപ്പത്തുനിന്നിറക്കിവെച്ച്, കുറേ കഴിഞ്ഞു് രണ്ടിലും തൊട്ടുനോക്കിയാൽ, വെള്ളം മണ്ണിനേക്കാൾ ചൂടുള്ളതായി കാണും.

പകൽസമയത്തു് സൂൎയ്യപ്രകാശംകൊണ്ടു് സമുദ്രജലത്തേക്കാൾ തീരങ്ങൾ എളുപ്പം ചൂടുപിടിക്കയും, അതോടുകൂടി പുറമെ ചുററിക്കിടക്കുന്ന വായുവിനെ സമുദ്രത്തിന്ന മീതെയുള്ള വായുവിനേക്കാൾ അധികം ചൂടുപിടിപ്പിക്കുകയും ചെയ്യുന്നു. കരയ്ക്കു മീതെയുള്ള ചൂടുപിടിച്ച വായു ഘനം കുറയുകയും മേല്പോട്ടുയരുകയും ചെയ്കയാൽ, അത്രതന്നെ ചൂടില്ലാത്തതായ സമുദ്രത്തിലെ വായു കരയിലോട്ടു വീശുന്നു. ഇതിനാൽ, പകൽ സൂൎയ്യൻ നിമിത്തം കരയിലുള്ള ചൂടു ശാന്തമായിത്തീരുന്നു. നേരേമറിച്ച്, വെള്ളം മണ്ണിനെപ്പോലെ ക്ഷണം തണുക്കുന്നില്ലാത്തതുകൊണ്ടു്, സമുദ്രം രാത്രിയിൽ മണ്ണിനേക്കാൾ ചൂടുള്ളതായിരിക്കയും, തന്നിമിത്തം സമുദ്രവായുവിന്ന് ചൂടും ഘനക്കുറവും ഉണ്ടായി അതു് മേല്പോട്ടു പൊങ്ങുകയും, കരയിലെ തണുത്ത വായു കെട്ടിനിന്ന് ജീവജാലങ്ങൾക്ക് അസുഖമുണ്ടാക്കാതെ സമുദ്രത്തിലോട്ടു വീശുകയും ചെയ്യുന്നു.

മേൽ വിവരിച്ച കാരണങ്ങളാൽത്തന്നെ ഭൂമിയിൽ പല ഭാഗങ്ങളിലും പല മാതിരിയിൽ ചൂടുപിടിക്കുകയും, പല മാതിരിയിൽ കരക്കാററുണ്ടാകുകയും ചെയ്യുന്നു. അതുപോലെതന്നെ സമുദ്രത്തിൻെറ പല ഭാഗങ്ങൾ പല രീതിയിൽ ചൂടുപിടിക്കയും, അതുകൊണ്ടു് അനേകം അന്തൎവ്വാഹിനികൾ ഉത്ഭവിക്കയും ചെയ്യുന്നു. ഈ അന്തൎവ്വാഹിനികളിൽ ചിലതു് കരയിലെ ശീതോഷ്ണാവസ്ഥകളെ ക്രമപ്പെടുത്തുന്നതിന്ന് വളരെ ഉപയോഗമുള്ളതായി ഭവിക്കുന്നു. ഇവയിൽ

പ്രാധാന്യം അററ് ലാൻറിക്കസമുദ്രത്തിൽ മെക്സിക്കോരാജ്യത്തുള്ള തീരങ്ങളിൽനിന്നു പുറപ്പെട്ടു വടക്കുകിഴക്കായി ഒഴുകി യൂറോപ്പിന്റെ വടക്കുപടിഞ്ഞാറെ കരയിൽ എത്തി, ആ സ്ഥലങ്ങളിലെ അധികമായ ശൈത്യത്തെ നീക്കി ആ പ്രദേശങ്ങളെ വാസയോഗ്യമാക്കിത്തീക്കുന്ന "ഗൾഫ്സ്ട്രീം" എന്ന ശക്തിമത്തായ അന്തർവ്വാഹിനിക്കാണ്.

ചിലപ്പോൾ പർവ്വതങ്ങളും അവയുടെ കിടപ്പുംകൊണ്ടു, ശീതോഷ്ണാവസ്ഥ നിയന്ത്രിതമാകുന്നുണ്ടു്. ഈ സംസ്ഥാനത്തിൽ കർക്കടകമാസത്തിലുള്ള കഠിനമായ തണുപ്പിനും, അതേകാലത്തിൽത്തന്നെ തിരുനൽവേലിയിലുള്ള അത്യുഷ്ണത്തിനും കാരണം, രണ്ടിനും മദ്ധ്യേ സ്ഥിതിചെയ്യുന്ന ഉന്നതങ്ങളായ സഹ്യാദ്രിനിരകളാണ്. ഇവ പടിഞ്ഞാറെകടലിൽനിന്ന് കിഴക്കോട്ടു വീശുന്ന നീരാവി കലന്ന വായുവിനെ തടുത്തു് അപ്പുറത്തു പോകാതെ രക്ഷിക്കുകയും, ഇവിടെ ധാരാളമായി വർഷമുണ്ടാകുന്നതിനിടയാക്കുകയും ചെയ്യുന്നു.

ഇങ്ങനെ പല കാരണങ്ങളാൽ പലവിധത്തിൽ കാണുന്ന ശീതോഷ്ണാവസ്ഥയുടെ വ്യത്യാസംകൊണ്ടാണ് ലോകത്തിൽ ജീവജാലങ്ങളും സസ്യങ്ങളും ഭിന്നങ്ങളായി കണ്ടുവരുന്നതു്.

---

പാഠം ൩൯.

## ഉപനിവേശനം (കുടിയേറിപ്പാപ്പ്).

അവനവന്റെ ജന്മഭൂമിയിൽനിന്നു പാപ്പു മാറി അന്യരാജ്യവാസം സ്ഥിരമായി കൈക്കൊള്ളുന്നതിനാണ് കുടിയേറിപ്പാപ്പ് എന്നു പറഞ്ഞുവരുന്നതു്. ആദായം ഇച്ഛിച്ചു് പലരും ഓരോ രാജ്യങ്ങളിൽ തൽക്കാലവാസവും സഞ്ചാരവും ചെയ്യുന്നതിന് കുടിയേറിപ്പാപ്പ് എന്നുള്ള അർത്ഥം വരുന്നതല്ല. മൃഗങ്ങളും പക്ഷികളും കൂടി കുടിയേറിപ്പാക്ക-

ന്നുണ്ടു്. ഒരു കാടു വെട്ടി തെളിക്കുമ്പോൾ അതിലെ മൃഗങ്ങൾ മറെറാരു കാട്ടിലേയ്ക്കു തങ്ങളുടെ വസതി മാററുന്നു. മനുഷ്യരുടെ ഉപദ്രവം ദുസ്സഹമാകുമ്പോൾ, പക്ഷികൾ വളരെ യത്നിച്ചു് ഓരോ ചെടികളിലും മരങ്ങളിലും കെട്ടി ഉണ്ടാക്കീട്ടുള്ള കൂടുകളെ ഉപേക്ഷിച്ചു് മററു സ്ഥലങ്ങളിൽ പുത്തനായി കൂടുകെട്ടി പാൎക്കുന്നു.

മനുഷ്യർ ഉപനിവേശനം ചെയ്യുന്നതു ഏകനായോ, ഏകകുടുംബമായോ, സംഘം ചേൎന്നോ ആയിരിക്കാം. ടിപ്പു ഉത്തരകേരളത്തെ ആക്രമിച്ച കാലത്തു് അവിടത്തെ കുടുംബങ്ങളിൽ പലതും തിരുവിതാംകോട്ടേയ്ക്കു പോരുകയും, അവയിൽ ചിലതു് ഇവിടെ സ്ഥിരതാമസമാക്കുകയും ചെയ്തിട്ടുള്ളതു് നിങ്ങൾ ധരിച്ചിട്ടുള്ള ഒരു സംഭവമാകുന്നു. ഇതു തന്നെയാണു് കുടിയേറിപ്പാൎപ്പിനു ശരിയായ ദൃഷ്ടാന്തം. ഇപ്രകാരമുള്ള ഉപനിവേശനങ്ങൾകൊണ്ടാണു് ഭൂലോകത്തിന്റെ നാനാ ഭാഗങ്ങളിലും ജനങ്ങൾ വ്യാപിച്ചിരിക്കുന്നതു്.

ജനങ്ങൾ കുടിയേറിപ്പാൎക്കുന്നതു് പല കാരണങ്ങൾകൊണ്ടാണു്. ഈ കാരണങ്ങളിൽ ചിലതു — ശീതോഷ്ണസ്ഥിതികളുടെ ദുസ്സഹത, തങ്ങളെ ഭരിക്കുന്ന രാജാവിന്റെ നൃശംസത്വം, കാലക്ഷേപോദ്ദേശ്യം എന്നിവയാകുന്നു.

ആൎയ്യന്മാർ ഉത്തരധ്രുവത്തോടടുത്ത ചില പ്രദേശങ്ങളിൽ താമസിച്ചിരുന്നു എന്നും, അവിടത്തെ ശൈത്യം ദുസ്സഹമാവുകയാൽ ദക്ഷിണരാജ്യങ്ങളിലേയ്ക്കു പോന്നു എന്നും, ഉള്ളതിനു ലക്ഷ്യങ്ങൾ ഉണ്ടു്. ഇംഗ്ലണ്ടു്, ഫ്രാൻസു്, മുതലായ രാജ്യങ്ങളിലെ കലഹങ്ങൾക്കിടയിൽ ഭരണനേതാക്കന്മാരിൽനിന്നും മററും ഉണ്ടായ സങ്കടങ്ങളിൽനിന്നൊഴിയുന്നതിനായി, ആ രാജ്യങ്ങളെ വിട്ടു് ബഹുജനങ്ങൾ അമേരിക്കയിൽ പോയി താമസമുറപ്പിച്ചു എന്നു ചരിത്രം ഘോഷിക്കുന്നു.

കാലക്ഷേപത്തിനായുള്ള കുടിയേറിപ്പാൎപ്പ് പ്രത്യേകകാരണങ്ങളാലും സംഭവിക്കാം. ഒന്നാമതായി ജനബാഹുല്യം വൎദ്ധിച്ച ക്ഷാമമുണ്ടാകുമ്പോൾ ജനങ്ങൾ തരിശുഭൂമിയും കൃഷിക്കു സൗകൎയ്യവും ഉള്ള രാജ്യങ്ങളെ അന്വേഷിച്ചു പോകുന്നു. ഒരേ വ്യവസായത്തെ തുടൎന്ന് നിത്യവൃത്തി നേടുന്നതിനായും, അവനവനുള്ള മുതൽകൊണ്ടു് തൃപ്തിപ്പെടാതെ ധനം വൎദ്ധിപ്പിക്കുന്നതിനായും, ജനങ്ങൾ വിദേശവാസം കൈക്കൊള്ളാറുണ്ടു്.

ഇപ്പോൾ നാം കാണുന്ന ഇംഗ്ലീഷുകാരും ഇംഗ്ലണ്ടിലെ നിവാസികളല്ല. ആദ്യം ഓരോ വൎഗ്ഗക്കാർ യൂറോപ്പിലെ മററു ഭാഗങ്ങളിൽനിന്നും 'ബ്രിട്ടീഷു് ദ്വീപുകൾ' എന്നു പറയുന്ന സ്ഥലങ്ങളിൽ പ്രവേശിച്ചു്, അവിടത്തെ ആദിമനിവാസികളോടു യുദ്ധം ചെയ്തും മററും ആ രാജ്യങ്ങളെ അടക്കി കുടിപാൎപ്പു തുടങ്ങി; ക്രമേണ പുരാതനന്മാരും നവീനന്മാരും തമ്മിൽ ചേൎന്ന് ഒരു പ്രൗഢസമുദായമായി ചമയുകയും ചെയ്തു.

ഭാരതഖണ്ഡത്തിലുണ്ടായിരുന്ന ആദിമസമുദായക്കാർ മൂഢന്മാരും ബലിഷ്ഠന്മാരും ആയിരുന്നു. ആൎയ്യന്മാർ ഉത്തരദേശത്തുനിന്നും പുറപ്പെട്ടു് ഭാരതഖണ്ഡത്തിൽ എത്തിയപ്പോൾ ഈ വൎഗ്ഗക്കാരോടിടഞ്ഞു; ബഹുകാലത്തെ സംസൎഗ്ഗവും വഴക്കുകളും കഴിഞ്ഞു്, തങ്ങളുടെ ബുദ്ധിവൈഭവവും പഠിപ്പുംകൊണ്ടു് പ്രാചീനന്മാരെ പാട്ടിലാക്കി. ഇങ്ങനെ ആൎയ്യന്മാർ ഭാരതഖണ്ഡം മുഴുവൻ വ്യാപിച്ചു. ഈ വിധത്തിലാണു് ഹിന്ദുസമുദായം ഉണ്ടായതു്.

കേരളം എന്നു പറയുന്ന ഇൻഡ്യയുടെ ദക്ഷിണഖണ്ഡത്തിലെ പശ്ചിമഭാഗമായ മലയാളരാജ്യവും, കുടിയേറിപ്പാൎപ്പുകൊണ്ടാണു് ഈ മട്ടിലായിത്തീൎന്നതു്. കേരളീയസമുദായം ആദിമവൎഗ്ഗങ്ങൾ, പരദേശങ്ങളിൽനിന്നു വന്നു ചേൎന്ന

ദ്രാവിഡന്മാർ, ആൎയ്യന്മാർ എന്നീ മൂന്നു വൎഗ്ഗക്കാരുടെ സങ്കലനത്തിന്റെ ഫലം ആണെന്നു് വിശ്വസിക്കുന്നതിനു നിസ്സന്ദേഹമായ ലക്ഷ്യങ്ങൾ ഉണ്ടു്. ഹിന്ദുസമുദായത്തിന്റേയും കേരളീയസമുദായത്തിന്റേയും ഉത്ഭവം പുരാതനമായിട്ടുള്ളതാണ്.

അമേരിക്ക, ആസ്ട്രേലിയാ എന്നീ ഖണ്ഡങ്ങളുടേയും, പസിഫിക്ക് സമുദ്രത്തിലെ ദ്വീപസഹസ്രങ്ങളുടേയും, ആഫ്രിക്കാഖണ്ഡത്തിലെ കടൽക്കരകളിലുള്ള പുതിയ രാജ്യങ്ങളുടേയും ഉൽപത്തി ആധുനികചരിത്രത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ഈ സ്ഥലങ്ങളിൽ ഇപ്പോൾ പ്രമാണികളായി പാൎക്കുന്നതും ഭരിക്കുന്നതും യൂറോപ്പുഖണ്ഡത്തിൽനിന്നും പിരിഞ്ഞു് അതതു സ്ഥലങ്ങളെ ആക്രമിച്ച ഓരോ സമുദായക്കാരാകുന്നു. ഇതിൽ പല ഭാഗങ്ങളും യൂറോപ്പിലേ ഓരോ രാജ്യങ്ങൾക്ക് അധീനങ്ങളും, മറ്റുള്ള ഭാഗങ്ങൾ പരിഷ്കൃതരീതിയിൽ സ്വാതന്ത്ര്യങ്ങളും, ആയി വൎത്തിക്കുന്ന രാജ്യങ്ങൾ ആണ്.

ആകപ്പാടെ നോക്കിയാൽ, കുടിയേറിപ്പാൎപ്പുകൾ കൊണ്ടു് പരിഷ്കാരപ്രചാരത്തിനു വളരെ സഹായം ഉണ്ടായിട്ടുണ്ടു്. ഇൻഡ്യയുടെ ഉന്നമനം ആൎയ്യന്മാർ ഇംഗ്ലീഷുകാർ എന്നിവരെക്കൊണ്ടും, അമേരിക്ക, ആഫ്രിക്ക, ആസ്ട്രേലിയാ എന്നീ ഭൂഖണ്ഡങ്ങളിലെ പരിഷ്കൃതസ്ഥിതി യൂറോപ്യന്മാരെക്കൊണ്ടും ലബ്ധമായിട്ടുള്ളതാകുന്നു.

---

പാഠം ൨൫.

## ക്രിസ്തുവും തോമാശ്ലീഹായും.

പരനിന്ദ ദുൎവ്വൃത്തന്മാരുടെ ലക്ഷണം എന്നു പറയേണ്ടതില്ലല്ലോ. ഇതിലും ജുഗുപ്സാവഹമായിട്ടുള്ള ഒരു അപരാധ-

മാണ് അന്യമതത്തെ ദ്വേഷിക്കുകയോ ദൂഷിക്കുകയോ ചെയ്യു-
ന്നതു്. ഈശ്വരന്റെ പരമാത്മസ്ഥിതിയും ഗതിയും രൂ-
പവും ലക്ഷണങ്ങളും സൂക്ഷ്മമായി പരിഗണനം ചെയ്തി-
ട്ടുള്ള ആത്മജ്ഞാനി ഭൂലോകത്തിൽ ഉണ്ടായിട്ടുണ്ടെന്നു തോ-
ന്നുന്നില്ല. പ്രപഞ്ചസ്രഷ്ടാവായി, സർവ്വശക്തനായി, സർവ്വ-
സാക്ഷിയായി, സർവ്വനിയന്താവായി, പരമകാരുണികനായി-
രിക്കുന്ന ഈശ്വരനെ വിശ്വസിച്ചും, ധ്യാനിച്ചും, ഭജിച്ചും ജന്മ-
നിവൃത്തി വരുത്തണമെന്നു് ഓരോ മതസ്ഥാപകന്മാർ ഉപ-
ദേശിച്ചിട്ടുണ്ടു്. എന്നാൽ, ഇതിൽ ഏതെങ്കിലും ഒരു കൂട്ടം
ഉപദേശങ്ങളിൽ വിവരിക്കുന്ന തത്വങ്ങളും പൂജാക്രമങ്ങളു-
മാണ് സാർവ്വത്രികമായ ലോകസമ്മതിക്കു യോഗ്യമായിട്ടുള്ള-
തെന്നു വരുത്തുന്നതിനു ശക്തനായ ദിവ്യപുരുഷൻ ഇതുവരേ
അവതരിച്ചിട്ടില്ല. ഈ സ്ഥിതിയിൽ, മതവ്യത്യാസങ്ങളെ
സൃഷ്ടിവിധാനത്തിന്റെ ഒരു ലക്ഷണമായി ഗണിച്ചും, അ-
വനവന്റെ മതത്തെ ഗാഢമായി വിശ്വസിച്ചും ഇതരന്മാ-
രുടെ വിശ്വാസമാർഗ്ഗങ്ങളെ അപഹസിക്കാതേയും, എല്ലാ
മനുഷ്യരും അവനവനുള്ള സമുദായാംഗജീവിതത്തെ നിർവ്വ-
ഹിക്കേണ്ടതാകുന്നു.

ചില മതങ്ങൾക്കു തമ്മിൽ പ്രമാണങ്ങളില്ലെന്നല്ല, സം-
ഭവവിശേഷങ്ങളിലും, സാമ്യമുണ്ടെന്നുള്ളതു് നാം സൂക്ഷിക്കേ-
ണ്ട ഒരു സംഗതിയാണ്. ഭാഗവതത്തിലെ ശ്രീകൃഷ്ണാവതാ-
രസ്കന്ധത്തിൽ അമ്പാടിയും വൃന്ദാവനവും കാളിന്ദീനദിയും
ഉള്ളതുപോലെ, ക്രിസ്തുമതക്കാരുടെ വേദപുസ്തകത്തിൽ ബെ-
ത്ലഹേംപട്ടണവും ഒലിവൃക്ഷഗിരിയും ജാർഡൻ നദിയും
ഉണ്ടു്. നന്ദകുമാരന്റെ നിഗ്രഹേച്ഛുവായി മധുരാപു-
രത്തിൽ കംസരാജാവുണ്ടായിരുന്നതുപോലെ, പാലസ്റ്റൈ-
നിൽ ക്രിസ്തുകുമാരനെ ഹനിക്കുന്നതിന് ഉദ്യുക്തനായി ഒരു
ഹെറാഡ് ഉണ്ടായിരുന്നു. ഈ രണ്ടു കഥകളിലും ഗിതോ-

പദേശവും, കഥാപുരുഷന്മാൎക്ക് കഷ്ടതാംഗന്മാരായതിന്റെ ശേഷം സ്വൎഗ്ഗാരോഹണവും ഉണ്ടു്.

ഹിന്ദുമതം, ജൂതമതം, ബുദ്ധമതം, മഹമ്മദുമതം എന്നിതുകളെപ്പോലെ തന്നെ ക്രിസ്തുമതം ഏഷ്യാഖണ്ഡത്തിലാണ് ആദ്യമായി സ്ഥാപിതമായതു്. ഈ ഭൂഖണ്ഡത്തിനു "ലോകത്തിലുള്ള പ്രധാനമതങ്ങളുടെ ജന്മഭൂമി" എന്നുള്ള ഖ്യാതിയ്ക്കു് അവകാശമുണ്ടു്. ക്രിസ്തുമതത്തിനു ബഹുകാലം മുമ്പായി ഇൻഡ്യയിൽ ഒരു ഉൽക്കൃഷ്ടസ്ഥിതി പ്രാപിച്ചിരുന്ന ഹിന്ദുമതത്തിന് ഭാരതഖണ്ഡത്തിന്റെ സീമകൾ കടന്ന് അധികം പുറമെ വ്യാപിക്കുന്നതിനു ശക്തിയുണ്ടായില്ല. ഹിന്ദുമതം ഉത്ഭവിച്ചതിനു ശേഷമാണ് ബുദ്ധമതം, ക്രിസ്തുമതം, മഹമ്മദുമതം എന്നിവ ഉണ്ടായതു്. ഇവ മൂന്നും അവയുടെ ജന്മദേശങ്ങളെ കവിഞ്ഞു്, ആശ്ചൎയ്യകരമായ വിധത്തിൽ പലേടത്തും വ്യാപ്തി സമ്പാദിച്ചിരിക്കുന്നു.

ക്രിസ്തുമതം ഏഷ്യാഖണ്ഡത്തിന്റെ മദ്ധ്യത്തിൽ പടിഞ്ഞാറെ അററത്തു് മെഡിററേനിയൻസമുദ്രത്തോടു ചേൎന്നുള്ള ഒരു രാജ്യത്തിലാണ് ഉത്ഭവിച്ചതു്. ഈ രാജ്യത്തിന്റെ വലിപ്പം നമ്മുടെ തിരുവിതാംകൂർസംസ്ഥാനത്തിന്റേതിനോടു് അടുത്തിരിക്കും. അത്ര ചെറുതായ രാജ്യമാണെങ്കിലും, വിസ്മരിച്ചുകളവാൻ പാടില്ലാത്ത ചില സംഭവങ്ങൾകൊണ്ടു് മാഹാത്മ്യത്തിൽ അതു പ്രഥമസ്ഥാനത്തെ വഹിക്കുന്നു. ക്രിസ്ത്യാനിമതത്തിന്റെ ശക്തി ലോകാചാരങ്ങളെ ഏറെക്കുറെ സംസ്കരിച്ചിട്ടുണ്ടെന്ന് അന്യമതക്കാരും നിരാക്ഷേപമായി സമ്മതിക്കുന്നതാണ്. "ആധുനികപരിഷ്കാരം" എന്ന നവപ്രണവത്തെ ഘോഷിക്കാത്ത വിദ്യാൎത്ഥിയും, പ്രവക്താവും, പണ്ഡിതനും, അവനവന്റെ സ്ഥാനമുദ്രയ്ക്കു യോഗ്യനല്ലാത്തവനാണ്. ആ പദത്തിൽ സാമുദായികസൗഭാഗ്യത്തിന്റെ രഹസ്യങ്ങൾ എല്ലാം ഗൎഭീകൃത-

മായിരിക്കുന്നതുപോലെ, പണ്ഡിതവൎഗ്ഗക്കാരും അതിനെ പ്ര-യോഗിക്കുന്നു. പ്രാചീനകാലത്തെ ആന്ധ്യത്തിന്റേയും ആധുനികകാലത്തെ വിജ്ഞാനപ്രകാശത്തിന്റേയും, വിപൎയ്യയങ്ങളെ ആ പദപ്രയോഗംകൊണ്ടു സമുദായനേതാക്കന്മാർ വെളിപ്പെടുത്തുന്നു. ആ പദത്തിന്റെ ഉല്പത്തി ക്രിസ്തീയരായ പാശ്ചാത്യർ പ്രചരിപ്പിച്ചിട്ടുള്ള സാമൂഹ്യഗുണവൎണ്ണനത്തിൽനിന്നു തന്നെയാണ്. ക്രിസ്ത്യാനികളായ പാശ്ചാത്യന്മാരുടെ പാഠശാലകളാണ് അപ്രാചീനദേശങ്ങളിലും സ്വാതന്ത്ര്യം, സമഭാവന, പ്രകൃതിരഹസ്യങ്ങളെക്കുറിച്ചുള്ള സൂക്ഷ്മജ്ഞാനം, വ്യവസായാഭിരുചിയുടെ ഗുണം, ഉൽകൃഷ്ടമായ ലോകജീവിതത്തിന് അനുഷ്ഠിക്കേണ്ടതായ ധൎമ്മങ്ങൾ എന്നിതുകളുടെ ബീജങ്ങൾ അങ്കുരിപ്പിച്ചതു്. ക്രിസ്തീയപണ്ഡിതന്മാരുടെ വിജ്ഞതയും, അതു ലോകത്തിൽ സാധിച്ചിട്ടുള്ള അത്ഭുതകൎമ്മങ്ങൾക്കും നിദാനം അവരുടെ മതം തന്നെയാണ്. ഈ മതത്തിന്റെ ഉത്ഭവസ്ഥാനമായി ഭവിച്ചതുകൊണ്ടാണ് പാലസ്റ്റൈൻരാജ്യത്തിന് വിഖ്യാതി സിദ്ധിച്ചിട്ടുള്ളതു്.

ക്രിസ്ത്യാനികൾ, ജൂതന്മാർ, മഹമ്മദീയർ ഈ വൎഗ്ഗക്കാൎക്കെല്ലാം, ഹിന്ദുക്കൾക്കു കാശി എന്നതു പോലെ, ഒരു പുണ്യസ്ഥലമായിരിക്കകൊണ്ടാണ് ലോകത്തിന്റെ നാനാ ഭാഗങ്ങളിലുംനിന്നു ബഹുജനങ്ങൾ വൎഷംപ്രതി ആ ദിക്കിനെ സന്ദൎശിക്കുന്നതു്. ജൂതന്മാരുടെ പ്രാചീനമഹാചാൎയ്യന്മാരുടെ വാസസ്ഥലം പാലസ്റ്റൈൻ ആയിരുന്നു. മഹമ്മദിനെ തുടൎന്നുള്ള 'കലിഫ്' എന്ന സ്ഥാനത്തെ വഹിച്ച ചക്രവൎത്തിമാർ അവിടെ അതി ഗംഭീരങ്ങളായുള്ള പ്രാസാദങ്ങൾ ഭക്തന്മാരുടെ ഉപയോഗത്തിനും മററുമായി പണിയിച്ചിട്ടുണ്ടു. സൎവ്വോപരി, യേശുക്രിസ്തു എന്ന മോക്ഷദാതാവു് ആ രാജ്യത്തു ജനിച്ചു്, മുപ്പത്തിമൂന്നു സംവത്സരം പാൎത്തു്,

അതിനെ പരിശുദ്ധമാക്കിയതുകൊണ്ടു്, ക്രിസ്ത്യാനികൾക്ക് അതൊരു പുണ്യഭൂമിയായി ഭവിച്ചു.

'പാലസ്റ്റയിനിൽ 'മേരി' അല്ലെങ്കിൽ 'മറിയ' എന്ന കന്യകയിൽ ഈശ്വരശക്തിയാൽ ഒരു ബാലൻ ഉത്ഭവിച്ചു. പാവപ്പെട്ട ആളുകളുടെ ഇടയിൽ പാർത്തും, ഭരണാധികാരികളുടെ വിദ്വേഷത്തിനു പാത്രമായും, ജൂതമതക്കാരായ അനവധി ജനങ്ങളുടെ നിഷ്ഠുരമായ ഹിംസ സഹിച്ചും, ദിവ്യാത്മാവായ ആ മഹാൻ സ്വർഗ്ഗാരോഹണം ചെയ്തു. ഈ പരമാവധൂതൻ സിംഹാസനത്തെ കാംക്ഷിക്കയോ, രാജാധികാരത്തെ വഹിക്കുകയോ, സമുദായത്തിൽ വല്ല പ്രാഭവവും കാണിക്കുകയോ ചെയ്തില്ല. യേശുക്രിസ്തു ഒരു ക്ഷണനേരംകൊണ്ടു് തന്റെ ഉദ്ദേശത്തെ നിറവേററി, അനുക്ഷണം അസ്തമിച്ചു ഒരു ശക്തിയും അല്ലായിരുന്നു. അദ്ദേഹം ജീവരക്ഷകൾ ചെയ്തതല്ലാതെ ഹിംസയോ വധമോ ഒരിക്കലും ചെയ്വാൻ തയാറായില്ല. അദ്ദേഹം മനുഷ്യരിൽ പരമകാരുണികനും, അവരുടെ കഷ്ടാവസ്ഥയിൽ അതിയായി അനുകമ്പയുള്ളവനും ആയിരുന്നു. നിത്യബ്രഹ്മചാരിയും, ആജീവനാന്തം പരിശുദ്ധനും, പരമാത്മസന്യാസിയും ആയിരുന്ന ചരിത്രപുരുഷന്മാരിൽ ഒരു ഗണ്യസ്ഥാനം ഇദ്ദേഹത്തിനുണ്ടു്.

യേശുക്രിസ്തുവിനെ അദ്ദേഹത്തിന്റെ ശത്രുക്കൾ കുരിശിൻമേൽ തറച്ചു. അതിൽ ചിരണ്ടിരുന്ന രക്തത്തിന്റെ ദർശനം തന്നെ അദ്ദേഹത്തിന്റെ ശിഷ്യസംഘത്തിന് ആത്മബോധകമായ പരമോപദേശം ആയിരുന്നു. യേശുക്രിസ്തുവിന്റെ ജീവിതകാലത്തു് ശ്രീകൃഷ്ണൻ ഭഗവൽഗീത ഉപദേശിച്ചതുപോലെ, തത്വഭൂയിഷ്ഠമായ ഒരു ഗീതയെ ലോകഗുണത്തിനായിട്ടു് ഉപദേശിച്ചു.

യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം,

ആ മഹാത്മാവിൻെറ ദിവ്യശക്തി അവിടത്തെ ശിഷ്യസംഘത്തിൽ പകൎന്നു. അവരും, അവരുടെ ശിഷ്യപരമ്പരകളും, ഭൂമിയുടെ നാനാ ഭാഗങ്ങളിലും സഞ്ചരിച്ച്, മണ്ഡപങ്ങളിലും ചന്തകളിലും രാജവീഥികളിലും രാജസദസ്സുകളിലും പ്രസംഗിച്ചു. ഇങ്ങനെ പ്രചാരത്തിൽ വന്ന മതം അക്ഷീണമായ ശക്തിയോടുകൂടി പടൎന്ന്, ഇപ്പോൾ ഭൂമിയിൽ ഉള്ള നാനാ മതങ്ങളിലും വെച്ച് സംഖ്യകൊണ്ടു പ്രധാനസ്ഥാനത്തെ കൈക്കൊള്ളുന്നു.

യേശുക്രിസ്തുവിൻെറ അവതാരകാലം മുതല്ക്കാണ് ക്രിസ്താബ്ദം കണക്കാക്കുന്നതു. നമ്മുടെ രാജ്യത്തിനു ക്രിസ്ത്യാനിമതവുമായുള്ള പരിചയം ഇംഗ്ലീഷുസാമ്രാജ്യത്തോടു നമുക്കുണ്ടായ സംബന്ധത്തോടുകൂടി വന്നതാണെന്നു പലരും വിചാരിച്ചുപോയേക്കാം. എന്നാൽ പരമാൎത്ഥം അങ്ങനെ അല്ല.

മോക്ഷേച്ഛുക്കൾ ലോകത്തെ വെടിഞ്ഞു് സന്യാസവൃത്തിയോ വാനപ്രസ്ഥമോ അവലംബിക്കണമെന്നല്ല ക്രിസ്തുമതം ഉപദേശിച്ചതു്. ഈശ്വരങ്കൽ ഭക്തിയും, സത്യാദിധൎമ്മങ്ങളിൽ ശ്രദ്ധയും, കൃത്യനിഷ്ഠയും, അവലംബിച്ചുള്ള പരിശുദ്ധജീവിതം മാത്രമാണ് ആ ദിവ്യാചാൎയ്യൻ ഉപദേശിച്ചതു്. അദ്ദേഹം കത്തിച്ച ദീപത്തെ കഴിവുള്ള സ്ഥലങ്ങളിലെല്ലാം പ്രകാശിപ്പിക്കുന്നതു തങ്ങളുടെ കൃത്യമാണെന്ന് അദ്ദേഹത്തിൻെറ പ്രഥമശിഷ്യന്മാർ ഉണൎന്നുകൊണ്ടിരുന്നു. അതുകൊണ്ടു് ആ വൎഗ്ഗത്തിൽ ഒരുവനായ തോമാശ്ലീഹാ അല്ലെങ്കിൽ സെയിൻറ് തോമാ ദൂരത്തേയും, അക്കാലത്തെ ദുൎഘടങ്ങളേയും, ഗണ്യമാക്കാതെ ഇൻഡ്യയിലേക്കു തിരിച്ചു.

തോമാശ്ലീഹാ ഇൻഡ്യായിൽ ഏതാനും ഭാഗങ്ങളിൽ സഞ്ചരിച്ച് തൻെറ മതത്തെ പ്രസംഗിച്ചു. അദ്ദേഹം അവിടവിടെയായി പള്ളികളും സ്ഥാപിച്ചു. കേരളത്തിൽ

കൊടുങ്ങല്ലൂർ എന്ന സ്ഥലത്തു വന്നിറങ്ങി, നിരണം മുതലായ ചില പള്ളികൾ അദ്ദേഹം പ്രതിഷ്ഠിച്ചു എന്നും, പഞ്ചാബ് എന്ന ഉത്തരരാജ്യത്തിലാണ് അദ്ദേഹം സഞ്ചരിച്ചതെന്നും രണ്ടുവിധമായ ഐതിഹ്യം ഉണ്ടു്. അദ്ദേഹം ഭാരതീയരുടെ ഇടയിൽ രാജസമ്മതിയോടുകൂടി കുറേക്കാലം പാൎത്തു എന്നു് ചരിത്രകാരന്മാർ പറയുന്നു. ഈ ആചാൎയ്യർ മദ്രാസ് പട്ടണത്തിന്റെ തെക്കെ അററത്തു മൈലാപ്പൂർ എന്ന ഗ്രാമത്തിൽവെച്ചു മരിച്ചതായി കേട്ടുകേളികൾ ഉണ്ടു്. അദ്ദേഹത്തിന്റെ പ്രയത്നത്തിന്റെ ഫലമായ മതസ്ഥാപനം ആ സംഭവത്തിനുശേഷം ക്ഷീണം പ്രാപിച്ചു എന്നിരിക്കാം. എങ്കിലും അനന്തരകാലങ്ങളിലെ ക്രിസ്തുമതപ്രവൎത്തകന്മാൎക്കു അദ്ദേഹത്തിന്റെ ജീവിതശ്രമം പ്രബലമായ ഒരു അസ്ഥിവാരമായി തീൎന്നിരിക്കാൻ ഇടയുണ്ടു്.

ഈ മതാചാൎയ്യരുടെ ആഗമനം പതിനെട്ടര ശതവൎഷം മുമ്പായിരുന്നു. അതുകൊണ്ടു് ക്രിസ്ത്യാനിമതം നമ്മുടെ രാജ്യത്തു വ്യാപരിച്ചതു് ഇന്നും ഇന്നലെയും അല്ല. അദ്ദേഹത്തെ തുടൎന്നു "കനായിതോമാ" എന്നൊരു കച്ചവടക്കാരൻ ൧൭൦൦ വൎഷങ്ങൾക്കു മുമ്പു കേരളത്തിൽ വന്നിരുന്നു. ഇങ്ങനെ മഹമ്മദീയമതത്തിന്റെ സ്ഥാപനത്തിനും വളരെ മുമ്പു തന്നെ ക്രിസ്തുമതം ഇൻഡ്യയിൽ എത്തിയിരുന്നു. മഹമ്മദീയരുടെ പ്രവേശം ഇൻഡ്യയിലേയ്ക്കു് ഉണ്ടായിത്തുടങ്ങിയതു തന്നെ ഏഴെട്ടു ശതവൎഷങ്ങൾക്കു മുമ്പാണ്. നമ്മുടെ കൊല്ലവൎഷം ആരംഭിച്ചിട്ടും പതിനൊന്നു ശതവൎഷം ആയിരിക്കുന്നതേ ഉള്ളു. ഇപ്രകാരം കാലഗണനം ചെയ്തുനോക്കുമ്പോൾ, ക്രിസ്ത്യാനിമതക്കാർ കൊല്ലവൎഷാരംഭത്തിനു മുമ്പിൽ തന്നെ കേരളത്തിലെ പ്രാചീനസമുദായത്തിൽ ഒരു അംഗമായി തീൎന്നിരുന്നു എന്നു വ്യക്തമാകും.

ഇതിനു ലക്ഷ്യങ്ങളായി പെരുമാക്കന്മാരായ കേരളസ-

മ്രാട്ടുകൾ ക്രിസ്ത്യാനികൾക്കു കൊടുത്തിട്ടുള്ള ചെമ്പുപട്ടയങ്ങളും മററും ഉണ്ടു്. അക്കാലങ്ങളിൽ ക്രിസ്തീയകുടുംബങ്ങൾ കേരളീയസമുദായത്തിൽ പ്രാധാന്യം വഹിച്ചതായും, ക്രിസ്തീയപള്ളിക്കാരുടെ സംഘസമ്മേളനങ്ങൾ നടന്നിട്ടുള്ളതായും, വിശ്വസനീയരായ മതാദ്ധ്യക്ഷന്മാരുടേയും ദേശസഞ്ചാരികളുടേയും ലേഖനങ്ങൾ തെളിയിക്കുന്നു.

---

പാഠം ൩൧.

## തിരുവാഴിത്താൻ (രണ്ടാം ഭാഗം).

തിരുവാഴിത്താന്റെ കഥകൾ പലതുമുണ്ടു്. ചിലതു ഗ്രാമ്യങ്ങളാണ്. അങ്ങനെ അല്ലാത്തവയിൽ രണ്ടു കഥ ഇവിടെ സംക്ഷേപിക്കാം. വഞ്ചിരാജകുടുംബത്തിലെ തിരുമാടമ്പും പള്ളിക്കെട്ടും അടിയന്തിരങ്ങൾ പ്രമാണിച്ചു്, കൊട്ടാരത്തിലെ ചില ഭിത്തികളിൽ ചിത്രമെഴുതിക്കുക പതിവുണ്ടു. തിരുവാഴിത്താൻ സേവിച്ചിരുന്ന സ്വരൂപത്തിലും ഇങ്ങനെയുള്ള ഒരു സന്ദർഭം വന്നപ്പോൾ, ചിത്രലേഖനത്തിൽ തനിക്കുള്ള മഹത്തായ പാടവത്തെ പ്രദർശിപ്പിക്കാൻ ഒരു പള്ളിയറ മുഴുവൻ തനിക്കു തന്നെ കിട്ടണമെന്നു തിരുവാഴിത്താൻ അപേക്ഷിച്ചു. അമാന്തക്കാരനെന്നല്ല, വക്രശീലനുമായിരുന്ന ആ വിദ്വാന്റെ പ്രാർത്ഥനയെ അനുവദിച്ചാൽ അയാൾ വല്ല കുസൃതിയും പ്രയോഗിച്ചു് തങ്ങളിൽ രാജകോപം ഉണ്ടാക്കുമെന്നു ഭയപ്പെട്ടു്, ഉദ്യോഗസ്ഥന്മാർ ഒഴികഴിവുകൾ പറഞ്ഞുമാറി. ഒന്നും രണ്ടും മൂന്നും രൂപങ്ങളും, ആവർത്തികൊണ്ടു പുതുമ പോയി നീരസങ്ങളായ പട്ടാഭിഷേകം, കല്യാണം എന്നീ രംഗങ്ങളും അല്ലാതെ, ഗംഭീരമായുള്ള സംഭവങ്ങളെ തന്മയത്തോടു കൂടി ലേഖനം ചെയ്യാൻ തനിക്കു പ്രാഗത്ഭ്യമുണ്ടെന്നു തിരുവാഴിത്താൻ ബല-

മായി വാദിച്ചിട്ടും, അയാൾ ഭഗ്നാശയനായി മടങ്ങേണ്ടിവന്നു. എന്നാൽ തന്റെ അഭിലാഷത്തെ രാജപാദങ്ങളിൽ സമൎപ്പിക്കുക എന്ന അവസാനകൈ പരീക്ഷിച്ചപ്പോൾ തിരുവാഴിത്താന്റെ പ്രാൎത്ഥനയ്ക്കു സാഫല്യമുണ്ടായി.

കല്പിച്ച തിരുവാഴിത്താനെ ഏൽപിച്ച മണിയറയ്ക്കു് ഉടൻ തന്നെ അയാൾ പുറത്തു പൂട്ടും താക്കോലും, അകത്തു് ഒരു താഴും ഉണ്ടാക്കിച്ചു. ദിവസംപ്രതി ഇപ്പോഴത്തെ കച്ചേരിസമയത്തിനൊത്ത നേരം ആകുമ്പോൾ തിരുവാഴിത്താൻ വസ്ത്രിയും വിഷ്പിച്ചെത്തി, വാതിൽ തുറന്നു്, മുറിയ്ക്കകത്തു കടന്നു്, ഓടാമ്പലിട്ടു് ഉറക്കം തുടങ്ങും. അപ്പോൾ മുതൽ ആരംഭിക്കുന്ന നിദ്രയിൽനിന്നു് അഞ്ചുമണിയോടു കൂടി ഉണൎന്നു്, ഹസ്തതലംകൊണ്ടു് ഒരു തിരുമ്മൽ കഴിച്ചു്, ഉറക്കത്തിന്റെ ലാഞ്ഛനയെല്ലാം നീക്കി ജോലിചെയ്തു പരവശനായിത്തീൎന്ന ഭാവത്തിൽ പുറത്തെ വാതൽ പൂട്ടി നടകൊള്ളും. തന്റെ പ്രതിപക്ഷികളായ ഉദ്യോഗസ്ഥന്മാരുടെ നേൎക്കു് നിന്ദാസൂചകമായോ, ഗൗരവദ്യോതകമായോ, ഒന്നു രണ്ടു നോട്ടങ്ങൾ അയച്ചു്, അവരുടെ ആജ്ഞകൾക്കും പരിശോധനകൾക്കും താൻ അധീനനല്ലെന്നു് അവരെയും ലോകരെയും ബോധ്യപ്പെടുത്തിക്കൊണ്ടു് അനന്തരകാൎയ്യങ്ങൾക്കു പുറപ്പെടും.

ഇങ്ങനെ കഴിഞ്ഞു വരുമ്പോൾ നെടുമ്പുരകളിലെ പട്ടുവിതാനങ്ങളും സൗധങ്ങളിലെ ചിത്രവേലകളും കാണുന്നതിനു പള്ളിക്കെട്ടിന്റെ പൂൎവ്വദിവസം മഹാരാജാവു് എഴുന്നെള്ളുമെന്നു കല്പനയുണ്ടായി. അന്നു് അൎദ്ധരാത്രിയാകാറായപ്പോൾ, തിരുവാഴിത്താൻ തന്റെ മുറിയ്ക്കകത്തു ചില പാത്രങ്ങളും പണി ആയുധങ്ങളും കൊണ്ടു കടന്നു, വിശ്വകൎമ്മാവു കൂടി തലതാഴ്ത്തിപ്പോകുന്ന വേഗത്തിൽ ചിത്രമെഴുത്തു മുഴുവൻ നടത്തി.

അടുത്ത ദിവസം വൈകുന്നേരം നാലരമണിയോടുകൂടി മഹാരാജാവിന്റെ എഴുന്നെള്ളത്തായി. പ്രധാനസേവകന്റെ നിലയിൽ തിരുവാഴിത്താനും എത്തി. എല്ലാ അലങ്കാരങ്ങളും കണ്ടു് മഹാരാജാവു് മന്ത്രിമാരുടെ പരിശ്രമങ്ങളെ അഭിനന്ദിച്ചു. കണ്ണ് അഞ്ചിപ്പോകുന്ന പല വർണ്ണങ്ങളിലുമുള്ള ചായങ്ങൾ ധാരാളമായി ഉപയോഗിച്ചു രചിച്ചിരുന്ന ദശാവതാരാദി ചിത്രങ്ങൾ കണ്ടു് മഹാരാജാവു് അതാതിന്റെ കർത്താക്കന്മാരേയും സദയം പ്രശംസിച്ചു. അനന്തരം തിരുവാഴിത്താന്റെ ചിത്രശാല സന്ദർശിക്കുന്നതിന്ന് അവിടുന്നു പുറപ്പെട്ടു. തിരുവാഴിത്താൻ മഹാരാജാവിനു മാത്രം തന്റെ ചിത്രമണ്ഡപത്തിനകത്തു പ്രവേശമനുവദിച്ചു. ഒരു ജാലകം തുറന്നു മന്ദമായ വെളിച്ചമുണ്ടാക്കി, അമാനുഷമായ തന്റെ കരകൗശലം മഹാരാജാവിനെ കാണിച്ചു. അവിടുത്തെ നേത്രങ്ങൾക്കു ഗോചരമായതു് തെങ്ങിൻപൂക്കുലകളുടെ ഛായയിലുള്ള നിരവധി രേഖകളും, മുതുകു നിവിർന്ന ചന്ദ്രക്കലകൾപോലുള്ള വക്രരേഖകളും മാത്രമായിരുന്നു. മഹാരാജാവു് പെട്ടെന്നു് കഥയൊന്നും മനസ്സിലാകാതെ സംഭ്രമിച്ചു. മഹത്തായ ആ മനോധർമ്മത്തിന്റെ അർത്ഥം ധരിപ്പാൻ ശക്തനല്ലാതിരുന്ന മഹാരാജാവിനെ തന്റെ ആശയം ഗ്രഹിപ്പിപ്പാനായി, മുഖത്തിലെ ഒരു രേഖപോലും ചലിക്കാതുള്ള ഗൗരവത്തോടുകൂടി, തിരുവാഴിത്താൻ വ്യാഖ്യാനം തുടങ്ങി:—

"റാൻ!—ഈ പടിഞ്ഞാറെ ഭിത്തിയിൽ ദേവാസുരം. കിഴക്കു് സുംഭനിസുംഭന്മാരും ദുർഗ്ഗാഭഗവതിയുമായുള്ള മഹാസമരം. തെക്കെച്ചുവരിൽ ആക്കിക്കളഞ്ഞു രാമരാവണം. അതു് ലങ്കയിലായതുകൊണ്ടു് യുക്തിഭംഗം വരരുതെന്നു വിചാരിച്ചു ചെയ്തതാണു്. ആ മുറയ്ക്കു, വടക്കെച്ചുവരിൽ ഭാരതയുദ്ധം പതിനെട്ടു ദിവസത്തേയും തികച്ചു, ആനപ്പടയും

കുതിരപ്പടയും വ്യൂഹം വ്യൂഹമായിട്ട്. 'പോത് അതിഘോരം'—റാൻ!— കുതിരകൾ ഓടുന്ന വേഗത്തിനിടയിൽ വാലുകൾ വിടിൎന്ന്, ഭൂമിയേയും ആകാശത്തേയും ഭടജനങ്ങളേയും വാഹനങ്ങളേയും ഒക്കപ്പാടെ മറച്ചുകളയുന്നു. ഇടയ്ക്കിടയ്ക്കു ചില വമ്പന്മാരായ കൊമ്പന്മാരുടെ മുതുകു മാത്രം കാണ്മാനുണ്ടു്; യുദ്ധം അതിഭയങ്കരം. ശിവശിവ! അങ്ങോട്ടു നോക്കാൻ പാടില്ല. എത്ര കബന്ധങ്ങൾ നൃത്തമാടുന്നു എന്നു കണക്കില്ല. ദുൎഗ്ഗാഭഗവതിയുടെ ദംഷ്ട്രകൾ—അമ്പമ്പ!" മഹാരാജാവു ചിത്രദൎശനംകൊണ്ടു സന്തുഷ്ടനായി മടങ്ങുന്നതിന്ന് ആരംഭിച്ചു. തിരുവാഴിത്താൻ വിടാൻ ഭാവമില്ല. "ഗംഗാദത്തനും പാൎത്ഥനും; ഭീമനും ദുശ്ശാസനനും; ഇടഞ്ഞും തുടൎന്നും ബ്രഹ്മാണ്ഡം കുലുക്കി. ആഹാ!" തിരുവാഴിത്താന്റെ വിഡ്ഢിത്തം മനസ്സിലായതിനാലുള്ള മന്ദഹാസം തുളുമ്പുന്നതിനിടയിൽ, മഹാരാജാവു് പള്ളിമേനാവിൽ ആരോഹണം ചെയ്തുകഴിഞ്ഞു.

തിരുവാഴിത്താന്റെ ചിത്രലേഖനം അയാളുടെ ബുദ്ധിവൈഭവംകൊണ്ടു ലഘുവായി സാധിച്ചു. ഒരു മൺപാത്രത്തിൽ കരി കലക്കി, ആ മഷിയിൽ ചൂലു മുക്കി, ചുവരിൽ അവിടവിടെ അറഞ്ഞിട്ടുള്ളതായിരുന്നു രേഖക്കൂട്ടങ്ങളായ തുരഗപുച്ഛങ്ങൾ. ആനമുതുകുകൾ കരിക്കട്ടക്കഷണങ്ങൾ കൊണ്ടു മാത്രം സാധിച്ച വരകളായിരുന്നു.

പള്ളിക്കെട്ടുമഹോത്സവം ഏഴു ദിവസവും തിരുവാഴിത്താൻ പ്രമാണിയായി ഭരിച്ചു. അതുസംബന്ധമായി വിദ്വജ്ജനങ്ങൾക്കു മഹാരാജാവിന്റെ സംഭാവന ഉണ്ടായപ്പോൾ, ശ്രമക്കാരന്റെ പങ്കായി ഒരു പട്ടക്കരയും, ചിത്രകാരനുള്ള പാരിതോഷികമായി ഒരു വീരശൃംഖലയും തിരുവാഴിത്താൻ രണ്ടു കയ്യും നീട്ടി വാങ്ങിച്ചു. ചിത്രലേഖനത്തിനുള്ള കൂലി, യഥാക്രമം പററുശീട്ടു കൊടുത്തു്, ശങ്കുകുട്ടി

ഒരു ചെമ്പുകാശുപോലും കൈക്കാണമായി ഇളയ്ക്കാതെ വാങ്ങി സംഗ്രഹിച്ചു. തിരുവാഴിത്താന്റെ ചിത്രങ്ങളാൽ അലങ്കൃതമായ മണിയറ ആ മന്ദിരം നശിക്കുന്നതുവരെ ഒരു പരിശുദ്ധസങ്കേതമായി തുറക്കാതെ കിടന്നു.

കുറേക്കാലം കഴിഞ്ഞു് മറെറാരു വിശേഷസന്ദർഭത്തിൽ സദ്യയ്ക്കുള്ള സാമാനങ്ങൾ ശേഖരിച്ചുവരുമ്പോൾ, പഞ്ചസാരപ്പുരസൂക്ഷിപ്പുകാരനോട് ഒരു പിടി പഞ്ചസാര കിട്ടിയാൽ കൊള്ളാമെന്നു തിരുവാഴിത്താൻ യാചിച്ചു. "കാരണവപ്പാട്ടിലെ നേട്ടമല്ല" എന്നു് ആ മൂത്ത കലവറക്കാരൻ ശണ്ഠകൂട്ടി യാചകനെ ഓടിച്ചു. ആ മഹോത്സവം അടുത്തപ്പോൾ, പതിവുപോലെ മഹാരാജാവു് അടിയന്തരക്കലവറ തൃക്കൺപാർക്കാൻ എഴുന്നെള്ളി. എഴുന്നെള്ളത്തോടൊന്നിച്ചു്, തിരുമനസ്സിലെ അടുത്തു പുറകിലായി തിരുവാഴിത്താനും ഓഛാനിച്ചു് അകമ്പടി സേവയ്ക്കു കൂടിയിരുന്നു. മനസ്സിൽ ഒരു കുസൃതി കരുതി അതിനു വേണ്ട ഒരുക്കം ചെയ്തുകൊണ്ടായിരുന്നു അയാളുടെ പുറപ്പാട്. കാഴ്ചപ്പണ്ടകശാലയിൽ കടന്നു്, അവിടെ തൂക്കിയിരുന്ന അസംഖ്യം നേന്ത്രപ്പഴക്കുലകൾ കണ്ടപ്പോൾ, തിരുവാഴിത്താന്റെ നാവിൽ വെള്ളമൂറി. തൈർപ്പുരകളിലുള്ള ശ്വേതനീരാഴികളിൽ നീന്തിക്കളിക്കുന്നതിന് അയാൾക്കു കൊതികൂടി. അരികുന്നുകൾ കണ്ടപ്പോൾ ആ മഹോദരന് അരോചകമുണ്ടായി. സസ്യശാലയിൽ ശേഖരിച്ചിരുന്ന മത്തങ്ങകളുടെ വലിപ്പം കണ്ടു് തിരുവാഴിത്താന്റെ വയറ്റിൽ ഒട്ടൊന്നു ക്ഷോഭിച്ചു, എങ്കിലും അവ പുഷ്ടിയിൽ തന്നെ ജയിക്കുന്നില്ലെന്നു കണ്ടു് സമാശ്വസിച്ചു. പഞ്ചസാരക്കുമ്പാരങ്ങൾ കണ്ടു്, വിദ്വാനായ അയാൾ മഹാരാജാവിന്റെ ഹിതാനുവർത്തിയായി "രസികൻകുന്നു്" ഭിന്നഗാത്രങ്ങളായി അവിടെ എത്തിയിരിക്കുന്നോ" എന്നു് ഒരു അലങ്കാരം പ്രയോഗിച്ചു. ഇതു കേട്ട്, "അബദ്ധം! ഇവിടെ

ഒക്കെ വിരിക്കുന്നതിന് കൂട്ടിരിക്കുന്ന മണലാണിത്. ആ കുന്നിൽനിന്ന കൊണ്ടുവന്നതു തന്നെ" എന്ന് തിരുവാഴിത്താനെ വിഡ്ഢിയാക്കാനായി മഹാരാജാവ് കളിയായി അരുളിച്ചെയ്തു.

തിരുവനന്തപുരം കോട്ടയ്ക്കകത്തു നിന്ന ശംഖുമുഖത്തേയ്ക്കുള്ള റോഡിന്റെ വടക്കുവശത്തുള്ള രസികൻകുന്നിലെ മണൽ ആണെന്ന കൃത്രിമമായി മഹാരാജാവ് എപ്പോൾ അരുളിച്ചെയ്തുവോ അക്ഷണം, ഇതിന്മണ്ണമെല്ലാം സംഭവിക്കും എന്ന കരുതി രംഗപ്രവേശം ചെയ്യാൻ നിയുക്തനായിരുന്ന കുട്ടിത്തിരുവാഴിത്താൻ, വാവിട്ട് അലറി ആർത്ത് ഓടിയെത്തി:— "അയ്യോ! അപ്പാ അമ്മ" എന്ന് ആർദ്രോക്തിയിൽ ക്രന്ദനം ചെയ്തുകൊണ്ട് തിരുവാഴിത്താന്റെ പാദങ്ങളിൽ വീണു. തന്റെ ഭാര്യ മരിച്ചുപോയ വ്യസനംകൊണ്ട് ആ വൃത്താന്തം പറവാൻ ബാലനു വാക്കുകൾ പുറപ്പെടാതെ ഞെരുങ്ങുന്നു എന്ന ധരിച്ച ഭാവത്തിൽ, തിരുവാഴിത്താനും മാറത്ത് അലച്ച് ഉറക്കെ നിലവിളിച്ചു. മഹാരാജാവു തന്റെ സേവകന്റെ ദുഃഖം കണ്ട് ദയാർദ്രമനസ്കനായി. "ചത്തുപോയോ അപ്പനേ?" എന്ന് അതിദൈന്യസ്വരത്തിൽ തിരുവാഴിത്താൻ പുത്രനോടു വിളിച്ചു ചോദിച്ചു. ബാലൻ ഏങ്ങിക്കരഞ്ഞുകൊണ്ട് സമ്മതോത്തരത്തിന്റെ ഭാവത്തിൽ കൈകാൽ അറഞ്ഞുപിടച്ചു. "എന്നാൽ നിന്റെ വായിലും മണ്ണ്, എന്റെ വായിലും മണ്ണ്" എന്ന പറഞ്ഞുകൊണ്ട്, രണ്ടു കയ്യും ചേർത്ത് ഒരു കുത്തു പഞ്ചസാര വാരി കുട്ടിയുടെ വായിൽ കുത്തിച്ചെലുത്തിയിട്ട്, താനും രണ്ടു മൂന്ന കുത്തു വാരിത്തിന്നു. വായിൽ മണ്ണടിച്ചേ എന്ന വിളിച്ചു കരഞ്ഞുകൊണ്ടു പഞ്ചസാര തിന്നതിനാൽ, അവരുടെ വായിൽനിന്നും ആ പഞ്ചസാരക്കുന്നിൽ എച്ചിൽവെള്ളവും പഞ്ചസാരപ്പൊടിയും വീണ-

ത്തുനിമിത്തം പഞ്ചസാരക്കുന്നു മുഴുവനും അശ്രദ്ധമായി, അടിയന്തിരാവശ്യത്തിനു വേറേ അന്വേഷിക്കേണ്ടിവരികയും ചെയ്തു.

തിരുവാഴിത്താനേയും മകനേയും ഒരുവിധം സാന്ത്വനം ചെയ്തു്, മഹാരാജാവു ചോദ്യം ചെയ്തതിൽ, കുട്ടിത്തിരുവാഴിത്താനേ അയാളുടെ മാതാവു പ്രഹരിക്കുകയാൽ അച്ഛനോടു സങ്കടം പറയാൻ വന്നു എന്നും, രാജസന്നിധി എന്നു കണ്ടപ്പോൾ ബാലനാകയാൽ മനസ്സു പതറി വാക്കു കുഴങ്ങിപ്പോകയും, അതുനിമിത്തം അച്ഛനും തെററിദ്ധരിക്കാൻ ഇടയാവുകയും ചെയ്തു എന്നും, അച്ഛന്റെ പൂർവോപദേശമനുസരിച്ചു് ആ കുട്ടിവീരൻ തൊണ്ടയിടറിപ്പറഞ്ഞു നിറുത്തി. തന്റെ വിനോദോക്തികൊണ്ടു പഞ്ചസാര മണ്ണെന്നു സങ്കല്പിപ്പാൻ സംഗതിയാക്കിയതിനാൽ, തിരുവാഴിത്താന്റെ അപരാധത്തെ മഹാരാജാവു ക്ഷമിച്ചു; എന്നു മാത്രമല്ല "ആ പഞ്ചസാരക്കുന്നു മുഴുവൻ ആ വിഡ്ഢിയും മകനും കൊണ്ടുപൊയ്ക്കൊള്ളട്ടെ" എന്നു കല്പിക്കുകയും ചെയ്തു. വലിയ തിരുവാഴിത്താന്നു് കൊമ്പും ചിറകും ഒന്നിച്ചു മുളച്ചതുപോലെയുള്ള ചാരിതാർത്ഥ്യം ഉണ്ടായി. പഞ്ചസാരക്കലവറക്കാരന്റെ പൊടിപോലും സമീപത്തെങ്ങും കാണ്മാനില്ലായിരുന്നു.

---

പാഠം ൨൧.

## ബാലിവിജയം.

"രാക്ഷസേശ്വരൻ" എന്നു വിരുതു നേടിയ ലങ്കാചക്രവർത്തി, തന്റെ ജ്യേഷ്ഠനായ വൈശ്രവണനെ ജയിച്ചതുകൊണ്ടു തൃപ്തിപ്പെടാതെ, സ്വപുത്രനായ മേഘനാദനോടു ദേവേന്ദ്രനെക്കൂടി അമർത്താനുള്ള മാർഗ്ഗം ആലോചിച്ചു:—

"കാൎയ്യമതങ്ങനെ സാധിക്കുമൊ എന്നു
ശൗൎയ്യജലധേ! ചൊൽക, മമ
വീൎയ്യമുണ്ടെങ്കിലും നിന്റെ മനോരഥം
നേരോടറിയാമല്ലോ"

എന്നു് ഇന്ദ്രജിത്തിന്റെ അന്തൎഗ്ഗതമറിവാൻ ആവശ്യപ്പെട്ടപ്പോൾ:—

"യാതുധാനകുലദീപമായീടുന്ന
താത! മേ കേൾക്ക ഗിരം. തവ
ചേതസി സന്ദേഹമിന്നു തുടങ്ങുവാൻ
ഹേതുവില്ലൊന്നുമഹോ.

. . . . . . . . . . . .

എന്തുകൊണ്ടെങ്കിലും ബന്ധിച്ചു ശക്രനെ
നിൻ തിരുമുമ്പിൽ വച്ചു, ബഹു-
സന്തോഷത്തോടു നമസ്കരിച്ചീടുവൻ,
എന്തിനു ശങ്ക വൃഥാ?"

എന്നു മേഘനാദൻ നിസ്സന്ദേഹം അറിയിച്ചു. രാവണൻ ഈ വാക്കുകൾ കേട്ടു് അത്യാനന്ദത്തിൽ മുഴുകി പുത്രനുമൊന്നിച്ചു യുദ്ധത്തിനു പുറപ്പെട്ടു. ദേവേന്ദ്രനുമായുള്ള യുദ്ധത്തിൽ രാവണൻ വിവശനായി എങ്കിലും, മേഘനാദൻ മായാപ്രയോഗംകൊണ്ടു് ഇന്ദ്രനെ ബന്ധനം ചെയ്തു.

ബന്ധനസ്ഥനായ ഇന്ദ്രനേയുംകൊണ്ടു് പരാക്രമികളായ അച്ഛനും മകനും ലങ്കയിലേയ്ക്കു തിരിച്ചുചെന്നു് തങ്ങളുടെ കുലശത്രുവെ കൊടിമരമൂട്ടിൽ തളച്ചു. ഈ പരാജയവൃത്താന്തത്തെക്കുറിച്ചു്, വരപ്രദാനംകൊണ്ടു ത്രിമൂൎത്തികൾക്കും രാവണനെ അജയ്യനാക്കിച്ചെയ്ത ബ്രഹ്മാവോടു ദേവന്മാർ സങ്കടം പറഞ്ഞു. സകലലോകകണ്ടകന്മാരുടെ ഉപദ്രവങ്ങളിലും, നിയമേന നിവേദനസംഘനേതാവായ ബ്രഹ്മാവു് കൈലാസത്തിലേയ്ക്കോ വൈകുണ്ഠത്തി-

ലേക്കോ തിരിയ്ക്കാതേ നേരെ ലങ്കയിലെത്തി രാവണനെ കണ്ടു് അതി കോപിഷ്ഠനായി ശണ്ഠതുടങ്ങി. തന്റെ വംശമൊക്കെ ശപിച്ചു ഭസ്മമാക്കുമെന്നു ഭയന്നു് രാവണൻ ബ്രഹ്മാവിന്റെ ഹിതമനുസരിച്ചു് ദേവേന്ദ്രനെ വിട്ടയച്ചു. ഇതിന്റെ ഫലമായി മേഘനാദനു് "ഇന്ദ്രജിത്തു്" എന്നുള്ള പേരും ബ്രഹ്മാവിൽനിന്നു ചില വരങ്ങളും കിട്ടി. ദേവേന്ദ്രൻ തനിക്കു നേരിട്ട അപമാനത്താൽ ഭഗ്നോത്സാഹനായി സദാ നമ്രമുഖനായി അമരാവതിയിലുള്ള തന്റെ ആസ്ഥാനത്തിൽ പാൎത്തു. അക്കാലങ്ങളിൽ വൎത്തമാനപ്പത്രങ്ങളുടെ ജോലി നിൎവ്വഹിച്ചുവന്ന നാരദമഹൎഷി ഇന്ദ്രസന്നിധിയിലെത്തി അദ്ദേഹത്തെ ഇങ്ങനെ സമാശ്വസിപ്പിച്ചു:—

"ദേവരാജ! മഹാപ്രഭോ!
പാവനവിപുലകീൎത്തേ!
ഭാവഭേദമേതും വേണ്ട
സാവധാനം കുരു ചിത്തം.

ഏവമാദിയാപത്തുകൾ
ജീവലോകങ്ങളിലോൎത്താൽ
ദേവകൾക്കുമില്ല ഭേദം
ഏവനുമുണ്ടാകുമല്ലോ.

. . . . . . . . .

ശക്തനാകുന്നൊരു തവ
പുത്രനായ ബാലിയോടു
യുദ്ധസംഗതിയുണ്ടാകാം
സിദ്ധിച്ചീടും കാൎയ്യമപ്പോൾ."

ഇങ്ങനെ, രാവണന്റെ പുത്രൻ ഇന്ദ്രനെ ബന്ധിച്ചതിനു് ഇന്ദ്രന്റെ പുത്രനെക്കൊണ്ടു് രാവണനെ ബന്ധിപ്പിക്കാം എന്നു വാഗ്ദാനം ചെയ്തു് നാരദൻ തിരിച്ചു.

ശ്രീനാരദമഹൎഷി വലിയ ഒരു വിഷ്ണുഭക്തനും ശിവഭക്ത-

നും ആയിരുന്നതിനു പുറമെ ഒരു ഒന്നാന്തരം ഫലിതക്കാരനും കൗശലക്കാരനും കൂടി ആയിരുന്നതിനാൽ, ലങ്കാരാജധാനിയുടെ പ്രാന്തത്തിൽ എത്തിയപ്പോൾതന്നെ ശുദ്ധഗതിക്കാരനായ രാവണന്റെ അപദാനങ്ങളേയും സൽകൃത്യങ്ങളേയും വൎണ്ണിച്ചു ഗാനം ചെയ്തുതുടങ്ങി. ഈ ഗാനം കേട്ടപ്പോൾ തന്നെ രാവണൻ നാരദന്റെ ഉദ്ദേശംപോലെയുള്ള ഉപായവാഗുരയിൽ അകപ്പെട്ടുകഴിഞ്ഞിരുന്നു. സ്വാഗതവചനങ്ങളും തന്റെ വിജയങ്ങളുടെ പ്രശംസയും കഴിഞ്ഞു്,

"ലങ്കയിലിഹ വന്നു പങ്കജോത്ഭവൻ തന്നെ
സങ്കടം പറകയാൽ (ഇന്ദ്രന്റെ)
ശൃംഖല മോചിച്ചു ഞാൻ"

എന്നു നാരദന്റെ അഭിമാനത്തിനു ഭംഗം വരുമാറു രാവണൻ ആത്മപ്രശംസ ചെയ്തു. രാവണന്റെ വാക്കുകളുടെ സാരം, "തന്റെ അച്ഛനായ ബ്രഹ്മാവു ലങ്കയിൽ വന്നു കരഞ്ഞതിനാൽ ഇന്ദ്രനെ നാം വിട്ടയച്ചു" എന്നു നാരദനെ ആക്ഷേപിച്ചതായിരുന്നു. ബ്രഹ്മപുത്രനായ നാരദനു പരമാൎത്ഥമെല്ലാം മുമ്പുതന്നെ അറിവുണ്ടായിരുന്നതിനാൽ, അദ്ദേഹം ആ അഹങ്കാരിയെ തരംപോലെ അകപ്പെടുത്താം എന്നു കരുതി തല കുലുക്കി കേട്ടു രസിച്ചുകൊണ്ടിരുന്നു. രാവണൻ പിന്നെയും തന്റെ അഹങ്കാരത്തിന്റെ തികച്ചിൽകൊണ്ടു:-

"ആരാനുമിനി മമ വൈരികളായി ലോകേ
പോരിനു വന്നീടുവാൻ വീൎയ്യമുള്ളവരുണ്ടോ?"

എന്ന് ഒരു ചോദ്യം കൂടി ചെയ്തു.

ഈ ചോദ്യം കേട്ട് നാരദൻ തന്റെ ഉദ്ദേശ്യസിദ്ധിയെ ഉള്ളിൽ വച്ചുകൊണ്ടു് രാവണന്റെ പക്ഷക്കാരനാണെന്നുള്ള നാട്യത്തിൽ ഇങ്ങനെ ഉത്തരം പറഞ്ഞു:—

"രാവണ! കേൾക്ക നീ സാമ്പ്രതം, ലോക-
രാവണ! മാമകഭാഷിതം.

ഭാവമറിഞ്ഞോരോ ഭേദങ്ങളെന്തിന്,
കേവലമുള്ളതു തന്നെ ഞാൻ ചൊല്ലുവേൻ.

ദേവകുലാധിപബന്ധനകൎമ്മം
താവകനന്ദനൻ ചെയ്തതും
ആവതില്ലാതമരന്മാരതു കണ്ടു
ധാവതിചെയ്തതും ആരറിയാതുള്ളു ?

രാവണനെന്നതു കേൾക്കുമ്പോൾ — ഇന്നു
ദേവകളൊക്കെ വിറയ്ക്കുന്നു.
കേവലമത്രയുമല്ല, പരമിഹ
ജീവജാലങ്ങളശേഷം നടുങ്ങുന്നു.

ആരുമില്ല തവ തുല്യനായൊരു
പൂരുഷനെന്നു ധരിച്ചാലും —
വീരൻ മഹാ രണശൂരൻ ഭവാൻ അതി-
ധീരനുദാരൻ ഗംഭീരൻ മഹാരഥൻ."

ഇങ്ങനെ രാവണനെ സ്തുതിച്ച് ഗൎവ്വവൃക്ഷാഗ്രത്തിൽ അദ്ദേ-
ഹത്തെ കയററിയിരുത്തി പിന്നെയും നാരദൻ തുടരുന്നു: —

"കാൎത്താലതിലംഘ്യവെങ്കിലുമൊരു
വാൎത്തയുണ്ടിപ്പോളുണൎത്തുവാൻ:
മത്തനാം ബാലിക്കു മാത്രം ഭവാനോടു
മത്സരമുണ്ടതു നിസ്സാരമെത്രയും.

കല്യനാകുമവൻ ചൊല്ലീടും മൊഴി
ചൊല്ലുവാനും ഭയമുണ്ടു മേ:
'പുല്ലും ദശാസ്യനും തുല്യമെനി'ക്കെന്നു
ചൊല്ലുമവൻ തടവില്ല ശിവ ശിവ!

സാരമില്ലെങ്കിലുമിത്തരം — അഹ-
കാരമുണ്ടാകയാൽ സത്വരം

പാരം പ്രസിദ്ധമായിത്തീരുന്നതിൻ മുമ്പു
കാര്യമവനോടു ശൌര്യപരിക്ഷണം."

ഇത്രയും കൂടി കേട്ടപ്പോൾ രാവണൻ നല്ലതിൻവണ്ണം ഇളകി വാനരനോടു യുദ്ധം ചെയ്യാൻ ലജ്ജയുണ്ടെങ്കിലും ഉടനെ തന്നെ അതിനെ പിടിച്ചുകെട്ടുന്നതിനു പുറപ്പെട്ടുകളയാം എന്നു തീർച്ചയാക്കി.

"കാലമെല്ലാമിഥ കേതുമൂലേ കിടക്കണം
ബാലകന്മാർക്കു നല്ല ലീലാപാത്രമായി"

എന്നുള്ള ഉത്സാഹവാക്കുകളോടു കൂടി രാവണൻ നാരദനെ പിന്തുടൎന്നു ബാലിബന്ധനത്തിനു പുറപ്പെട്ടു.

പൂർവകഥകളേയും, രാവണനെ ശിക്ഷിക്കാൻ താൻ അനുഷ്ഠിക്കുന്ന കൗശലത്തേയും നാരദൻ മുൻകൂട്ടിത്തന്നെ ബാലിയെ ധരിപ്പിച്ച് അവസാനരംഗത്തിനു വേണ്ടതു പോലെ തയാറാക്കിയിരുന്നു.

ബാലി സമുദ്രതീരത്തിൽ സന്ധ്യാവന്ദനത്തിനു ഭാവിക്കുന്ന സമയമായിരുന്നു നാരദൻ രാവണനെ ബാലിയുടെ സമീപത്തിൽ എത്തിച്ചതു്. പർവ്വതാകാരനായ ആ വാനരരാജാവിനെ കണ്ടപ്പോൾത്തന്നെ രാവണൻ നടുങ്ങി പുറകോട്ടു മാറി. നാരദൻ രാവണനെ തൻ്റെ ഉദ്യമത്തിൽ ഇപ്രകാരം പ്രോത്സാഹിപ്പിച്ചു:—

"എന്തിനു താമസിക്കുന്നു വൃഥാ?
പങ്ക്തിമുഖ! ഭയം വേണ്ടാ:
അന്തികം തന്നിലടുത്തങ്ങു ചെല്ലുക
ബന്ധനത്തിനിപ്പോൾ നല്ലോരവസരം.
കണ്ടതേതുമില്ല സാരം, ഇപ്പോൾ
മണ്ടുമല്ലോ നമ്മേക്കണ്ടാൽ:
ഉണ്ടൊരുപായവും, ചെന്നു കരംകൊണ്ടു
പിമ്പെ പിടിയ്ക്കുമ്പോൾ ഇണ്ടലകപ്പെട്ടും".

എന്നിങ്ങനെ അത്ഥഗർഭങ്ങളായ ചാടുവചനങ്ങളാൽ നാരദൻ രാവണനെ ധൈൎയ്യപ്പെടുത്തി മുമ്പോട്ടു തള്ളിവിട്ടു. ഏകാകിയായി ഈ അപകടത്തിൽ വന്നു ചാടിയതു് വിഡ്ഢിത്തമായിപ്പോയി എന്നും, മിണ്ടാതെ തിരിച്ചുപോകാത്തപക്ഷം ഒരു വേള തനിക്കു തന്നെ ബന്ധനം നേരിട്ടേക്കാമെന്നും മററും രാവണനു കുറെ ചഞ്ചലം ഉണ്ടായി എങ്കിലും അഭിമാനികളിൽ അഗ്രേസരനായ ആ ദശകണ്ഠൻ ലോകാപഹാസം ഭയന്നു് ബാലിയുടെ സമീപമണഞ്ഞു് വാലിന്റെ അഗ്രത്തിൽ പിടികൂടി.

ശത്രുവിന്റെ പരാക്രമമറിയാതെ പോരിന്നു പുറപ്പെട്ട രാവണൻ അരക്ഷണംകൊണ്ടു് ആപാദമസ്തകം ബാലിയുടെ വാലിൽ കെട്ടുപെട്ടു കുടുങ്ങി. ആ അന്ധനെ നിഗ്രഹിക്കുന്നതു ധൎമ്മമല്ലെന്നു് ധീരോദാത്തനായ ആ കപിരാജാവു തീൎച്ചയാക്കിയിരുന്നു. ശ്രീനാരദൻ തന്റെ പ്രതിജ്ഞ നിവൎത്തിച്ചുംവെച്ചു് ബ്രഹ്മലോകത്തിലേക്കു പോകുകയും ചെയ്തു.

---

പാഠം ൨൫.

## കൃത്യം.

നമ്മുടെ ജീവിതം മഹത്തായ ഒരു അനുഗ്രഹമാകുന്നു. നമുക്കു വിവേചനാശക്തി കൂടുംതോറും നമ്മുടെ ജീവിതത്തിന്റെ പരമോദ്ദേശ്യം എന്താണെന്നു നാം സ്വാഭാവികമായി സ്വയംപ്രശ്നം ചെയ്യുന്നു. ഇതിലേക്കുള്ള ഉത്തരം വ്യക്തമാകാതെ കേവലം നദിയുടെ ഒഴുക്കിൽ കൂടിപ്പോകുന്ന തൃണത്തെപ്പോലെ നാം ജീവിതയാത്ര തുടരുന്നു. അതു ആത്മാവിനെയും ഈശ്വരനെത്തന്നെയും ദ്രോഹിക്കുന്നതിനു സമമാകുന്നു. ഈശ്വരൻ നമുക്കു ചില ശക്തികളും, ആ

ശക്തികളെ ശരിയായ വിധത്തിൽ ഉപയോഗിക്കുന്നതിനുള്ള ബുദ്ധിശക്തിയും തന്നിട്ടുള്ളതിനാൽ, ആ ബുദ്ധിയെ അനുരോധിച്ച് നമ്മുടെ ശക്തികളെ ഉപയോഗിക്കേണ്ട ആവശ്യകതയെ നാം അറിഞ്ഞു നടക്കേണ്ടതാകുന്നു. അങ്ങനെ അറിഞ്ഞു് ആയുഷ്കാലത്തിൽ എത്ര മുൻകൂട്ടി നമ്മുടെ കൃത്യങ്ങളെ നാം നിർവ്വഹിക്കാൻ തുടങ്ങുന്നോ അത്രയും നല്ലതാണ്. എന്തെന്നാൽ നിങ്ങളിൽ ഓരോരുത്തൻെറയും കഴിഞ്ഞ കാലത്തെ സൂക്ഷ്മമായി ഓർത്തുനോക്കുവിൻ. വേണ്ടതും ശരിയായുള്ളതുമായ കാര്യങ്ങൾ ചെയ്യേണ്ടതായി വന്ന അനേകം അവസരങ്ങളെ വൃഥാ കളഞ്ഞു എന്നു നിങ്ങൾ കാണുന്നില്ലേ? മേലും ഇങ്ങനെ കഴിയുന്നതായാൽ കൃത്യരീതിയെ പരിഷ്കരിപ്പാൻ വൈകിയ ഒരു കാലം വരികയില്ലേ?

നമ്മുടെ അന്തഃകരണബോധത്തെ അനുസരിച്ച് വാസ്തവത്തിൽ നമുക്ക് എന്തു ശക്തിയുണ്ടോ ആ ശക്തിക്കു തക്കവണ്ണം ഉള്ള കർമ്മങ്ങൾ യഥാകാലം ചെയ്തുതീർക്കുന്നതിനു തന്നെയാണ് "കൃത്യം" എന്നും "ധർമ്മം" എന്നും "കർത്തവ്യകർമ്മം" എന്നും പറഞ്ഞുവരുന്നതു്.

പക്ഷെ അന്തഃകരണബോധവും മേൽപറഞ്ഞ ശക്തിയും ഓരോരുത്തരിലും അല്പാല്പം ഭിന്നിച്ചുകാണാം എന്നു വരികിലും എല്ലാ പരിഷ്കൃതസമുദായക്കാരും ഈഷന്ന്യൂനാധികതയോടു കൂടിയുള്ള ഒരു പ്രമാണത്തെ സിദ്ധമായി സമ്മതിക്കുന്നുണ്ട്.

ഈ അന്തഃകരണബോധത്തെയാണ് സാധാരണമായി മനസ്സാക്ഷി എന്നു പറയാറുള്ളതു്. മനുഷ്യരെ സംബന്ധിക്കുന്ന മുഖ്യസംഗതികളെക്കുറിച്ചുള്ള മനസ്സാക്ഷിയുടെ കല്പനകൾ ലോകമെങ്ങും ഏകസ്വരൂപങ്ങളായിത്തന്നെ ഇരിക്കുന്നു. നരഹത്യ, കൊള്ള, അസത്യം ഇവയെ ദുഷ്ട-

വൃത്തികളായും അധമ്മങ്ങളായും ആണ് എല്ലാവരും ഗണി-
ച്ചിരിക്കുന്നത്. എന്നാൽ മുഖ്യങ്ങളല്ലാത്ത ചില കാൎയ്യ-
ങ്ങളിൽ മനസ്സാക്ഷിയുടെ കല്പനകളിൽ അനേകം ഭിന്നത-
കൾ നാം കാണുന്നുണ്ടു്. മദ്യപാനം എല്ലാ ജാതിക്കാരും
ഒരുപോലെ നിന്ദ്യമായി കരുതിയിട്ടില്ല. പ്രാണിഹിംസ
പാടില്ലെന്ന് ഒരു മതക്കാർ പറയുന്നു. നേരെ മറിച്ച്
മററു ചിലർ പ്രാണികളെ കൊന്നു തിന്നുന്നു. ഇപ്രകാരം
ഒരേ സംഗതിയെപ്പററി ഒരേ വിധമായ ബോധം എല്ലാവ-
രിലും ഉണ്ടാകുന്നില്ലെന്നു പ്രത്യക്ഷമായിരിക്കുന്നു. എങ്കിലും
മനസ്സാക്ഷി എന്ന് ഒന്നുള്ളതു യഥാൎത്ഥമാകുന്നു.

അന്തഃകരണം ശാസിക്കുന്ന ഒരു കൃത്യത്തെ ചെയ്യാതി-
രിക്കുന്നതു് സൎവ്വഥാ ധൎമ്മലോപമാണെന്നു വിചാരിക്കാൻ
പാടില്ല. അന്തഃകരണചോദനത്തെ യാവച്ഛക്തി അനു-
സരിച്ചു നടക്കുകയാണ് ധൎമ്മം, അല്ലെങ്കിൽ കൎത്തവ്യം
ആയുള്ളതു്. അന്തഃകരണാനുസാരിയും സദ്വൃത്തനും ധനി-
കനുമായ തൊട്ടപുഴക്കാരൻ ഒരു യുവാവു്, ഇരണിയൽ
താലൂക്കിൽ ഭക്ഷണത്തിനുപോലും ഗതിയില്ലാത്ത മഹാ
ദരിദ്രനും സുശീലനും അനാഥനുമായി ഒരു യുവാവുണ്ടെ-
ന്നോ, തൊട്ടപുഴയ്ക്കടുത്ത ഒരു കരയിൽ കടുവായുടെ ശല്യം
ഉണ്ടെന്നോ കേട്ടു എന്നിരിക്കട്ടെ. ഉടൻ തന്നെ ആ
യുവാവു് ഓടിച്ചെന്ന് രണ്ടു് കാൎയ്യങ്ങൾക്കുമോ അല്ലെങ്കിൽ
ഒന്നിനു മാത്രമെങ്കിലുമോ നിവൃത്തിയുണ്ടാക്കണമെന്നുള്ളതു്
അവൻെറ കൎത്തവ്യകൎമ്മമാകയില്ല. എന്നാൽ ഒരു ശിശു
അറിയാതെ കണ്ടു് നടന്ന് ഒരു തീക്കുഴിയിൽ വീഴുവാൻ
പോകുന്നു എന്ന് ആരുതന്നെ കണ്ടാലും സ്ഥാനമാനമോ
ജാതിഭേദമോ നോക്കാതെ ഓടിച്ചെന്ന് ആപൽസ്ഥിതമായ
ആ ജീവനെ രക്ഷിക്കേണ്ടതും, അങ്ങനെ ചെയ്യാത്തപക്ഷം
അതു് കൃത്യത്തിൽ അല്ലെങ്കിൽ ധൎമ്മത്തിൽ ഉള്ള ഉപേക്ഷാ-

ദോഷമായിത്തീരുന്നതുമാകുന്നു. അപ്രകാരം തന്നെ ഒരു കുട്ടി ജലത്തിൽ വീണ് നീന്തുന്നതിനു വശമില്ലാത്തതുകൊണ്ടു് വെള്ളം കുടിച്ചു ചാകാൻ പോകുന്നതായി കണ്ടിട്ട് നീന്തുന്നതിനു നല്ല പരിചയവും ശേഷിയും ഉള്ള ഒരുവൻ ആ കുട്ടിയെ രക്ഷപ്പെടുത്തുന്നതിനു ശ്രമിക്കകപോലും ചെയ്യാതെ പോകുന്നത് കൃത്യലോപം അല്ലെങ്കിൽ അധൎമ്മം തന്നെ ആകുന്നു. എന്നാൽ ശേഷിമാനായ ആ ആൾ നീന്തുന്നതിനു തീരേ പരിചയമില്ലാത്തവനായിരുന്നു എങ്കിൽ കുട്ടിയെ രക്ഷിക്കേണ്ടതു് അയാളുടെ കൎത്തവ്യകൎമ്മം ആകയില്ല; എന്നു മാത്രമല്ല, പരസഹായാപേക്ഷ കൂടാതെ ആ ആൾ തന്നെ കുട്ടിയെ രക്ഷിക്കാൻ ശ്രമിക്കുന്നത് മൗഢ്യവും സാഹസവും ആയിത്തീരുന്നതുമാകുന്നു. പക്ഷെ, കുട്ടിയെ രക്ഷിക്കുന്നതിനു ഉടൻ അന്യസഹായം അപേക്ഷിക്കേണ്ടതു് അയാളുടെ ധൎമ്മമായിരിക്കും.

എന്നാൽ കൃത്യബോധത്തെയും കൃത്യം ചെയ്യാനുള്ള ശക്തിയെയും രണ്ടു സംഗതികൾ ദൂഷിപ്പിക്കുന്നു. ആ രണ്ടു സംഗതികൾ സംസൎഗ്ഗവും സ്വാതന്ത്ര്യപാരതന്ത്ര്യവും ആകുന്നു. സംസൎഗ്ഗം എന്ന പദത്തിൽ കുടുംബത്തോടും മിത്രങ്ങളോടും സമുദായത്തോടും ഉള്ള സഹവാസതിയും വൈദികമായും ലൗകികമായും ഉള്ള വിദ്യാഭ്യാസവും ഉൾപ്പെടുന്നു. എന്നാൽ കുടുംബം, വിദ്യാഭ്യാസം, സമുദായം ഇവമലം കൃത്യാവബോധത്തിനുണ്ടാകുന്ന ദോഷത്തിന് ഒരുത്തൻ മാത്രം ഉത്തരവാദിയാകുന്നതല്ല. എങ്കിലും അന്തഃകരണബോധത്തിൻെറ ആജ്ഞയെ അനുസരിച്ചാകുന്നു ഒരുവൻ മിത്രങ്ങളെ തിരഞ്ഞെടുക്കേണ്ടതു്. അതിനാൽ മിത്രങ്ങളോടുള്ള സാഹചാൎയ്യംകൊണ്ടുണ്ടാകുന്ന ദോഷങ്ങൾക്ക് അവൻ തന്നെ ഉത്തരവാദിയാകുന്നു.

ഇനി നമ്മുടെ ബോധത്തെയും ശക്തികളെയും ബാധി-

ക്കുന്നതായ "സ്വാൎത്ഥപരത" എന്ന പിശാചിയെപ്പററി
അല്പം പറയുന്നു. സ്വാൎത്ഥപരത സാമാന്യമായി സകല
ജനങ്ങളെയും ബാധിച്ചിരിക്കും. മോക്ഷലബ്ധിക്കു തപസ്സു
ചെയ്യുന്ന ഒരു മഹൎഷിയും സ്വാൎത്ഥമാത്രപരനല്ലയൊ?
ധൎമ്മശാസ്ത്രപ്രവൎത്തകന്മാരായ മഹാന്മാർ കൂടിയും ഒരു
വിധത്തിൽ ആത്മഹിതപരന്മാരല്ലയൊ? മിത്രങ്ങളോടും
ബന്ധുക്കളോടും സ്വദേശത്തോടും ഉള്ള സ്നേഹം സൂക്ഷ്മ-
മായി ആലോചിക്കുമ്പോൾ ആത്മസ്നേഹത്തിന്റെ ഒരു
രൂപഭേദം തന്നെ അല്ലയൊ? ദാനശീലന്മാർ ഒരുവിധ-
ത്തിൽ ആദായം ഇച്ഛിക്കുന്ന സ്വാൎത്ഥപരന്മാരല്ലയൊ?
എന്നാൽ സ്വഭാവസിദ്ധവും പരിശുദ്ധവുമായ ന്യായാന്യാ-
യബോധത്തെ ദുഷിപ്പിക്കുന്നതായ സ്വാൎത്ഥപരത എന്ന
പിശാചി ഇതൊന്നും അല്ല. ഇതിന്നു മുമ്പു പറഞ്ഞ
നീന്താൻ വശമുള്ള ദൃഢഗാത്രനായ യുവാവു് കുട്ടിയെ രക്ഷി-
ക്കുന്നതിന്നു ശ്രമിക്കാതെ പോയ്ക്കളഞ്ഞാൽ അതു സ്വാൎത്ഥ-
പരതയുടെ ഒരു നല്ല ദൃഷ്ടാന്തമാകുന്നു.

ഈ സ്വാൎത്ഥപരത എന്നുള്ള ദോഷം ആളുകളെ അവ-
രവരുടെ കൃത്യങ്ങൾ ശരിയായി ചെയ്യുന്നതിന്നു സമ്മതിക്കു-
ന്നില്ല. ഈ പിശാചിയെ ആത്മമഹിമയെ ഭസ്മീകരിക്കുന്ന
ഒരു അഗ്നിയോടുപമിക്കാം. ഈ ദോഷം ചിലപ്പോൾ ഒരു
മനുഷ്യനെ കേവലം കാട്ടുമൃഗത്തെക്കാൾ നികൃഷ്ടമായ
നിലയിൽ ആക്കുന്നു. ഇതു ലോകത്തിൽ ഉണ്ടാകുന്ന അനി-
ഷ്ടപരമ്പരയുടെ നിദാനമായിരുന്നുകൊണ്ടു് മനുഷ്യരെ
തമ്മിൽ തല്ലിക്കുന്നു. മനുഷ്യൎക്കു വാസത്തിന്നു വേണ്ട സ്ഥ-
ലത്തെയും ആഹാരത്തിന്നു വേണ്ട സാധനങ്ങളെയും ഈശ്വ-
രൻ സൃഷ്ടിച്ചിട്ടുണ്ടു്. എന്നാൽ അതി ദുൎല്ലഭമായ നരജന്മ-
ത്തിൽ ജനിച്ച സ്വാൎത്ഥപരൻ, അവന്റെ സ്ഥിതിയെയും
തനിക്കു വേണ്ടതെല്ലാം ഈശ്വരൻ നൽകിയിരിക്കുന്നുണ്ടെ-

ന്നുള്ളതിനെയും കണ്ടറിയാൻ തക്ക ശക്തി ഉണ്ടായിരുന്നിട്ടും സഹോദരതുല്യന്മാരായ ഇതരജനങ്ങളോട് കലഹിക്കുകയും ഈ ലോകത്തെ നരകത്തിനൊപ്പമാക്കുകയും ചെയ്യുന്നു. പുനശ്ച, അവൻ ലോകത്തിലുള്ളതെല്ലാം തനിക്കു വേണമെന്നുള്ള അസാദ്ധ്യമായ ദുർമ്മോഹം കൊണ്ടും അന്യന്മാർക്കു വേണ്ടി കഷ്ടപ്പെടുന്നതിനോ ചില്ലറ അസൗകര്യംപോലും സഹിക്കുന്നതിനോ ഉള്ള വൈമുഖ്യംകൊണ്ടും തനിക്കും അന്യന്മാൎക്കും ദുഃഖത്തെ ഉണ്ടാക്കുകയും ചെയ്യുന്നു.

സ്വാൎത്ഥപരന്മാർ അന്യോദ്ദേശ്യകകൃത്യങ്ങളെ മൂഢസിദ്ധാന്തങ്ങൾ എന്നു് ഹസിച്ചു ത്യജിക്കയും ഈശ്വരോദ്ദേശ്യകകൃത്യങ്ങളെ ഭയങ്കരനിബന്ധനകളായി ഗണിച്ച് കേവലം ഭീതികൊണ്ടു മാത്രം അനുഷ്ഠിക്കയും ചെയ്യുന്നു.

സ്വാൎത്ഥപരത എന്ന ദുൎഗ്ഗുണം വ്യാജം, അതിമോഹം, ലോഭം, അസൂയ, ചതി, ഈശ്വരദ്രോഹം മുതലായ അനേകരൂപാന്തരങ്ങളെ കൈക്കൊള്ളുന്നു. ഒരു പാഠത്തിന്റെ അൎത്ഥം നോക്കി മനസ്സിലാക്കുന്നതിനായി ഒരു ബാലനോടു അവന്റെ സഹപാഠി നിഘണ്ടു വേണമെന്നു അപേക്ഷിച്ചാൽ ആ ബാലൻ കൊടുക്കാതിരിക്കുമ്പോൾ അവൻ സ്വാൎത്ഥപരൻ തന്നെ ആകുന്നു. എന്നാൽ ആ പാഠത്തിന്റെ അൎത്ഥം തെററായി പറഞ്ഞു ധരിപ്പിക്കുന്ന മറെറാരു കുടിലസഹപാഠിയോളം തന്നെ ഇവൻ കുശീലൻ എന്നു വിചാരിച്ചുകൂടാ. സ്വാൎത്ഥപരതയുടെ നികൃഷ്ടതമമായുള്ള സ്വരൂപം തന്റെ സഹപാഠി പാഠങ്ങളെ വഴിപോലെ പഠിക്കാതിരിക്കുന്നതിനു വേണ്ടി അവന്റെ പുസ്തകങ്ങളെ മറച്ചു വയ്ക്കുന്ന ബാലനിൽ കാണാവുന്നതാണ്. ഇതുയും ഇതിലധികവും കോലാഹലങ്ങൾ പാഠശാലകളിൽ മാത്രമല്ല, പ്രൗഢവയസ്കന്മാരുടെ വ്യാപാരസ്ഥാനങ്ങളിലും കണ്ടുവരുന്നുണ്ടു്. "ഉന്നതപദത്തിലേയ്ക്കുള്ള മാൎഗ്ഗം വക്രമായുള്ള

സോപാനപങ്ക്തിയാണ്" എന്നു പണ്ഡിതവര്യനായ ബേക്കൻപ്രഭു പറഞ്ഞിരിക്കുന്നു. ഈ വക്രപഥങ്ങൾ സൽപ്രവൃത്തികളുടെ രംഗഭൂമിയായിരിക്കാൻ സംഗതിയില്ലല്ലോ.

സ്വാത്ഥപരത അന്യോദ്ദേശ്യകങ്ങളായുള്ള കൃത്യങ്ങളെ സംബന്ധിച്ചുള്ള നമ്മുടെ പ്രതിപത്തിയെ നിശ്ശേഷം നശിപ്പിക്കുന്നു. അന്യന്മാരുടെ വിഷയങ്ങളിലും നമ്മുടെ ശ്രദ്ധയും ദയയും ധമ്മവും ഉണ്ടായിരിക്കേണ്ടതാണെന്നുള്ള ബോധം ജനിക്കണമെങ്കിൽ സ്വാത്ഥപരതയെ മനസ്സിൽനിന്ന് ഉന്മൂലനം ചെയ്യണം. ഒരുത്തന്റെ ജീവിതം അന്യന്മാക്കു കൂടി പ്രയോജനപ്പെടത്തക്കതാകണമെങ്കിൽ അയാൾ ആത്മസംയമനം പരിശീലിക്കേണ്ടതാകുന്നു. ഇതിലേയ്ക്കു മനസ്സാക്ഷിയെ അനുവത്തിച്ചു നടക്കുക തന്നെയാകുന്നു ഉത്തമവും സുഗമവും ആയ മാഗ്ഗം. അന്യന്മാരുടെ യോഗക്ഷേമങ്ങൾക്കു താന്താങ്ങളുടെ ശരീരബുദ്ധിശക്തികളെ പ്രയോജനപ്പെടുത്തുന്നതാണ് പരമമായ ധമ്മം.

സ്വാത്ഥം അല്ലെങ്കിൽ ആത്മസുഖം നേടുവാനുള്ള ഉത്തമോപായം മനുഷ്യലോകത്തോടു നമുക്കു സഹോദരബന്ധം ഉണ്ടെന്നുള്ള വിശ്വാസത്തോടുകൂടി പ്രവത്തിക്കുന്നതു തന്നെ ആകുന്നു. മനുഷ്യവഗ്ഗത്തിൽ ഉപജീവനമാഗ്ഗത്തെ സമ്പാദിക്കുന്നതിനുള്ള പ്രയത്നം ഏററവും ശക്തിമത്തായിരിക്കുന്നു. അതിന്റെ തീക്ഷ്ണത മേലും വദ്ധിച്ചു വരുന്നതും, അതുകൊണ്ടു് അന്യസഹായത്തിനുള്ള ആവശ്യകത അത്രമാത്രം കൂടിവരുന്നതും ആകുന്നു.

"അന്യന്മാർ നമ്മോടു എങ്ങനെ വത്തിക്കേണമെന്നു നാം ആഗ്രഹിക്കുന്നുവോ അതുപോലെ നാം അവരോടും വത്തിക്കണം" എന്നുള്ള അഭിജ്ഞവചനം എന്നെന്നേയ്ക്കും ഉത്തമമായ ഉപദേശമാകുന്നു. തത്വജ്ഞന്മാരുടെ മതം എങ്ങനെ ആയിരുന്നാലും, സകല പ്രവൃത്തികളുടെയും

ഉദ്ദേശ്യം സുഖാനുഭൂതി എന്നാണ് കാണുന്നതു്. എന്നാൽ സുഖാനുഭൂതി ആത്മോദ്ദേശ്യകങ്ങളും അന്യോദ്ദേശ്യകങ്ങളുമായ കൃത്യങ്ങളെ യഥാശക്തി അനുഷ്ഠിക്കുന്നതുകൊണ്ടു മാത്രമേ സിദ്ധിക്കുകയുള്ളു.

സാമാന്യകർത്തവ്യകർമ്മങ്ങളെപ്പററി ഇത്രത്തോളം പ്രസ്താവിച്ചു. ഇവയെക്കാളും ശ്രേഷ്ഠതരങ്ങളായ കർത്തവ്യകർമ്മങ്ങൾ അനേകമുണ്ടു്. ഇവയുടെ അനുഷ്ഠാനത്തിൽ ആത്മസുഖപരിത്യാഗം കൂടി ആവശ്യപ്പെടുന്നതാകുന്നു. തപസ്വികളുടെ സുഖപരിത്യാഗത്തെ അല്ല ഇവിടെ സൂചിപ്പിക്കുന്നതു്. അതു സ്വാത്മപരമായിട്ടുള്ള സുഖപരിത്യാഗമാകുന്നു. സ്വമതത്തെയും സ്വരാജ്യത്തെയും ഉദ്ദേശിച്ചു് ചിലപ്പോൾ സ്വസുഖപരിത്യാഗവും പ്രാണപരിത്യാഗവും കൂടി ചെയ്യേണ്ടതായി നേരിടും. ഇതിന്വണ്ണമുള്ള പരിത്യാഗങ്ങളുടെ മാഹാത്മ്യം ആ വർഗ്ഗത്തിലുള്ള പരിത്യാഗികളുടെ കഥകൾ അടങ്ങിയിട്ടുള്ള ചരിത്രഗ്രന്ഥങ്ങളിൽനിന്നു ഗ്രഹിക്കാവുന്നതാകുന്നു.

---

പാഠം ൨൯.

## ആയില്യം തിരുനാൾ രാമവർമ്മമഹാരാജാവു്.

നമുക്കു് ഉത്തമദൃഷ്ടാന്തങ്ങളായി സ്വീകരിക്കാൻ തക്ക മഹാന്മാർ നമ്മുടെ രാജ്യത്തിലും ഉണ്ടായിട്ടുണ്ടു്. സാക്രട്ടീസു്, ആൽഫ്രഡു്, വാഷിങ്ങ്ടൻ, ന്യൂട്ടൻ എന്നും മററും ഉള്ള പേരുകളാണ് വിദ്യാശാലകളിൽ മഹാമന്ത്രങ്ങളായി പ്രചരിക്കുന്നതു്. നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ള മാതൃകാപുരുഷന്മാരെ പുസ്തകകർത്താക്കന്മാരും പ്രസംഗകർത്താക്കളും ഉപേക്ഷിച്ചിരിക്കുന്നതു് "മുററത്തെ മുല്ലയ്ക്കു മണമില്ല" എന്ന പഴഞ്ചൊല്ലിന് ഒരു ദൃഷ്ടാന്തമാകുന്നു. "ഇക്കരെ നിന്നാൽ

അക്കരെ കാണുന്നതു പച്ച" എന്നതു സാധാരണമായ ഒരു അനുഭവമാണ്. അതിമനോഹരങ്ങളായ പർവ്വതങ്ങൾ



ആയില്യം തിരുനാൾ രാമവർമ്മമഹാരാജാവു്.

അടുത്തുചെല്ലുമ്പോൾ പാറക്കൂട്ടങ്ങളോ, കടന്നുകൂടാത്ത അടവികളോ ആയിട്ടു കാണാം. നക്ഷത്രങ്ങൾ ചന്ദ്രൻ മുതലായവയെ, അവയുടെ രാമണീയകത്തെ പ്രമാണമാക്കി കവികൾ ഉപമാനങ്ങളായി ധാരാളം ഉപയോഗിക്കുന്നു. പക്ഷെ അവ അഗ്നിമയങ്ങളായ ഗോളങ്ങളോ ക്ഷീണങ്ങളായ അഗ്നിപർവ്വതങ്ങളുടെ സഞ്ചയങ്ങളോ ആയിരിക്കാം. ദൂരം പരമാൎത്ഥാവസ്ഥയെ മറയ്ക്കുന്ന ഒരു യവനികയാകുന്നു.

നമ്മുടെ ഇടയിലുള്ള മഹാന്മാരുടെ ഗുണങ്ങളോടു കൂടി അവരുടെ ദോഷങ്ങളും നാം അറിയുന്നു. അസൂയയാലും മറ്റും ദോഷങ്ങളെ പ്രധാനമായി ഗണിച്ചുപോകുന്നതുകൊണ്ടും, ഔദാസീന്യംകൊണ്ടും അവക്ക് അവകാശമുള്ള പ്രാധാന്യം നാം നല്കുന്നില്ല. മറ്റു രാജ്യങ്ങളിലെ മനുഷ്യർ

ദോഷത്തിൻെറ ലേശംപോലും ഇല്ലാത്തവരാണെന്നു നാം ഭ്രമിക്കേണ്ട. മഹാനായ അലക്സാണ്ഡർ മഹാരാജാവു് തസ്കരപ്രായനായിരുന്നു എന്നു അദ്ദേഹത്തോടു തന്നെ നേരിട്ടു പറഞ്ഞിട്ടുള്ള ഒരു വീരനും ഉണ്ടായിരുന്നു.

മനുഷ്യരുടെ യോഗ്യത നിൎണ്ണയിക്കേണ്ടതു് അവരുടെ നന്മയും ദുഷ്ടതയും സമുദായഗതിയെ എങ്ങനെ ബാധിച്ചു എന്നു കണക്കാക്കീട്ടു വേണം. അല്പാല്പം ദോഷങ്ങൾ ഓരോരുത്തൎക്കു് ഉണ്ടായിരുന്നാലും അവ സമുദായത്തെ ബാധിക്കാതെ കഴിഞ്ഞിട്ടുണ്ടു്. പരസ്യമായ പ്രവൃത്തികളെല്ലാം ലോകത്തിനു വളരെ അനുഗ്രഹകരമായും തീൎന്നിരിക്കാം. ശങ്കരാചാൎയ്യർ ഗൃഹഭരണവിഷയത്തിൽ സമൎത്ഥനായിരുന്നോ എന്നു നാം അന്വേഷിക്കുന്നില്ല. എങ്കിലും നാം അദ്ദേഹത്തെ പൂജ്യപാദന്മാരുടെ കൂട്ടത്തിൽ ഒരു പ്രമാണിയായിത്തന്നെ ഗണിക്കുന്നു. തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ ഒരു മദ്യപാനി ആയിരുന്നു എന്നു ഘോഷിച്ചു് ഐതിഹ്യങ്ങൾ അദ്ദേഹത്തിൻെറ പേരിനു കളങ്കമുണ്ടാക്കുന്നു എങ്കിലും, ആ മഹാനുഭാവനെ "ഗുരുക്കൾ" എന്ന സ്ഥാനപ്പേരുകൊണ്ടു് ആദരവോടെ കേരളീയർ വന്ദിക്കുന്നു. ഇവരെപ്പോലെ ലൗകികാനുസാരികളും സമുദായപ്രമാണികളും ആയ മററു മഹാന്മാരും നമ്മുടെ ഇടയിൽ ഉണ്ടായിട്ടുണ്ടു്.

ആയില്യംതിരുനാൾ രാമവൎമ്മമഹാരാജാവു് നാടുനീങ്ങിയിട്ടു വളരെക്കാലമായില്ല; എങ്കിലും യഥായോഗ്യം അവിടുത്തെ തിരുനാമം സ്മരിക്കപ്പെടുന്നുണ്ടോ എന്നു സംശയമാണു്. അംഗസൗന്ദൎയ്യംകൊണ്ടു ഭാരതഖണ്ഡത്തിൽ അവിടുന്നു് ഒരു രാജരാജനായിത്തന്നെ ഇരുന്നു. ഇംഗ്ലീഷും, ഇൻഡ്യയിൽ പ്രചരിക്കുന്ന മററു നാട്ടുഭാഷകളിൽ പലതും അവിടുന്നു് അഭ്യസിച്ചിരുന്നു. സംസ്കൃതത്തിൽ പണ്ഡിതനും, സംഗീതത്തിൽ ശാസ്ത്രരഹസ്യവേദിയായ ഒരു ഗായകവൎയ്യനും

ആയിരുന്നു. തീക്ഷ്ണബുദ്ധിയും, ശാന്തശീലനും, ധാർമ്മികനും ആയ അവിടുന്ന് തന്റെ ഭരണസാമർത്ഥ്യത്താലും വിനയോൽക്കർഷത്താലും "രാജാ" എന്ന പദത്തെ അന്വർത്ഥമാക്കി പ്രജകളുടെ ഹൃദയത്തെ ആകർഷിച്ചിരുന്നു.

തിരുവിതാംകൂർരാജ്യഭരണത്തിന്റെ ഗതി പരിഷ്കാരാഭിമുഖമായിത്തീർന്നതു് അവിടുത്തെ കാലത്തായിരുന്നു. ഇപ്പോഴത്തെ സ്ഥാപനങ്ങൾ മിക്കതും അവിടുത്തെ ഭരണനയത്താൽ രൂപീകരിക്കപ്പെട്ടവയാണ്. പല സന്ദർഭങ്ങളിലായി ഇൻഡ്യയിലെ പല ഭാഗങ്ങളിലും അവിടുന്നു സഞ്ചരിച്ച് തന്റെ ലോകപരിചയത്തെ വർദ്ധിപ്പിക്കുകയും, പല മഹാന്മാരുടെയും സ്ഥിരമൈത്രി സമ്പാദിക്കുകയും ചെയ്തു. ഇങ്ങനെ വർദ്ധിച്ചുവന്ന അവിടുത്തെ ഭരണവൈദഗ്ദ്ധ്യം അചിരേണ സ്വരാജ്യത്തിനു "മാതൃകാസംസ്ഥാനം" എന്നുള്ള പ്രശസ്തസംജ്ഞയ്ക്കു പാത്രമായി.

ഏഴാം എഡ്വേർഡു ചക്രവർത്തി തിരുമനസ്സുകൊണ്ടു് വേയിത്സു രാജകുമാരനായിരുന്ന കാലത്തു് ഇൻഡ്യാരാജ്യം സന്ദർശിക്കാൻ വന്നു. ആ അവസരത്തിൽ ആ തിരുമേനിയെ സൽക്കരിക്കുന്നതിന് ഇൻഡ്യയിലുണ്ടായ പല കൂടിക്കാഴ്ചകളിലും ഈ മഹാരാജാവു് സന്നിഹിതനായിരുന്നു. അവിടുത്തെ ബുദ്ധിയും, സ്വഭാഷയിലെന്നപോലെ തന്നെ ഇംഗ്ലീഷുഭാഷയിലുള്ള സാമർത്ഥ്യവും, അന്യൂനമായുള്ള മര്യാദക്രമങ്ങളും സർവ്വവശ്യമായുള്ള വാഗ്മിത്വവുംകൊണ്ടു് ആ രാജകുമാരനും പരിവാരങ്ങളും ഹിന്ദുക്കൾക്കു പരിഷ്കാരത്തിൽ എത്ര ദൂരം ഉന്നതി പ്രാപിക്കാം എന്നു ചിന്തിച്ച് അത്യന്തം ആശ്ചര്യപ്പെട്ടു.

അവിടുത്തെ രാജ്യഭരണകാലത്തിലാണ് വിദ്യാഭ്യാസത്തിന് വിശേഷമായ പ്രചാരമുണ്ടായതു്. അക്കാലത്താകുന്നു നവീനമലയാളഭാഷാഗദ്യത്തിന്റെ ജനനം. അവി-

ടുന്നു തന്നെ മീനകേതനചരിത്രം, ശാകുന്തളം എന്നു രണ്ടു ഗദ്യകൃതികൾ രചിക്കുകയും, ഒരു ബുക്കുകമ്മിററി ഏൎപ്പെടുത്തി വിലയേറിയ മലയാള പാഠപുസ്തകങ്ങൾ ഉണ്ടാക്കിക്കുകയും ചെയ്തു. ഓരോ കൊല്ലത്തിലെയും സൎവകലാശാലാവിജയികളെ അവിടുന്നു ആരാഞ്ഞറിഞ്ഞു യഥായോഗ്യം സൎക്കാർജീവനങ്ങൾക്കു നിയമിക്കയും, കയററങ്ങൾ കൊടുക്കയും ചെയ്തുവന്നു. രാജകീയവിദ്യാശാലയിലേ വിദ്യാൎത്ഥികൾ ഒരു സന്ദൎഭത്തിൽ സങ്കടം അറിയിച്ചപ്പോൾ, അവിടുന്നു തന്നെ ആ വിദ്യാലയത്തിൽ എഴുന്നെള്ളി ആവലാധിക്കാരെ സദുപദേശംകൊണ്ടും മററും സന്തോഷിപ്പിച്ചു.

തിരുവനന്തപുരത്തു ഇന്നും കാണുന്ന പുത്തൻകച്ചേരി, കാളേജ്, കാഴ്ചബംഗ്ലാവ്, ജനറൽ ആശുപത്രി എന്നീ കെട്ടിടങ്ങൾ തൃക്കൈകൊണ്ടു തന്നെ കല്ലിട്ടു ജനോപകാരത്തിന്നായി തീൎപ്പിച്ച സ്ഥാപനങ്ങളാകുന്നു. തിരുവിതാംകൂറിലെ പ്രധാന റോഡുകളും, വക്കലത്തുരപ്പും, പുനല്ലൂർ തൂക്കുപാലവും അവിടുത്തെ കാലത്താണു ഉണ്ടായതു്. അവിടുത്തേയ്ക്കു ജി. സി. എസ്. ഐ. എന്ന മുദ്രയും ഇപ്പോഴും കുടിക്കാഴ്ചമുറിയെ അലങ്കരിച്ചുനിൽക്കുന്ന കൊടിയും മററു ബഹുമതികളും ശ്രീമതി വിക്ടോറിയാമഹാരാജ്ഞി തിരുമനസ്സുകൊണ്ടു നൽകി.

൧൦൩൬-ാമാണ്ടിൽ അവിടുന്നു തൃക്കയ്യേററ തിരുവിതാംകൂറിന്റേയും, ൧൦൫൦-ൽ അവിടുന്നു സ്വൎഗ്ഗാരോഹണം ചെയ്ത കാലത്തെ തിരുവിതാംകൂറിന്റേയും അവസ്ഥകൾക്കു തമ്മിൽ അജഗജാന്തരമുണ്ടായിരുന്നു എന്നു പറഞ്ഞാൽ ഒട്ടുംതന്നെ അതിശയോക്തി ആകുന്നതല്ല.

പാഠം ൩൦.

## നാണയങ്ങൾ.

നാണയങ്ങൾ കണ്ടിട്ടില്ലാത്ത മനുഷ്യർ ഈ കാലത്തു ഭൂലോകം ചുരുങ്ങുമെന്നു തോന്നുന്നു. ഇവയോടുള്ള അതിപ്രതിപത്തിയെക്കുറിച്ചു ചിന്തിച്ചുനോക്കുമ്പോൾ നാണയങ്ങൾ സംഭരിക്കുന്നതു തന്നെ മനുഷ്യർ ജീവിതോദ്ദേശ്യമായി ഗണിച്ചിരിക്കുന്നു എന്ന ശങ്ക ജനിക്കുന്നു. ഈ ഭ്രമം അബദ്ധമാണെങ്കിലും, നാണയങ്ങളെ നിസ്സാരസാധനങ്ങളെന്നു ഗണിക്കുന്നവർ ലോകത്തിൽ കഷ്ടപ്പാടനുഭവിക്കുന്നു.

നാണയത്തിന്റെ ശക്തി എന്തു തത്വത്തിൽ നിലകൊള്ളുന്നു എന്നു പരിശോധിക്കാം. ഭൂമിയിൽ കാലക്ഷേപത്തിന് അവശ്യം വേണ്ടതായ ഭക്ഷണസാധനങ്ങൾ മുതലായതും വസ്ത്രാദികളും ഉപേക്ഷിച്ചുകളയത്തക്കതായി തീരുകയോ, പ്രകൃതിയുടെ അനുഗ്രഹംകൊണ്ടു തന്നെ വില കൊടുക്കാതെ കിട്ടത്തക്കവണ്ണം ഉണ്ടാവുകയോ ചെയ്താൽ നാണയങ്ങൾക്കുള്ള മഹിമ പൊയ്പോകും. സുഖസ്ഥിതികളെ ഉപേക്ഷിച്ചു പാക്കുന്ന പരമഹംസന്മാർ നാണയങ്ങളെ വളരെ നിസ്സാരമായി ഗണിക്കുന്നു. കാട്ടിൽ പാക്കുന്ന ചില വർഗ്ഗക്കാർ നാണയത്തെക്കാളും പുകയില, വസ്ത്രങ്ങൾ, പാശികൾ എന്നീ സാധനങ്ങളെ ആണ് അധികം ആഗ്രഹിക്കുന്നതു്.

ഇതുകൊണ്ടു് നാണയത്തിന്റെ മാഹാത്മ്യം, അതിനാലുള്ള ഉപയോഗത്തെ ആശ്രയിച്ചിരിക്കുന്നു എന്നു വ്യക്തമാകുന്നു. ലോകത്തിന്റെ ശൈശവദശയിൽ മനുഷ്യർ ഫലമൂലാദികൾ ഭക്ഷിച്ചും, ഇല മരവുരി മുതലായതു ധരിച്ചും ഉപജീവിച്ചിരുന്ന കാലങ്ങളിൽ നാണയങ്ങൾ ഉണ്ടായിരുന്നില്ല. മനുഷ്യരുടെ അക്കാലത്തെ ആവശ്യങ്ങൾ വളരെ

ചുരുക്കവും സാധനങ്ങൾ സമൃദ്ധവും ആയിരുന്നതുകൊണ്ടു് അവരുടെ ഇടയിൽ സ്ഥാനവ്യത്യാസങ്ങളും, മത്സരങ്ങളും, ദാതാ യാചകൻ ഇത്യാദി അവസ്ഥാന്തരങ്ങളും ഉണ്ടായിരുന്നില്ല. അതോടടുത്ത കാലങ്ങളിലും ഭക്ഷണാദികൾ വെറുതെ ലഭിക്കുന്നതിന് ഒരു വിഷമവും ഉണ്ടായിരുന്നില്ല. ആതിഥ്യം വഴിപോലെ നടത്തേണ്ടതു് മനുഷ്യകൃത്യങ്ങളിൽ പ്രധാനമായി ഗണിച്ചിരുന്നു. അന്നാദിദാനങ്ങളെ നിബന്ധിച്ചു് ഉണ്ടാക്കിയിട്ടുള്ള സ്മൃതികളും മററും ആ കാലത്തെ സ്ഥിതികൾകൊണ്ടു് എളുപ്പത്തിൽ സാധിക്കാമായിരുന്ന ധർമ്മോപദേശസംഹിതകളാകുന്നു.

മനുഷ്യരുടെ സംഖ്യയും ആവശ്യങ്ങളും വർദ്ധിച്ചപ്പോൾ നാനാരൂപങ്ങളായ വ്യവസായങ്ങളും ഉത്ഭവിച്ചു. എല്ലാ വ്യവസായങ്ങളും ഒരുത്തനു തന്നെ അനുവർത്തിപ്പാൻ കഴിവില്ലായിരുന്നതിനാൽ ഓരോരുത്തൻ അവനവൻെറ അഭിരുചിയും സൗകര്യവും അനുസരിച്ചുള്ള ഓരോരോ തൊഴിലിൽ പ്രവേശിച്ചു. ഇങ്ങനെ സമുദായസ്ഥിതികളിൽ വലുതായ ഭേദഗതികൾ ഉണ്ടായപ്പോൾ കൃഷികന്മാർ, വ്യാപാരികൾ, നെയ്ത്തുകാർ, അധ്യാപകന്മാർ, വൈദ്യന്മാർ, ജ്യോതിഷികൾ യോദ്ധാക്കൾ, വൈദികന്മാർ എന്നിങ്ങനെ ഓരോരോ വർഗ്ഗങ്ങൾ ഉത്ഭവിച്ചു. ഈ വർഗ്ഗക്കാരിൽ ഒരുവനു മററു വർഗ്ഗങ്ങളിലുള്ളവൻെറ സഹായം ആവശ്യപ്പെടുമ്പോൾ അവൻെറ പ്രവൃത്തികൊണ്ടുണ്ടാകുന്ന സാധനത്തെയോ സഹായത്തെയോ ദാനം ചെയ്തു അതിനു പ്രതിഫലമായി മററുള്ളവരുടെ സഹായമോ അവരുണ്ടാക്കുന്ന സാധനമോ വാങ്ങി ആവശ്യം നിവർത്തിച്ചുവന്നു. ഈ ക്രിയയ്ക്കു് കൊടുക്കൽ വാങ്ങൽ, കൈമാററം, ക്രയവിക്രയം എന്ന പേരുകൾ സിദ്ധിച്ചു.

കാലക്രമംകൊണ്ടു് അങ്ങാടികളും ചന്തകളും ഉണ്ടായി. ജനസമുദായത്തെ സമാധാനസ്ഥിതിയിൽ രക്ഷിക്കുന്നതി-

നും, ഐശ്വൎയ്യോന്മുഖമായി നയിപ്പാനും രാജകുടുംബങ്ങളും രാജ്യഭാരവ്യവസ്ഥകളും ഉത്ഭവിച്ചു. ആ കാലങ്ങളിലും കൃഷികൊണ്ടുണ്ടാകുന്ന ധാന്യങ്ങൾ കാകിഴങ്ങു മുതലായതും തൊഴിലുകൊണ്ടുണ്ടാകുന്ന സാമാനങ്ങളും നാണയത്തിന്റെ സ്ഥാനം വഹിച്ചുവന്നു. രാജാധികാരങ്ങൾ രാജഭോഗങ്ങളെ ധാന്യങ്ങളായും മററും വസൂലാക്കി, സംഭാവന, ദക്ഷിണ, സമ്മാനം, ശമ്പളം മുതലായവ ധാന്യാദികൾവഴിയായിത്തന്നെ നിവൎത്തിച്ചു. നമ്മുടെ രാജ്യത്തിൽ നെല്ലായി ഉടമ തീരുന്ന ഉദ്യോഗങ്ങൾ ഇപ്പോഴും ഉണ്ടു്. കൈമാററത്തിനു ധാന്യാദികളെ ഉപയോഗിച്ചാൽ അതു് ഒരു ക്ലുപ്തമായ തോതിനെ അവലംബിക്കുന്നില്ലെന്നും അതുകൊണ്ടു വളരെ അസൗകൎയ്യങ്ങൾ ഉണ്ടാകുന്നു എന്നും മനുഷ്യൎക്ക് ബോധ്യമായി. നെല്ലു വാങ്ങാൻ കിഴങ്ങുകാരൻ ചന്തയിൽ ചെല്ലുമ്പോൾ നെല്ലുടമസ്ഥന് കിഴങ്ങു വാങ്ങാൻ മനസ്സുണ്ടായിരിക്കണം. ഇല്ലെങ്കിൽ കിഴങ്ങുകാരൻ, നെല്ലുകാരൻ ആവശ്യപ്പെടുന്ന സാധനം കൊണ്ടുവന്നിട്ടുള്ളവനും കിഴങ്ങു വാങ്ങാൻ മനസ്സുള്ളവനുമായ ഒരാളെ കണ്ടുപിടിച്ചു് തന്റെ അഭിലാഷം സാധിക്കേണ്ടതായി വരും. ഇതു കൂടാതെ ഒരുവൻ രണ്ടു ചാക്ക കിഴങ്ങു വില്ക്കുന്നതിനു കൊണ്ടുവന്നു എന്നിരിക്കട്ടെ; അവന് ഒരു പറ നെല്ലും മററു സാമാനങ്ങളും ആവശ്യമുണ്ടായിരിക്കും. അവന്റെ ചുമടു വീതിച്ചുകൊടുത്തു് തനിക്കു വേണ്ടതായ സാമാനം വാങ്ങുന്നതിൽ വീതിക്കാൻ എന്തു വഴക്കുകൾ കൂടേണ്ടിവരുമെന്നും ഊഹിക്കാവുന്നതാണ്. സാധനങ്ങൾക്കുള്ള പ്രിയവും അതു് അങ്ങാടിയിൽ വന്നിട്ടുള്ളതിന്റെ ഏററക്കുറവും കാലാവസ്ഥകളോടുകൂടി ഭേദപ്പെടുന്നതുകൊണ്ടു് എല്ലാ കൈമാററങ്ങളും സാമാനങ്ങൾകൊണ്ടു നിവൎത്തിക്കുന്നതിൽ അവിഹിതമായ ലാഭനഷ്ടങ്ങൾ സാധുക്കൾക്കുണ്ടാകുന്നു.

ഇപ്രകാരമുള്ള അസൗകര്യങ്ങൾ പരിഹരിപ്പാനായി, നാണയങ്ങൾ എന്നുള്ള ഒരു സമ്പ്രദായം നടപ്പിൽ വന്നു. ഇവ വിലയ്ക്കു ക്ലിപ്തമായ ഒരു തോതും, കൈമാററങ്ങളിൽ സ്വീകാരത്തിനു സൗകര്യമായ ഒരു സാധനവും, ധനങ്ങ്ങളെ നിശ്ചയപ്പെടുത്തുന്നതിന് ഒരു നല്ല മാൎഗ്ഗവും, ആയി ചമഞ്ഞു. പാറക്കല്ല്, കവിടി, ഉപ്പുകഷണം, ലോഹശകലങ്ങൾ, രത്നങ്ങൾ മുതലായ സാധനങ്ങളായിരുന്നു ഇപ്പോൾ നാം കാണുന്ന നാണയങ്ങൾക്കു പകരം പ്രാചീനകാലങ്ങളിൽ ഉപയോഗിച്ചുവന്നിരുന്നത്. ചില രാജ്യക്കാരുടെ ഇടയിൽ തുകൽകൊണ്ടുള്ള നാണയങ്ങളും ഉപയോഗിച്ചിരുന്നു. എന്നാൽ ഈ വക എല്ലാ പ്രാചീനനാണയങ്ങളിലും, വ്യവസായസാധനങ്ങൾകൊണ്ടുള്ള കൈമാററത്തിന്റെ അസൗകര്യവും സന്നിഗ്ദ്ധതയും ഉണ്ടെന്നു കണ്ടപ്പോൾ ലോഹകഷണങ്ങളെ നാണയങ്ങളായി ഉപയോഗിച്ചുതുടങ്ങി. ലോഹങ്ങളും തുരുമ്പുപിടിച്ചു നശിച്ചുപോകുമെന്നുള്ളതുകൊണ്ട് ആ ഇനത്തിൽ ഇരിമ്പ് നാണയമായി ഉപയോഗപ്പെടുത്തുന്നില്ല. നശിച്ചുപോകാത്തതും ദാൎഢ്യമുള്ളതുമായ സ്വൎണ്ണം, വെള്ളി, ചെമ്പ്, എന്നിതുകൾ അവയുടെ ക്രമമനുസരിച്ച് കൈമാററത്തിനുള്ള തോതുകളായി പരിഷ്കൃതസമുദായങ്ങളുടെ വ്യാപാരവീഥികളിൽ പ്രചരിച്ചുതുടങ്ങി. ഭരണാധികാരികൾ ഇവയ്ക്ക് വിലയിലും തൂക്കത്തിലും ഐകരൂപ്യം വരുത്തി വിശ്വസനീയമായ പ്രാമാണ്യവും നല്കി.

നാണയങ്ങൾ ആദ്യമായി ഉണ്ടാക്കിയത് ചൈനാക്കാർ തന്നെ ആയിരുന്നു. അവിടെനിന്നു പടിഞ്ഞാറോട്ടു നീങ്ങി അറേബിയാ, ഗ്രീസ്, റോം ഈ രാജ്യങ്ങളിൽ നാണയ ഏൎപ്പാടുകൾ നടപ്പിലായി. ഇംഗ്ലണ്ടിൽ ആംഗ്ലോ സാക്സൻ രാജാക്കന്മാരുടെ കാലംമുതല്ക്കാണ് നാണയങ്ങൾ ഉപയോഗിക്കുവാൻ തുടങ്ങിയത് എന്നുള്ളതിന്നു ലക്ഷ്യങ്ങൾ ഉണ്ട്.

ഇൻഡ്യയിൽ കുറഞ്ഞ വിലയിലുള്ള നാണയങ്ങളുടെ പ്രചാരമുണ്ടായതു മഹമ്മദീയരുടെ ആക്രമണത്തിനു ശേഷമാണ്. ഈജിപ്ത് മുതലായ ദേശങ്ങളിലെ വ്യാപാരികൾ ഓരോ നാണയങ്ങളെ ഭാരതഖണ്ഡത്തിൽ കൊണ്ടുവന്നു പരത്തി. അവയെ രാജാക്കന്മാരും പ്രഭുക്കന്മാരും ആഭരണങ്ങൾക്കായി ശേഖരിച്ചുവന്നിരുന്നു. ഭാരതഖണ്ഡത്തിലെ പ്രാചീനരാജാക്കന്മാർ ഓരോ തൂക്കക്കണക്കിനു വെള്ളിയും മുഖ്യമായി സ്വർണ്ണവും രാജഭോഗമായും മററും സ്വീകരിച്ചുവന്നിരുന്നു എന്നുള്ളതിനു ലക്ഷ്യങ്ങൾ ഉണ്ട്. തിരുവിതാംകൂറിൽ ഇപ്പോൾ കാണ്മാനുള്ള പഴയ തങ്കക്കാശ്, അറബിക്കാശ് ഇവ മഹമ്മദീയരോടുകൂടി വന്ന നാണയങ്ങളാകുന്നു. യൂറോപ്പുരാജ്യക്കാരും പത്താക മുതലായ സ്വർണ്ണനാണയങ്ങളെ ഇൻഡ്യയിൽ നടപ്പാക്കി. "ഷാജിഹാൻ" എന്ന മുകിലചക്രവർത്തി വരാഹൻ, മോഹറാ എന്നുള്ള സ്വർണ്ണനാണയങ്ങളെ അച്ചടിപ്പിച്ചു. ആദ്യമായി ഇൻഡ്യയിൽ വെള്ളിരൂപാ അച്ചടിപ്പിച്ചതു ക്രിസ്താബ്ദം ആയിരത്തഞ്ഞൂററിനാല്പതാമാണ്ടിടയ്ക്കു ചക്രവർത്തിയായിരുന്ന ഷർഷാ എന്ന ആഫ്ഗാൻ ആയിരുന്നു.

നാണയം ഉണ്ടാക്കുന്നതും പ്രചരിപ്പിക്കുന്നതും രാജാക്കന്മാർക്കുള്ള ഒരു അധികാരാംശമായി ഗണിച്ചുതുടങ്ങി. ആദ്യമായി ലോഹത്തുണ്ടുകൾ ഉളികൊണ്ടു വെട്ടിമുറിച്ച് ഓരോ വശത്തും രാജശാസനപ്രകാരമുള്ള മുദ്രകൾ അടിച്ച് നാണയങ്ങൾ ഉണ്ടാക്കിവന്നിരുന്നു. ഇക്കാലത്താകട്ടെ, ഓരോ നാണയത്തിനുമുള്ള തകിടുതുണ്ടുകൾ വട്ടത്തിലും എത്രയും സൂക്ഷ്മമായ ആകൃതിയിലും ഘനത്തിലും ഉണ്ടാക്കി യന്ത്രസഹായംകൊണ്ട് അടിച്ചുവരുന്നു. വിലകൂടിയതായ വെള്ളിയും സ്വർണ്ണവുംകൊണ്ടുള്ള നാണയങ്ങളുടെ വക്കുകളിൽ അരിമ്പുകൾ ഉള്ളതായി കണ്ടിട്ടുണ്ടല്ലൊ. യന്ത്രപ്രയോഗംകൊണ്ട് ഓരോ നാണയത്തിലേയും രണ്ടു വശങ്ങ-

ളിലുമുള്ള രൂപവും ലതകൾ മുതലായ കൊത്തുപണികളും വക്കിലെ അരിമ്പുകളും ഒരേ അടികൊണ്ടു പൂർത്തിയാക്കാവുന്നതാണ്.

നാണയങ്ങൾ ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്ന ലോഹങ്ങൾ സ്വർണ്ണം, വെള്ളി, ചെമ്പ് ഇവയാകുന്നു. നിക്കൽ എന്ന ലോഹവും ഇടക്കാലം മുതൽ ഉപയോഗിച്ചുവരുന്നുണ്ട്. പത്തു ചക്രം വിലയുണ്ടായിരുന്ന രാശി കേരളത്തിൽ ഒരു പ്രധാന സ്വർണ്ണനാണയമായിരുന്നു. നമ്മുടെ തൽക്കാല പരിചയത്തിൽ പ്രചരിച്ചുവരുന്ന പ്രധാന സ്വർണ്ണനാണയം ഇംഗ്ലണ്ടിലേ പ്രധാനനാണയമായ പവൻ ആകുന്നു. വെള്ളിനാണയങ്ങളിൽ നാം പ്രധാനമായി ഗണിക്കുന്നത് ഇൻഡ്യയിലെ മുഖ്യ നാണയമായ രൂപയും, ചെമ്പുനാണയങ്ങളിൽ നമ്മുടെ പരമബന്ധുവായുള്ളത് ഇപ്പോഴത്തെ ഒററച്ചക്രവും ആണ്. അല്പകാലം മുമ്പുവരെ നമുക്ക വെള്ളിയിലുള്ള ഒററച്ചക്രം ഉണ്ടായിരുന്നു. അതിനെക്കുറിച്ചു തിരുവിതാംകോട്ടുകാർക്ക് പ്രത്യേകം ഒരു പ്രിയവും ആദരവും ഉണ്ടായിരുന്നു. ആ നാണയം (ചക്രം) ഉള്ളിടത്തു ലക്ഷ്മിയുടെ വസതി ഉണ്ടായിരിക്കുമെന്ന് വിശ്വസിച്ചുവന്നിരുന്നു. നിക്കൽകൊണ്ടുള്ള നാണയങ്ങൾ ഈയിടെയാണ് ഈ രാജ്യത്തു കണ്ടുതുടങ്ങിയത്. ബ്രിട്ടീഷ് ഇൻഡ്യയിലെ നാണയവർഗ്ഗത്തിൽ ഉൾപ്പെട്ട ഒരണാ തുട്ട് ഈ ലോഹംകൊണ്ടാണ് ഉണ്ടാക്കിവരുന്നത്.

നാണയങ്ങൾ ഓരോ രാജ്യക്കാർ പ്രത്യേകമായ മാതിരികളിലും ആകൃതികളിലും ഘനങ്ങളിലും അതതു രാജാക്കന്മാരുടെ മുദ്രകളോടുകൂടി അവരവരാൽ ഏർപ്പെടുത്തപ്പെട്ട കമ്മട്ടങ്ങളിൽനിന്നു പുറപ്പെടുവിക്കുന്നു. നാം കാണുന്ന തലരൂപകൾ എടുത്തു നോക്കിയാൽ വിക്ടോറിയാ മഹാരാജ്ഞിയുടെ കാലത്ത് ഉണ്ടായവ ആ മഹാരാജ്ഞിയുടെയും, എ-

ഡ്വാഡ് സപ്തമൻ എന്ന ചക്രവൎത്തിയുടെ കാലത്തു വന്നവ ആ ചക്രവൎത്തിയുടേയും, ഇപ്പോൾ വരുന്നവ ജാൎജ്ജ അഞ്ചാമൻ ചക്രവൎത്തിയുടേയും നാമങ്ങളോടു കൂടി അവരവരുടെ രൂപം കൊത്തി അടിച്ചതായ അതതു വൎഷസംഖ്യയും കാണിച്ചുകൊണ്ടു് നാണയവിലയും ധരിച്ചു പുറപ്പെടുന്നവയായി കാണും.

മിക്ക നാണയങ്ങളുടേയും ആകൃതി വൃത്തത്തിലാകുന്നു. ചില ഇടത്തു ലോഹശലാകകളായി അടിച്ചുവന്നിരുന്നു.

മുൻകാലങ്ങളിൽ നാണയങ്ങളുടെ ഒരു ഭാഗത്തു മാത്രമേ കൊത്തുപണികളും രൂപങ്ങളും ഉണ്ടായിരുന്നുള്ളു. നാണയങ്ങൾ ദേവാലയങ്ങളിൽ വച്ചു് അടിച്ചുവന്ന കാലങ്ങളും രാജ്യങ്ങളും ഉണ്ടായിരുന്നതായി ചരിത്രം നമ്മെ ധരിപ്പിക്കുന്നു. മുൻകാലത്തു് മിക്ക രാജ്യങ്ങളിലെ നാണയങ്ങളിലും അതതു രാജാവിൻെറ മതപ്രകാരമുള്ള വിഗ്രഹങ്ങളോ ആയുധങ്ങളോ, വാഹനങ്ങളോ, പൂജാസാധനങ്ങളോ കൊത്തുക പതിവായിരുന്നു. കിരീടപതിമാരിൽ അലക്സാണ്ഡർ ചക്രവൎത്തിയുടെ രൂപമായിരുന്നു ആദ്യമായി നാണയത്തിൽ കാണാൻ ഇടയായതു് എന്നു ചരിത്രം ഘോഷിക്കുന്നു. ബ്രിട്ടീഷു നാണയമായ പവൻ നടപ്പിൽ വരുത്തിയതും അതിൽ രാജാവിൻെറ രൂപം കൊത്തുന്നതിന് ആജ്ഞാപിച്ചതും ഇംഗ്ലണ്ടിലെ റ്റ്യൂഡർവംശസ്ഥാപകനായ ഹെൻറി സപ്തമൻ എന്ന രാജാവിൻെറ കാലത്തായിരുന്നു. നമ്മുടെ രാജ്യത്തിൽ നാടുനീങ്ങിയ വിശാഖംതിരുനാൾ മഹാരാജാവിൻെറ കാലത്തു് അവിടുത്തെ മുഖമുദ്രയോടുകൂടി "വിശാഖവരാഹൻ" എന്നൊരു നാണയം അടിച്ചിട്ടുണ്ടു്.

ഓരോ രാജ്യത്തിലെയും നാണയങ്ങൾ എല്ലാം ഒരേ തരത്തിൽ ഉണ്ടാക്കിവരുന്നില്ല. ഭൂമിയിലെ പ്രധാനരാജ്യങ്ങൾ സ്വൎണ്ണം, വെള്ളി, നിക്കൽ, ചെമ്പു് ഇവ ഉപയോഗി-

ച്ച് പല തരങ്ങളിലുള്ള നാണയങ്ങൾ ഉണ്ടാക്കുന്നു. വിലക്രമത്തിൽ സ്വൎണ്ണനാണയം ഒന്നാമതായും വെള്ളി അടുത്തതായും വരുന്നു. മററു ലോഹങ്ങൾകൊണ്ടുള്ള നാണയങ്ങളെ അടുത്ത പടികളിലായി വ്യവസ്ഥചെയ്തിട്ടുണ്ട്. എല്ലാ രാജ്യങ്ങളിലെയും ചെമ്പുനാണയങ്ങളോടു താരതമ്യം ചെയ്തു നോക്കിയാൽ നമ്മുടെ ചെമ്പുകാശു തുലോം ചെറുതും വിലയിൽ കുറഞ്ഞതുമാകുന്നു. അതു നമ്മുടെ രാജ്യത്തിലുള്ള ദാരിദ്ര്യത്തിൻെറ കുറവിനെയും ജീവിതാവശ്യത്തിൻെറ പരിമിതിയെയും സാക്ഷീകരിക്കുന്നു.

കൂട്ടു ചേരാത്ത ലോഹങ്ങളെ നാണയങ്ങൾ അടിക്കുന്നതിന് ഉപയോഗപ്പെടുത്തിയാൽ അടിക്കുന്നതിനു വേണ്ട ഉറപ്പും കട്ടപ്പും ഇല്ലാത്തതുകൊണ്ട് അല്പമായി മററു ലോഹങ്ങൾ കൂട്ടു ചേൎത്തു നാണയത്തകിടുകൾ ഉണ്ടാക്കുന്നു. ഒരു പവൻ ഇരുപത്തുനാലായി ഭാഗിച്ചാൽ അതിൽ ഇരുപത്തിരണ്ടംശം സ്വൎണ്ണവും രണ്ടു ഭാഗം ചെമ്പും ആയിരിക്കും. രൂപയെ ഇരുനൂററിനാല്പതു് അംശമായി പിരിച്ചാൽ പതിനെട്ടു ചെമ്പും ശേഷം വെള്ളിയും കാണാം. കാശിൻെറ ചേരുവയിൽ നൂറുഭാഗത്തിൽ തൊണ്ണൂററഞ്ചു ചെമ്പും, നാലു വെളുത്ത ഈയ്യവും, ഒന്നു നാകവുമാകുന്നു. അതുകൊണ്ടു് ഒരു രൂപയെ വെള്ളിയാക്കിയാൽ ആ വിലയ്ക്കുള്ള വെള്ളി കാണുന്നതല്ല. ഒരു രൂപയുടെ വിലയ്ക്കു നാം കമ്പോളത്തിൽനിന്നു വെള്ളി വാങ്ങുന്നതായാൽ ഒരു രൂപയുടെ തൂക്കത്തിൽ അല്പം കൂടുതൽ കിട്ടുന്നതാണ്. തങ്കക്കാശു മുതലായ പ്രാചീനനാണയങ്ങൾ മാററുകൂടിയ സ്വൎണ്ണവും, പഴയ ഒററച്ചക്രം ഒന്നാം തരം വെള്ളിയും ആയിരുന്നു. നമ്മുടെ ക്ഷേത്രങ്ങളിലെ ഭണ്ഡാരങ്ങളിലും മററും വിരലുകൾകൊണ്ടു വളയ്ക്കാവുന്ന മാൎദ്ദവത്തോടുകൂടിയ സ്വൎണ്ണനാണയങ്ങൾ ഇപ്പോഴും ഉണ്ടത്രേ.

നാണയങ്ങൾക്കു ഗവമ്മെൻറുകളുടെ നിയമങ്ങളും മററും കൊണ്ടു് ക്ലപ്തവില ഏറ്റപ്പെട്ടിട്ടുള്ളതിനാൽ കൈമാററങ്ങൾക്ക് ഇവ അത്യന്തം ഉപയോഗപ്പെടുന്നു. ഗവമ്മെണ്ടുകളുടെ അനുമതിയും ആഭിമുഖ്യവും ഉള്ളതുകൊണ്ടു് പല രാജ്യങ്ങളിലെ നാണയങ്ങളും ചിലപ്പോൾ അന്യരാജ്യക്കാരും സ്വീകരിക്കാറുണ്ടു്. ഇതുകൊണ്ടും വിനിമയത്തിനുള്ള സൗകയ്യത്തിനാലും നാണയങ്ങൾ വാണിജ്യാഭിവൃദ്ധിയെ സഹായിക്കുന്നു.

---

പാഠം ൩൧.

## ശ്രീകൃഷ്ണചേഷ്ടിതം.

അങ്ങനെ ചെല്ലുന്ന കാലത്തൊരുദിന-
മങ്ങു പങ്ങാതിമാരും ബലഭദ്രനും
മംഗലദേവതാവല്ലഭനാകിയ
ശൃംഗാരയോനിതൻ താതനാമുണ്ണിയും
ഒന്നിച്ചു നിമ്മലചത്വരവീഥികൾ
തന്നിലാമ്മാറു കളിച്ചിരിക്കും വിധൗ,
"മണ്ണുതിന്നീടിനാനുണ്ണിചെന്താമര-
ക്കണ്ണ"നെന്നുണ്ണികളും ബലദേവനും
ചെന്നറിയിച്ചു നിന്നീടിനാരമ്മയോ-
ടെന്നതു കേട്ടു കോപിച്ചു യശോദയും,
നന്ദനൻ തൻകരദ്വന്ദ്വങ്ങൾ ചേത്തുകൊ-
ണ്ടൊന്നിലാക്കിപ്പിടിച്ചന്യകരാംബുജം
തന്നിലാമ്മാറൊരു കോലുമെടുത്തതി-
ഖിന്നനാമ്മാറു ചോദിച്ചരുളീടിനാൾ —
"എന്തെന്മകനെ നിനക്കു മൺതിന്മതി-
നന്തമ്മനസി ഭവിച്ചതഭിരുചി?

സന്തതമെന്തിനായ്ക്കൊണ്ടു നീയിത്തര-
മന്ധകാരങ്ങൾ കാട്ടുന്നതോരോന്നഹോ?

ചൊല്ലു ചൊല്ലെ"ന്നവൾ ചൊല്ലിനിന്നങ്ങനെ
തല്ലുവാനെന്നതുപോൽ തുടങ്ങുന്നതു

കണ്ടതി കുണ്ഠഭാവം നടിച്ചാശു വൈ-
കുണ്ഠനാം കൊണ്ടൽവർണ്ണൻ നിജകോമള-
ച്ചുണ്ടുകളും പിളുത്തിക്കരഞ്ഞു കവിൾ-
രണ്ടിലുംനിന്നൊഴുകീടുന്ന വാരികൾ-
കൊണ്ടു തിരുവുടലും നനച്ചമ്മയോ-
ടിണ്ടൽപൂണ്ടെന്നപോലെ പറഞ്ഞീടിനാൻ:

"അമ്മേ ഭവതി കേൾക്കേണമിന്നേടമെൻ
നിർമ്മലവാണികേളുണ്മ ഞാൻ ചൊല്ലുവോൻ,

ചെമ്മേ ചെറിയവർക്കെന്നോടു ലീലയിൽ
ദുർമ്മത്സരമുണ്ടതുകൊണ്ടവരിതു
നിർമ്മരിയാദ നിർമ്മിച്ചു ചൊല്ലീടിനാർ,

നിന്മാനസേ ധരിക്കേണമെന്നഗ്രജൻ
നിർമ്മലൻ പിള്ളർ പറഞ്ഞതു സത്യമെ-
ന്നമ്മാനസേ നിനച്ചത്ര പറഞ്ഞതും.

നീയതു കേട്ടു തല്ലീടൊലാ, ഞാനൊരു
മായം പറകയല്ലേതു"മെന്നിങ്ങനെ

പാരം പരവശഭാവം കലർന്നട-
നാരോമലുണ്ണി ചൊല്ലുന്നതു കേട്ടവൾ
താനും ചുഴിഞ്ഞു ചൊല്ലീടിനാ"ളെങ്കിൽ നി-
ന്നാനനപത്മപ്രപാടനം ചെയ്ക നീ;
പക്ഷേ തെളിവോടു വക്ത്രരന്ധ്രം പരി-
വ്യക്തമായ് കാണാമെനിക്കെ"ന്നു കേട്ടഥ

പത്മവിലോചനൻ മുഗ്ദ്ധസ്മിതം പൂണ്ടു
സത്യം പറഞ്ഞരുളീടിനാൻ— "എങ്കിലോ
കണ്ടുകൊണ്ടാലുമെൻ വാ പിളർന്നീട്ടുവൻ
ഉണ്ടീല മണ്ണു ഞാനിന്നതു നിർണ്ണയം;
ഉണ്ടു പണ്ടേ മമ കുക്ഷിയിൽ മണ്ണതു
കണ്ടകത്തണ്ടിലുണ്ടാകൊലാ ശങ്കയും."



എന്നു പറഞ്ഞു വായും പിളർന്നന്തികേ
നിന്നരുളീടിന നന്ദനൻ തന്നിലേ

മുന്നം പുരാതനമായുള്ള ലോകങ്ങ-
ളൊന്നൊഴിയാതെ കണ്ടീടിനാളൊക്കവേ.
ഭൂലോകവും ജലരാശികളും ദ്വീപ-
മാലാവൃതങ്ങളാം ചക്രവാളാദ്രിയും,
മേരുഗിരിമുതലായ ഗിരികളും,
ഓരോ നദികൾ നദങ്ങൾ രാജ്യങ്ങളും,

. . . . . . . . . . . .

രണ്ടാമതും നയനങ്ങൾ തുറന്നുടൻ
കൊണ്ടൽവർണ്ണൻ നയനാന്തരേ നോക്കിനാൾ —
കണ്ടാളതുപൊഴുതിന്ദ്രാദിദേവകൾ
പണ്ടേ വസിച്ചൂരുകളും പ്രവാസങ്ങളും,
പങ്കജയോനിവാഗീശ്വരനെയും,
ശങ്കരനെപ്പരിവാരാദികളെയും,

. . . . . . . . . . .

കണ്ടുടനാമ്പാടിയും ഗോപസംഘവും,
ഇണ്ടലൊഴിഞ്ഞു നന്ദാധിപൻ തന്നെയും,
വണ്ടാർതഴക്കുഴലാളായ തന്നെയും,
കൊണ്ടൽനേർവർണ്ണനാമുണ്ണിയെത്തന്നെയും
കണ്ടതുപോലെ കണ്ടാളവനുള്ളക-
ത്തിണ്ടലും കണ്ടാളിവണ്ണമെല്ലാം ദ്രുതം.

---

പാഠം ൩൨.

## പട്ടുപ്പുഴ.

കേരളത്തിലെ ഗൃഹ്യാചാരങ്ങൾ അനുസരിച്ച് ഒരു ഭാര്യയേയൊ ഭൃത്യനേയൊ സമ്പാദിക്കേണമെങ്കിൽ, നാഥനായ ആൾ അവൾക്ക് ഉണ്മാനും ഉടുക്കാനും തേക്കാനും കൊ-

ടുക്കണം. ഇതിൽ നമുക്ക് അത്യന്തം ആവശ്യകങ്ങളായ വസ്ത്രങ്ങൾ പരുത്തിനൂൽ, പട്ടുനൂൽ, മൃഗങ്ങളുടെ രോമം, വൃക്ഷങ്ങളുടെ നാര്, ഇവകൊണ്ടു ഉണ്ടാക്കിവരുന്നു. ഇതിൽ പട്ടുവസ്ത്രങ്ങൾക്കു മററു വസ്ത്രങ്ങളെക്കാൾ കൂടുതൽ മാർദ്ദവും ശോഭയും ബലവും വിലയും ഉണ്ടു്. ഹിന്ദുക്കളുടെ ഇടയിൽ ക്ഷേത്രങ്ങളിലെ ബിംബങ്ങളെ അലങ്കരിക്കുന്നതിനും, ചില ശുഭകർമ്മങ്ങളുടെ അനുഷ്ഠാനത്തിനും പട്ടുവസ്ത്രങ്ങൾ ആവശ്യമാണു്. രാജാക്കന്മാരെ സന്ദർശിപ്പാനുള്ള കാഴ്ചദ്രവ്യങ്ങളിൽ അധികം സാധാരണമായിട്ടുള്ളതു പട്ടാണു്. പൂർവകാലങ്ങളിലെ രാജസമ്മാനങ്ങളിൽ പ്രധാനാംശവും ഇതുതന്നെ ആയിരുന്നു. മൂന്നാമത്തെ ഇനം വസ്ത്രദാനം എല്ലാ രാജ്യങ്ങളിലും വേണ്ടിവരുന്നില്ല. ഭക്ഷണം സകല ജീവികളുടെ പോഷണത്തിനും അവശ്യം വേണ്ടതാകുന്നു. വസ്ത്രം വനചരന്മാരുടെ പടിയിൽനിന്നു് ഉയൎന്ന മനുഷ്യരെല്ലാം ധരിക്കുന്നു. അതുകൊണ്ടു് ജീവിതത്തിൽ അത്യാവശ്യകങ്ങളായ സാധനങ്ങളുടെ പങ്ക്തിയിൽ രണ്ടാം സ്ഥാനം വസ്ത്രത്തിനുണ്ടു്. വസ്ത്രം ശരീരാലങ്കാരത്തിനു മുഖ്യമായ ഒന്നാണെന്നു മാത്രം തെററിദ്ധരിക്കരുതു്. അതു്, നമ്മെ മൃഗാവസ്ഥയിൽനിന്നു വേർതിരിക്കുന്ന ഒരു ചിഹ്നമാകുന്നു. നഗ്നതയെ കഴിയുന്നിടത്തോളം ആച്ഛാദനം ചെയ്യേണ്ടതു് പരിഷ്കൃതസമുദായങ്ങളുടെ ഇടയിൽ ഒരു പ്രധാനമൎയ്യാദയാകുന്നു. പട്ടിനു് അശുദ്ധിയില്ലെന്നുള്ള വയ്പുകൊണ്ടാണു് ഹിന്ദുക്കൾ അധികമായി അതിനെ അനുഷ്ഠാനാദികളിൽ ഉപയോഗിച്ചുവരുന്നതു്.

ഭക്ഷണസാധനങ്ങൾ കൃഷിചെയ്തുണ്ടാക്കുന്നതു പോലെ വസ്ത്രങ്ങളുടെ സംഗതിയിലും കൃഷികവൃത്തി ഒരു പോഷകശക്തിയായി പ്രവൎത്തിക്കുന്നു. ഇങ്ങനെയുള്ള പ്രവൃത്തികളിൽ ഏററവും കൗതുകപ്രദവും വിഷമവും ആയുള്ളതു്

പട്ടുനൂൽനിർമ്മാണമാണ്. ഈ വ്യവസായത്തിൽ സസ്യ-സൃഷ്ടിയെയും ജന്തുസൃഷ്ടിയെയും ഒരുപോലെ കരുതേണ്ട-തുണ്ടു്. വൃക്ഷങ്ങളിലും ചെടികളിലും നാനാ വർണ്ണങ്ങളി-ലുള്ള ചിറകുകളെ ചലിപ്പിച്ചുകൊണ്ടു് പറക്കുന്ന പലവിധം ശലഭങ്ങളെ നിങ്ങൾ കണ്ടിരിക്കുമല്ലൊ. ഇതിൽ ഒരു വർഗ്ഗ-ത്തിൽനിന്നു പട്ടുപ്പുഴുക്കൾ ഉണ്ടാകുന്നു. പട്ടുശലഭം വന-വൃക്ഷങ്ങളിൽ ഉണ്ടാകുന്നവയും, വ്യവസായശാലകളിലോ ഗൃഹങ്ങളിലോ വളർത്തുന്നവയും എന്നിങ്ങനെ രണ്ടു വക ഉണ്ടു്. ഈ രണ്ടു ജാതിയിലും സ്ത്രീപുരുഷഭേദങ്ങൾ ഉണ്ടെന്നു നിങ്ങൾക്കു തന്നെ ഊഹിക്കാവുന്നതാണല്ലോ. സ്ത്രീശലഭങ്ങളിൽ ഓരോന്നും അനവധി ചെറിയ മുട്ടകൾ ഇടുന്നു. ഈ മുട്ടകൾ പല ദശകൾ പ്രാപിച്ചു് വീണ്ടും ശലഭരൂപമായിത്തീരുന്നു. ഓരോ ദശയിലും പുഴുവിനു സംഭവിക്കാവുന്ന ആകൃതിവികാരത്തെ സൂക്ഷിച്ചാൽ, പ്രകൃ-തിവിലാസത്തിന്റെ മഹിമ നമുക്കു അത്യാശ്ചര്യം ജനിപ്പി-ക്കാതിരിക്കയില്ല.

മുൻപറഞ്ഞ ദശാവികാരത്തിനിടയിലാണ് നമുക്ക് പട്ടുനൂലിനുള്ള സാധനം കിട്ടുന്നത്. മുട്ടകൾ മാതൃഗാത്ര-ത്തിൽനിന്നു പിരിഞ്ഞു്, ഒന്നൊന്നരവാരത്തെ മൂപ്പു വരു-മ്പോൾ വിരിഞ്ഞു് ഒരുതരം ചെറിയ പുഴുക്കൾ ഉണ്ടാകുന്നു. ഈ പുഴുക്കൾക്കു് തിപ്പലി മുതലായ ചെടികളുടെ ഇലകൾ ആണ് ആഹാരം. ഈ ഇലകൾ ചീന്തി ഇട്ടുകൊടുക്കു-മ്പോൾ ആ ചെറുപ്രാണികൾ ആ ഇലക്കഷണം ഭക്ഷി-ക്കുന്ന വേഗം കണ്ടാൽ ആൎക്കും വിസ്മയമുണ്ടാകും. ഈ പുഴുക്കളെ പകൽ ഏകദേശം പത്തുമണിയോളം സമയ-ത്തിനിടയിൽ അൻപതു അറുപതു തവണ തീററിയും, രാത്രി മൂന്നു യാമത്തോളം നേരം ഭക്ഷണം കൊടുക്കാതെയും സൂക്ഷിക്കണം. ഇങ്ങനെ നാലഞ്ചു ദിവസം ശുശ്രൂഷിക്കു-

മ്പോൾ അവയ്ക്കു ഒരു വണ്ണപ്പകൎച്ചയുണ്ടാകും. അവ നാലു തവണ പടം പൊഴിക്കയും, ഓരോ തവണയും കൂടുതൽ പുഷ്ടി പ്രാപിക്കുകയും ചെയ്യുന്നു. പടം മാററുന്ന സമയം ആഹാരം കൊടുക്കേണ്ട ആവശ്യമില്ല; പക്ഷെ, ശീതസ്പൎശം കൊണ്ടു് നശിച്ചുപോകാതെ സൂക്ഷിക്കേണ്ടതാണ്. ഒടുവിലത്തെ പടം മാററിക്കഴിഞ്ഞാൽ, പുഴുക്കളുടെ വളൎച്ച തികയുന്നു. അപ്പോൾ അവയ്ക്കു പ്രകാശമുള്ള ഒരു മഞ്ഞനിറം ഉണ്ടാകുന്നു.

ഈ സ്ഥിതിയിൽ എത്തുമ്പോൾ "ചന്ദ്രിക" എന്നു പറഞ്ഞുവരുന്ന തട്ടികളിൽ പുഴുക്കളെ സൂക്ഷിക്കണം. അപ്പോൾ ഒരു ദിവസംകൊണ്ടു് ആ പുഴുക്കൾ ആ തട്ടിയിന്മേൽ അത്ഭുതകരങ്ങളായ കൂടുകൾ കെട്ടുന്നു. ചിലന്തികൾ വല കെട്ടുന്നതു നിങ്ങൾ കണ്ടിരിക്കുമല്ലോ. ആ ജന്തുക്കളുടെ അകത്തുനിന്നു പുറപ്പെടുന്ന മൃദുവായ ഒരു സാധനംകൊണ്ടാണ് അവ വല കെട്ടുന്നതു്. ആ മാതിരിയിൽ ഈ പുഴുക്കളും അവയുടെ ശരീരത്തിൽനിന്നു പുറപ്പെടുന്നതും പശിമയുള്ളതുമായ ഒരുവക നൂലുകൊണ്ടു തന്നെയാണ് കൂടുകെട്ടുന്നതും. ഈ പശയെ പുഴുക്കൾ തന്തുവിന്റെ രൂപത്തിൽ ഉദ്വമിച്ച് സ്വകായങ്ങളെ വലയംചെയ്തു്, അണ്ഡാകൃതിയിൽ ഒരു കോശം ഉണ്ടാക്കുന്നു. ഈ കോശത്തിൽ നിന്നാണ് പട്ടുനൂൽ പിരിച്ചെടുക്കുന്നതു്.

ഇങ്ങനെ ശലഭസ്ഥിതിയിൽനിന്ന് പട്ടുനൂൽകൂടുവരെയുള്ള ഓരോ ദശയും സൂക്ഷിച്ചു ഗ്രഹിക്കുന്നതു് അത്യന്തം കൗതുകകരമായിട്ടുള്ളതാകുന്നു. മുൻപറഞ്ഞ കോശങ്ങളോടുകൂടിയ പുഴുക്കളിൽ ഏതാനും എണ്ണം പട്ടുനൂൽ എടുക്കാൻ ഉപയോഗിക്കാതെ സൂക്ഷിച്ചുവരുന്നു. ഇങ്ങനെ സൂക്ഷിക്കുന്നതു് ഈ വൎഗ്ഗം ശലഭങ്ങളുടെ വംശവൃദ്ധിയ്ക്കാണ്. ആ കോശങ്ങളെ കുറച്ചു സൂക്ഷിച്ചുവെച്ചിരുന്നാൽ ഓരോന്നിൽ

നിന്നും അതി ഭംഗിയുള്ള ശലഭങ്ങൾ പറന്നു പുറത്തു വരുന്നതു കാണാം.

കരകൗശലങ്ങളിൽ വിദഗ്ദ്ധന്മാരായ ചൈനക്കാരാണ് പട്ടുനൂൽവ്യവസായത്തിൽ ആദ്യമായി ദൃഷ്ടിവെച്ചതു്. ചൈനാ മഹാരാജ്യത്തിലെ ഒരു മഹാരാജ്ഞി പട്ടുപ്പുഴുവിൻെറ ഓരോ പരിണാമത്തെയും, അതിൽ ഉണ്ടാകുന്ന കോശങ്ങൾകൊണ്ടു് പട്ടുനൂൽ ഉണ്ടാക്കാവുന്ന രീതിയെയും കണ്ടുപിടിച്ചതായി ഒരു ഐതിഹ്യമുണ്ടു്. എന്തായാലും ഈ വ്യവസായത്തിൻെറ ഉത്ഭവം ചൈനയിൽ ആയിരുന്നു എന്നും, അവിടെനിന്നാണ് ഇതരരാജ്യങ്ങളിൽ പരന്നതെന്നും ഉള്ളതിനു പക്ഷാന്തരമില്ല. ചൈനയിൽനിന്നു സമീപദേശമായ ഇൻഡ്യയിലേയ്ക്കും, ഇൻഡ്യയിൽനിന്നു് പേർഷ്യാമാർഗ്ഗമായി പശ്ചിമദേശങ്ങളിലേയ്ക്കും ഈ വ്യവസായം സംക്രമിച്ചു. യൂറോപ്പിലെ രാജ്യങ്ങളിൽ ആദ്യമായി പട്ടുവ്യവസായം ശുഷ്ക്കാന്തിയോടുകൂടി ആരംഭിച്ചതു് ഫ്രാൻസിൽ ആയിരുന്നു. അവിടത്തെ രാജാക്കന്മാരും ഈ വ്യവസായത്തെ പ്രോത്സാഹിപ്പിച്ചു. ഇക്കാലത്തു് ഇൻഡ്യയിൽ ബർമ്മാ, ബംഗാൾ, ബറോഡാ, ബംഗ്ലൂർ എന്നീ സ്ഥലങ്ങളിൽ ഈ വ്യവസായം വളരെ പ്രബലമായി നടന്നുവരുന്നു. രക്ഷണീയസൈന്യക്കാർ ഈ വ്യവസായത്തെ പോഷിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധന്മാരായിരിക്കുന്നുണ്ടു്. അവരുടെ അധീനതയിൽ ചെന്നു ചേരുന്ന ദരിദ്രന്മാരായ അസംഖ്യം ജനങ്ങൾക്കു് ഇതു ഒരു ഉപജീവനമാർഗ്ഗമായി അവർ ഏർപ്പാടുചെയ്തിരിക്കുന്നു. നമ്മുടെ രാജ്യത്തും ഈ വ്യവസായത്തെ പ്രചരിപ്പിക്കുന്നതിനു് ഗവമെണ്ടു തന്നെ യത്നം ചെയ്യുന്നുണ്ടു്.

പട്ടുനൂൽവ്യാപാരത്തിനു പുഴുക്കൾ ആവശ്യമുള്ളതുകൊണ്ടു് അവയുടെ തീററിയ്ക്കു വേണ്ട സാധനമായ ഇലകൾ

സംഭരിക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്. ഈ പത്രങ്ങൾ തിപ്പലി, ആവണക്ക, മുതലായ ചെടികളിലും മററു ചില വൃക്ഷങ്ങളിലും നിന്ന ശേഖരിച്ചുവരുന്നു.

പട്ടുനൂൽ ഉണ്ടാക്കാനുള്ള ഉദ്യമം സഫലമാകണമെങ്കിൽ മേൽപ്പറഞ്ഞ ചെടികൾ ധാരാളമായി കൃഷിചെയ്യണം. അതുകൊണ്ടു പട്ടുവ്യവസായത്തിൽ കൃഷീവലന്മാർ വഹിക്കേണ്ടത് സാരമായ ഒരു പണിയാണ്. അത് ആ വ്യവസായത്തിന് എത്രത്തോളം പ്രചാരമുണ്ടാകുന്നുവോ അത്രത്തോളം ആദായപ്രദമായിരിക്കും.

നാം കാണുന്ന പട്ടുകൾ പല വൎണ്ണങ്ങളിലും, മിശ്രവൎണ്ണങ്ങളിലും ഇരിക്കുന്നു. ഈ വൎണ്ണങ്ങളുടെ മനോഹരത്വവും ശോഭയുമാണ് പട്ടാംബരങ്ങൾക്ക പ്രിയവും വിലയും കൂട്ടുന്നത്. ഈ വൎണ്ണവിശേഷങ്ങൾ പട്ടുനൂലിൽ സ്വഭാവേന ഉള്ളതല്ല. നൂലുകൾക്ക ചായം പിടിപ്പിക്കുന്നതും ഈ വ്യവസായത്തോടു ചേൎന്ന ഒരു പ്രത്യേക തൊഴിലാകുന്നു. പട്ടുനൂലിൽ പിടിപ്പിക്കുന്ന ചായം അലക്കിയാലും മാഞ്ഞുപോകുന്നതല്ലാത്തതായിരിക്കണം.

---

പാഠം ൬൬.

## രോഗബീജങ്ങൾ.

നാം കാണുന്ന ജീവജാലങ്ങളെ മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ, പ്രാണികൾ എന്നിങ്ങനെ പല വൎഗ്ഗങ്ങളായി ഗണിക്കാവുന്നതാണ്. ഈച്ച, കൊതുക്, ഉറുമ്പ് മുതലായ ഏററവും ചെറിയ ജീവികളാണ് പ്രാണിവൎഗ്ഗത്തിൽ ഉൾപ്പെടുന്നത്. എന്നാൽ, നേത്രേന്ദ്രിയങ്ങൾക്ക ദൃശ്യങ്ങളല്ലാത്ത വിധം വളരെ ചെറിയ തരത്തിൽ ലക്ഷോപലക്ഷം ജീവികൾ നമ്മുടെ ചുററുമുള്ള ഭൂതലത്തിലും

വെള്ളത്തിലും ആകാശവായുവിലും തിങ്ങിക്കിടക്കുന്നു. ഇവ സാധാരണമായി നമ്മുടെ നേത്രങ്ങൾക്കു ഗോചരങ്ങളാകുന്നില്ലെങ്കിലും ഇവയുടെ ആകൃതിയും സ്വഭാവവും പ്രവൃത്തികളും "മൈക്രോസ്കോപ്പ്" എന്നു പറഞ്ഞുവരുന്ന ഭൂതക്കണ്ണാടികൊണ്ടു നമുക്കു കാണ്മാൻ കഴിയുന്നു. ഇവയ്ക്കു പരമാണുജീവികൾ എന്നു നാമകരണം ചെയ്യാം. നാം നടന്നുപോകുമ്പോൾ ഇവയിൽ അനേകം ജീവികളെ ചവിട്ടുന്നു. അതുപോലെ തന്നെ പാനം ചെയ്യുന്ന പച്ചവെള്ളം വഴിയായി ഇവയെ ആമാശയത്തിൽ കടത്തുകയും, ഓരോ തവണയും ശ്വസിക്കുന്ന വായുവിൽ കൂടി ശ്വാസകോശങ്ങളിൽ നിറക്കുകയും ചെയ്യുന്നു.

ഇത്ര വളരെ പരമാണുജീവികൾ ഉള്ളിലും പുറത്തുമായി നമ്മെ ചുററിക്കിടക്കുന്നുണ്ടെങ്കിലും, ഇവയിൽ ഭൂരിപക്ഷവും നിരുപദ്രവകരമായ വിധത്തിലാണ് നമ്മോടു പെരുമാറാറുള്ളത്. എന്നാൽ ഈ ജാതിയിൽ ഉൾപ്പെട്ട അപൂൎവ്വം ചില പരമാണുജീവികൾ അസഹ്യമായ വിധത്തിൽ മനുഷ്യൎക്കും മൃഗങ്ങൾക്കും ഉപദ്രവകരങ്ങളായിത്തീരുന്നു. ജനങ്ങൾ സുഖമായി പാൎത്തുവരുന്ന ഒരു ഗൃഹത്തെ കുറെ നാൾ ഉപയോഗിക്കാതെ അടച്ചുപൂട്ടി ഇട്ടിട്ട് അതിലെ ഏതെങ്കിലും ഒരു മുറിയുടെ വാതൽ തുറന്ന് അകത്തേയ്ക്കു പ്രവേശിച്ചാൽ പതിവില്ലാത്തതായ ഒരു ദുൎഗ്ഗന്ധം നാം എല്ലും; അധികനേരം അതിനകത്തു നില്ക്കുകയാണെങ്കിൽ പക്ഷെ അവിടെത്തന്നെ മോഹാലസ്യപ്പെട്ടു വീഴുന്നതിനും ഇട വന്നേക്കാം. ഇതിനു കാരണം എന്താണെന്നു ചിന്തിക്കേണ്ടതു് ആവശ്യമല്ലയോ? വല്ലയിടത്തും ഒരു ചെറിയ കുഴിയിൽ വെള്ളം കെട്ടിനിന്നാൽ ഏതാനും ദിവസം കഴിഞ്ഞു നോക്കുമ്പോൾ അതിൽ അനേകം ചെറിയ പുഴുക്കൾ കാണാവുന്നതാണ്. ഇവ എങ്ങനെ ഉണ്ടായി? യാതൊരു

വക ചലനത്തിനും ഇടയകാതെ ആ വെള്ളത്തിൽ അടിഞ്ഞിരുന്ന പരമാണുജീവികൾ, അതിനെ തൊട്ടുകിടക്കുന്ന ആകാശവായുവുമായി അതേതരം ജീവികളുടെ സംപക്കം കൊണ്ടു ക്രമേണ വദ്ധിക്കുന്നു. വെള്ളം കെട്ടിനിന്നു ദുഷിച്ച് അനേകം ചെറുജീവികളെ ജനിപ്പിച്ചു വളത്തുന്നതുപോലെ തന്നെ, മുറിയ്ക്കകത്തുള്ള ആകാശവായുവിനെയും ചലനത്തിനിടവരാതെ കെട്ടിനിറുത്തുകനിമിത്തമത്രേ ചെറുജീവികൾ ആ ദുഷ്ടവായുവിൽ വളന്നത്. ഇവയാകുന്നു രോഗബീജംങ്ങളായിത്തീരുന്നതും. ഇവ നമ്മുടെ കണ്ണിന് അദൃശ്യമായിരിക്കുന്നതിനും വെള്ളത്തിലെ പുഴക്കൾ കാണുന്നതിനുമുള്ള കാരണം, നനവുള്ള സ്ഥലം ഇവയുടെ വളച്ചയ്ക്കു ഉചിതമായിരിക്കുന്നതുകൊണ്ടും തന്നിമിത്തം വെള്ളത്തിലുണ്ടാകുന്ന ചലനം വായുവിലുണ്ടാകുന്ന ചലനത്തേക്കാൾ എളുപ്പത്തിൽ ദൃഷ്ടിഗോചരമായി തീരുന്നതുകൊണ്ടുമാകുന്നു.

പരമാണുജീവികളിൽ മനുഷ്യരുടെയും മൃഗങ്ങളുടെയും ആരോഗ്യത്തിനു വളരെ ഹാനിചെയ്യുന്നവയായി ചിലതുണ്ട്. മലമ്പനി, വയററിളക്കം, ചുമ, ചൊറി മുതലായ സാധാരണ രോഗങ്ങളും കുഷ്ഠം, മന്ത് മുതലായി വളരെക്കാലം നിലനിന്ന് ഉപദ്രവിക്കുന്ന മഹാരോഗങ്ങളും, മസൂരി, വിഷൂചിക മുതലായ സാംക്രമികരോഗങ്ങളും ഉത്ഭവിക്കുന്നതും വ്യാപിക്കുന്നതും ഓരോ തരം പരമാണുജീവികൾ നിമിത്തമാണ്. ഇവയെ ആണ് രോഗബീജങ്ങൾ എന്നു പറയുന്നത്. രോഗബീജങ്ങളുടെ ഉല്പത്തി, വളച്ച, പോഷണം ഇവയ്ക്കു അനുകൂലങ്ങളായ ദ്രവ്യങ്ങൾ എവിടെ ഉണ്ടോ അവിടെയെല്ലാം സദാ ഇവനിമിത്തമുള്ള രോഗങ്ങൾ ക്ഷണത്തിൽ പടന്നുപിടിക്കുന്നതാണ്. ഇവയ്ക്കു എളുപ്പം അഴുകിച്ചീയുന്നതായ മലിനവസ്തുക്കളുമായി അധികം ആകൎഷണശക്തിയുണ്ടു്. അതിനാൽ, ഈവക ദീനങ്ങളുടെ ലക്ഷണങ്ങൾ

കണ്ടുതുടങ്ങുമ്പോൾതന്നെ ചുററുമുള്ള മലിനവസ്തുക്കളെ നശിപ്പിക്കുന്നതായാൽ രോഗം അധികം പടരുന്നതിന്ന് ഇട വരുന്നതല്ല. പോഷണത്തിന്നനുകൂലങ്ങളായ സാധനങ്ങൾ കിട്ടുന്നിടത്തു് ഇവയ്ക്കു സ്ഥാനം നൽകിയാൽ ക്ഷണനേരം കൊണ്ടു് ഓരോ പരമാണുജീവിയും അസംഖ്യം വർദ്ധിച്ചു് വലുതായ നാശം ചെയ്യുന്നതിന്ന ശക്തിയുള്ളതായി ഭവിക്കു-ന്നു. അധികം ചൂടും അധികം തണുപ്പുമുള്ള സ്ഥലങ്ങൾ ഇവയ്ക്കു് അനുകൂലങ്ങളാകുന്നില്ല. "സെൻറിഗ്രേഡ് തെർമ്മാ-മിററർ" എന്ന ഉഷ്ണമാപനയന്ത്രപ്രകാരം അറുപതു ഡിഗ്രി ചൂടുണ്ടാകുമ്പോൾ ഈ രോഗബീജങ്ങൾ ചാകുകയും, കുറേ കൂടി ചൂടു തട്ടിയാൽ ഇവയുടെ മുട്ടപോലും നശിക്കുകയും ചെയ്യുന്നു.

വിഷൂചിക മുതലായ വിഷബീജങ്ങളെ നാം കുടിക്കുന്ന വെള്ളംവഴി ഉൾക്കൊള്ളുകയും, മസൂരി മുതലായ രോഗബീ-ജങ്ങളെ ശ്വാസോച്ഛ്വാസം വഴി രക്തത്തിൽ ചേൎക്കുകയും, മന്തു് കുഷ്ഠം മുതലായവയ്ക്കു കാരണമായവയെ തൊലിയിൽ കൂടി സ്പൎശംകൊണ്ടു സ്വീകരിക്കുകയുമാണു് ചെയ്യുന്നതു്. ശുചീകരണമാൎഗ്ഗങ്ങളെ ആരാഞ്ഞറിഞ്ഞു് നിവൃത്തി ഉള്ളി-ടത്തോളം അവയ്ക്കനുരൂപമായി പെരുമാറുന്ന പക്ഷം വിഷ-കരങ്ങളായ രോഗബീജങ്ങൾ നിമിത്തം ഉണ്ടാകുന്ന വലിയ ബാധകളെ ഏറെക്കുറെ നിവാരണം ചെയ്യാവുന്നതാകുന്നു.

കൊതുകും ഈച്ചയുമാണു്, ചൊറി മന്തു് കുഷ്ഠം മുതലായ വ്യാധികളെ രോഗികളിൽനിന്നും മററു ശരീരങ്ങളിൽ തൊലി-വഴിയായി പരത്തുന്നതു്. യാതൊരു വ്യത്യാസവും കൂടാതെ ഒരേ കത്തികൊണ്ടു് പലരേയും ക്ഷൌരംചെയ്യുന്ന ക്ഷൌരകൻെറ കത്തിമൂലവും ഇവ പരക്കുന്നതാണു്.

നാം പാൎക്കുന്ന ഭവനത്തെയും ഉപയോഗിക്കുന്ന സാധ-നങ്ങളെയും ചുററുമുള്ള സ്ഥലത്തെയും യാതൊരു വത്തി-

കേടും കൂടാതെ സദാ സൂക്ഷിച്ചുകൊള്ളാമെങ്കിൽ രോഗബീജങ്ങളെ വഹിക്കുന്നതായ കൊതുകിന്റെയും ഈച്ചകളുടെയും ആക്രമണത്തിനും ഉപദ്രവത്തിനും കുറവു വരുന്നതാണ്.

അധികം ആളുകൾ തിങ്ങിപ്പാക്കുന്ന പട്ടണങ്ങളിൽ സാംക്രമികരോഗങ്ങളുടെ ചിഹ്നങ്ങൾ കണ്ടുതുടങ്ങിയാൽ പട്ടണവാസികൾ ഇവയെ തടുക്കുന്നതിൽ പ്രത്യേകം നിഷ്കർഷ ചെയ്യേണ്ടതാണ്. രോഗം പിടിപെട്ടിട്ടുള്ള ആളുകളെ മററു ജനങ്ങളുടെ സഹവാസത്തിൽനിന്ന് അകററുകയും, കുളം, കിണറ്, വിസർജ്ജനസ്ഥലം മുതലായ പൊതുസ്ഥലങ്ങളോട് രോഗികളെ അടുപ്പിക്കാതിരിക്കുകയും ചെയ്യുന്നതിനു പുറമെ അവരെ കഴിവുള്ളിടത്തോളം ശുചിയായും ഒതുക്കമായും പാർപ്പിക്കുന്നതിനു ശ്രമിക്കുകയും ചെയ്യേണ്ടതാണ്. രോഗികൾ വിസർജ്ജിക്കുന്ന മലമൂത്രങ്ങളെ എരിച്ചു നശിപ്പിക്കുകയും, അവരുടെ വസ്ത്രങ്ങൾ ഭക്ഷണത്തിനുപയോഗിക്കുന്ന പാത്രങ്ങൾ മുതലായവയെ തിളച്ച വെള്ളംകൊണ്ടു് കഴുകി നല്ലപോലെ വെയിലത്തിട്ട് ഉണക്കുകയും അവർ ഉപയോഗിക്കുന്ന സാമാനങ്ങളെ മററുള്ളവർ തൊടുന്നതിനോ, അവരുടെ ദുഷ്ടവായു സംക്രമിക്കത്തക്ക വിധം അടുത്തു ചെല്ലുന്നതിനോ സമ്മതിക്കാതിരിക്കുകയും ചെയ്യുന്നതിനു നിഷ്കർഷിക്കേണ്ടതു് അത്യാവശ്യമാകുന്നു.

രോഗചികിത്സയിൽ നമുക്കെല്ലാവക്കും എപ്പോഴും ഉതകുന്നതായും പ്രതിഫലേച്ഛ കൂടാതെ സദാ ശുശ്രൂഷിക്കുന്നതിന് ഒരുക്കമുള്ളതായുമിരിക്കുന്ന ദിവ്യവൈദ്യൻ സൂര്യനാണ്. സൂര്യപ്രകാശം രോഗബീജങ്ങളുടെ പരമ ശത്രുവാകുന്നു. രോഗികൾക്ക് വെളിച്ചവും ശുദ്ധവായുവുമാകുന്നു ദിവ്യൌഷധങ്ങൾ.

പാഠം ൩൮.

## ലക്ഷ്മണോപദേശം.

വത്സ! സൌമിത്രേ! കുമാര! നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ.
നിന്നുടെ തത്വമറിഞ്ഞിരിക്കുന്നിതു
മുന്നമേ ഞാനെടോ; നിന്നുള്ളിലെപ്പൊഴും

എന്നേക്കുറിച്ചുള്ള വാത്സല്യപൂരവും
നിന്നോളമില്ല മറ്റാർക്കുമെന്നുള്ളതും.
നിന്നാലസാദ്ധ്യമായില്ലൊരു കർമ്മവും
നിർണ്ണയമെങ്കിലുമൊന്നിതു കേൾക്ക നീ.

ദൃശ്യമായുള്ളോരു രാജ്യദേഹാദിയും
വിശ്വവും നിശ്ശേഷധാന്യധനാദിയും
സത്യമെന്നാകിലേ തൽപ്രയാസം തവ
യുക്തം; മതല്ലായ്കിലെന്തിതിനാൽ ഫലം?

ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം;
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ;
വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം.

ചക്ഷുശ്ശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ,
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു.

പുത്രമിത്രാർത്ഥകളത്രാദിസംഗമ-
മെത്രയുമല്പകാലസ്ഥിതമോർക്ക നീ.
പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുംപോലെ,

നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്ര്യം ചഞ്ചലമാലയസംഗമം.

ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യൎക്കു:
നില്ക്കുമോ യൌവനവും, പുനരധ്രുവം:
സ്വപ്നസമാനം കളത്രസുഖം നൃണാ-
മല്പമായുസ്സും നിരൂപിക്ക ലക്ഷ്മണ.

രാഗാദിസങ്കുലമായുള്ള സംസാര-
മാകാ, നിരൂപിക്കിൽ സ്വപ്നതുല്യം, സഖേ!
ഓൎക്ക ഗന്ധൎവ്വനഗരസമമതിൽ
മൂഢന്മാർ നിത്യമനുവൎത്തിച്ചീടുന്നു.

ആദിത്യദേവനുദിച്ചിതു വേഗേന
യാദഃപതിയിൽ മറഞ്ഞിതു സത്വരം;
നിദ്രയും വന്നിതുദയശൈലോപരി
വിദ്രുതം വന്നിതു പിന്നെയും ഭാസ്കരൻ.

ഇത്ഥം മതിഭ്രമമുള്ളോരു ജന്തുക്കൾ
ചിത്തേ വിചാരിപ്പതില്ല കാലാന്തരം.

ആയുസ്സു പോകുന്നതേതുമറിവീല।
മായാസമുദ്രത്തിൽ മുങ്ങിക്കിടക്കയാൽ.
വാൎദ്ധക്യമോടു ജരാനരയും പൂണ്ടു
ചിത്തമോഹേന മരിക്കുന്നിതു ചിലർ.
നേത്രേന്ദ്രിയംകൊണ്ടു കണ്ടിരിക്കേ പുന-
രോൎത്തറിയുന്നീല മായതൻ വൈഭവം.
ഇപ്പോളിതു പകൽ, പില്പാടു രാത്രിയും,
പില്പാടു പിന്നെപ്പകലുമുണ്ടായ്വരും.

ഇപ്രകാരം നിരൂപിച്ചു മൂഢാത്മാക്കൾ
ചില്പുരുഷൻ ഗതിയേതുമറിയാതെ

കാലസ്വരൂപനാമീശ്വരൻ തന്നുടെ
ലീലാവിശേഷങ്ങളൊന്നുമോരായ്കയാൽ,

ആമകുംഭാംബു സമാനമായുസ്സുടൻ
പോമതേതും ധരിക്കുന്നതില്ലാരുമേ.
രോഗങ്ങളായുള്ള ശത്രുക്കളും വന്നു
ദേഹം നശിപ്പിക്കുമേവനും നിർണ്ണയം.
വ്യാഘ്രിയെപ്പോലെ ജരയുമടുത്തു വ-
ന്നാക്രമിച്ചീടും ശരീരത്തെ നിർണ്ണയം
മൃത്യുവും കൂടൊരു നേരം പിരിയാതെ,
ഛിദ്രവും പാർത്തുപാർത്തുള്ളിലിരിക്കുന്നു.

ദേഹം നിമിത്തമഹംബുദ്ധി കൈക്കൊണ്ടു
മോഹം കലന്നു ജന്തുക്കൾ നിരൂപിക്കും
ബ്രാഹ്മണോഹം നരേന്ദ്രോഹമാഢ്യോഹമെ-
ന്നാമ്രേഡിതം കലന്നീടും ദശാന്തരേ,
ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം,
വെന്തു വെണ്ണീറായ്ച്ചമഞ്ഞു പോയീടിലാം,
മണ്ണിന്നു കീഴായ് കൃമികളായ് പോകിലാം,
നന്നല്ല ദേഹം നിമിത്തം മഹാമോഹം.

ത്വങ്മാംസരക്താസ്ഥിവിണ്മൂത്രരേതസാം
സമ്മേളനം, പഞ്ചഭൂതകനിർമ്മിതം,
മായാമയമായ്, പരിണാമിയായൊരു
കായം വികാരിയായുള്ളൊന്നിതധ്രുവം.

ദേഹാഭിമാനം നിമിത്തമായുണ്ടായ
മോഹേന ലോകം ദഹിപ്പിപ്പതിന്നു നീ
മാനസതാരിൽ നിരൂപിച്ചതു തവ
ജ്ഞാനമില്ലായ്കെന്നറിക നീ ലക്ഷ്മണ!

ദോഷങ്ങളൊക്കവേ ദേഹാഭിമാനിനാം
രോഷേണ വന്നു ഭവിക്കുന്നതോക്ക നീ.

ദേഹോഹമെന്നുള്ള ബുദ്ധി മനുഷ്യൎക്കു
മോഹമാതാവാമവിദ്യയാകുന്നതും.
ദേഹമല്ലോൎക്കിൽ ഞാനായതാത്മാവെന്നു
മോഹൈകഹന്ത്രിയായുള്ളതു വിദ്യ കേൾ.
സംസാരകാരിണിയായതവിദ്യയും.
സംസാരനാശിനിയായതു വിദ്യയും.

ആകയാൽ മോക്ഷാൎത്ഥിയാകിൽ വിദ്യാഭ്യാസ-
മേകാന്തചേതസാ ചെയ്യ വേണ്ടുന്നതും.
തത്രകാമക്രോധലോഭമോഹാദികൾ
ശത്രുക്കളാകുന്നതെന്നുമറിക നീ.
മുക്തിക്കു വിഘ്നം വരുത്തുവാനെത്രയും
ശക്തിയുള്ളോന്നതിൽ ക്രോധമറിക നീ.

മാതാപിതൃഭ്രാതൃമിത്രസഖികളെ
ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ;
ക്രോധമൂലം മനസ്താപമുണ്ടായ്വരും;
ക്രോധമൂലം നൃണാം സംസാരബന്ധനം;
ക്രോധമല്ലോ നിജധൎമ്മക്ഷയകരം;
ക്രോധം പരിത്യജിക്കേണം ബുധജനം.

ക്രോധമല്ലോ യമനായതു നിൎണ്ണയം.
വൈതരണ്യാഖ്യയാകുന്നതു തൃഷ്ണയും.
സന്തോഷമാകുന്നതു നന്ദനം വനം.
സന്തതം ശാന്തിയേ കാമസുരഭി കേൾ.
ചിന്തിച്ചു ശാന്തിയെത്തന്നെ ഭജിക്ക നീ
സന്താപമെന്നാലൊരു ജാതിയും വരാ.

പാഠം ൩൭.

## മനുഷ്യവൎഗ്ഗങ്ങൾ.

ഭൂമിയിൽ നമ്മുടെ ഇന്ദ്രിയങ്ങൾക്കു ഗോചരങ്ങളായുള്ള സ്വാഭാവികവസ്തുക്കൾ ജന്തു, സസ്യം, ധാതു എന്നീ മൂന്നു ലോകങ്ങളായി പിരിഞ്ഞിരിക്കുന്നു. ഈ ഓരോ ലോകത്തിലും ഉൾപ്പെട്ട വസ്തുക്കൾക്കുപോലും തമ്മിൽ ഐകരൂപ്യം കാണുന്നില്ല. ജന്തുലോകത്തെ നോക്കിയാൽ മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ, കൃമികൾ എന്നിങ്ങനെ വിവിധ വൎഗ്ഗങ്ങൾ ഉൾപ്പെട്ടു കാണും. ഈ ചതുൎവ്വൎഗ്ഗവും ഉപവൎഗ്ഗങ്ങൾ, ജാതികൾ എന്നിങ്ങനെ പല ഇനങ്ങൾ ആയി തിരിയുന്നു. സസ്യലോകമാകട്ടേ, വന്മരങ്ങൾ, ചെടികൾ, പുല്ലുകൾ, കുമിളുകൾ എന്നിങ്ങനെ പിരിഞ്ഞു കാണുന്നു. അവയിൽ വന്മരങ്ങൾ തന്നെ, തേക്ക്, ആഞ്ഞിലി, തമ്പകം, പാവു എന്നീ ഉൾപ്പിരിവുകളോടുകൂടിയിരിക്കുന്നു. ഇപ്രകാരം ഓരോന്നിന്റെയും പിരിവുകളും ഉൾപ്പിരിവുകളും കൊണ്ടു് ഭൂമിയിൽ ഉള്ള വസ്തുക്കളുടെ വിവിധത്വം വൎദ്ധിച്ചിരിക്കുന്നു. ഏതാനും സാമാന്യലക്ഷണങ്ങളെ അവലംബിച്ചാണു് ലോകം, വൎഗ്ഗം, ശാഖ, ഉപശാഖ മുതലായ ഭേദങ്ങൾ നിൎണ്ണയിക്കുന്നതു്.

നാം സാധാരണമായി എല്ലായിടത്തും കാണാറുള്ള വാഴകളിൽ കണ്ണൻ, പടററി, കപ്പ, കദളി എന്നിങ്ങനെ ഓരോ ജാതിഭേദങ്ങൾ കാണുന്നുണ്ടു്. ഓരോ ജാതിക്കും ചുവടു, വേരു്, തടി, ഇല, തണ്ടു്, കുല എന്നീ വിഭാഗങ്ങൾ സാധാരണമായി ഉണ്ടെങ്കിലും, ഓരോന്നിനും അല്പാല്പം ലക്ഷണഭേദങ്ങൾ ഉള്ളതിനാൽ, ആ ഭേദങ്ങളെ അടിസ്ഥാനമാക്കി ജാതി തിരിച്ചു് നാമകരണം ചെയ്തിരിക്കുന്നു. ഇതുപോലെ ഉള്ള ഭേദങ്ങൾ മനുഷ്യവൎഗ്ഗത്തിലും കാണ്മാ-

ണ്ടു്. ഈ ഭേദങ്ങളെ അല്ലാതെ, ജന്മഭൂമി, തൊഴിൽ, മതം, സ്ഥാനം എന്നിത്യാദിയായി യാദൃച്ഛികങ്ങളും കൃത്രിമങ്ങളും ആയ ലക്ഷണങ്ങളെപ്പററി ഇവിടെ വിവരിക്കണമെന്നു വിചാരിക്കുന്നില്ല.

ഓരോ കാൎയ്യത്തെക്കുറിച്ചും സൂക്ഷ്മജ്ഞാനം ലഭിക്കുന്നതിനുള്ള ആഗ്രഹം മനുഷ്യൎക്കു വൎദ്ധിക്കുന്തോറും ശാസ്ത്രങ്ങളുടെ എണ്ണവും വൎദ്ധിക്കുന്നു. ജന്തുശാസ്ത്രത്തിൽനിന്നു ഭിന്നിച്ചു് മൃഗശാസ്ത്രവും, മനുഷ്യരെ സംബന്ധിച്ചുള്ളതിൽ അദ്ധ്യാത്മശാസ്ത്രം, മനുഷ്യാകാരശാസ്ത്രം, ശരീരശാസ്ത്രം, മനുഷ്യവൎഗ്ഗശാസ്ത്രം, സമുദായശാസ്ത്രം എന്നിങ്ങനെ അനവധി ശാസ്ത്രങ്ങളും ഉണ്ടായിട്ടുണ്ടു്. ഇവയിൽ മനുഷ്യരുടെ രൂപവൎഗ്ഗങ്ങളെ സംബന്ധിച്ചുള്ള ശാസ്ത്രത്തിൽ നിപുണന്മാർ മനുഷ്യരുടെ ആകാരം, വൎണ്ണം, പ്രകൃതി എന്നിവയിലുള്ള ഭേദങ്ങളെ മുൻനിറുത്തി, അവരെ കറുത്തവർ അല്ലെങ്കിൽ നീഗ്രോജാതിക്കാർ, മഞ്ഞനിറമുള്ളവർ അല്ലെങ്കിൽ മങ്ഗോളിയന്മാർ, വെള്ളക്കാർ അല്ലെങ്കിൽ കക്കേഷ്യന്മാർ എന്നീ മൂന്നു പ്രധാനവൎഗ്ഗങ്ങളായി വേർതിരിച്ചിരിക്കുന്നു.

ദേശം, കാലം, സന്ദൎഭം എന്നിവയെ ആശ്രയിച്ചു സകല വസ്തുക്കളും ഉണ്ടാകുകയും നശിക്കുകയും ചെയ്യുന്നു. നമ്മുടെ നാട്ടിൽ തെങ്ങു ധാരാളമായി ഉണ്ടാകുന്നു. അതിനെ ഇംഗ്ലണ്ടിൽ കൃഷി ചെയ്വാൻ സാധിക്കയില്ല. ഉഷ്ണമേഖലയാണ് അതിനു അനുകൂലമായ ഭൂമി. കടുവാ തുടങ്ങിയുള്ള ക്രൂരമൃഗങ്ങൾക്കു ശീതമേഖല യോജിച്ചതല്ല. ധ്രുവപ്രദേശങ്ങൾക്കു സമീപത്തുള്ള മൃഗങ്ങൾ അവിടത്തെ തണുപ്പു സഹിക്കത്തക്കവണ്ണം രോമശമായ ഗാത്രത്തോടു കൂടിയിരിക്കുന്നു. ഉഷ്ണമേഖലയിൽ കാണുന്ന അതേ ജാതിമൃഗങ്ങളുടെ ചൎമ്മങ്ങൾക്കു് അധികം കട്ടിയില്ല. അയർലണ്ടിൽ പുഷ്ടിയായി വളരുന്ന ഉരുളക്കിഴങ്ങു തന്നെ നീല-

ഗിരിയിൽ ഉണ്ടാകുമ്പോൾ അതിന് അല്പം രുചിക്കുറവു വന്നുപോകുന്നു. ആ കിഴങ്ങു തന്നെ നമ്മുടെ രാജ്യത്തു പൊന്മുടി മുതലായ ചെറിയ മലകളിൽ ഉണ്ടാകുന്നുണ്ടെങ്കിലും, അതിൻെറ നിറവും, സ്വാദും, മിനുസവും വളരെ ഭേദിച്ചുപോകുന്നു. നമ്മുടെ നാട്ടിൽ സസ്യങ്ങൾക്ക് ഏററവും അനുകൂലമായുള്ള നാഞ്ചിനാട്ട്, ഓണാട്ടുകര എന്നീ പ്രദേശങ്ങളിൽ ഉരുളക്കിഴങ്ങു കൃഷി ചെയ്താൽ നശിച്ചുപോകുകയോ, ചീവക്കിഴങ്ങു പോലെ ഒരു തരം കിഴങ്ങായിത്തീരുകയോ ചെയ്യും.

മനുഷ്യലോകത്തിൽ അവാന്തരവർഗ്ഗം ഉണ്ടായതും ഇപ്രകാരം തന്നെയാണ്. കാലം, ദേശം, അയൽപക്കങ്ങൾ എന്നിവ അനുസരിച്ച് അവരുടെ ആകൃതി, പ്രകൃതി, വർണ്ണം എന്നിതുകളിൽ ഭേദങ്ങൾ ഉണ്ടായി. അത്യുഷ്ണപ്രദേശങ്ങളിൽ മനുഷ്യൻെറ കായികവും മാനസികവുമായ ശക്തികൾക്കു വികാസം കുറയുന്നതിനും, സമുദ്രതീരങ്ങളിൽ പാക്കുന്നവരുടെ ബുദ്ധിയും ശീലഗുണവും ഗിരിവാസികൾക്കുണ്ടാകാതിരിക്കുന്നതിനും കാരണവും കാലദേശാവസ്ഥാദിഭേദങ്ങൾ ആകുന്നു.

മനുഷ്യരുടെ ഉത്ഭവത്തെപ്പററി ഓരോ മതക്കാർ ഓരോ വിധം പ്രഖ്യാപനം ചെയ്യുന്നു. അവരുടെ ഉത്ഭവം ഏതു വിധമായാലും, ഇപ്പോൾ ലോകം മുഴുവനും വ്യാപിച്ചു കുടിയേറിപ്പാക്കുന്ന മനുഷ്യർ ഒന്നോ അധികമോ സ്ഥലങ്ങളിൽ പാൎത്ത്, പിന്നീട് അവിടം വിട്ടു പിരിഞ്ഞ്, ഭൂമിയിലെ നാനാ ഭാഗങ്ങളിലും പരന്നിട്ടുള്ളവരാണെന്ന് അനുമിക്കുന്നതിനു വേണ്ട യുക്തികളും ലക്ഷ്യങ്ങളും ശാസ്ത്രജ്ഞന്മാർ ഘോഷിക്കുന്നുണ്ട്. ഓരോ കേന്ദ്രങ്ങളിൽനിന്ന് ഭൂമണ്ഡലത്തിലെ നാനാ ഭാഗങ്ങളിലേക്കുമുണ്ടായ ജനപ്രവാഹം ക്ഷണകാലംകൊണ്ടു സംഭവിച്ചു എന്നു പറഞ്ഞുകൂടാ.


എന്തെന്നാൽ, സ്വദേശത്തുനിന്ന് ഒരു കൂട്ടക്കാർ നിൎഗ്ഗമിക്കുമ്പോൾ, അനുകൂലങ്ങളായിരുന്ന കാലദേശാവസ്ഥകളെ അവൎക്ക് ഉപേക്ഷിക്കേണ്ടതായി വരുന്നതുകൊണ്ടു്, അവരുടെ ഗതി വളരെ മന്ദമായിരുന്നിരിക്കണം.

ഓരോരോ നൂതനസ്ഥലങ്ങളിൽ ചെന്ന് പുതിയ വസ്തുസ്ഥിതികളുമായി പഴകിയതിനു മേലേ അവർ സാധാരണമായി അടുത്ത സ്ഥലത്തേയ്ക്കു സഞ്ചരിക്കയുള്ളൂ. ഇപ്രകാരമുള്ള യാത്രയിൽ മുന്നുണ്ടായിരുന്ന സൗകൎയ്യങ്ങളിൽനിന്നും വലിയ വ്യത്യാസം ചെയ്യാതെ, സമഫലം ചെയ്യുന്ന ജലാശയങ്ങൾ, നദികൾ എന്നിവയുടെ തീരങ്ങളെയാണ് പുതിയ രാജ്യങ്ങളിൽ അവർ ശരണം പ്രാപിക്കുന്നതു്. അവിടം വിട്ടു വീണ്ടും തിരിക്കുമ്പോൾ, ഏതാനും ചിലർ ആ സ്ഥലം വിട്ടുപിരിയാതെ അവിടെത്തന്നെ തങ്ങിപ്പോയെന്നും വരാം.

വൎദ്ധമാനമായ സമുദായജീവിതത്തിൽ എത്തിയിട്ടുള്ള മനുഷ്യവൎഗ്ഗങ്ങൾ ആൎയ്യന്മാരും, സെമിററിക്കുകളും, ടുറേനിയന്മാരുമാണ്. ഈ മൂന്നു കൂട്ടരുടെയും മൂലസ്ഥാനം മദ്ധ്യഏഷ്യയിൽ ആയിരുന്നു എന്നാണ് ഊഹം. അവിടെനിന്നും വളരെ വിസ്താരത്തിൽ വ്യാപിച്ചിട്ടുള്ളവരും, വളരെ ഉൽകൃഷ്ടസ്ഥിതിയിൽ എത്തിയിട്ടുള്ളവരും, മിക്കവാറും, ആൎയ്യന്മാരാണ്. അടുത്ത പടിഞ്ഞാറു വസിക്കുന്നവരാണ് സെമിററിക്കുകൾ. കിഴക്കും, തെക്കും, തെക്കുകിഴക്കും തിങ്ങിപ്പാൎക്കുന്നവൎക്കു ടുറേനിയൻ അല്ലെങ്കിൽ മങ്ഗോളിയൻവൎഗ്ഗം എന്നു പേർ പറയുന്നു.

ആൎയ്യന്മാർ പാശ്ചാത്യരെന്നും, പൌരസ്ത്യരെന്നും രണ്ടു ശാഖക്കാരായി പിരിഞ്ഞു. ഇവരിൽ ആദ്യം പറഞ്ഞ പാശ്ചാത്യന്മാരുടെ ഉപശാഖകളായ പല സമുദായങ്ങളെക്കൊണ്ടാണ് യൂറോപ്പിന്റെ അധികഭാഗവും നിറഞ്ഞിരിക്കു-

ന്നതു്. പൌരസ്ത്യന്മാർ ഇന്ത്യയിലും അതിൻെറ വടക്കു-പടിഞ്ഞാറുള്ള സമീപദേശങ്ങളിലും ചിതറിക്കിടക്കുന്നു.



ഈ രണ്ടു സ്ഥലങ്ങളിലും കുടിയേറിയവൎക്കു അവിടങ്ങളിലെ പൂൎവ്വനിവാസികളുമായി, അധികമായ സംപൎക്കം ഉണ്ടായി. ഈ സംപൎക്കത്തിൻെറ താരതമ്യംകൊണ്ടും, കാലദേശാവസ്ഥകളുടെ ഭേദംകൊണ്ടും ഈ രണ്ടു ശാഖക്കാൎക്കും അന്യോന്യം തിരിച്ചറിവാൻ സാധിക്കാത്തവിധം ഭേദം വന്നിട്ടുണ്ടു്. ഇന്ത്യയിൽ പ്രവേശിച്ച ആൎയ്യന്മാർ പണ്ടുപണ്ടേ തന്നെ ജ്ഞാനവിജ്ഞാനമാൎഗ്ഗങ്ങളിൽ വളരെ ഉന്നതി പ്രാപിച്ചവരാണ്. യൂറോപ്പിലെ ആൎയ്യന്മാർ ലോകത്തിൻെറ ഇപ്പോഴത്തെ ഗതിയ്ക്കു ശക്തിയും ഉൽകൎഷവും നൽകിക്കൊണ്ടു് സമുദായാഭ്യുന്നതിയിൽ നേതാക്കന്മാരായി സ്ഥിതിചെയ്യുന്നു.

ഏഷ്യയുടെ പടിഞ്ഞാറേ ഖണ്ഡത്തിൽ അധികമായി കാണുന്നവരാണ് സെമിററിക്കുവൎഗ്ഗക്കാർ. ജൂതന്മാർ, പാർസികൾ, സിറിയന്മാർ, അറബികൾ എന്നീ സമുദായ-

ക്കാർ ഈ വർഗ്ഗത്തിൽ ഉൾപ്പെടുന്നു. യൂറോപ്പിലെ ആര്യ-സമുദായങ്ങൾ തീരെ അപരിഷ്കൃതസ്ഥിതിയിൽ ഇരുന്ന-പ്പോൾത്തന്നെ സെമിററിക്കുകൾ പരിഷ്കാരത്തിൻെറ അത്യു-ച്ചനിലയിൽ എത്തിയിരുന്നു. ഇവരിൽ "ഫിനിഷ്യൻ" എന്ന ഒരു പുരാതനസമുദായക്കാരാണ് ആദ്യമായി എ-ഴുത്തുവിദ്യയും വാണിജ്യവും ലോകരെ പരിചയപ്പെടുത്തി യതു്. ക്രിസ്തുമതവും മഹമ്മദുമതവും ഇവരുടെ ഇടയി-ലാണ് ഉത്ഭവിച്ചതു്. ആഫ്രിക്കയുടെ വടക്കേ ഭാഗങ്ങ-ളിലും ഇവർ അനേകകാലം കുടിയേറി പാർത്തിട്ടുണ്ടു്.

ചൈന, ബർമ്മ, ജപ്പാൻ, കൊച്ചിൻചൈന മുത-ലായ രാജ്യങ്ങളിലും, അവയ്ക്കടുത്ത പ്രദേശങ്ങളിലുമാണ് മങ്ഗോളിയന്മാരെ അധികമായി കാണുന്നതു്. ലോകചരി-ത്രത്തിൽ, ആദ്യമായി വീടുകെട്ടിപ്പാർത്തും, സമാധാനരക്ഷയ്ക്കു വേണ്ടി നിയമങ്ങൾ ഏർപ്പെടുത്തിയും, ഭാഷയേയും സാഹി-ത്യത്തേയും പോഷിപ്പിച്ചും പരിഷ്കൃതരീതിയിൽ ജീവിച്ചു വന്നവർ ഇവരാണ്. ഒരു കാലത്തു് ഇവർ യൂറോപ്പിൽ കൂടി വ്യാപിച്ചിരുന്നതായി കേൾവിയുണ്ടു്. ഓരോ പുതിയ സമുദായക്കാരുടെ ആവിർഭാവം, കണ്ടു പിടിക്കുവാൻ കൂടി വിഷമമേറിയ പല മൂലകളിലേയ്ക്കും ഇക്കൂട്ടരെ തുരത്തിക്ക-ളഞ്ഞു. യൂറോപ്പിൻെറ വടക്കുപടിഞ്ഞാറുള്ള പ്രദേശങ്ങ-ളിലേ "ഫിൻസു" എന്നു പറയുന്ന സമുദായക്കാരും, "ബാ-സ്ക്കു്" എന്ന പേരോടുകൂടി പിരണീസ് പർവ്വതങ്ങളിൽ താമസിക്കുന്നവരും, അവരോടു ചാർച്ചയുള്ള അനേകം ശാ-ഖക്കാരും ഇക്കൂട്ടത്തിൽ ചേർന്നവരാണെന്നു വിചാരിച്ചുപോ-രുന്നു. തെക്കേ ഇന്ത്യയിലെ ആളുകൾ ഈ വർഗ്ഗക്കാരാ-യിട്ടാണ് ഗണിക്കപ്പെട്ടിരിക്കുന്നതു്. ആഫ്രിക്കയുടെ കിഴക്കേ-ക്കരയിലും, ആസ്ത്രേലിയാ മുതലായ ദ്വീപുകളിലുമുള്ളവരും ഇക്കൂട്ടരുടെ അവശിഷ്ടങ്ങൾ തന്നെയെന്നാണ് കേൾവി.

ഇവക്കു പുറമെ, ആഫ്രിക്കയിലെ കാപ്പിരികൾ, അമേരിക്കയിലെ ചുവന്ന മനുഷ്യർ എന്നിങ്ങനെ പല സമുദായക്കാരും ഒരു ക്ലിപ്തവർഗ്ഗത്തിലും പെടാതെ കിടപ്പുണ്ടു്. അവർ സമുദായസ്ഥിതിയിൽ ഇതുവരെ ഗണനീയമായ ഒരു നിലയിലും എത്തിയിട്ടില്ല.

മനുഷ്യവർഗ്ഗങ്ങളുടെ വ്യത്യാസം നിർണ്ണയിക്കുന്നതു് വർണ്ണം, തലമുടിയുടെ സ്വഭാവം, ശരീരത്തിന്റെ വലിപ്പം, അവയവങ്ങളുടെ ഘടന, മുഖത്തിന്റെയും കപോലാസ്ഥിയുടെയും കെട്ടുപാടു എന്നിവകൊണ്ടാണു്. ഈ ലക്ഷണങ്ങളെക്കൊണ്ടു് ഓരോ വർഗ്ഗക്കാരേയും ക്ലേശിച്ചിട്ടെങ്കിലും, ഒരു വിധത്തിൽ തിരിച്ചറിയാവുന്നതാണു്. കക്കേഷ്യൻവർഗ്ഗത്തിലുൾപ്പെട്ട വെള്ളക്കാരുടെ, അല്ലെങ്കിൽ, ആര്യന്മാരുടെ ലക്ഷണങ്ങൾ ചെമ്പിച്ചോ ചുരുണ്ടോ ഉള്ള തലമുടി, വെളുത്തനിറം, നീണ്ടുയൎന്ന നാസിക, കുററമററ മുഖാകൃതി എന്നിവയാകുന്നു. രണ്ടാമത്തെ വർഗ്ഗത്തിലുൾപ്പെട്ട മങ്ഗോളിയന്മാർ നീണ്ടതും മിനുസമില്ലാത്തതും കറുത്തതുമായ തലമുടി, പ്രകാശമില്ലാത്ത മഞ്ഞനിറം, ഉന്തിയ കപോലാസ്ഥികൾ, കറുത്തു ചെറുതായോ അല്പം കുഴിഞ്ഞു കോണിച്ചോ ഉള്ള കണ്ണുകൾ എന്നീ ലക്ഷണങ്ങളോടുകൂടിയവരാകുന്നു. മൂന്നാമത്തെ വർഗ്ഗക്കാരായ കറുത്ത മനുഷ്യരെ—കറുത്തമുടി, കറുത്തനിറം, വിരിഞ്ഞു ചപ്പിയ മൂക്കു്, തടിച്ചു് ഉന്തിനില്ക്കുന്ന അധരങ്ങളും ഹനുക്കളും, ഏകദേശം മഞ്ഞയായി ശുക്ലമണ്ഡലത്തോടുകൂടി ഉന്നതങ്ങളും പ്രകാശമാനങ്ങളുമായ നേത്രങ്ങൾ എന്നീ ലക്ഷണങ്ങളെക്കൊണ്ടു തിരിച്ചറിയാം.

വർഗ്ഗങ്ങളുടെ സമ്മിശ്രണംകൊണ്ടു് ഈ ലക്ഷണങ്ങൾക്കു് ഏറെക്കുറെ ഭേദം വന്നിട്ടുണ്ടെന്നു മാത്രമല്ല, ഉപവർഗ്ഗങ്ങളും ബഹുലങ്ങളായിത്തീർന്നിട്ടുണ്ടു്. ഓരോ പ്രധാനവർഗ്ഗ-

ത്തിന്നും, ഉപവൎഗ്ഗത്തിന്നും നവങ്ങളായ കാലദേശാവസ്ഥകളോടുള്ള സങ്ഗമംകൊണ്ടു് കാലാന്തരത്തിൽ ആകാരഭേദങ്ങൾ ഉണ്ടായി. ഈ വിധമുള്ള പരിവൃത്തികൾകൊണ്ടു് സൂക്ഷ്മമായി വൎഗ്ഗനിൎണ്ണയം ചെയ്യാനുള്ള പ്രയാസവും വൎദ്ധിച്ചു. എന്തുതന്നെ ആയാലും, വൎഗ്ഗസമുച്ചയത്തിൽ ഇപ്പോൾ ശ്രേഷ്ഠന്മാരെന്നു ഗണിച്ചുപോരുന്ന ആൎയ്യന്മാരും ഒരു കാലത്തു് മൃഗങ്ങളുടെ തുകലുടുത്തു് കാടുകളിൽ സഞ്ചരിച്ചുവന്നവർ തന്നെയാണു്. ഇപ്പോൾ നീചവൎഗ്ഗക്കാരായി വിചാരിക്കുന്നവരും, ഈ ആൎയ്യന്മാരും ഒരേ വൎഗ്ഗത്തിൽനിന്നു ഭിന്നിച്ചു ശാഖക്കാരായിരിക്കാം എന്നു് ഭാഷാഭിജ്ഞന്മാർ തെളിവുകൾ തരുന്നു.

---

പാഠം ൩൨.

## സ്വരാജ്യസ്നേഹം.

സ്വരാജ്യസ്നേഹം എന്ന വാക്കിന്റെ പൊതുവേ ഉള്ള അൎത്ഥം ഒരുവനു് തന്റെ രാജ്യത്തെ, അഥവാ, ജന്മഭൂമിയെ കുറിച്ചു തോന്നുന്ന സ്നേഹം എന്നാകുന്നു. എന്നാൽ, ഈ വിവരണംകൊണ്ടു മാത്രം ആ പദത്തിന്റെ വ്യാപ്തി സമഗ്രമാകുന്നില്ല. എന്തെന്നാൽ, സ്വന്തരാജ്യത്തെക്കുറിച്ചുള്ള സ്നേഹം മാത്രമാണു് സ്വരാജ്യസ്നേഹം എന്നു വിചാരിക്കുന്ന പക്ഷം, സ്ഥിരമായി ഒരു രാജ്യത്തിൽത്തന്നെ പാൎക്കാതെ ജീവപൎയ്യന്തം കന്നുകാലികളെ ഉപചരിക്കുന്നതിൽ ബദ്ധശ്രദ്ധരായി ദേശംതോറും അലഞ്ഞു നടക്കുന്ന ഒരുതരം പശുപാലകന്മാർ സ്വദേശാനുരാഗികളല്ലെന്നു വരും. എന്നാൽ, യഥാൎത്ഥത്തിൽ അവൎക്കും സ്വരാജ്യസ്നേഹം ഉണ്ടു്. അവർ പാരമ്പൎയ്യകഥകളെയും പൂൎവികന്മാരെയും സ്വവൎഗ്ഗശ്രേയസ്സിനെയും കുറിച്ചു് വളരെ ആദരം കാണിക്കുന്നുണ്ടു്.

അപ്രകാരം തന്നെ, ന്യൂസീലണ്ടിൽ ജനിച്ചുവളരുന്ന ഒരു ബ്രിട്ടൻകാരൻ ഇംഗ്ലണ്ടിനെ ഒരിക്കൽപോലും കണ്ടിട്ടില്ലെങ്കിലും, യഥാൎത്ഥത്തിൽ സ്വദേശാഭിമാനിയായ ഒരു ഇംഗ്ലീഷുകാരനായിട്ടാണ് അവൻെറ നില.

സ്വരാജ്യസ്നേഹം അശിക്ഷിതജ്ഞാനത്തേയോ വിചാരണാശക്തിയേയോ അവലംബിച്ചിരിക്കാം. ഇവയിൽ ആദ്യത്തേതിന് ഉദാഹരണമായി മുൻപറഞ്ഞ പശുപാലകന്മാരുടെ സ്വരാജ്യസ്നേഹത്തെ സ്വീകരിക്കാവുന്നതാണ്. എന്തെന്നാൽ, അവൎക്ക് അപ്രകാരമൊരു സ്നേഹമുണ്ടെന്നല്ലാതെ, അതുണ്ടാകാനുള്ള ഹേതു എന്തെന്ന് അറിഞ്ഞുകൂടാ. രണ്ടാമത്തെ വിധത്തിലുള്ള സ്വരാജ്യസ്നേഹം അപ്രകാരം അടിസ്ഥാനമില്ലാത്തതല്ല. അതു, പണ്ടുപണ്ടേ സ്വവൎഗ്ഗക്കാൎക്ക പൊതുവായി സിദ്ധിച്ചിട്ടുള്ള ശാശ്വതസമ്പത്തിൽ താനും ഒരവകാശിയാണെന്നുള്ള ബോധത്തെയും, സ്വവൎഗ്ഗക്കാൎക്ക് ഏറ്റപ്പെട്ടുത്തീട്ടുള്ള ആചാരങ്ങളെയും സ്ഥാപനങ്ങളെയും അടിസ്ഥാനമാക്കി ഉത്ഭവിക്കുന്നതാകുന്നു.

പരിഷ്കൃതബുദ്ധിയായ ഒരുവൻെറ ഉള്ളിൽ ഈ വിധം ഉണ്ടാകുന്ന സ്വരാജ്യസ്നേഹത്തെ, പൊതുവായ ഗുണകാൎയ്യങ്ങളിൽ തൻെറ പ്രത്യേകമായുള്ള ക്ഷേമവും അടങ്ങിയിരിക്കുന്നു എന്നും, സ്വരാജ്യഭരണവിഷയത്തിൽ തനിക്കും ഒരു അവകാശം ഉണ്ടെന്നും ഉള്ള ബോധം ദൃഢീകരിക്കുന്നു. അതു് ഇംഗ്ലണ്ടിലേ ജനങ്ങളിൽ ഉണ്ടായിരിക്കുന്നതുപോലെ തന്നെ, ബ്രിട്ടീഷ് സാമ്രാജ്യത്തിലുൾപ്പെട്ട ഇന്ത്യയെ അധിവസിക്കുന്ന ഹിന്തുക്കളുടെയും മഹമ്മദീയരുടെയും ഹൃദയങ്ങളിൽ ഉത്ഭവിച്ചിരിക്കുന്നതും ഉത്ഭവിക്കാവുന്നതും ആകുന്നു.

വാസ്തവത്തിലുള്ളതും, അവാസ്തവത്തിലുള്ളതുമായി രണ്ടു വിധം സ്വരാജ്യസ്നേഹമുണ്ടു്. അവാസ്തവമായ സ്വരാജ്യസ്നേഹമുള്ളവൻ തൻെറ രാജ്യത്തിലെ ധനപുഷ്ടിയെയും

ശക്തിയെയും അനാവശ്യമായും സീമാതീതമായും പുകഴ്ത്തു-കയും, അന്യരാജ്യക്കാരുടെ കാര്യങ്ങളിൽ വലിയേ ചെന്നു് ഇടപെടുകയും, വിസ്തീർണ്ണതയിലും ബലത്തിലും തന്റെ രാജ്യത്തേക്കാൾ.തുലോം ചെറുതായ രാജ്യത്തിലെ ജനങ്ങളെ അവജ്ഞ ചെയ്കയും ചെയ്യുന്നു. യഥാർത്ഥസ്വദേശാനുരാഗി-യാകട്ടേ,— "അന്യൻ തന്നോടു് എങ്ങനെ വർത്തിക്കണമെന്നു നീ ഇച്ഛിക്കുന്നുവോ അതുപോലെ തന്നെ നീ അവനോടും വർത്തിക്കണം" എന്നുള്ള മഹദ്വാക്യത്തെ ഒരിക്കലും മറക്കു-ന്നില്ല; അവൻ അന്യരാജ്യക്കാർക്കും തന്നേപ്പോലെ സ്വരാജ്യ-ത്തേക്കുറിച്ചു് സ്നേഹബഹുമാനങ്ങൾ തോന്നുമെന്നും, അതി-നാൽ അവരുടെ ആ സ്നേഹാദരങ്ങളെ ഒരിക്കലും പുച്ഛിക്ക-രുതെന്നും സദാ ഓക്കുന്നു.

"ഒരു രാജ്യത്തേക്കുറിച്ചുള്ള സ്നേഹം" എന്ന വാക്കിൽ ആ രാജ്യത്തിന്റെ ക്ഷേമത്തേക്കുറിച്ചുള്ള കാംക്ഷ എന്ന അർത്ഥം സദാ അന്തർഭൂതമായിരിക്കുന്നു. ഈ കാംക്ഷ ഒരു സ്വദേ-ശാനുരാഗിയുടെ ഉള്ളിൽ, അവന്റെ രാജ്യത്തിന് ആഭ്യന്ത-രമായോ ബാഹ്യമായോ ഉണ്ടാകുന്ന കലഹങ്ങളാൽ പ്രബു-ദ്ധമായിത്തീരുന്നു. ഇംഗ്ലണ്ടുചരിത്രത്തിലെ ജാൺരാജാവി-നോടെതിൎത്ത പ്രഭുക്കന്മാരുടെയും, ചാറത്സ് ഒന്നാമനോടു് ഇടഞ്ഞ ലാങ് പാർലിമെണ്ടിന്റെയും കൃത്യങ്ങൾ ആഭ്യന്തര-കലഹങ്ങളാൽ ഉത്ഭൂതമാകുന്ന സ്വദേശസ്നേഹത്തിന് ഉത്ത-മദൃഷ്ടാന്തങ്ങളാകുന്നു.

സ്വരാജ്യസ്നേഹം മിക്കപ്പോഴും ബാഹ്യകലഹങ്ങളാൽ പ്രബുദ്ധമാകുന്നു. മറ്റു കാരണങ്ങളാൽ പരസ്പരം ഐകമ-ത്യമില്ലാത്തവരായിരുന്ന ഫ്രഞ്ചുകാർ ജോവാൻ ആഫ് ആൿ എന്ന സജാതീയയുവതിയോടു ചേൎന്നു ഇംഗ്ലീഷുകാരെ എതിൎത്ത പ്രസിദ്ധചരിത്രസംഭവം ഇതിനൊരു നല്ല ദൃഷ്ടാ-ന്തമാകുന്നു. അതിന്മണ്ണം തന്നെ, സ്പെയിൻകാരുടെ പ്രസി-

ധനാധികബലമായ സ്പാനിഷ് ആർമഡയെ തോല്പിക്കുന്നതിനായി ഇംഗ്ലീഷുകാർ ഏകോപിച്ചു പ്രശംസാർഹമായവിധം നടത്തിയ ധീരകൃത്യങ്ങളും ബാഹ്യകലഹങ്ങളാൽ ഉണ്ടാകുന്ന സ്വരാജ്യസ്നേഹത്തെ വ്യക്തമായി കാണിക്കുന്നു.

സ്വരാജ്യസ്നേഹം എല്ലാവൎക്കും ഉണ്ടായിരിക്കേണ്ട മഹത്തായ ഒരു ഗുണമാണ്. ഈ ഗുണമത്രേ മറ്റെല്ലാ ഗുണങ്ങളുടേയും ഉല്പത്തിയ്ക്കു് ഹേതുഭൂതം. എന്തെന്നാൽ, സ്വരാജ്യസ്നേഹം ഒരുവനെ സദാ സദ്വൃത്തനായിരിക്കുന്നതിനു പ്രേരിപ്പിക്കയും, ഈ പ്രേരണനിമിത്തം അവൻ സ്വരാജ്യത്തിന്റെ പൊതുവേയുള്ള നന്മകൾക്കായി നിരന്തരം ശ്രമിക്കയും ചെയ്യുമെന്നുള്ളതിനാൽ, അവനിൽ അചിരേണ അനേകം സൽഗുണങ്ങൾ ഉണ്ടാകാൻ ഇടയുണ്ടു്. നേരേ മറിച്ചു്, സ്വരാജ്യസ്നേഹമില്ലാത്ത ഒരുവനിൽ മറ്റൊരു ഗുണവും ഉണ്ടായിരിക്കാൻ തരമില്ല; അഥവാ വല്ല ഗുണങ്ങളും ഉണ്ടായിരുന്നാൽ തന്നെയും, അവ കാലാന്തരത്തിൽ അവനിൽനിന്നു വേർപെട്ടുപോകാനേ ഇടയുള്ളു. അങ്ങനെയുള്ളവൻ ഗുണശൂന്യനെന്നു മാത്രമല്ല, വാസ്തവത്തിൽ കൃതഘ്നനുമാകുന്നു. സ്വരാജ്യസ്നേഹമില്ലാത്തവനെപ്പററി പ്രസിദ്ധകവി (അല്ലെങ്കിൽ) ആഖ്യായികാകാരൻ ആയ സർ വാൾട്ടർ സ്കാട്ട് ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"എൻ നാടിതെന്നൊരഭിമാനലവം മനസ്സിൽ
തോന്നാത്ത മന്ദമതിയാം നരനാരു ഭൂമൗ?
തൻനാട്ടിലേയ്ക്കു പദമൊന്നു തിരിച്ചുവാരാനന്ദാബ്ധി തന്നിൽ മുഴുകാത്തവനാരു ലോകേ?

"ഈവണ്ണമുള്ളൊരു നരാധമനൂഴി തന്നിൽ
മേവുന്നുവെങ്കിലവനോ ബഹുനിന്ദ്യനത്രേ.

പോകുന്നു ചെന്നവനെ നോക്കിയറിഞ്ഞുകൊൾകി-
ന്നാരാകിലും ബഹുമതിക്കുവനൎഹനാകാ.

"സ്ഥാനങ്ങൾകൊണ്ടുമളവററ യശസ്സുകൊണ്ടും
മാനം കവിഞ്ഞ ധനധാന്യസമൃദ്ധികൊണ്ടും
താനങ്ങുയൎന്ന പദമാൎന്നു വസിക്കിലും, സ-
മ്മാനിക്കയില്ലവനെ ലോകരിലാരുമൊട്ടും.
"സ്വാൎത്ഥത്തിൽ മുങ്ങി മദമാൎന്നൊരു മൎത്ത്യകീടം
പാൎത്താലിവൻ, വിഫലമാണിവനുള്ള ജന്മം.
പാൎത്തട്ടിനേറ്റമൊരു ഭാരമിവൻ, ജളൻ; സൽ-
ക്കീൎത്തികൾ പിന്നെയിവനെന്തവകാശമുള്ളു.

"ചത്താലുമെന്തിഹ നൃണാമിവനൂഴി തന്നിൽ
ചത്തോണമിങ്ങു ശതവൎഷമിരിക്കിലെന്തേ?
'ദ്വിത്വം' മൃതിക്കിതു നിമിത്തമെഴുന്നു, നീച-
മൃത്തിന്നുദിച്ചു തനു മൃത്തിലലിഞ്ഞിടുന്നു.

"നോക്കുന്നതാരിവനെ മൃത്യു വരും ദശായാ-
മോൎക്കുന്നതാരിവനെ മണ്ണിനടിയ്ക്കു പോയാൽ,
വാഴ്ത്തുന്നതാരിവനെ മേലിലുദാരബുദ്ധ്യാ,
വീഴ്ത്തുന്നതാരിവനിലശ്രുകണം കവോഷ്ണം?"

അതിനാൽ, ഇപ്രകാരം സ്വരാജ്യസ്നേഹമില്ലാത്തവരായി തീരാതിരിപ്പാൻ എല്ലാവൎക്കും ബാല്യത്തിൽ തന്നെ കരുതൽ വേണ്ടതാകുന്നു. ഈ കരുതലും ശ്രദ്ധയും സ്വരാജ്യസ്നേഹത്തിന്റെ ഉല്പത്തിക്കു നിദാനങ്ങളാകുന്നു.

[library stamp]

[illegible]൦൦ാം നം.

## ലോകസമ്രാട്ടുകൾ (ഒന്നാം ഭാഗം).

ആദ്യകാലങ്ങളിൽ ശക്തിയേറിയ സമുദായങ്ങൾ ബലം കുറഞ്ഞവയെ കീഴടക്കി സ്വാധികാരം പ്രബലപ്പെടുത്തിപ്പോന്നിരുന്നു. പല സമുദായങ്ങളും തമ്മിൽ ഇപ്രകാരമുണ്ടായ സംപൎക്കംകൊണ്ടു് ചില രാജ്യങ്ങളിൽ സമാധാനരക്ഷയും നാഗരികത്വവും ക്രമേണ വൎദ്ധിക്കുന്നതിനിടയായി. ഗതാഗതത്തിനുള്ള സൗകൎയ്യക്കുറവുകൊണ്ടു് ഭൂമിയുടെ ആകൃതിയെപ്പററി എന്നുവേണ്ട, അടുത്തു പരിചയമുള്ള പ്രദേശങ്ങൾ ഒഴികെ മററൊന്നിനെപ്പററിയും അറിവും അന്നുണ്ടായിരുന്നില്ല. അതുകൊണ്ടു് ഇപ്രകാരം പ്രാബല്യത്തിൽ എത്തിയ സമുദായങ്ങൾ അതാതു ദേശക്കാൎക്ക സമ്രാട്ടായി തോന്നിയിരുന്നു. ഇങ്ങനെ പുരാതനകാലങ്ങളിൽ പ്രസിദ്ധികേട്ടതായി ചൈനാ, ചാൽഡിയാ, ഈജിപ്തു്, അസിറിയാ, ബാബിലോണിയാ, പെൎഷ്യാ എന്നിങ്ങനെ പല സംസ്ഥാനങ്ങളും ഉണ്ടായിരുന്നു.

പ്രബലരായ രണ്ടു പ്രഭുശക്തികൾ അടുത്തടുത്തു വരുമ്പോൾ, അവൎക്ക തമ്മിൽ ഇടവിടാതെ ഉണ്ടായിക്കൊണ്ടിരുന്ന മത്സരത്തിൽ ഒരു കക്ഷിക്കു തോലി പിണഞ്ഞാൽ, ആ കക്ഷി ജയിച്ച കക്ഷിയുടെ മേൽകോയ്മയ്ക്കു കീഴടങ്ങുകയേ തരമുണ്ടായിരുന്നുള്ളു.

സാധാരണമായി ഇങ്ങനെയാണ് സാമ്രാജ്യങ്ങൾ ഉത്ഭവിക്കുന്നതു്. ഈ രീതിയനുസരിച്ചു് ഈജിപ്തു് അസിറിയായോടും, അസിറിയാ ബാബിലോണിയായോടും, ബാബിലോണിയാ പെൎഷ്യായോടും മത്സരിച്ചു്, സൎവ്വപ്രകാരേണയും അധഃപതിക്കുന്നതിനിടയായി. പെൎഷ്യാ അവസാനകാലത്തു യൂറോപ്പിലെ പരിഷ്കൃതസമുദായങ്ങളിൽ വെച്ചു്

ഏററവും പുരാതനവും പ്രബലവുമായ ഗ്രീസിനോടാണ് ഏററണഞ്ഞത്. ഏകദേശം രണ്ടായിരത്തഞ്ഞൂറു സംവത്സരങ്ങൾക്കു മുമ്പ് യൂറോപ്പിലേ രാജ്യക്കാരെ അപേക്ഷിച്ച്, നാഗരികത്വത്തിലും, ആത്മബോധത്തിലും, തത്വജ്ഞാനത്തിലും പ്രശസ്തമായ ഉൽക്കൎഷം സമ്പാദിച്ചവരായിരുന്നു ഗ്രീക്കുകാർ. അവരുടെ സംസ്ഥാനങ്ങൾ ഒററയൊററ നഗരങ്ങളായിരുന്നു എങ്കിലും, അവരിൽ ഓരോരുത്തരും വാശിയും സ്വരാജ്യസ്നേഹവുംകൊണ്ടു് അതിപ്രബലരായി തീൎന്നിരുന്നു. കച്ചവടത്തിനായി പല പ്രദേശത്തിലും സഞ്ചരിച്ച്, അവർ യൂറോപ്പിന്റെ ദക്ഷിണതീരം മുഴുവൻ വ്യാപിച്ച്, ഉപനിവേശങ്ങൾ സ്ഥാപിച്ച്, കുടികേറിപ്പാൎത്തു. ഇങ്ങനെ പ്രതാപമുണ്ടായ കാലങ്ങൾക്കിടയിലാണ് പെൎഷ്യാ അവരോടെതിൎത്തതും മടങ്ങിവന്നതും. അചിരേണ ഗ്രീക്കുകാരുടെ ഇടയിലും അന്തഃഛിദ്രം മുഴുത്ത്, അവർ മാസിഡോണിയായിലേ രാജാവായ ഫിലിപ്പിനും, അദ്ദേഹത്തിന്റെ മകനായ അലക്സാണ്ഡൎക്കും കീഴടങ്ങി. ഗ്രീസ് അലക്സാണ്ഡരുടെ ആധിപത്യകാലത്തു പെൎഷ്യായെ നാമാവശേഷമാക്കിത്തീൎക്കയും ചെയ്തു.

അലക്സാണ്ഡരുടെ മരണത്തോടു കൂടി പെൎഷ്യാ, ഗ്രീസ്, ഈജിപ്ത് എന്നീ മൂന്നു സാമ്രാജ്യങ്ങളും അവയ്ക്കു സ്വാധീനങ്ങളായിരുന്ന മററു ദേശങ്ങളും ഓരോരുത്തർ അപഹരിച്ചു. ഇക്കൂട്ടർ കൗശലങ്ങളും തന്ത്രങ്ങളും പ്രയോഗിച്ച് അന്യോന്യം ക്ലേശിപ്പിച്ചുപോന്നു. ഇവരെ കീഴടക്കിയത് ഇററലിയിലേ റോം എന്ന വിശ്വവിശ്രുതമായ മഹച്ഛക്തിയാണ്. റോം തന്റെ പൗരന്മാരുടെ ധനപുഷ്ടിയും, നയോപായവും, ഭരണവൈദഗ്ദ്ധ്യവും, അനുസരണശീലവുംകൊണ്ടു് ആദ്യം കുറേശ്ശക്കുറേശ്ശ ആയി ഇററലി മുഴുവനും, പിന്നീടു സ്പെയിൻ, ആഫ്രിക്കയിലെ ഉത്തരതീരങ്ങൾ, ഗ്രീസ്, ഏഷ്യാമൈനർ

ഈജിപ്ത്, ഫ്രാൻസ്, ബ്രിട്ടൻ എന്നീ രാജ്യങ്ങളിലും വ്യാപിച്ച് ഊർജ്ജസ്വലമായ ഒരു ശക്തി സ്ഥാപിച്ചു. റയിൻ, ഡാന്യൂബ് എന്ന രണ്ടു നദികൾക്ക കിഴക്കും, യൂഫ്രെട്ടീസ് ടൈഗ്രീസ് എന്ന നദികൾക്ക പടിഞ്ഞാറും, സഹാറാമണൽക്കാടിനു വടക്കും, അററ്ലാൻറിക്ക് മഹാസമുദ്രത്തിൽ ബ്രിട്ടൻ ഉൾപ്പെടെ കിഴക്കും ഉള്ള സകല ദേശങ്ങളും അവരുടെ കീഴിലായി. നാലഞ്ചു ശതവൎഷങ്ങൾ ആ സാമ്രാജ്യം അഖണ്ഡമായ പ്രഭാവത്തോടേ നിലനിന്നു. പിന്നീട് അതിൻെറ പശ്ചിമാൎദ്ധം ട്യൂട്ടാണിക്ക് വംശക്കാരായ അസംഖ്യം പുരാതനസമുദായക്കാരാൽ ആക്രാന്തമായി. കിഴക്കേ അൎദ്ധം ആയിരത്തോളം കൊല്ലം കൂടി, നിലനിന്നു എന്നു പറവാൻ മാത്രം, ശേഷിച്ചു. വടക്കും പടിഞ്ഞാറും ഭാഗങ്ങൾ സ്ലാവാണിക്ക് വംശക്കാരും, തെക്കും കിഴക്കും ഭാഗങ്ങൾ പാർതിയന്മാർ, പെർഷ്യന്മാർ, അറബികൾ എന്നീ മൂന്നു കൂട്ടരും ഇടവിടാതെ പീഡിപ്പിച്ചുവന്നു. ഇങ്ങനെ ആ സാമ്രാജ്യം നാൾക്കുനാൾ ശോഷിച്ചു, ഒടുവിൽ ശേഷിച്ച തലസ്ഥാനമായ കാൺസ്റ്റാൻറിനോപ്പിൾപോലും തുൎക്കികൾക്ക കീഴടങ്ങിയതോടു കൂടി റോമൻസാമ്രാജ്യത്തിൻെറ കഥ അവസാനിച്ചു.

ലോകം മുഴുവൻ ഒരു പ്രബലശക്തിക്ക കീഴടങ്ങിയിരിക്കണമെന്നുള്ള കരുതലാണ് സാമ്രാജ്യസ്ഥാപനങ്ങൾക്ക മനുഷ്യരെ പ്രേരിപ്പിച്ചുവരുന്നത്. ആ ലോകം എത്ര ചെറുതായിരുന്നാലും, അധികാരം ഒന്നേ പാടുള്ളൂ എന്നതിൽ എല്ലാവൎക്കും ഒരുപോലെ നിഷ്കൎഷയുണ്ടായിരുന്നു. റോമൻസാമ്രാജ്യം പടിഞ്ഞാറേഭാഗങ്ങളിൽ നാമാവശേഷമായും, കിഴക്കേഭാഗത്തു ക്ഷയോന്മുഖമായും ഇരുന്ന അവസരത്തിൽ സമ്രാട് സ്ഥാനലാഭത്തിന് രണ്ടു വൎഗ്ഗക്കാർ അടിസ്ഥാനമുറപ്പിച്ചുപോന്നിരുന്നു. ട്യൂട്ടാണിക്കവംശക്കാർ കയറിപ്പാർത്ത എല്ലാ

ഇടങ്ങളിലും കൈയ്യുക്കിൻെറയും ആൾസ്വാധീനത്തിൻെറയും ന്യൂനാധികഭാഗത്തെ ആശ്രയിച്ച് പ്രബലങ്ങളായ ഓരോ രാജ്യങ്ങൾ ഉത്ഭവിച്ചതിൽ ഒന്ന് ഫ്രാൻസ് സാമ്രാജ്യമായിരുന്നു. മറെറാന്നു ക്രിസ്തുദേവൻെറ പ്രതിനിധിയായി റോമിൽ വാണിരുന്ന മാർപാപ്പാമാൎക്ക് കീഴടങ്ങിയ സാമ്രാജ്യവുമായിരുന്നു. നാലാം ശതാബ്ദം തുടങ്ങി ക്രിസ്തുമതം ക്രമേണ പ്രചാരത്തിൽ വന്നു. സൎവ്വദാ ആദരിക്കത്തക്ക നിലയിൽ എത്തിയിരുന്നതുകൊണ്ടു് ഫ്രാൻകുരാജാവിനുള്ളതിനേക്കാൾ വ്യാപ്തി കൂടിയ ഒരു സാമ്രാജ്യവും, ഉൽകൃഷ്ടമായ ഒരു അധികാരവും മാർപാപ്പാ അവൎകൾക്കു സ്വാധീനമായിരുന്നു. എങ്കിലും, അവ കക്ഷിവഴക്കുകൊണ്ടും, കുത്സിതവൃത്തന്മാരായ പരിപന്ഥികളെക്കൊണ്ടും തൽക്കാലം ക്ഷീണിച്ചിരുന്നതിനാൽ, ഫ്രാൻകുരാജാവായ ചാറത്സിനെ ചക്രവൎത്തിയാക്കി വാഴിക്കുന്നതിനു മാർപ്പാപ്പായും സമ്മതിച്ചു.

താമസിയാതെ തന്നെ സാമ്രാജ്യശ്രീ ഫ്രാങ്കുകാരെ ഉപേക്ഷിച്ചു് ജൎമ്മൻകാരുടെ പക്ഷത്തിൽ ചേൎന്നു. കുറേക്കാലത്തിൽ ഫ്രാൻസിൽ വലിയ കലാപവും, അകമേയും പുറമേയും വലിയ ശത്രുപീഡയും ഉണ്ടായി. ജൎമ്മൻകാർ അന്തഃഛിദ്രം ഒതുക്കിയും, പുറമേനിന്നും വന്നുകൊണ്ടിരുന്ന സ്ലാവാണിക്കുവംശക്കാരെ തടഞ്ഞുനിറുത്തിയും ഏതാനും കാലം പ്രഭുശക്തി നടത്തിക്കൊണ്ടുപോന്നു. ഫ്രാൻസ്, ഇംഗ്ലാണ്ടു്, സ്പെയിൻ, പോൎട്ടുഗൽ, ഇററലി, സ്കാൻഡിനേവിയാ മുതലായ രാജ്യങ്ങളിലും ജൎമ്മൻസമ്രാട്ടിൻെറ അധികാരം ചെലുത്താമെന്നായിരുന്നു അന്നത്തെ സങ്കല്പം; എന്നാൽ മുമ്പു് ക്ഷീണദശയിൽ ഇരുന്ന് മാർപാപ്പായുടെ സഹായത്തോടു കൂടി ശക്തിമത്തായിത്തീൎന്ന ആ സാമ്രാജ്യം ക്രമേണ മാർപാപ്പായുമായിത്തന്നെ സമ്രാട്പദത്തിനു ഘോരമായ പോരാട്ടം തുടങ്ങുകയാണു് ചെയ്തതു്.

ചക്രവൎത്തിയും മാർപാപ്പായും കൂടി നടന്ന കലഹത്തിൽ മാർപാപ്പാ തന്നെയാണ് മിക്കവാറും ജയിച്ചുനിന്നതു്. പള്ളിവക സ്ഥാപനങ്ങൾ രാജ്യാധികാരികൾക്കു തുല്യമായ പ്രൗഢിയോടും പിൻബലത്തോടും ഓരോ രാജ്യത്തിലും ഉണ്ടായിരുന്നതിനു പുറമേ, നവീനമായി പരിഷ്കാരദശയിൽ പ്രവേശിച്ച സ്ലാവാണിക്ക് വംശക്കാരുടെ ഇടയിൽ മാർപാപ്പായെക്കുറിച്ചു് ബഹുമാനവും അസാമാന്യമായിരുന്നു. എന്നാൽ, മുമ്പു പ്രസ്താവിച്ച നീതി അനുസരിച്ചു് ജനങ്ങൾ ചക്രവൎത്തിയുടെ ശക്തി ക്ഷയിപ്പിച്ചു് ആ അധികാരം കേവലം നാമാവശേഷമാക്കിയതിനു ശേഷം, ഏറെത്താമസിയാതെ മാർപാപ്പായുടെ അധികാരത്തെയും ധ്വംസിച്ചു.

---

പാഠം ൩൮.

## ലോകസമ്രാട്ടുകൾ (രണ്ടാം ഭാഗം).

പതിനാലാം ശതവൎഷത്തിന്റെ ആരംഭത്തിൽ തന്നെ ഇത്രയും കഴിഞ്ഞു. പിന്നീട് ഓരോ മഹാജനങ്ങളുടെ സ്ഥിരമായ രാജ്യസ്ഥാപനങ്ങൾ പല ഇടങ്ങളിലും ഉണ്ടായി. ഈ ശ്രമങ്ങൾക്കിടയിൽ അവർ തമ്മിലുള്ള വഴക്കുകൾ തന്നെയാണ് പ്രബലമായിത്തീൎന്നതു്. ഇംഗ്ലീഷുകാർ, ഫ്രെഞ്ചുകാർ, സ്പെയിൻകാർ എന്ന മൂന്നു പ്രമാണികളാണ് ഇവരിൽ പ്രബലന്മാരായി ഭവിച്ചതു്. ഇക്കാലത്തു് ചക്രവൎത്തിയെയും മാർപാപ്പായെയും കുറേക്കാലത്തേയ്ക്കു് ആരും തന്നെ വകവെച്ചില്ല. എന്നു തന്നെയല്ല, ഏറെക്കഴിയുന്നതിനു മുമ്പ് മാർപാപ്പായുടെ അധികാരത്തെയും അതിന്റെ അസംഗതമായ വ്യാപ്തിയെയും അധിക്ഷേപിച്ചു് ഓരോ രാജ്യത്തും പ്രബലമായ വഴക്കുകൾ തുടങ്ങി. എങ്കിലും, അക്കാലത്തു് ചക്രവൎത്തിയുടെ അധികാരം ജൎമ്മനി, ഇററലി, ആ

സ്ത്രിയാ മുതലായ രാജ്യങ്ങളിൽ നാമാവശേഷമായിരുന്നതു പോയി, ചാറത്സ് അഞ്ചാമന്റെ കാലത്തു് സ്പെയിൻ അമേരിക്കാ മുതലായ പ്രദേശങ്ങളിൽകൂടി വ്യാപിച്ചുതുടങ്ങി. ഫ്രാൻസും ഇംഗ്ലണ്ടും ഓരോ വംശജന്മാരായ രാജാക്കന്മാരുടെ കീഴിൽ അഭൂതപൂർവ്വമായ ശ്രേയസ്സിലും എത്തി.

ഇക്കാലത്തിനു കുറെ മുമ്പെ ആയി ആഫ്രിക്കാ, അമേരിക്കാ, ഏഷ്യാ എന്നീ മൂന്നു ഖണ്ഡങ്ങളെപ്പററിയും സമഷ്ടിയായ ഒരു ജ്ഞാനം എല്ലാവൎക്കും കിട്ടിയിരുന്നു. ആ സ്ഥലങ്ങൾ കൈവശപ്പെടുത്തി ഓരോരുത്തർ നൂതനമായ വ്യവസായങ്ങളിൽ സാമൎത്ഥ്യം പരീക്ഷിച്ചുതുടങ്ങി. സ്പെയിൻ അമേരിക്കയിലും, പോർട്ടുഗൽ ഏഷ്യാ ആഫ്രിക്കാ എന്ന ഖണ്ഡങ്ങളിലും കച്ചവടം നടത്തി, അതിനനുരൂപമായ ഓരോ അധികാരസ്ഥാപനങ്ങൾ ആ സ്ഥലങ്ങളിൽ ഏപ്പെടുത്തുകയും ചെയ്തു. മാർപാപ്പാ അവൎക്ക് ഒരു സമ്മതിപത്രവും കൊടുത്തു. എന്നാൽ, മാർപാപ്പായോടുള്ള പിടി മുറുകിയപ്പോൾ, സമ്മതിപത്രത്തിനെ ധിക്കരിച്ചു പ്രവൎത്തിക്കുന്നതു തന്നെ മററു രാജ്യക്കാർ ഒരു ശ്രേയസ്സായി കരുതി. വിശേഷിച്ചു, ഓരോ സ്ഥലത്തും കുറേശ്ശെ ആഭ്യന്തരവും ബാഹ്യവുമായ വഴക്കുകൾ ശമിച്ചു് സമാധാനവും രാജശക്തിയും വൎദ്ധിച്ചുവന്നപ്പോൾ ജനങ്ങൾക്കു പൂൎവ്വാധികമായ ഉത്സാഹവും ആത്മവിശ്വാസവും തോന്നിത്തുടങ്ങി. ആഹാരത്തിനും നിത്യവൃത്തിക്കും വേണ്ട സാധനമോ മുതലോ, കൃഷി കൈത്തൊഴിൽ കച്ചവടം എന്നിവകൊണ്ടു തന്നെ സമ്പാദിക്കേണ്ടിയിരുന്നതിനാൽ, ഓരോ വഴിക്കും നൂതനമായ പരിശ്രമങ്ങൾ ഏൎപ്പെട്ടുതുടങ്ങി.

ആഫ്രിക്കാ ഏഷ്യാ മുതലായ ദിക്കുകളിൽ പ്രാബല്യത്തിൽ എത്തിയതു് പോർട്ടുഗീസുകാരായിരുന്നു. ഒരു ചെറിയ രാജ്യവും ചില്ലറ ചില യോധാക്കന്മാരും ഉണ്ടായിരുന്ന

ഇവർ നൂറു കൊല്ലത്തിലധികം കാലം മററാരെയും ആ രാജ്യങ്ങളിൽ കടത്താതെ മഹമ്മദീയന്മാരെ അമച്ചവരുത്തി, കച്ചവടകാൎയ്യങ്ങളിൽ സ്വാധികാരം നടത്തിപ്പോന്നു. അതിനു ശേഷം മററു ചില രാജ്യക്കാരും എത്തിത്തുടങ്ങി. അനന്തരം മതഭ്രാന്തുകൊണ്ടും, ദുർവൃത്തിയും ബുദ്ധികൌടില്യവും നിമിത്തവും, പോൎത്തുഗൽ നാട്ടുകാരുടെ വെറുപ്പിനു പാത്രമായിത്തീൎന്നതിനു പുറമേ, സ്പെയിനിലേ രാജാവിന്റെ അധീനത്തിൽ ചേരുകയും ചെയ്തു. പതിനാറാം നൂററാണ്ടിന്റെ ആദ്യഘട്ടത്തിൽ പോൎത്തുഗലും സ്പെയിനും അത്യുച്ചമായ പ്രതാപത്തിൽ ഇരുന്നു. അതിന്റെ ഉത്തരാൎദ്ധത്തിൽ സ്പെയിൻ സൎവ്വാധിപത്യം നടിച്ച് രാജ്യഭാരം ആരംഭിച്ചു.

അമേരിക്കാ ഏഷ്യാ ആഫ്രിക്കാ മുതലായ ഭൂഖണ്ഡങ്ങളിൽ ഇഷ്ടംപോലെ പ്രവേശിക്കുന്നതിനുള്ള ശക്തിയും, യൂറോപ്പിൽ തന്നെ ജൎമ്മൻചക്രവൎത്തിയുമായുള്ള ബന്ധുത്വവും, തന്റെ അധീനതയിലിരുന്ന രാജ്യത്തിന്റെ വിസ്തൃതിയുംകൊണ്ടു് സ്പെയിൻ സൎവ്വഥാ സമ്രാൾപദവി അൎഹിച്ചു. പക്ഷെ കച്ചവടസംബന്ധമായി സ്പെയിൻ ഏൎപ്പെടുത്തിയിരുന്ന നിബന്ധനകൾ യൂറോപ്പിൽ ചില രാജ്യക്കാൎക്ക് പിടിച്ചില്ല. ഇംഗ്ലീഷുകാരും ഡച്ചുകാരും ഈ നിബന്ധനകളെ അനാദരിച്ച് മത്സരിക്കുന്നതിനു തന്നെ ഒരുങ്ങി. കിഴക്കും പടിഞ്ഞാറും ദേശങ്ങളിൽ ചില നാവികന്മാരുടെ ഉത്സാഹത്താൽ ഓരോ അക്രമങ്ങൾ തുടങ്ങി. സ്പെയിൻ ഉപദ്രവം സഹിക്കാൻ വഹിയാതെ ഒരു വലിയ നാവികബലം ഇംഗ്ലണ്ടിന്റെ നേരേ നയിച്ചു. അതിനെ ഇംഗ്ലീഷുകാർ തോല്പിച്ചു. ഡച്ചുകാരും സ്പെയിനിന്റെ സ്വാധീനത്തിൽനിന്നും ഇക്കാലത്തു സ്വതന്ത്രന്മാരായി. പേടികൂടാതെ ഇരുവൎഗ്ഗക്കാരും സ്പെയിൻസാമ്രാജ്യത്തിൽ

കടന്നു് കച്ചവടം ചെയ്യുകയോ, ഇഷ്ടംപോലെ കൊള്ളയിടുകയോ ചെയ്തുതുടങ്ങി.

പതിനേഴാം ശതവർഷത്തിൽ സ്പെയിനിന്റെ ശക്തി ക്ഷീണിച്ച സമയം ഇംഗ്ലണ്ടിന്റെ വകയായി ഏഷ്യായിൽ ഒരു ഈസ്റ്റിൻഡ്യാകമ്പനിയും, അമേരിക്കയിൽ ഇപ്പോഴത്തെ യൂണൈറ്റഡ് സ്റ്റേറ്റിന്റെ സ്ഥാനത്തു് ചില സ്ഥാപനങ്ങളും ഉണ്ടായി. ഡച്ചുകാർ ഇത്ര വലിയ ആരംഭങ്ങൾ ശേഷിയില്ലാതെ ഇന്ത്യയിലും ചില കിഴക്കൻ ദ്വീപുകളിലും മാത്രം സ്വശക്തി സ്ഥാപിച്ചു് കച്ചവടം ചെയ്തുകൊണ്ടിരുന്നു. എന്നാൽ ഈ രണ്ടു സ്ഥലങ്ങളിലും അവരുടെ ശക്തി ഒന്നുകൊണ്ടും വലിയ പ്രാബല്യദശയിൽ എത്തിയില്ല. ഇതിനിടയിൽ മൂന്നാമതൊരു ദേശക്കാരും കൂടി ഇതേ ഉദ്ദേശത്തിൽ ഇറങ്ങിത്തിരിച്ചു. ഫ്രാൻസിൽ കലശലായ അന്തഃഛിദ്രങ്ങൾ എല്ലാം കഴിഞ്ഞു് രാജശക്തി തുലോം വർദ്ധിച്ചുവരികയും, സമർത്ഥന്മാരായ മന്ത്രിമാരുടെയും ബലവാനും പരാക്രമിയുമായ "ലൂയി" മഹാരാജാവിന്റെയും മേൽനോട്ടത്തിൽ യൂറോപ്പിൽ തന്നെയല്ല, മററു ഭൂഖണ്ഡങ്ങളിലും അതു വ്യാപിക്കയും ചെയ്തു. ഇക്കാലത്തു് സ്പെയിനിലെ രാജവംശം അന്യംനില്ക്കുകയാൽ, അവിടത്തെ രാജാവായി ലൂയി തന്റെ പൌത്രനെത്തന്നെ വാഴിച്ചു. സ്പെയിൻവകയായ എല്ലാ സ്ഥലങ്ങളിലും ഫ്രാൻസിനും സൈ്വരമായ പ്രവേശനവും ലഭിച്ചു.

സ്വന്തപ്രയത്നംകൊണ്ടു് ഗണനീയമായ ഒരു നില എത്തിയും എത്താതെയും കിടന്നിരുന്ന ഇംഗ്ലീഷുകാരെയും ഡച്ചുകാരെയും അപേക്ഷിച്ചു് ഫ്രഞ്ചുകാരുടെ സാമ്രാജ്യശക്തി കൂടുതലായിത്തീർന്നു. ഡച്ചുകാരെ ലൂയി കഠിനമായി ഉപദ്രവിച്ചു് പല വഴിക്കും അവരുടെ ശക്തിയെ ക്ഷയിപ്പിച്ചു. ശേഷിച്ചതായ ശക്തിയുംകൊണ്ടു് അവർ ഇംഗ്ലീ-

ഷുകാരുടെ പക്ഷത്തിൽ ചേൎന്നു. ഇങ്ങനെ, കച്ചവടത്തിനും രാജ്യാധികാരത്തിനും വഴക്കുകൂടിക്കൊണ്ടിരുന്ന നാലു കൂട്ടരും രണ്ടു കക്ഷികളായിത്തീൎന്നു.

പതിനെട്ടാം നൂററാണ്ടിൽ ഫ്രാൻസും ഇംഗ്ലണ്ടും തമ്മിൽ ഈ സംഗതി പുരസ്കരിച്ചു് ഇടവിടാതെ യുദ്ധം തുടങ്ങി. ഇംഗ്ലണ്ടിൽ പ്രജാസഭയുടെ അധികാരം പ്രബലമായി സ്ഥാപിക്കുകയും, സമൎത്ഥന്മാരായ ഭരണതന്ത്രജ്ഞന്മാർ രാജ്യത്തിന്റെ ക്ഷേമാഭിവൃദ്ധിക്കു വേണ്ട അടിസ്ഥാനം ഉറപ്പിക്കുകയും ചെയ്തു. അതിലേയ്ക്കു് ഈ യുദ്ധങ്ങൾകൊണ്ടു കിട്ടിയ സഹായം അനല്പമായിരുന്നു. ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും ഏഷ്യയിലും അമേരിക്കയിലും ഒരുപോലെ കച്ചവടത്തിനും കുടിപാൎപ്പിന്നും അധികാരസ്ഥാപനത്തിനും വേണ്ടി വഴക്കു പിടിച്ചു. ഈ യുദ്ധങ്ങൾനിമിത്തം പ്രഷ്യയുടെ പേർ കുറച്ചു വെളിയിൽ വന്നുതുടങ്ങി. ഏകദേശം അക്കാലത്തു തന്നെയാണ് യൂറോപ്പിൽ റഷ്യയ്ക്കും ഒരു കോയ്മയുടെ നില കിട്ടിത്തുടങ്ങിയതു്. ഈ ശതവൎഷത്തിലേ യുദ്ധത്തിൽ ഇംഗ്ലീഷുകാൎക്കു് സ്പെയിൻകാരുടെയും ഡച്ചുകാരുടെയും ഫ്രഞ്ചുകാരുടെയും വകയായി ലോകമൊട്ടുക്കുള്ള മിക്ക സ്ഥലങ്ങളും പലതവണയായി പിടിച്ചടക്കുവാൻ സാധിച്ചു. ഇവയിൽ മുഖ്യമായുള്ളവ കാനഡാ, വെസ്റ്റിൻഡീസു്, ഈസ്റ്റിൻഡീസു്, കേപ്കാളണി, സിലോൺ, ഇൻഡ്യാ എന്നീ സ്ഥലങ്ങളാണ്. എന്നാൽ ഫ്രഞ്ചുകാൎക്കുണ്ടായ വിരോധംകൊണ്ടു് അവർ ഐക്യനാടുകൾ എന്നു് ഇപ്പോൾ പേരു കേൾക്കുന്ന ന്യൂഇംഗ്ലണ്ടുദേശങ്ങളെ ഇളക്കി മല്ലിടുവിച്ചു് ഇംഗ്ലീഷുകാരുടെ സ്വാധീനത്തിൽ നിന്നും വിടുത്തി സ്വതന്ത്രങ്ങളാക്കിത്തീൎത്തു; എങ്കിലും അതും ഇംഗ്ലീഷുകാൎക്കു സഹായമായിട്ടേ കലാശിച്ചുള്ളു. അവർ ഐക്യനാടുകൾ പോയ വാശിയോടുകൂടി അവൎക്കു

ലഭിച്ചിരുന്ന ആസ്ത്രേലിയാ ന്യൂസീലാൻഡു മുതലായ പ്രദേശങ്ങളെ വേണ്ടുംവണ്ണം പരിഷ്ക്കരിച്ചു നന്നാക്കി, ധനാകരങ്ങളായ ആ രാജ്യങ്ങളിൽനിന്നു കിട്ടുന്ന സീമാതീതങ്ങളായ ഗുണങ്ങൾ അനുഭവിച്ചുവരികയും ചെയ്യുന്നു.

---

പാ൧൦൦ നൻ.

## ലോകസമ്രാട്ടുകൾ (മൂന്നാം ഭാഗം).

ഇതിനിടയിൽ യൂറോപ്പുഖണ്ഡത്തിൽ ഫ്രാൻസിലേ ലോകപ്രസിദ്ധമായ കലാപം ഉണ്ടായി. "നെപ്പോളിയൻ" എന്ന അമാനുഷനായ ഒരു നേതാവുത്ഭവിച്ചു് കുറേക്കാലത്തേയ്ക്കു് യൂറോപ്യൻരാജ്യങ്ങളെ ഏകച്ഛത്രാധിപത്യത്തിൽ ആക്കുന്നതിന് ഉദ്യമിച്ചു. ചക്രവർത്തിപദം താനും സ്വീകരിച്ചു് പണ്ടത്തെ ചക്രവർത്തിസ്ഥാനത്തെ നിറുത്തൽചെയ്തു. അദ്ദേഹത്തിന്റെ പരാക്രമത്താൽ പരാജിതരായ ശക്തികൾ ഒന്നിച്ചു ചേർന്നു് ഇംഗ്ലീഷുകാരുടെയും മററും സഹായത്തോടുകൂടി ഒടുവിൽ അദ്ദേഹത്തിനെ തോല്പിച്ചു. ഏകദേശം മുപ്പതു കൊല്ലത്തോളം നടന്ന ഈ കലാപത്തിനിടയിൽ ഉള്ള നോട്ടങ്ങൾകൊണ്ടും, അതിനു മുമ്പു തന്നെ കാലിട്ടിരുന്ന ഉപായങ്ങൾകൊണ്ടും, കലാപം കഴിഞ്ഞു് സമാധാനരക്ഷ ഉണ്ടായതോടു കൂടി, റഷ്യ, പ്രഷ്യ, ആസ്ത്രിയ, ഫ്രാൻസ്, ഈ നാലു കോയ്മകളും ഒരുമാതിരി പ്രതിഷ്ഠ പ്രാപിച്ചാണ് ഇരുന്നതു്.

അടുത്ത അമ്പതു കൊല്ലത്തിനുള്ളിൽ വലുതായ മാററങ്ങൾ ഉണ്ടായി. പ്രഷ്യ കുറേക്കൂടി പ്രാബല്യത്തിൽ എത്തി. ചാറത്സു് അഞ്ചാമന്റെ കാലത്തിനു ശേഷം ഇററലിയിലും ജർമ്മനിയിലും ചക്രവർത്തിയായി വാണിരുന്ന ആസ്ത്രിയാഹംഗറിയിലേ രാജാവു് നെപ്പോളിയന്റെ മർദ്ദനങ്ങൾ

കൊണ്ടു ഏറെക്കുറെ ക്ഷീണിച്ചു. യുദ്ധം കഴിഞ്ഞപ്പോൾ ആ ഏകച്ഛത്രാധിപത്യത്തിന് ഏറെക്കുറെ കോട്ടം സംഭവിച്ചതായി കണ്ടു്, പ്രഷ്യയുടെ ഉത്സാഹത്താൽ ജർമ്മനിയിലും, സേവോയിരാജവംശക്കാരും പ്രജാകക്ഷികളും കൂടി ഇററലിയിലും ആസ്ത്രിയായെ ഞെരുക്കി. ഏറെത്താമസിയാതെ പ്രഷ്യ ജർമ്മനിയിൽനിന്നും ആസ്ത്രിയയെ ഓടിച്ചു. ആ വഴിക്ക് ഇററലിക്കും മോക്ഷം കിട്ടി. ഈ ഉദ്യമങ്ങളിൽ ആസ്ത്രിയായുടെ പരിപന്ഥികളെ സഹായിച്ചുകൊണ്ടു നിന്നിരുന്ന ഫ്രെഞ്ചു ചക്രവത്തിയ്ക്കു് പ്രഷ്യയുടെ പ്രാബല്യത്തിൽ ശങ്ക ജനിച്ചു. പ്രഷ്യാ ഫ്രാൻസിൽ കടന്ന് ചക്രവത്തിയെ തോല്പിച്ചു. പ്രഷ്യയുടെ അധികാരത്തിൽ ജർമ്മനി ഒരു സാമ്രാജ്യമായിത്തീൎന്നു. പ്രഷ്യയിൽനിന്നുണ്ടായ പരാജയത്താൽ ലജ്ജിതരായ ഫ്രാൻസുകാർ രാജാക്കന്മാരെ ഉപേക്ഷിച്ചു് പ്രജാഭരണം ഏൎപ്പെടുത്തി. ഇതോടു കൂടി ഇററലിയിലും സേവോയിവംശത്തിനനുകൂലമായ മറെറാരു പ്രജാകലാപം ഉണ്ടായി. തെക്കും വടക്കും ഉള്ള പ്രദേശങ്ങൾ ഏകോപിച്ചു്, സേവോയിലേ രാജാവിനെ ഇററലിരാജാവായി വാഴിച്ചു.

ഇപ്രകാരം ജർമ്മനി യൂറോപ്പിലെ ഒരു പ്രധാനകോയ്മ ആയിത്തീൎന്നു. ആസ്ത്രിയായെയും ഫ്രാൻസിനെയും തോല്പിച്ച സൈന്യവും, നാൾക്കുനാൾ വൎദ്ധിച്ചുവന്ന കപ്പൽപ്പടയും, ക്രമമായുള്ള അഭിവൃദ്ധി നിമിത്തം തുലോം ഉൽകൃഷ്ടനിലയിൽ എത്തിയ കച്ചവടങ്ങളും, കൈത്തൊഴിലുകളും, മററുംകൊണ്ടു ജർമ്മനി വളരെ പ്രശസ്തി സമ്പാദിച്ചു. ഫ്രാൻസ് പഴയ അതിമോഹങ്ങളെല്ലാം കളഞ്ഞു് സമാധാനമായിട്ടെങ്കിലും മാനം വിടാതെ കാലം കഴിച്ചു. റഷ്യയ്ക്കും ആസ്ത്രിയായ്ക്കുമാണ് ഒന്നുകൊണ്ടും നിൎവാഹമില്ലാത്ത നില വന്നുകൂടിയതു്. റഷ്യയ്ക്കു് യൂറോപ്പിൻെറ തെക്കേ അ-

തിത്തിയായ മെഡിററേനിയൻസമുദ്രം വരേ വ്യാപിക്കാൻ സൗകര്യം കിട്ടിയാൽ മററുള്ളവരെപ്പോലെ ആകാമെന്നായിരുന്നു മോഹം. ബുദ്ധിമോശംകൊണ്ടു പൊയ്പോയ രാജ്യങ്ങൾക്കു പകരം വല്ല ഇടത്തും വല്ലതും സമ്പാദിക്കണമെന്ന് ആസ്ത്രിയായ്ക്കും വലുതായ ആഗ്രഹമുണ്ടായി. രണ്ടുപേരും നോക്കിയതിൽ, തുക്കികളുടെ വകയായി ഡാന്യൂബ് നദിക്കും മെഡിററേനിയൻകടലിനും ഇടയ്ക്കുള്ള പ്രദേശം കൊള്ളാമെന്നു തീച്ചയാക്കി. റഷ്യ മുൻകൂട്ടിത്തന്നെ ഒരുങ്ങിത്തുടങ്ങി. ക്രിസ്ത്യാനികളായ പ്രജകളെ ഇളക്കിവിട്ട് അവരുടെ ഭാഗം പിടിച്ചുകൊണ്ടാണ് റഷ്യ ടക്കിയുടെ നേരെ യുദ്ധത്തിനിറങ്ങിയത്. എന്നാൽ റഷ്യയ്ക്കു വലിയ ആദായമൊന്നും ഉണ്ടായില്ല. റഷ്യ വഴക്കുണ്ടാക്കി അതു മൂത്തപ്പോൾ മററു ശക്തികൾ കടന്നുകൂടി എല്ലാം തകരാറാക്കി. അതിൻെറ ഫലമായിട്ട് ഓരോ സമുദായങ്ങളിൽ നാലഞ്ചു രാജ്യങ്ങൾ വെവ്വേറെ ഉണ്ടായി എന്നല്ലാതെ റഷ്യയ്ക്കു വിശേഷഫലമൊന്നും ഉണ്ടായില്ല. ഇങ്ങനെ ഗ്രീസ്, ആൽബേനിയ, മാണ്ടിനീഗ്രോ, സെർവിയാ, ബൾഗേറിയാ, റുമേനിയാ എന്ന് ആറു രാജ്യങ്ങൾ ടക്കിയിൽനിന്നും വേർതിരിഞ്ഞു. കുറെ പ്രദേശങ്ങൾ ആസ്ത്രിയായും കൈക്കലാക്കി. ഇതു കൂടാതെ മേലും പിൻതാങ്ങുണ്ടെന്നുള്ള ഉറപ്പുകൊണ്ടു ഈ രാജ്യങ്ങൾ തന്നെ ടക്കിയെ പലപ്പോഴും ഉപദ്രവിച്ചു വരികയും ചെയ്തു.

ടക്കിക്ക് ആഫ്രിക്കയിൽ വടക്കേ പകു കടലോരം മുഴുവനും സ്വാധീനമായിരുന്നു. എന്നാൽ ഭരണത്തിനയക്കുന്ന കീഴുദ്യോഗസ്ഥന്മാരെ നിയമനം ചെയ്യുന്നതിനു ശേഷിയില്ലായ്ക കൊണ്ടു അവരുടെ അതിക്രമങ്ങൾ മുഴുത്ത് ആ രാജ്യങ്ങളെല്ലാം ഓരോ യൂറോപ്യൻശക്തികൾക്കു സ്വാധീനമായി. ഈജിപ്ത് ഇംഗ്ലീഷുകാക്കും, ട്രിപ്പോളി ഇററലിക്കും, ആൾജി-

രിയാ ഫ്രഞ്ചുകാൎക്കും, മൊറാക്കൊ ജൎമ്മനിക്കും കിട്ടി. ഇതു കൂടാതെ ആഫ്രിക്കയിലെ മററു പല ഭാഗങ്ങളും ഇക്കഴിഞ്ഞ നൂററാണ്ടിൽ പല ശക്തികളും സ്വാധീനപ്പെടുത്തി. അതു പോലെ തന്നെ അങ്ങുമിങ്ങുമുള്ള ദ്വീപങ്ങളിൽ ഓരോന്നായി കൈയിൽ കിട്ടിയവരെല്ലാം കൈവശപ്പെടുത്തി. ഏഷ്യാ-യിൽ ക്ഷീണദശയിൽ എത്തിയ പല ശക്തികളെയും ഓരോ-രുത്തരായി അടുത്തുകൂടി സ്വാധീനത്തിൽ ആക്കുകയും ചെയ്തു. ഇങ്ങനെ ലോകമൊട്ടുക്ക് പല ശക്തികളാണെങ്കിലും, യൂറോ-പ്യന്മാരുടെ മേൽകോയ്മയും അവരുടെ നാഗരികത്വത്തി-ന്റെ പ്രതിച്ഛായയും എല്ലായിടത്തും വ്യാപിച്ചു.

കേവലം അധികാരേച്ഛകൊണ്ടു മാത്രം അന്യായമായി പിടിച്ചടക്കിയല്ലാ യൂറോപ്യൻസമ്രാട്ടുകൾ ലോകവ്യാപാര-ങ്ങളിൽ ഭരണകൎത്താക്കളായി തീൎന്നിട്ടുള്ളത്. പ്രധാനമായിട്ട്, അന്യരാജ്യങ്ങളുമായി കച്ചവടം ചെയ്യുന്നതിനുള്ള ഉത്സാ-ഹവും സൗകൎയ്യവുമാണ് അവർ കരുതിയത്. പ്രകൃത്യാ സ്വന്തദേശങ്ങളേക്കാൾ സ്ഥലവിസ്താരവും സാധനസമൃ-ദ്ധിയും അന്യരാജ്യങ്ങളിൽ കണ്ടതുകൊണ്ട്, അവർ അവി-ടത്തെ സാധനങ്ങളെ സ്വന്തഉപയോഗങ്ങൾക്കു പ്രയോജ-നപ്പെടുത്തുന്നതിനും, ആവശ്യം കഴിഞ്ഞ് മിച്ചംവരുന്ന അ-വസ്ഥപോലെ ശേഖരിച്ച് മററുരാജ്യങ്ങളിലേയ്ക്ക് അയക്കു-ന്നതിനും വേണ്ടിയാണ് അവിടങ്ങളിൽ ഇപ്രകാരം വ്യാപി-ച്ചുതുടങ്ങിയത്. പരിഷ്കാരമോ നാഗരികത്വമോ കുറവുള്ള സ്ഥലങ്ങളിലേ വ്യാപാരാദിശ്രമങ്ങൾക്കു വേണ്ടിടത്തോളം സ്ഥലസൗകൎയ്യമുണ്ടായിരുന്നുള്ളു; എന്നാൽ അവിടങ്ങളിൽ യഥേഷ്ടം വേണ്ടുന്ന ഇടപാടുകൾ ചെയ്യുന്നതിനും മററും ആവശ്യമുള്ള രാജ്യരക്ഷകൾ പോരാതേയും ഇരുന്നു. അതു-കൊണ്ടു ക്രമേണ രാജ്യഭരണവിഷയങ്ങളിൽ കൂടി ഭേദഗ-തികൾ ചെയ്കയും, കൂടിയേ കഴിയൂ എന്നുള്ള സ്ഥലങ്ങളിൽ

രാജ്യഭാരം തന്നെ സ്വയം കൈയ്യേല്ക്കുകയും ചെയ്യേണ്ടിവന്നു. ഇങ്ങനെ സ്വാധീനമായ രാജ്യങ്ങളിൽ സമാധാനരക്ഷയും നാഗരികത്വവും വർദ്ധിപ്പിച്ചതു് തങ്ങളുടെ ശക്തിക്ക് ഒരു പിൻബലവും കച്ചവടസംബന്ധമായുള്ള ഒത്താശകൾക്കും മററും ഹേതുഭൂതവുമായിത്തീൎന്നു.

കാലാന്തരത്തിൽ സ്വരാജ്യങ്ങളിൽ ആളുകൾ വൎദ്ധിച്ച്, അന്യദേശങ്ങളിൽ സ്വൈരവാസത്തിനും ജീവനോപായങ്ങൾക്കും വേണ്ടി പോകേണ്ട ഗത്യന്തരം വന്നപ്പോൾ, ഈ രാജ്യസമ്പാദനം വേറെവിധത്തിലും പ്രയോജനകരമായിത്തീൎന്നു. ഈ അവസ്ഥയിൽ ഓരോ രാജ്യങ്ങൾ തമ്മിൽ ഇടഞ്ഞു്, ദൂരദേശങ്ങളിലുള്ള അധികാരങ്ങളെ പ്രായേണ കൈമാററിവന്നു. ഇപ്രകാരമാണ് ഭൂലോകമൊട്ടുക്ക് ഏതാനും പ്രഭുശക്തികൾ ഭരിച്ചുതുടങ്ങുവാൻ ഇടയായതു്.

അത്യന്തം വിസ്തൃതമായ കടലും കരയും ഭരിച്ചുകൊണ്ടു പോകത്തക്കവണ്ണം എത്രയെത്ര സൈന്യവും എത്രയെത്ര യുദ്ധക്കപ്പലുകളും വേണ്ടിവരുമെന്ന് ഊഹിച്ചുതന്നെ നിശ്ചയിക്കേണ്ടതാണ്. ഓരോ പ്രഭുശക്തിയുടേയും മുതലെടുപ്പിൽ നല്ലതായ ഒരു പങ്ക് ഇന്നും, യുദ്ധസാമാനങ്ങളും സേനകളും ശേഖരിക്കുന്നതിനും പോഷിപ്പിക്കുന്നതിനുമായി വിനിയോഗിച്ചുവരുന്നു. എന്നാൽ, തമ്മിൽ തമ്മിൽ മത്സരമുള്ള ശക്തികൾ ഇതുപോലെ യുദ്ധോദ്യമങ്ങൾകൊണ്ടു് ക്ഷേമാഭിവൃദ്ധിക്കു വിനിയോഗിക്കേണ്ട മുതൽ മുഴുവനും ചിലവാക്കരുതെന്നു തോന്നി, പലപ്പോഴും അവർ ഒന്നിച്ചുകൂടി വേണ്ട ആലോചനകൾ നടത്താറുണ്ടു്. അതിന്റെ ഫലമായി, ഒന്നാമതു്, യുദ്ധങ്ങളെ ക്രമപ്പെടുത്തുന്നതിനും, യുദ്ധംകൊണ്ടുണ്ടാകുന്ന തരക്കേടുകൾ കഴിയുംവിധം കുറയ്ക്കുന്നതിനും ഉതകുന്നതായ ചില ഏൎപ്പാടുകൾ ചെയ്തു. പിന്നീടു്, രാജ്യങ്ങൾ തമ്മിൽ വഴക്കുണ്ടായാൽ സമാധാനലം-

ലംഘനം കൂടാതെ മാധ്യസ്ഥ്യം പറഞ്ഞു് വഴക്കുകൾ ഒതുക്കത്തക്കവണ്ണം ചില നിബന്ധനകളും ചെയ്തു. മൂന്നാമതു, പ്രഭുശക്തികൾ തമ്മിൽ കൂടക്കൂടെ ഏററുമുട്ടാതിരിക്കുന്നതിനും, ബലഹീനന്മാരാണെങ്കിലും, സ്വതന്ത്രന്മാരും, സമാധാനലംഘനം കൂടാതെ സ്വാതന്ത്ര്യം രക്ഷിച്ചുകൊള്ളാമെന്നു് എല്ലാവക്കും സമ്മതം വരുത്തീട്ടുള്ളവരുമായ ചെറുരാജാക്കന്മാരെ ഇടയ്ക്കിടയ്ക്കു് പ്രതിഷ്ഠിക്കയും ചെയ്തു.

ഇപ്രകാരം ലോകമൊട്ടുക്കു് യുദ്ധത്തിലും സമാധാനരക്ഷയിലും ഒരുപോലെ ഭരണകത്തൃത്വം നിവ്വഹിക്കുന്ന പ്രഭുശക്തികൾ — ബ്രിട്ടൻ, റഷ്യ, ജമ്മനി, ഫ്രാൻസ്, ആസ്ത്രിയാ, ഇററലി, ജപ്പാൻ, യുണൈറഡ് സ്റ്റേററ്സ് എന്നിവയാകുന്നു. നാവികബലം, വ്യാപാരസാമത്ഥ്യം, രാജ്യങ്ങളുടെയും സമുദായങ്ങളുടെയും ബഹുത്വം, ആകെക്കൂടെയുള്ള സാമ്രാജ്യവിസ്തൃതി, ജനബാഹുല്യം, ധനപുഷ്ടി, എല്ലാററിലും ഉപരിയായ ഭരണഗുണം എന്നീ വകകളിൽ നമ്മുടെ ബ്രിട്ടീഷ് സാമ്രാജ്യമാണു് അഗ്രഗണ്യമായിരിക്കുന്നതു്.

---

പാഠം ൧൦.

## ജേംസ് ഗാർഫീൽഡ് (ഒന്നാം ഭാഗം).

ഐശ്വര്യാഭിവൃദ്ധിയിലും പരിഷ്കാരത്തിലും മുമ്പിട്ടുനില്ക്കുന്ന രാജ്യങ്ങളുടെ കൂട്ടത്തിൽ ഇപ്പോൾ ഒരു പ്രധാനസ്ഥാനം വഹിക്കുന്നതു് അമേരിക്കാഭൂഖണ്ഡത്തിൽ ചേന്ന "യുണൈറഡ് സ്റ്റേററ്സ്" എന്നു പേരുള്ള ഐക്യനാടുകളാകുന്നു. നാല്പത്തിരണ്ടു പ്രത്യേകസംസ്ഥാനങ്ങൾ ചേന്നുള്ള ഈ മഹാരാജ്യം ഇൻഡ്യാരാജ്യത്തേക്കാൾ വലിപ്പത്തിൽ രണ്ടിരട്ടിയോളം കൂടിയതും, ഏഴരക്കോടിയിൽപരം ജനസംഖ്യ ഉള്ളതും ആകുന്നു. ഈ മഹാരാജ്യത്തെ ഇംഗ്ലണ്ടു്, അയർ-

ലണ്ട് എന്നീ ദ്വീപങ്ങളിൽനിന്നും, ഫ്രാൻസ്, സ്പെയിൻ, ജർമ്മനി മുതലായ യൂറോപ്പിലെ മററു രാജ്യങ്ങളിൽനിന്നും കുടി-പുറപ്പെട്ടുപോയി പാർപ്പു തുടങ്ങിയവരുടെ പിൻവാഴ്ചക്കാരും, ആഫ്രിക്കാദേശീയരായ നീഗ്രോജാതിക്കാരെപ്പോലെയുള്ള ആദിമനിവാസികളായ ഇൻഡ്യൻജാതിക്കാരും അധിവസി-ക്കുന്നു. ക്രിസ്താബ്ദം ൧൭൭൬ വരെ ഈ രാജ്യം ഇംഗ്ലീഷു-രാജാക്കന്മാരുടെ ഭരണത്തിൽ തന്നെ ഇരുന്നിരുന്നു. അന-ന്തരം ആ ഭരണാധികാരത്തെ നിരാകരിച്ച് ജനസമുദായ രാജ്യഭാരത്തെ ഏറ്റെടുത്തി. ഈ ക്രമപ്രകാരം രാജ്യകാ-ര്യങ്ങൾ നിർവഹിച്ചുകൊണ്ടു പോകുന്നത് "കാൺഗ്രസ്" എന്നു പേരുള്ള ഒരു മഹാ ജനസംഘവും, "പ്രസിഡണ്ട്" എന്നു സ്ഥാനപ്പേരുള്ള ആ സംഘാധ്യക്ഷനും ആണ്. നാലു വർഷത്തിലൊരിക്കൽ ജനങ്ങൾ തിരഞ്ഞു നിശ്ചയി-ക്കുന്ന ഒരു മഹാൻ ആയിരിക്കും പ്രസിഡണ്ട്.

അനേകം നഗരങ്ങളോടു കൂടിയിരിക്കുന്ന ഈ മഹാരാജ്യം ഒരു ശതവർഷത്തിനു അല്പം മുൻപുവരെ മഹാരണ്യങ്ങളാൽ ആവൃതമായിരുന്നു. എന്നാൽ പുതുതായി കുടിയേറി പാർത്ത-വർ താമസിച്ചിരുന്ന സ്ഥലങ്ങൾ മാത്രം വെട്ടിത്തെളിച്ച് കാടില്ലാതെ ഇരുന്നിരുന്നു. കാലക്രമത്തിൽ കുടിപാർപ്പു-കാരും, പുതുതായി വന്നുകൊണ്ടിരുന്നവരും ആയ ആളു-കൾ വനങ്ങളെ വിലയ്ക്കു വാങ്ങി അങ്ങുമിങ്ങും കാടു വെട്ടി-ത്തെളിച്ച് കാട്ടുമരങ്ങൾകൊണ്ട് അവിടവിടെ കുടിലുകളു-ണ്ടാക്കി പാർത്തുതുടങ്ങി.

ഇങ്ങനെ ഏകാന്തമായ ഒരു സ്ഥലത്തിലിരുന്ന കുടിലു-കളിൽ ഒന്നിൽ ൧൮൩൧-ാം വർഷം നവമ്പർമാസത്തിൽ (കൊല്ലവർഷം ൧൦൦൭ തുലാം — വൃശ്ചികം) ജേംസ് ഗാർഫീൽ-ഡ് ജാതനായി. അദ്ദേഹത്തിൻെറ മാതാപിതാക്കന്മാർ മേല്പറഞ്ഞ നാല്പത്തിരണ്ടു സംസ്ഥാനങ്ങളിൽ ഒന്നായ

ഓഹിയോ എന്ന നാട്ടിൽ വിറകുവെട്ടി കാലം കഴിച്ചു വന്നിരുന്ന ദരിദ്രന്മാരായിരുന്നു. അവൎക്ക് നാലു കുഞ്ഞുങ്ങളുണ്ടായിരുന്നതിൽ ജേംസ് ഒടുവിലത്തെ കുട്ടി ആയിരുന്നു.

ജേംസ് ഗാർഫീൽഡ് ജനിച്ചു് പതിനെട്ടു മാസം കഴിഞ്ഞപ്പോൾ ഒരു ദിവസം അദ്ദേഹത്തിന്റെ വാസസ്ഥലത്തിനു സമീപം ഉണ്ടായിരുന്ന ഒരു കാട്ടിൽ കാട്ടുതീ പിടിപെട്ടു. കുടുംബംവകയായി ആ കാട്ടിനു സമീപമുണ്ടായിരുന്ന പാടങ്ങളിൽ ധാന്യങ്ങൾ വിളഞ്ഞു കിടന്നിരുന്നതിനാൽ കാട്ടുതീ ആ പാടങ്ങളിലേയ്ക്കു കടക്കാതിരിക്കാൻ അദ്ദേഹത്തിന്റെ പിതാവു മദ്ധ്യാഹ്നസമയത്തു് അധികമായി ദേഹക്ലേശം ചെയ്കയും വൈകുന്നേരം ശീതവായു ഏല്ക്കയും ചെയ്കയാൽ ജലദോഷം പിടിപെട്ടു പെട്ടെന്നു മരിച്ചുപോയി. ഇപ്രകാരം ഒന്നര വയസ്സു പ്രായത്തിൽ തന്നെ ജേംസ് നിത്യവൃത്തിപോലും കഷ്ടിച്ചു കഴിച്ചുവന്ന വിധവയായ മാതാവിന്റെ ഏകസംരക്ഷണത്തിലായി. അദ്ദേഹത്തിന്റെ പിതാവു് സമ്പാദിച്ചതായി കുറെ ഭൂമിയും കുറെ കടവും മാത്രമേ ഉണ്ടായിരുന്നുള്ളു.

ഉള്ള ഭൂമി വിററിട്ടെങ്കിലും കടം തീൎത്തു് വല്ല പരിചയക്കാരുടെയും വീട്ടിൽ താമസിച്ചു കാലം കഴിക്കുന്നതാണു് കൊള്ളാവുന്നതെന്നു് പലരും ഉപദേശിച്ചിട്ടും, ഭൎത്തൃദേഹം സ്ഥാപിച്ചിരുന്ന സ്ഥലം അന്യാധീനപ്പെടുത്തുന്നതിനു ഗാർഫീൽഡിന്റെ മാതാവിനു സമ്മതമായില്ല. പിന്നെ അവൾ കടം വീട്ടുന്നതിനു മാത്രം വേണ്ടിവന്ന ഭൂമി വിററു്, ശേഷം ഭൂമിയിൽ പതിനൊന്നു വയസ്സു പ്രായമുണ്ടായിരുന്ന മൂത്ത പുത്രന്റെ സഹായത്തോടുകൂടി ഓരോ തരം കൃഷിയിറക്കി അതിന്റെ ആദായംകൊണ്ടു് കാലക്ഷേപം ചെയ്തുവന്നു. മനസ്വിനിയായ ആ സ്ത്രീരത്നം തന്റെ ബന്ധുക്കളോടുപോലും വല്ലതും വേണമെന്നു യാചിക്ക പതിവില്ലാ-

യിരുന്നു. ഒരു തവണത്തെ കൃഷിയിലെ ആദായംകൊണ്ടു് അടുത്ത തവണവരെ ചിലവു നിർവഹിക്കാൻ കഴിവില്ലെന്നുള്ള അവസ്ഥയെ ആകട്ടെ, പകലും രാത്രിയും പാടത്തിലും പറമ്പിലും വേലചെയ്തും ഗൃഹകൃത്യങ്ങൾ തനിയെ നടത്തിയും ബാലോപചാരണം ന്യൂനത കൂടാതെ നിർവഹിച്ചും കുട്ടികളുടെ ഭക്ഷണത്തിനു കുറവു വരാതിരിക്കാൻ വേണ്ടി താൻ ഒരു നേരം മാത്രം മിതമായി ഭക്ഷിച്ചും നാനാ പ്രകാരേണ അനുഭവിച്ച കഷ്ടപ്പാടുകളെ ആകട്ടെ, പ്രാപ്തിയായ തന്റെ കുട്ടികളുടെ അറിവിൽ പെടുത്താതേയും അന്യന്മാരോടുള്ള സംഭാഷണത്തിൽ സാധാരണ സ്ത്രീകളെപ്പോലെ വ്യർത്ഥവാക്കുകൾ പറഞ്ഞു വൃഥാ കാലക്ഷേപം ചെയ്യാതേയും ക്ഷമാനിധിയായ ആ മഹിളാമണി നിത്യത നടത്തിവന്നു.

ഗാർഫീൽഡ് ശൈശവത്തിൽ തന്നെ ബുദ്ധിവൈഭവത്തെ പ്രദർശിപ്പിച്ചിരുന്നു. "പ്പാ", "മ്മാ" എന്നു പറഞ്ഞുകൊണ്ടിരുന്ന പ്രായത്തിൽ അദ്ദേഹത്തെ പിതാവു മടിയിൽ വെച്ചുകൊണ്ടു് "പ്ലൂട്ടാർക്കിന്റെ ജീവചരിത്രം" എന്ന പുസ്തകം വായിക്കുന്ന മദ്ധ്യേ "പ്ലൂട്ടാർക്ക് എന്നു പറക" എന്നു പറഞ്ഞതിന്, ആ ശിശു വിശദമായി ആ പേർ ഉച്ചരിച്ചതു കേട്ടു് സന്തോഷിച്ചു് "നീ വലിയ പണ്ഡിതനായി ഭവിക്കും" എന്നു അദ്ദേഹം ആശീർവാദം ചെയ്തതായി ഒരു ഐതിഹ്യം ഉണ്ടു്.

ഗാർഫീൽഡിനു നാലു വയസ്സു പ്രായമായപ്പോൾ സ്വഗൃഹത്തിൽനിന്നു് ഒരു നാഴിക അകലെ പുതുതായി സ്ഥാപിച്ച ഒരു പള്ളിക്കൂടത്തിൽ അദ്ദേഹത്തെ അയച്ചുതുടങ്ങി. പള്ളിക്കൂടത്തിലേക്കും തിരിച്ചു വീട്ടിലേയ്ക്കും ആ ബാലനെ എടുത്തും നടത്തിയുംകൊണ്ടു പോയി വന്നിരുന്നതു് ജേംസിന്റെ ജ്യേഷ്ഠസഹോദരിയായിരുന്നു. ബുദ്ധിമാനായ ബാലൻ വൃഥാ കാലക്ഷേപം ചെയ്യാതെ പഠിത്തത്തിൽത്തന്നെ

ആസക്തിയുള്ളവനായിരുന്നു. തന്റെ സ്വഭാവത്തിനു നേരെ വിരുദ്ധമായിരുന്നാലും മാതാവിന്റേയും ഗുരുക്കന്മാരുടേയും വചനങ്ങളെ അദ്ദേഹം ഭക്തിപൂൎവ്വം കേട്ടു നടന്നുവന്നു. ഗൃഹത്തിലുണ്ടായിരുന്ന പുസ്തകങ്ങളെ അദ്ദേഹം അല്പകാലംകൊണ്ടു തന്നെ പഠിച്ചു. ജ്ഞാനസമ്പാദനത്തിൽ ആ ബാലന്റെ ബുദ്ധി ഗൗരവമുള്ളതായിരുന്നു. അനധ്യായദിവസങ്ങളിൽ പോലും അദ്ദേഹം മാതാവിന്റെ അടുക്കൽ നിന്നു വിലയേറിയ ഓരോ വിഷയങ്ങളെക്കുറിച്ചു അറിവു സമ്പാദിച്ചുവന്നു. ശിശുക്കളെ പഠിപ്പിക്കുന്നതിനു മാതാവു തന്നെയാണ് നല്ല ഉപാദ്ധ്യായി എന്നുള്ള ആപ്തവചനത്തിന് നിദൎശനഭൂതയായ സ്വന്ത മാതാവിന്റെ ശ്രമംകൊണ്ടു ഗാർഫീൽഡിനു സിദ്ധിച്ച പാണ്ഡിത്യം അന്യാദൃശമായിരുന്നു. ഗാർഫീൽഡിന്റെ മാതാവിന്റെ പക്കൽ പുസ്തകങ്ങൾ അധികം ഇല്ലായിരുന്നു. എങ്കിലും, അദ്ധ്യാപകയായ മാതാവിനും അദ്ധ്യേതാവായ പുത്രനും പ്രകൃത്യാ നല്ല ബുദ്ധിശക്തിയും ഉത്സാഹവും ഉണ്ടായിരുന്നതിനാൽ ഗ്രന്ഥദൗൎല്ലഭ്യംകൊണ്ടുള്ള ന്യൂനത വളരെ ശോഭിച്ചില്ല. വിദ്യാഭ്യാസത്തിനു മുഖ്യമായുള്ളതും മുൻ ചൊന്ന ഗുരുശിഷ്യഗുണം തന്നെയാണല്ലോ.

പ്രസ്തുതപുരുഷാഗ്രേസരൻ പഠിച്ചുകൊണ്ടിരുന്ന കാലത്തിൽ തന്നെ പ്രദൎശിപ്പിച്ച ബുദ്ധിവൈഭവം കണ്ടു "ഇവൻ ഒരു കാലത്തു വളരെ യോഗ്യനാകും" എന്നു ഉപാദ്ധ്യായന്മാർ അഭിപ്രായപ്പെട്ടിരുന്നു. ഈ വിശിഷ്ടനായ ബാലൻ ശൈശവംമുതൽ തന്നെ വിസ്മയനീയമായ ധാരണാശക്തി ഉള്ളവനായിരുന്നു. കഥകളോ കാൎയ്യങ്ങളോ താൻ കേട്ടിട്ടുള്ള മറ്റു സംഗതികളോ അതിസൂക്ഷ്മമായി ഗ്രഹിച്ചു മനസ്സിൽ ധരിക്കുന്നതിന് അദ്ദേഹത്തിനുണ്ടായിരുന്ന ശക്തി അസാമാന്യമായിരുന്നു. സംവീക്ഷണശക്തി ആ ബാലനിൽ

നിസ്തുല്യമായി സദാ പ്രകാശിച്ചു. വസ്ത്രധാരണക്രമം, സംഭാഷണരീതി, മൎയ്യാദ ഇവയിലും ഈ ബാലൻ വേണ്ടത്തക്ക ജ്ഞാനം നേടി. സൂക്ഷ്മഗ്രഹണത്തിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന അസാമാന്യശക്തികൊണ്ടു് ചെറുപ്പത്തിൽത്തന്നെ കുശാഗ്രബുദ്ധിയും ഗുണദോഷവിവേചനത്തിൽ സമൎത്ഥനും ആയിത്തീൎന്നു. വിദ്യാഭ്യാസത്തിൽ അഭിവൃദ്ധി പ്രാപിക്കുന്നതിന്നു് അത്യന്താവശ്യങ്ങളായുള്ളവ ബുദ്ധിശക്തിയും സ്ഥിരോദ്യമവും ആകുന്നു. ഇവയിൽ ബുദ്ധിശക്തിക്കാണു് പ്രാധാന്യം. എന്നാൽ സ്ഥിരോദ്യമം കൂടെ ഇല്ലാതിരുന്നാൽ ബുദ്ധിശക്തി കേവലം നിഷ്ഫലമായി തീരുകയേ ഉള്ളൂ. രണ്ടുംകൂടി യോജിച്ചാൽ പരിണാമം അത്ഭുതകരമായിത്തീരുകയും ചെയ്യും.

ഗാർഫീൽഡിന്നു് ഈ ഗുണങ്ങൾ അനന്യസാമാന്യമായി ഉണ്ടായിരുന്നുവെന്നു നാം കണ്ടുവല്ലോ. അദ്ദേഹം അദ്ധ്യേതാക്കൾക്കു അനുകരണയോഗ്യമായ ഒരു ഉത്തമ ദൃഷ്ടാന്തമായിരുന്നു. ൧൨ വയസ്സു തികഞ്ഞപ്പോഴേയ്ക്കു് അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരന്നു് ഒരു കാൎയ്യവശാൽ ദേശാന്തരത്തിൽ പോകേണ്ടിവരികയാൽ ഗാർഫീൽഡിന്നു തന്റെ സ്വന്ത കൃഷിയുടെ ചുമതല കൂടി വഹിക്കേണ്ടിവന്നു. പകൽസമയങ്ങളിൽ അദ്ദേഹം പറമ്പിലും പാടത്തിലും വേല ചെയ്കയും, രാത്രിയിൽ പുസ്തകം വായിക്കയും ചെയ്തുവന്നു. ജ്യേഷ്ഠൻ വീട്ടിലുണ്ടായിരുന്ന സമയം നടത്തിവന്നതുപോലെ തന്നെ കൃഷികാൎയ്യങ്ങളെ വീഴ്ചകൂടാതെ ജേംസും നടത്തിവന്നു. മാതാവിന്റെ മനസ്സമാധാനത്തിനായി തന്റെ അവസ്ഥയെപ്പറ്റി താൻ തൃപ്തനായിരുന്നു എന്നു് അദ്ദേഹം നടിച്ചുവന്നു. മാതാവും അദ്ദേഹത്തെ നന്നായി പഠിപ്പിക്കണമെന്നു് ആഗ്രഹിച്ചുകൊണ്ടിരുന്നു.

ഒടുവിൽ ജ്യേഷ്ഠസഹോദരൻ കുറെ പണം സമ്പാദിച്ചുകൊണ്ടു ഗൃഹത്തിൽ തിരിച്ചുവന്നു. അയാൾ സമ്പാദിച്ചു-

കൊണ്ടുവന്ന പണത്തിൽ കുറെ ചിലവുചെയ്തു സഹോദരന്മാരുടെ ഉത്സാഹത്തിൻ പേരിൽ സാമാന്യം നല്ലതായ ഒരു ഗൃഹം പണിയിച്ചു. ജ്യേഷ്ഠനെപ്പോലെ മാതാവിനു വല്ലതും സമ്പാദിച്ചുകൊടുക്കണമെന്നു ജേംസിനും ആഗ്രഹമുണ്ടാകുകയാൽ അദ്ദേഹം ഒരു തച്ചന്റെ കൈയ്യാൾ ആയിട്ടു രണ്ടു വൎഷകാലം വരെ വേല ചെയ്തു. ആ കാലത്തും അദ്ദേഹം പുസ്തകവായന ഉപേക്ഷിച്ചിരുന്നില്ല. അക്കാലത്തു ജേംസിന്റെ ഉത്സാഹം കണ്ടു സന്തോഷിച്ചു ഒരു കച്ചവടക്കാരൻ അദ്ദേഹത്തെ തന്റെ ഗുമസ്താവായി നിയമിച്ചു. ആ സ്ഥാനത്തിൽ ഇരുന്നുംകൊണ്ടു ആ കച്ചവടക്കാരന്റെ വകയായിട്ടുണ്ടായിരുന്ന പുസ്തകങ്ങളെ രാത്രികാലങ്ങളിൽ അദ്ദേഹം വായിച്ചുവന്നു. അവയിൽ ചിലതിൽ കപ്പൽയാത്രയെക്കുറിച്ച പ്രതിപാദിച്ചിട്ടുണ്ടായിരുന്നു. ആ പുസ്തകങ്ങൾ വായിച്ചതോടുകൂടി കപ്പൽയാത്ര ചെയ്താൽ കൊള്ളാമെന്നു അദ്ദേഹത്തിനു ആഗ്രഹമുണ്ടായി. ആ ആഗ്രഹം മനസ്സിൽ പ്രബലമായി പ്രവൎത്തിച്ചുകൊണ്ടിരുന്ന കാലത്തു ഒരിയ്ക്കൽ ആ കച്ചവടക്കാരന്റെ പുത്രി അദ്ദേഹത്തെ "വേലക്കാരൻ" എന്നു വിളിക്കയാൽ, ബാലനായിരുന്നു എങ്കിലും അഭിമാനിയായ ജേംസ് കുപിതനായി അടുത്ത ദിവസം രാവിലെ ഗുമസ്താവേല ഉപേക്ഷിച്ചു സ്വഗൃഹത്തിലേയ്ക്കു പോയി, കപ്പൽയാത്രയിൽ അദ്ദേഹത്തിനുണ്ടായിരുന്ന ആഗ്രഹത്തെ മാതാവിനോടു പറഞ്ഞു. എങ്കിലും മാതാവു അദ്ദേഹത്തിന്റെ ആ അപേക്ഷയെ അനുവദിച്ചില്ല.

ജേംസു പിന്നെ തടിവെട്ടുകാരനായിട്ടും കുടിവേലക്കാരനായിട്ടും കുറച്ചുനാൾ നടന്നു. അനന്തരം ഒരു ബോട്ടിലെ ലാസ്കർവേലയിൽ ഏൎപ്പെട്ടു. ആ വേലയിൽ ഇരുന്ന കാലത്തു അദ്ദേഹം ബോട്ടിൽനിന്നു പതിമ്മൂന്നു തവണ

വെള്ളത്തിൽ വീഴുകയും അപ്പോഴെല്ലാം രക്ഷപ്പെട്ടു ജീവിക്കുകയും ചെയ്തു. പതിന്നാലാം തവണ വെള്ളത്തിൽ വീണപ്പോൾ ആരും കാണായ്കയാൽ മിക്കവാറും മരിച്ചുപോകും എന്നുള്ള സ്ഥിതിയിലായി. എങ്കിലും ഭാഗ്യവശാൽ ബോട്ടിന്റെ ഒരു വശത്തെ കയറു് വെള്ളത്തിൽ തൂങ്ങിക്കിടന്നതു കാണുകയും അതിൽ പിടിച്ചു കയറി അദ്ദേഹം ബോട്ടിനകത്തു കടക്കുകയും ചെയ്തു. തനിക്കു രക്ഷകിട്ടിയ സംഗതി ആലോചിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹം ഇങ്ങനെ വിചാരിച്ചു:— "ഈശ്വരൻ തന്നെയാണു് എന്നെ രക്ഷിച്ചതു്; ഇങ്ങനെ എന്നെ രക്ഷപ്പെടുത്തിയാൽ അതുകൊണ്ടു പ്രയോജനമുണ്ടാകുമെന്നു വിചാരിച്ചിട്ടായിരിക്കാം ഈശ്വരൻ എന്നെ രക്ഷിച്ചതു്; അതിനാൽ ഈ വിധം ജന്മം വൃഥാ കളയുന്നതു ശരിയല്ല. വീട്ടിൽ പോയി വിദ്യാഭ്യാസം ചെയ്തു് അറിവു സമ്പാദിക്കേണ്ടതാണു് അത്യാവശ്യം." ഉടൻ തന്നെ അദ്ദേഹം ഗൃഹത്തിൽ മാതാവിന്റെ അടുക്കൽ ചെന്നു; അനന്തരം അടുക്കലുണ്ടായിരുന്ന ഒരു പള്ളിക്കൂടത്തിൽ ചേൎന്നു് വീണ്ടും വിദ്യാഭ്യാസം തുടങ്ങി. പള്ളിക്കൂടത്തിലെ ഫീസു മുതലായ ചിലവുകൾക്കു വേണ്ടുന്ന പണം സമ്പാദിക്കാൻ അദ്ദേഹം ഒഴിവുദിവസമായ ശനിയാഴ്ചതോറും ഒരു ആശാരിയുടെ വീട്ടിൽ ചെന്നു് അവനോടു കൂടി വേല ചെയ്തുവന്നു. ആ പള്ളിക്കൂടം വകയായി ഉണ്ടായിരുന്ന വലിയ ഒരു പുസ്തകശാലയിലെ എല്ലാ പുസ്തകങ്ങളെയും അദ്ദേഹം വായിച്ചു തീൎത്തു. പള്ളിക്കൂടം അടപ്പായിരുന്ന മാസങ്ങളിൽ അദ്ദേഹം മറെറാരു പള്ളിക്കൂടത്തിൽ വാദ്ധ്യാരായി ജോലി നോക്കി. അതിനു് പ്രതിഫലമായിട്ടു് ചില കുട്ടികളുടെ വീട്ടിൽ രണ്ടു നേരം ഭക്ഷണവും അല്പമായ ഒരു ശമ്പളവും അദ്ദേഹത്തിനു കിട്ടി. കുട്ടികൾ അവിനീതന്മാരും ദുശ്ശീലന്മാരും ആയിരുന്നിട്ടും അതൊന്നും ഗണിക്കാതെ അവരെ നല്ലവണ്ണം ശ്ര-

ധിച്ചു പഠിപ്പിച്ചു. ഇങ്ങനെ അദ്ദേഹം അധ്യാപനവേലയിൽ സമത്ഥനാണെന്നുള്ള പേരു സമ്പാദിച്ചു. അവധി കഴിഞ്ഞു്കൂടിയപ്പോൾ, പിന്നെയും പള്ളിക്കൂടത്തിൽ ചേൎന്നു് അദ്ദേഹം പഠിച്ചു. ഇങ്ങനെ മൂന്നു വൎഷകാലം കഴിച്ചുകൂട്ടിയതിനിടയിൽ ഒരു ഗൃഹസ്ഥനായ കൃഷിക്കാരന്റെ പുത്രിയായ ല്യൂക്രീഷിയാ റൂഡാൾഫ് എന്ന യുവതിയുമായി അദ്ദേഹത്തിനു പരിചയമുണ്ടായി. ഈ യുവതിയെ അത്രേ പിന്നീടു് അദ്ദേഹം വിവാഹം ചെയ്തതു്.

---

പാഠം ൩൮.

## ജേംസ് ഗാർഫീൽഡ് (രണ്ടാം ഭാഗം).

ഐക്യനാടുകളിലെ പ്രധാനപ്പെട്ട വിദ്യാലയങ്ങളിൽ ഒന്നു് "ഹീറാം ഇൻസ്റ്റിറ്റ്യൂട്ട്" എന്ന പള്ളിക്കൂടം ആയിരുന്നു. അതിൽ ചേൎന്നു പഠിക്കുന്നതിനു് ജേംസ് വളരെ ആഗ്രഹിച്ചു. എന്നാൽ ദാരിദ്ര്യം അതിനു ബാധകമായിരുന്നു. എന്നിട്ടും ധൈൎയ്യമവലംബിച്ചു് അദ്ദേഹം ൧൮൫൧-ൽ (കൊല്ലവൎഷം ൧൦൨൬) ആ പള്ളിക്കൂടത്തിലെ മേൽവിചാരക്കാരായിരുന്ന സഭക്കാരുടെ മുമ്പിൽ നിശ്ശങ്കം കടന്നുചെന്നു് ഇപ്രകാരം പറഞ്ഞു:— "മഹാന്മാരേ! എനിക്കു നിങ്ങളുടെ പള്ളിക്കൂടത്തിൽ ചേൎന്നു പഠിച്ചാൽ കൊള്ളാമെന്നു വളരെ ആഗ്രഹമുണ്ടു്; എന്നാൽ ഞാൻ മഹാ ദരിദ്രനും ഫീസു മുതലായ വകയ്ക്കു വേണ്ട പണം തരുന്നതിനു് അശക്തനുമാണു്. പണത്തിനു പകരം വേണ്ട വേലകൾ ചെയ്യുന്നതിനു ഞാൻ തയ്യാറാണു്. അതിനാൽ എനിക്കു പള്ളിക്കൂടത്തിൽ ഒരു വേല തന്നു എന്നെ സഹായിക്കണം. മണി അടിക്കുന്നതിനും തറകൾ അടിച്ചു തളിക്കുന്നതിനും ഞാൻ സന്നദ്ധനാണു്. ഈ വേലകൾ തന്നു് എന്നെ

പള്ളിക്കൂടത്തിൽ ചേൎത്തു പഠിപ്പിക്കണം". ഉടൻ മേലധികാരികളിൽ ഒരുത്തൻ "ഈ വേലകൾ നീ ശരിയായി ചെയ്യുമെന്ന് ഞങ്ങൾക്ക് എങ്ങനെ അറിയാം?" എന്നു ചോദിച്ചു. അതിനു ജേംസ് പറഞ്ഞ ഉത്തരം "പരീക്ഷിച്ചറിയേണ്ടതാണ്; ഒന്നു രണ്ടു ദിവസം പരീക്ഷിച്ചു നോക്കി നിങ്ങൾക്കു തൃപ്തിയാകുംവണ്ണം ഞാൻ വേലചെയ്യുന്നില്ലെന്നു കാണുന്ന പക്ഷം എന്നെ പിരിച്ചയക്കുന്നതു സന്തോഷമാണ്" എന്നായിരുന്നു. ഈ ഉടമ്പടിപ്രകാരം ജേംസ് സ്കൂളിൽ ചേൎന്നു പഠിത്തവും മുൻപറഞ്ഞ ജോലിയും നടത്തിത്തുടങ്ങി. ഒഴിവുള്ള സമയങ്ങളിൽ അദ്ദേഹം ആ പള്ളിക്കൂടത്തിൽ ഉണ്ടായിരുന്ന പുസ്തകശാലയിലെ പുസ്തകങ്ങൾ ഓരോന്നായി വായിച്ചുതീൎത്തു. ഇങ്ങനെ ഒരു വൎഷം കഴിഞ്ഞപ്പോൾ ജേംസിൻെറ ബുദ്ധിസാമൎത്ഥ്യവും ജാഗ്രതയും കണ്ടു് സന്തോഷിച്ച്, വിദ്യാലയത്തിൻെറ ഭരണാധികാരികൾ അദ്ദേഹത്തിനു കൊടുത്തിരുന്ന നികൃഷ്ടവേല മാററി ഒരു വാദ്ധ്യാർവേല കൊടുത്തു.

ഇപ്രകാരം അദ്ധ്യാപകനായും അദ്ധ്യേതാവായും ഇരുന്ന് തൻെറ കൎത്തവ്യകൎമ്മങ്ങളെ ശരിയാകുംവണ്ണം അദ്ദേഹം നിൎവ്വഹിച്ചു. എന്നാൽ അതിനിടയ്ക്കു പള്ളിക്കൂടത്തിലേയും മററും ചിലവിനും പുസ്തകങ്ങൾ വാങ്ങുന്നതിനും പണം തികയാതിരുന്നതിനാൽ അദ്ദേഹം യഥാവസരം കൂലിവേലയും ആശാരിപ്പണിയും കൂടി നോക്കിവന്നു. ഈ വേലകളെ ഒട്ടും അലസതയും അഭിമാനവും കൂടാതെ ചെയ്യുകയും ചെയ്തു.

"ഹീറാം ഇൻസ്റ്റിററ്യൂട്ട്" എന്ന പള്ളിക്കൂടത്തിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തു തന്നെ ജേംസു തൻെറ സ്വാഭാവികമായ നീതിനിഷ്ഠയെ അനേകം അവസരങ്ങളിൽ പ്രദൎശിപ്പിച്ചിരുന്നു. വിശേഷിച്ച്, മഹാനായ ഒരു വാഗ്മിയാ-

ണെന്നുള്ള പ്രസിദ്ധിയും സമ്പാദിച്ചു. ലോകഹിതത്തിനായി ഓരോ സംഗതികളെപ്പററി സംഘങ്ങളിൽ അദ്ദേഹം കൂസൽകൂടാതെ പ്രസംഗിക്കുമ്പോൾ അദ്ദേഹത്തിൻെറ വാഗ്ധോരണി കേട്ട് ആളുകൾ അദ്ദേഹത്തിനു "ജനഹിതൈഷി" എന്നു പേർ കൊടുത്തു.

അനന്തരം അദ്ദേഹം ഐക്യനാടുകളിൽ ഉൽകൃഷ്ടവിദ്യാഭ്യാസം നൽകുന്നവയായി ഉണ്ടായിരുന്ന എല്ലാ വലിയ പള്ളിക്കൂടങ്ങളിലെ പ്രധാനികൾക്കും എഴുത്തയച്ച് ഓരോ സ്ഥലത്തും ചെന്ന് പഠിക്കുന്നതിന് എന്തു ചിലവു വേണ്ടിവരുമെന്ന് അന്വേഷിച്ചു. പ്രധാനികളിൽ ഒരുത്തനായ "ഡാക്ടർ ഹാപ്കിൻസ്" എന്ന മഹാൻ എഴുത്തിലെ വാചകം കണ്ടു സന്തോഷിച്ച് അയച്ച മറുപടിയിൽ ചിലവിൻെറ സംഗതികൾ ഒന്നും പറയാതെ "ഉടൻ പുറപ്പെട്ടു വന്നുകൊള്ളണം" എന്ന് എഴുതിയിരുന്നു. മറുപടി കിട്ടിയ ഉടൻ ജേംസ് പുറപ്പെടുന്നതിനു വേണ്ട ഒരുക്കങ്ങൾ ചെയ്തു. അതു കണ്ടു പള്ളിക്കൂടത്തിൽ ചെന്നാൽ ചിലവു കഴിക്കുന്നത് എങ്ങനെയാണെന്ന് ജ്യേഷ്ഠസഹോദരൻ അദ്ദേഹത്തോടു ചോദിച്ചു. ഉൽകൃഷ്ടേച്ഛുക്കളായ മഹാന്മാരുടെ ആത്മവിശ്വാസം തന്നെയാണ് അവരുടെ വലുതായ ധനം എന്നുള്ളതിനു ദൃഷ്ടാന്തമായി ഈ സഹോദരന്മാർ തമ്മിൽ നടന്ന സംഭാഷണം താഴെ ചേർക്കുന്നു:—

"ജേംസേ, പണമില്ലാതെ എങ്ങനെയാണ്? ഊണിനും പള്ളിക്കൂടത്തിലെ ചിലവിനും വേണ്ടുന്ന പണം കൈവശം ഉണ്ടായിരിക്കേണ്ടയോ? ആവശ്യമുള്ള പണം നിൻെറ പക്കൽ ഉണ്ടോ?"

ജേംസ്:— ഇല്ല, വേണ്ടതിൽ പാതിപോലും ഇല്ല. എന്നാൽ പള്ളിക്കൂടം അടച്ചിരിക്കുന്ന കാലത്ത് കുട്ടികളെ പഠിപ്പിച്ചോ എന്തെങ്കിലും വേലചെയ്തോ പണം ഉണ്ടാ-

ക്കിക്കൊള്ളാം. അങ്ങനെ അല്ലേ ഞാൻ നാളതുവരെ നടത്തീട്ടുള്ളത്?"

താമസ്:— "പള്ളിക്കൂടംകഴിവുണ്ടായിരിക്കമ്പോൾ വേല ചെയ്യുന്നതു അത്ര നന്നാണെന്നു എനിക്കു തോന്നുന്നില്ല. പഠിത്തത്തിനു വിഘ്നം നേരിടുകയില്ലയോ?"

ജേംസ്:— "വേലചെയ്യാതെ എങ്ങനെയാണ് ഞാൻ പണമുണ്ടാക്കിക്കൊടുക്കുന്നതു?"

താമസ്:— "നിൻെറ ചിലവിനു വേണ്ട പണം മുഴുവൻ ഞാൻ കടം തരാം."

ജേംസ്:— "പിന്നെ വളരെക്കാലം കഴിഞ്ഞല്ലാതെ തിരിയെ തരുന്നതിനു ഞാൻ ശക്തനാകയില്ലല്ലോ."

താമസ്:— "ശരി. പള്ളിക്കൂടത്തിലെ പഠിത്തം പൂൎത്തിയായാൽ നിനക്ക് ഒരു വാദ്ധ്യാരാകാം; അങ്ങനെ ആയാൽ കടം വീട്ടുന്നതിന് അധികകാലം വേണ്ടിവരികയില്ലല്ലോ."

ജേംസ്:— "പോട്ടെ; ഞാൻ അതിനിടയ്ക്കു മരിച്ചു പോകുന്നെങ്കിൽ ജ്യേഷ്ഠന് പണം എങ്ങനെ തിരിയെ കിട്ടും?"

താമസ്: — "അങ്ങനെ വരുന്ന നഷ്ടം ഞാൻ സഹിക്കേണ്ടവനല്ലേ?"

ജേംസ്:— "ജ്യേഷ്ഠൻ കഷ്ടപ്പെട്ടു സമ്പാദിച്ചതു ഞാൻ നിമിത്തം നഷ്ടമാകുന്നതു ശരിയല്ല."

താമസ്:— "അങ്ങനെ വിചാരിപ്പാനില്ല; ഞാൻ സമ്മതത്തോടുകൂടിയല്ലേ തരുന്നത്?"

ജേംസ്:— (അല്പം വിചാരിച്ചിട്ടു) "ജ്യേഷ്ഠന് ഞാൻ കടം വീട്ടിക്കൊള്ളാം. രക്ഷാഭോഗക്കമ്പനിയിൽ മരണാനന്തരാദായം ഞാൻ ജ്യേഷ്ഠനു തരത്തക്കവണ്ണം വ്യവസ്ഥ ചെയ്യാം. അങ്ങനെ ആകുന്ന പക്ഷം കടം തീക്കാതെ ഞാൻ മരിച്ചുപോകയാണെങ്കിലും ജ്യേഷ്ഠൻെറ പണത്തിനു നഷ്ടം വരികയില്ലല്ലോ."

താമസ്:— "ഇതാണ് നിനക്കു നല്ലതെന്നു തോന്നുന്നു എങ്കിൽ അങ്ങനെ ചെയ്യുന്നതു് എനിക്കും സമ്മതം തന്നെ."

ജേംസ്:— "ഇതാണ് നല്ലതു്. ഇങ്ങനെ ഏർപ്പാടു ചെയ്യുന്നതായാൽ എന്റെ മനസ്സിന് അസ്വാസ്ഥ്യം ഉണ്ടാകുന്നതല്ല. പഠിക്കേണ്ടുന്ന രണ്ടു വർഷകാലവും മനഃക്ലേശങ്ങൾ ഒന്നും കൂടാതേയും സമയം വൃഥാ കളയാതേയും പഠിക്കണമെന്നുണ്ടു്."

ജേംസ് ജ്യേഷ്ഠന്റെ അനുവാദം വാങ്ങിക്കൊണ്ടു് ഡാക്ടർ ഹാപ്കിൻസിന്റെ മറുപടിയിലെ താല്പര്യപ്രകാരം ഉടനെ പുറപ്പെട്ടു അദ്ദേഹത്തെ ചെന്നു കണ്ടു. ദാരിദ്ര്യംനിമിത്തം ഭക്ഷണംപോലും കഴിക്കാതെ വളൎന്ന ജേംസിനെ ഡാക്ടൎക്കു ആദ്യം മനസ്സിലായില്ല. പിന്നെ താൻ ഇന്നാരാണെന്നു ജേംസ് പറഞ്ഞപ്പോൾ ഡാക്ടർ സന്തോഷത്തോടുകൂടി ഹസ്തദാനം ചെയ്തിരുത്തി കുശലം ചോദിച്ചു. ഹസ്തദാനം ചെയ്ത വിധത്തിൽനിന്നു തന്നെ തനിക്കു ഇദ്ദേഹം ഒരു ആപ്തമിത്രവും മരിച്ചു ജീവിച്ചു സ്വപിതാവും ആണെന്നു ജേംസ് വിചാരിച്ചു. സഹപാഠികളിൽ ഒരുവൻ ജേംസിന്റെ വിദ്യാഭിവൃദ്ധിയെപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു:— "നാല്പതിലധികം അദ്ധ്യേതാക്കൾ ഉണ്ടായിരുന്നവരിൽ ജേംസ് എല്ലാ വിഷയങ്ങളിലും മുമ്പനായി നിന്നിരുന്നു. ഗദ്യരചനാവിഷയത്തിലും യുക്തിപൂർവം സംഭാഷണം ചെയ്യുന്നതിലും വാദപ്രതിവാദങ്ങളിലും അധികമായ ബുദ്ധിവൈശദ്യം അദ്ദേഹം കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ നോട്ടത്തിൽ പെട്ട സംഗതികളെ കേവലം ഉപരിപ്ലവബുദ്ധ്യാ ഗ്രഹിക്കയല്ല അദ്ദേഹത്തിന്റെ പതിവു്. സംഗതികളെ വേണ്ടതുപോലെ പൎയ്യാലോചിച്ചു് നവീന രീതിയിൽ ഗ്രഹിച്ചു് പ്രദൎശിപ്പിച്ചുവന്നു. അദ്ദേഹം എല്ലാ വേലകളിലും അക്ഷീണമായി പ്രവൎത്തിച്ചതുപോലെ തന്നെ

പുസ്തകവായനയിലും അത്യാസക്തി കാണിച്ചിരുന്നു. എന്നാൽ കേവലം ശുഷ്കങ്ങളായ പുസ്തകങ്ങൾ അദ്ദേഹം വായിച്ചുവന്നിരുന്നില്ല. സഹചരിക്കുവാൻ കൊള്ളാവുന്ന ഒരു സരസനും ആയിരുന്നു. പ്രകൃത്യാ അദ്ദേഹം അതിബുദ്ധിമാനായിരുന്നതിനാൽ സംഭാഷണംകൊണ്ടു് ആളുകളെ രസിപ്പിക്കുന്നതിനും നേരംപോക്കു പറയുന്നതിനും കേട്ടു് രസിക്കുന്നതിനും അദ്ദേഹത്തിനു് ഒരുപോലെ സാമർത്ഥ്യമുണ്ടായിരുന്നു. വിശിഷ്യ അദ്ദേഹം പരേങ്ഗിതജ്ഞനും അന്യന്മാരുടെ അന്തർഗ്ഗതം അറിയുന്നതിൽ ബഹു സമർത്ഥനും ആയിരുന്നു.” അദ്ദേഹത്തിന്റെ പൗരുഷവും സൽസ്വഭാവവും സത്യസന്ധതയും അദ്ദേഹവുമായി ഒരിക്കലെങ്കിലും അല്പനേരം സംഭാഷണം ചെയ്തിട്ടുള്ള ആൾ ഒരുനാളും മറക്കുന്നതല്ലെന്നു് മറെറാരു വിദ്വാൻ പറഞ്ഞിരിക്കുന്നു.

ഉൽകൃഷ്ടവിദ്യാഭ്യാസസമ്പാദനയത്നത്തിൽ വ്യാപൃതനായിരുന്ന കാലത്തു് പള്ളിക്കൂടം ഒഴിവുള്ള അവസരങ്ങളിൽ അദ്ദേഹം കുട്ടികളെ പഠിപ്പിച്ചു് പണം നേടിവന്നിരുന്നു. പള്ളിക്കൂടത്തിൽ ചേൎന്നു കുറേ കാലം കഴിഞ്ഞപ്പോൾ കൈവശമുണ്ടായിരുന്ന പണം മുഴുവൻ ചിലവായിപ്പോയി എങ്കിലും വിദ്യാഭ്യാസം പൂൎത്തിയാകാതെ മടങ്ങിപ്പോകുന്നതിനു് അദ്ദേഹത്തിനു മനസ്സില്ലായിരുന്നു. അതിനിടയ്ക്കു് ആണ്ടൊന്നുക്കു് അയിരത്തഞ്ഞൂറു ഡോളർ ശമ്പളത്തിൽ ഒരു ഉപാദ്ധ്യായവേല കൊടുക്കാം എന്നു് ഒരു വിദ്യാശാലയുടെ ഉടമസ്ഥന്മാർ പറഞ്ഞതിനെത്തന്നെയും അദ്ദേഹം സ്വീകരിച്ചില്ല. ഒരിയ്ക്കൽ ഒരു തുന്നൽക്കാരനോടു് ഒരു ഉടുപ്പു് കടം ചോദിക്കേണ്ടതായി വന്നുകൂടി. തുന്നൽക്കാരൻ അദ്ദേഹത്തിന്റെ നേരും നന്മയും ജാഗ്രതയും അറിഞ്ഞിരുന്നതുകൊണ്ടു് സന്തോഷത്തോടുകൂടി അതു കടമായി കൊടുത്തു.

## പാഠം ൮൨.

## ജേംസ് ഗാർഫീൽഡ് (മൂന്നാം ഭാഗം).

ജേംസ് ഇങ്ങനെ കഷ്ടപ്പെട്ടു പഠിച്ചുകൊണ്ടിരുന്ന കാലത്തു് ഐക്യനാടുകളിൽ വലുതായ ഒരു അന്തശ്ഛിദ്രത്തിന്റെ ചിഹ്നങ്ങൾ ഉണ്ടായി. അവ അടിമവ്യാപാരകാൎയ്യം സംബന്ധിച്ചായിരുന്നു. അടിമവ്യാപാരം പാടില്ലെന്നു് ഒരു ഭാഗക്കാരും വേണ്ടതാണെന്നു മറെറാരു ഭാഗക്കാരും തമ്മിൽ തൎക്കിച്ചിട്ടു് പ്രജകൾ എല്ലാവരും രണ്ടു കക്ഷികളായി പിരിഞ്ഞു. ജേംസിന്റെ അഭിപ്രായം അടിമവ്യാപാരം പാടില്ലെന്നായിരുന്നു. ഒരിക്കൽ അദ്ദേഹം അടിമവ്യാപാരത്തിന്റെ ദോഷങ്ങളെപ്പററി പ്രബലമായും യുക്തിപൂൎവ്വമായും പ്രസംഗിച്ചതു കേട്ടുകൊണ്ടിരുന്ന ഒരുത്തൻ "ഇവന്റെ പ്രസംഗങ്ങൾ ഇനിയും ലോകർ കേൾക്കും; ഇവൻ അടിമവ്യാപാരത്തിനു് നല്ല കൊട്ടു കൊടുക്കും" എന്നു പറഞ്ഞു. ഫവൃഠന്നൽ അദ്ദേഹം ഉല്കൃഷ്ട വിദ്യാഭ്യാസം പൂൎത്തിയാക്കി പരീക്ഷയിൽ ഒന്നാമനായി ജയിച്ചു് സകല സമ്മാനങ്ങളും വാങ്ങി സ്വഗൃഹത്തിലേയ്ക്കു പോയി.

അധികം താമസിയാതെ ജേംസിനെ "ഹീറാം ഇൻസ്റ്റിറ്റ്യൂട്ടു്" എന്ന വിദ്യാലയത്തിൽ പുരാതനഭാഷകളെയും അവയിലുള്ള ഗ്രന്ഥങ്ങളെയും പററി പ്രസംഗിക്കുന്നതിനു് ഒരു ഉപാധ്യായനായി നിയമിച്ചു് ഉത്തരവു വന്നു. അദ്ദേഹം സന്തോഷത്തോടെ ആ ഉദ്യോഗം കയ്യേററു. അദ്ദേഹം അധ്യാപകനായിരുന്നു് ശിഷ്യന്മാരെ സ്നേഹപൂൎവ്വം പഠിപ്പിച്ചതിനാൽ അവർ അദ്ദേഹത്തോടു് അസാധാരണമായ ഭയഭക്തിവിശ്വാസത്തോടുകൂടി വൎത്തിച്ചു. ഇപ്രകാരം ശിഷ്യന്മാൎക്കു ജ്ഞാനദാനം ചെയ്തു് അവരുടെ ഭക്തിയെയും മേലുദ്യോഗസ്ഥന്മാരുടെ അഭിനന്ദനത്തെയും മനസ്സാക്ഷി-

യ്ക്കു തൃപ്തിയെയും സമ്പാദിച്ചുകൊണ്ടിരുന്നതിനിടയ്ക്കു് നീതി-ശാസ്ത്രം കൂടി പഠിച്ചു് അദ്ദേഹം ഒരു ബാറിസ്റ്ററായിത്തീൎന്നു. ഉപാദ്ധ്യായനായി രണ്ടു വൎഷം കഴിഞ്ഞതിന്റെ ശേഷം പ-ള്ളിക്കൂടത്തിലെ നിൎവാഹകസംഘത്തിൽ അദ്ദേഹത്തെ അ-ദ്ധ്യക്ഷനായി നിയമിച്ചു. ൧൮൫൮ നവംബർമാസത്തിൽ മുൻ പ്രസ്താവിച്ച "ല്യൂക്രീഷിയാ റൂഡാൾഫ്" എന്ന സതീ-ൎത്ഥ്യയായ മഹിളാരത്നത്തെ അദ്ദേഹം വിവാഹം ചെയ്തു.

ജേംസ് ഗാർഫീൽഡ് ഒരു മഹാ വാഗ്മിയായിരുന്നു എന്നു മുൻ പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെയുള്ള വാഗ്മി-കൾക്കു രാജ്യകാൎയ്യങ്ങളെക്കുറിച്ചു് ആലോചിക്കാതിരിക്കുന്നതു പ്രയാസമാകുന്നു. "ആൽഫൺസോ ഹാട്ട്" എന്നൊരുത്തൻ അടിമവ്യാപാരത്താലുള്ള ഗുണങ്ങളെപ്പററി വലുതായ ഒരു പ്രസംഗം ചെയ്തു. ആ പ്രസംഗം കേട്ടുകൊണ്ടിരുന്ന മറു-കക്ഷിയിലുള്ള ഒരുത്തൻ ജേംസിനെ നോക്കി "നിങ്ങൾ ഇതിനു തക്കതായ മറുപടിപ്രസംഗം ചെയ്യണം, അതു കേ-ട്ടാൽ ഇവൻ തല പൊക്കാതെ താഴത്തു വീഴണം" എന്നു പറഞ്ഞു. ഉടൻ തന്നെ ജേംസ് എഴുനേററു പ്രസംഗി-ച്ചുതുടങ്ങി. ഹൃദയംഗമങ്ങളായ ആ പ്രസംഗത്തിലെ യു-ക്തിഭാഗങ്ങളും അതിലെ സംഭാഷണരീതിയുടെ സ്വാരസ്യവും കൊണ്ടു് ഹാട്ട് തോറേറാടിപ്പോയി; എന്നു മാത്രമല്ല ഗാർ-ഫീൽഡു് സ്വരാജ്യമായ ഓഹിയോവിലെ നിയമനിൎമ്മാണ-സഭയിൽ സെനേററർ ആയിരിക്കണമെന്നു് അപേക്ഷയും ഉണ്ടായി. അദ്ദേഹം ആദ്യം വിസമ്മതിച്ചു എന്നു വരികി-ലും ബഹുജനങ്ങളുടെ അപേക്ഷ ആയിരുന്നതിനാൽ ഒടു-വിൽ സെനേററർസ്ഥാനം സ്വീകരിച്ചു. ൧൮൬൦ ജനുവരി മാസത്തിൽ ഐക്യനാടുകളിൽ അന്തശ്ഛിദ്രം ആരംഭിക്കാ-റായ സമയത്താണു് അദ്ദേഹം സെനേററർസ്ഥാനത്തു പ്ര-വേശിച്ചതു്. ആ സ്ഥാനത്തിൽ ഇരുന്നുംകൊണ്ടു് അദ്ദേ-

ഹം തദാനീന്തനന്മാരായ രാജ്യതന്ത്രജ്ഞന്മാരിൽ വച്ച് ഒന്നാമനാണെന്നുള്ള പേരു സമ്പാദിച്ചു. സ്വഭാവതഃ ഭൂതദയയോടു കൂടിയ ആ സുചരിതൻ ആസന്നമായിരുന്ന ഛിദ്രത്തെ ഉന്മൂലനം ചെയ്യുന്നതിന് ആകുന്നതും ശ്രമിച്ചു. ആ ശ്രമങ്ങൾ സഫലങ്ങളായിത്തീൎന്നതുമില്ല. കലഹം ഉണ്ടാകുക തന്നെ ചെയ്തു. സംസ്ഥാനാധിപനായ പ്രസിഡണ്ടിന്റെ ആജ്ഞ അനുസരിച്ച് ഓഹിയോരാജ്യത്തുനിന്നു തന്നെ ഇരുപതിനായിരം ആളുകളെ ചേൎത്ത് ഒരു പട്ടാളം ആ പ്രസിഡെണ്ടിന്റെ പക്ഷത്തിൽ യുദ്ധം ചെയ്യുന്നതിലേയ്ക്കായി തയാർ ചെയ്യേണ്ടിവന്നു. അതിന്മണ്ണം അത്രയും പേരെ ഗാൎഫീൽഡ് ശേഖരിക്കയും അവരെ ഭരിക്കുന്നതിനു അദ്ദേഹം തന്നെ പുറപ്പെടുകയും ചെയ്തു.

സമാധാനകാലത്ത് എങ്ങനെയോ അങ്ങനെ തന്നെ യുദ്ധസമയത്തും അദ്ദേഹം നേതാവായിത്തീൎന്നു. രാജശാസനത്തെ ധിക്കരിച്ചവരെ അനേകം സ്ഥലത്തു വച്ച് അദ്ദേഹം തോല്പിച്ചു. ഈ വിജയങ്ങൾനിമിത്തം ഫെബ്രുവരിൽ ബ്രിഗേഡിയർ ജനറലായും അചിരേണ മേജർ ജനറലായും അദ്ദേഹത്തെ നിയമിച്ചു. ആ വൎഷത്തിൽ തന്നെ ജനങ്ങൾ അദ്ദേഹത്തെ കാൺഗ്രസ്സിൽ ഒരു അംഗമായി സ്വീകരിച്ചു. ആ സ്ഥാനം സ്വീകരിക്കുന്നതിന് ആദ്യം അദ്ദേഹത്തിനു സമ്മതമുണ്ടായിരുന്നില്ലെങ്കിലും പ്രസിഡണ്ടായിരുന്ന "ലിൻകൺ" എന്ന മഹാന്റെ അപേക്ഷപ്രകാരം അതിനെ അംഗീകരിച്ചു. അനന്തരം അദ്ദേഹത്തെ ഐക്യനാടുകളിലെ സെനേററിലെ ഒരംഗമായി നിയമിച്ചു. ഇതും ജനങ്ങളുടെ സ്വമേധയാ ചെയ്ത ഒരു ബഹുമതി ആയിരുന്നു. ഇപ്രകാരം ഒരു താണ സ്ഥിതിയിലിരുന്ന് ക്രമേണ ഓരോ പടിയായി ഉയൎന്ന് ഒടുവിൽ ൧൮൮൦ നവമ്പർ ൨-ാംനു ൪൯-ാമത്തെ വയസ്സിൽ വിശ്വവിശ്രുതനായ ജേംസ് ഗാൎഫീൽഡ് അതി

വിസ്തീർണ്ണങ്ങളായ ഐക്യനാടുകളിലേ പ്രസിഡണ്ടു് എന്ന ഉന്നതസ്ഥാനത്തു് സ്വന്തമായ ശ്രമംകൂടാതെ തന്നെ നിയുക്തനായി.

ഇപ്രകാരം വിറകുവെട്ടുകാരനായിരുന്ന ഒരു ബാലൻ ജ്ഞാനസമ്പത്തും സദാചാരനിഷ്ഠയും കൊണ്ടു് ഭൂമിയിലുള്ള മഹാചക്രവൎത്തികളുടെ സ്ഥാനത്തിനു സമമായ ഒരു ഉന്നതപദവിയെപ്രാപിച്ചു. അദ്ദേഹം ഇങ്ങിനെ മഹാഭാഗ്യത്തിന്റെ ഉച്ചൈസ്തമമായ സ്ഥാനം പ്രാപിച്ചതു കണ്ടു സന്തോഷിക്കുന്നതിന് വീരപ്രസൂവായ അദ്ദേഹത്തിന്റെ മാതാവിനും, അങ്ങനെ അവരെ ചരിതാൎത്ഥയാക്കുന്നതിന് അദ്ദേഹത്തിനും ഭാഗ്യമുണ്ടായിരുന്നു.

പ്രസിഡണ്ടിന്റെ സ്ഥാനാരോഹണം സംബന്ധിച്ചു് വിധിപ്രകാരമുള്ള കൎമ്മങ്ങളുടെ അനുഷ്ഠാനം ഹൃദയംഗമവും ഗൗരവഭൂയിഷ്ഠവും ആയിരുന്നു. എന്നാൽ ജേംസ് ഗാർഫീൽഡിന്റെ ഭാഗ്യശ്രീയ്ക്കും അല്പമൊരു വൈകല്യം പററാതിരുന്നില്ല. അദ്ദേഹത്തിന്റെ ന്യായ്യകൾ ആയുള്ള പ്രവൃത്തികളും സത്യവും നിമിത്തം അദ്ദേഹത്തിന് അനേകം ശത്രുക്കളുണ്ടായി. ഒരിക്കൽ ഒരു പ്രസംഗത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു:— "എന്നെ ഈ സ്ഥാനത്തിലേയ്ക്കു തിരഞ്ഞെടുത്ത മഹാജനങ്ങളോട്ട് എനിയ്ക്കു് സവിശേഷമായ പ്രതിപത്തിയുണ്ടു്. എന്നാൽ അതിലും അധികം പ്രതിപത്തി എനിക്ക് എന്റെ മനസ്സാക്ഷിയെക്കുറിച്ചാണ്. എന്റെ അന്തഃകരണബോധത്തെ അനുസരിച്ചും ധൎമ്മാനുരോധമായും രാജ്യകാൎയ്യങ്ങളെ നിൎവ്വഹിച്ചു കൊണ്ടു പോകുന്നതിന് നിങ്ങൾ എന്നെ സമ്മതിക്കുമെങ്കിൽ ഞാൻ ഈ സ്ഥാനത്തിൽ ഇരിക്കാം; അല്ലാത്തപക്ഷം ഞാൻ ഈ സ്ഥാനം വിട്ട് ഒഴിഞ്ഞു കൊള്ളാം. നിങ്ങളുടെ ഈ ഉദ്യോഗമോ അതുകൊണ്ടുള്ള പ്രൗഢിയോ അധികാരമോ ഒന്നും

ആവശ്യമില്ല". സ്ഥാനാരോഹണത്തിനു ശേഷം ൬ു മാസം കഴിഞ്ഞതിനിടയ്ക്കു് സാഹസികനായ ഒരു ദുർവൃത്തൻ അദ്ദേഹത്തെ വെടിവെയ്ക്കുകയും ൧൮൮൧ സെപ്തമ്പർമാസം ൧൯-ാംനു- അതേ ഹേതുവായി അദ്ദേഹം മരിക്കയും ചെയ്തു. അദ്ദേഹം ഒരു ആജ്ഞാനുസാരിയായ പുത്രനും, സ്നേഹസംയുക്തനായ സഹോദരനും, പരിശ്രമശീലനായ കൃഷീവലനും, ഉത്സാഹിയായ തച്ചുവേലക്കാരനും, ശുഷ്കാന്തിയോടുകൂടിയ അദ്ധ്യേതാവും, ബുദ്ധിമാനായ പണ്ഡിതനും, അനുകരണീയനായ ഉപാദ്ധ്യായനും, വിശ്രുതനായ യോദ്ധാവും, നീതിമാനായ രാജ്യതന്ത്രജ്ഞനും, സമവൎത്തിയായ ചക്രവൎത്തികല്പനും ആയിരുന്നു. അദ്ദേഹത്തിൻെറ ജീവിതചരിത്രം, വേലചെയ്യുന്നതുകൊണ്ടു് ഒരുവനും ഒരുവിധത്തിലും നികൃഷ്ടനായി പോകുന്നതല്ലെന്നും, വേലയും സ്ഥിരോത്സാഹവും അന്യാപേക്ഷ കൂടാതെയുള്ള വിദ്യാഭ്യാസവും ആണു് വിജയകാരണങ്ങൾ എന്നും, സദാചാരനിഷ്ഠകൊണ്ടേ ശാശ്വതമായ ശ്രേയസ്സ സമ്പാദിക്കാൻ കഴികയുള്ളു എന്നും വിശദമായി ഉപദേശിക്കുന്നു. ജേംസ് ഗാർഫീൽഡിൻെറ മരണത്തിനു ശേഷം അദ്ദേഹത്തിൻെറ ശത്രുക്കൾ പോലും, അദ്ദേഹത്തിൻെറ ശരീരം ഭൂലോകത്തുനിന്നു പൊയ്പോയി എങ്കിലും, അദ്ദേഹം ആചന്ദ്രാൎക്കം ജനഹൃദയങ്ങളെ അക്ഷയമായ പ്രാബല്യത്തോടെ അധിവസിക്കുന്നു എന്നു് കണ്ഠതഃ പ്രസ്താവിച്ചിട്ടുണ്ടു്.